# പരിശുദ്ധാത്മാവ് തിരുസഭയിൽ

## Dominum Et Vivificantem

പോപ്പ് ജോൺ പോൾ II

# പരിശുദ്ധാത്മാവ് തിരുസഭയിൽ

M/262.82
JO-P-2-P

**Dominum Et Vivificantem**

പോപ്പ് ജോൺ പോൾ II

ACHARYA PALACKAL JEEVASS KENDRAM
LIBRARY
19289
ALUVA-1

MLB
MARLOUISBOOKS

Encyclicals - Dominum Et Vivificantem

S 30 15687 1-1000

# പരിശുദ്ധാത്മാവ്
# തിരുസഭയിൽ

പരിഭാഷ

ജോർജ്ജ് നെല്ലിശ്ശേരി എം. എ.

19289

വിതരണം

---

മാർ ളൂയിസ് ബുക്ക്സെൻറർ
ബ്രോഡ്‌വേ
എറണാകുളം

വില 10.00

Translation
**Parisudhatmav Thirusabhayil**
(Dominum et Vivificantem)

Translation
**Fr. George Nellisserry M. A.**

First Published
June 1987

Rights Reserved

Printed at
Viani Printings
Cochin-18

Published and Distributed by
Mar Louis Book Centre
Ernakulam, Cochin-682 031

**Price Rs. 10/-**

# കർത്താവും ജീവദാതാവും

## ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ

**വന്ദ്യസഹോദരൻമാർക്കും വത്സലമക്കൾക്കും ആരോഗ്യവും അപ്പസ്തോലികാശീർവാദവും!**

## പ്രാരംഭം

1. കർത്താവും ജീവദാതാവുമായ പരിശുദ്ധാത്മാവിലുള്ള തൻെറ വിശ്വാസം സഭ പ്രഖ്യാപിക്കുന്നു. നിഖ്യാ–കോൺസ്റ്റാൻറിനോപ്പിൾ വിശ്വാസപ്രമാണത്തിൽ അവളിതു് ഏററു പറയുന്നുണ്ട്. A. D. 325–ലെ നിഖ്യാ സൂനഹദോസും A. D. 381–ലെ കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസുമാണ് ഈ വിശ്വാസപ്രമാണത്തിനു രൂപം നൽകിയതും പ്രാബല്യത്തിൽ വരുത്തിയതും. അതിനാലാണ് അതിനു മേല്പറഞ്ഞ പേരു ലഭിച്ചിട്ടുള്ളതു്. പ്രസ്തുത വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവ് ''പ്രവാചകരിലൂടെ സംസാരിച്ചിരിക്കുന്നു'' എന്നൊരു പ്രസ്താവവുമുണ്ട്.

സഭ തൻെറ വിശ്വാസത്തിൻെറ ഉറവിടമായ യേശുക്രിസ്തുവിൽനിന്നു സ്വീകരിക്കുന്ന വചനങ്ങളത്രേ ഇവ. വാസ്തവത്തിൽ യോഹന്നാൻെറ സുവിശേഷമനുസരിച്ച് നവജീവനോനൊടൊപ്പം പരി. അരൂപിയും നമുക്കു ലഭിച്ചിരിക്കുന്നു. കൂടാരത്തിരുനാളാഘോഷത്തിൻെറ മഹാദിനത്തിൽ യേശു നല്കുന്ന വാഗ്ദാനമിതാണ്: ''ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ എൻെറയടുത്തുവരികയും കുടിക്കയും ചെയ്യട്ടെ. എന്നിൽ വിശ്വസിക്കുന്നവൻെറ ഹൃദയത്തിൽനിന്നു്, വി. ലിഖിതം പ്രസ്താവി

ക്കന്നതുപോലെ, ജീവജലത്തിൻെറ അരുവികഠം ഒഴുകും.''[1] സുവിശേഷകൻ തുടർന്നു വിശദീകരിക്കുന്നു: ''അവൻ ഇതു പറഞ്ഞതു തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പററിയാണു്.''[2] സമറിയാക്കാരി സ്ത്രീയുമായുള്ള സംഭാഷണത്തിൽ ''നിത്യജീവനിലേയ്ക്കു് ഉറഞ്ഞുപൊങ്ങുന്ന അരുവി''[3] യെപ്പററി പറയുമ്പോഴും യേശു ജലത്തിൻെറ സാദൃശ്യം തന്നെയാണു് ഉപയോഗിക്കുന്നതു്. നിക്കോദേമൂസുമായുള്ള സംഭാഷണത്തിലും ഇതു കാണാം. ''ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനു ജലത്താലും അരൂപിയാലും വീണ്ടും ജനിക്കേണ്ട 'തിൻെറ ആവശ്യത്തെപ്പററിയാണു് അവിടെ പരാമർശിക്കുന്നതു്.[4]

അതിനാൽ ക്രിസ്തുവചനങ്ങളുടെ അടിസ്ഥാനത്തിലും പന്തക്കുസ്തയിലെ അനുഭവത്തിലും സ്വന്തം അപ്പസ്തോലിക ചരിത്രത്തിലുംനിന്നു ചൈതന്യം സ്വീകരിച്ചുകൊണ്ടും സഭ ആദിമനൂററാണ്ടുമുതൽ ജീവദായകനായ പരി. അരൂപിയിലുള്ള തൻെറ വിശ്വാസം പ്രഖ്യാപിച്ചിട്ടുണ്ടു്. ഈ അരൂപിയിലാണു് അഗ്രാഹ്യനായ ത്രിത്വൈകദൈവം മനുഷ്യർക്കു സ്വയം വെളിപ്പെടുത്തുന്നതും അവരിൽ നിത്യജീവൻെറ ഉറവിടമാകുന്നതും.

2. സഭ എക്കാലത്തും പുലർത്തിപ്പോന്നിട്ടുള്ള ഈ വിശ്വാസം ദൈവജനത്തിൻെറ ബോധത്തിൽ നിരന്തരം ഉണർത്തേണ്ടതും ആഴപ്പെടുത്തേണ്ടതുമാണു്. ഇക്കഴിഞ്ഞ നൂററവർഷക്കാലത്തിനിടയ്ക്കു സഭ പല പ്രാവശ്യവും ഇതു ചെയ്തിട്ടുണ്ടു്. ലെയോ 13-ാമൻ പ്രസിദ്ധപ്പെടുത്തിയ Divinum Illud Munus (1897) എന്ന ചാക്രികലേഖനം മുഴുവനും പരിശുദ്ധാത്മാവിനെപ്പററിയാണു്. പിയൂസ് 12-ാമൻ Mystici Corporis എന്ന ചാക്രികലേഖനത്തിൽ പരി. ആത്മാവു് സഭയുടെ ജീവതത്ത്വമാണെന്നും മൗതികശരീരത്തിൻെറ ശിരസ്സായ ക്രിസ്തുവിനോടൊന്നുചേർന്നു് അതിൽ പ്രവർത്തിക്കുന്നുവെന്നും പറ

1. യോഹ. 7 : 37-38
2. യോഹ. 7 : 39
3. യോഹ. 4: 14: cf 2-ാം വത്തിക്കാൻ സൂനഹദോസ് ജനതകളുടെ പ്രകാശം, 4.
4. Cf. യോഹ. 3:5

ഞ്ഞു. [5] പരിശുദ്ധാത്മാവിയെപ്പററിയുള്ള വിശ്വാസസത്യം കൂടുതൽ പഠനവിധേയമാക്കേണ്ടതിൻെറ ആവശ്യം വ്യക്തമാക്കിയ രണ്ടാം വത്തിക്കാൻ സൂനഹദോസിൽ പോൾ 6-ാമൻ മാർപ്പാപ്പ തറപ്പിച്ചു പറഞ്ഞു: ''കൗൺസിലിൻെറ ക്രിസ്തുശാസ്ത്രത്തിൻേറയും പ്രത്യേകിച്ചു സഭാശാസ്ത്രത്തിൻേറയും തുടർച്ചയായി പരി. അത്മാവിയെപ്പററി പുതിയ പഠനങ്ങളും അവിടത്തോടു കൂടുതൽ ഭക്തിയും ഉണ്ടാകണം. കൗൺസിൽ പ്രബോധനം പൂർണ്ണമാകുന്നതിനു അതു കൂടിയേ തീരൂ.'' [6]

നമ്മുടെ ഈ കാലഘട്ടത്തിൽ, അതിപ്രാചീനവും നിത്യനൂതനവുമായ സഭാവിശ്വാസം ജീവദായകനായ പരിശുദ്ധാത്മാവിൻെറ അടുത്തേയ്ക്കു വരുവാൻ നമ്മെ വീണ്ടും വിളിക്കയാണു്. പൗരസ്ത്യസഭകളുമായി നാം പങ്കുവയ്ക്കുന്ന പൈതൃകം ഇക്കാര്യത്തിൽ നമ്മെ സഹായിക്കയും പ്രചോദിപ്പിക്കയും ചെയ്യുന്നു. ഈ സഭകളും പരി.ആത്മാവിനെപ്പററിയുള്ള സഭാപിതാക്കന്മാരുടെ പഠനങ്ങളുടെ അപൂർവ്വനിധി അഭംഗുരം കാത്തുപോന്നിട്ടുണ്ടു്. ഇതുകൊണ്ടുകൂടിയാണു സഭയിൽ അടുത്ത കാലത്തുനടന്ന ഏററവും പ്രധാനപ്പെട്ട സംഭവങ്ങളിലൊന്നു് 1981-ലെ പന്തക്കുസ്താ തിരുനാളിൽ കോൺസ്റ്റാൻറിനോപ്പിളിലും റോമിലും ഒരേ സമയത്തു് ആഘോഷിച്ച 1-ാം കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസിൻെറ 16-ാം ശതവാർഷികമാണെന്നു പറയാനാവുക. സഭാരഹസ്യത്തെപ്പററിയുള്ള ഒരു ധ്യാനത്തിൽ, അന്നു് പരി. ആത്മാവിനെ ക്രൈസ്തവൈക്യത്തിലേക്കുള്ള മാർഗ്ഗദർശകനായി കാണുകയുണ്ടായി. സത്യത്തിൽ, ദൈവത്തിൽനിന്നു വരുന്ന ഈ ഐക്യത്തിൻെറ പരമമായ ഉറവിടമാണവിടുന്നു്. ഇതു പ്രകടമാക്കുന്ന വി. പൗലോസിൻെറ സവിശേഷമായൊരു വാക്യമുണ്ടു്: ''നമ്മുടെ കർത്താവു് യേശുക്രിസ്തുവിൻെറ കൃപയും പിതാവായ ദൈവത്തിൻെറ സ്നേഹവും പരി. ആത്മാവിൻെറ സഹ

5. Cf. Leo XIII, Encyclical 'Divinum Illud Munus' (9 May 1897) Acta Leonis 17 (1898), Pp. 125-148; Pius XII, Encyclical 'Mystici Corporis (29 June, 1943): AAS 35 (1943). Pp. 193-248.
6. General Audience of 6 June 1973: Insegnamenti di Paulo VI, XI (1973), 477.

വാസവും നിങ്ങളെല്ലാവരോടുംകൂടെയുണ്ടായിരിക്കട്ടെ.'' [7] ഈ ആശംസാവചനങ്ങളാണല്ലോ വിശുദ്ധ കുർബാനയുടെ തുടക്കത്തിൽ പലപ്പോഴും ഉപയോഗിക്കുന്നതു്.

ഒരു വിധത്തിൽ, എൻെറ മുൻചാക്രികലേഖനങ്ങൾ, 'മനുഷ്യരക്ഷകൻ' 'കരുണാസമ്പന്നൻ' എന്നിവയുടെ പ്രചോദനം മേല്പറഞ്ഞ വാക്യമാണു്. ''ലോകം അവനിൽക്കൂടി രക്ഷിക്കപ്പെടേണ്ടതിനും'' [8] അങ്ങനെ ''പിതാവായ ദൈവത്തിൻെറ മഹത്വത്തിനായി എല്ലാ നാവും യേശുക്രിസ്തു കർത്താവാണെന്നു് ഏററുപറയുന്നതിനും''[9] വേണ്ടി പിതാവു് പുത്രനെ ലോകത്തിലേക്കയച്ചതും പുത്രനിൽ രക്ഷ സാധിച്ചതുമായ സംഭവമാണല്ലോ ഈ വാക്യം ഉദ്ഘോഷിക്കുന്നതു്. പരി. ആത്മാവിനെപ്പററിയുള്ള ഈ ചാക്രികലേഖനത്തിൻെറ പിന്നിലുള്ള ചൈതന്യവും പ്രസ്തുത ആഹ്വാനം തന്നെയാണു്. പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന അവിടുന്നു പിതാവിനോടും പുത്രനോടുമൊപ്പം ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നു. ദൈവികാളായ അവിടുന്നു് ക്രൈസ്തവവിശ്വാസത്തിൻെറ കേന്ദ്രസ്ഥാനത്തു് നിലകൊള്ളുകയും സഭാനവീകരണത്തിൻെറ ഉറവിടവും ചാലകശക്തിയുമായി വർത്തിക്കുകയും ചെയ്യുന്നു. [10] ഈ ലേഖനം കൗൺസിൽ പൈതൃകത്തിൻെറ കാതലിൽനിന്നു തന്നെ വന്നിട്ടുള്ളതാണു്. കൗൺസിൽ ഡിക്രികൾ സഭയുടെ ആന്തരികയാഥാർത്ഥ്യത്തെപ്പററിയും ലോകത്തിലുള്ള അതിൻെറ അസ്തിത്വത്തെപ്പററിയുമുള്ള പ്രബോധനങ്ങൾ വഴി ദൈവത്തിൻെറതന്നെ ത്രിത്വരഹസ്യത്തിൻെറ ആഴത്തിലേയ്ക്കു്, സുവിശേഷങ്ങൾ, പിതാക്കന്മാർ, ആരാധനക്രമം എന്നിവയിലൂടെ പരി. അരൂപിയിൽ ക്രിസ്തുവഴി പിതാവിലേയ്ക്കു് നമ്മെ നയിക്കുന്നു.

7. Roman Missal; cf. 2 cor. 13:13.

8. യോഹ. 3:17

9. ഫിലി. 2:11

10. -ാം വത്തിക്കാൻ കൗൺസിൽ, ജനതകളുടെ പ്രകാശം 4; ജോൺ പോൾ 11, Address to those takiug part in the international Congress on Pneumatology 126 March, 1982

ഇവ്വിധം, മനുഷ്യഹൃദയങ്ങളിൽ തനിക്കു തിരിച്ചറിയാവുന്ന ചില തീവ്രാഭിലാഷങ്ങളോടു സഭ പ്രതികരിക്കയാണ്. ദൈവത്തിന്റെ സർവ്വാതിശായിയായ യാഥാർത്ഥ്യം അനന്ത ചൈതന്യം, അരൂപി ആണെന്ന കണ്ടെത്തൽ,—സമറിയാക്കാരി സ്ത്രീയുടെമുമ്പിൽ യേശു അവിടത്തെ അവതരിപ്പിക്കുന്നതു് അങ്ങനെയാണല്ലോ–''സത്യത്തിലുംഅരൂപിയിലും''[11]''അവിടത്തെ ആരാധിക്കാനുള്ള ആവശ്യം, സ്നേഹത്തിന്റെ രഹസ്യവും ''പുതിയ സൃഷ്ടി'' [12]ക്കുള്ള ശക്തിയും അവിടുന്നിൽ കണ്ടെത്താമെന്നുള്ള പ്രതീക്ഷ, അതെ, 'ജീവദായകനു'വേണ്ടിയുള്ള അഭിലാഷം ഇന്നു മനുഷ്യഹൃദയങ്ങളിലുണ്ടു്.

മാനവകുടുംബത്തോടൊപ്പം ക്രിസ്തുവർഷത്തിന്റെ രണ്ടു സഹസ്രങ്ങൾ തികയ്ക്കാൻപോകുന്ന ഈ ഘട്ടത്തിൽ സഭ അരൂപിയെപ്പററി പ്രഖ്യാപിക്കുകയെന്ന ദൗത്യത്തിനായി താൻ വിളിക്കപ്പെടുന്നുവെന്നു കരുതുന്നു. ''കടന്നുപോകുന്ന'' ആകാശത്തിന്റേയും ഭൂമിയുടേയും പശ്ചാത്തലത്തിൽ ''കടന്നുപോകാത്ത വാക്കുകൾ'' [13] പ്രത്യേക അർത്ഥവ്യാപ്തി കൈവരിക്കുന്നതായി അവർ മനസ്സിലാക്കുന്നു. ''നിത്യജീവനിലേയ്ക്കു് പതഞ്ഞുപൊങ്ങുന്ന അരുവിയുടെ'' [14] വററാത്ത ഉറവിടമായ പരി. ആത്മാവിനെപ്പററിയുള്ള ക്രിസ്തുവിന്റെവാക്കുകളാണവ. മൂന്നാം ക്രൈസ്തവസഹസ്രാബ്ദത്തിനു തുടക്കം കുറിക്കുന്ന ആ വലിയ ജൂബിലി— ഇതേപ്പററി പിന്നീടുപറയും.— ക്കുവേണ്ടി ഒരുങ്ങുന്ന ഈയവസരത്തിൽ പ്രസ്തുത വചനങ്ങളെപ്പററി പരിചിന്തിക്കുവാനും വിശ്വാസികളുടേയും എല്ലാ മനുഷ്യരുടേയും ശ്രദ്ധ അവയിലേക്കു തിരിക്കുവാനും സഭ ആഗ്രഹിക്കുന്നു.

സ്വാഭാവികമായും തുടർന്നുവരുന്ന വിചിന്തനങ്ങൾ പരി. അരൂപിയെപ്പററിയുള്ള അതിസമ്പന്നമായ പ്രബോധനങ്ങൾ മുഴുവൻ പരിശോധിക്കാനോ അഭിപ്രായ വൈവിധ്യമുള്ള പ്രശ്നങ്ങളിൽ ഏതെങ്കിലും പരിഹാരനിർദ്ദേശത്തോടു അനുഭാവം

11. cf. യോഹ. 4: 24
12. cf. റോമ. 8: 22; ഗാല. 6: 15
13. cf. മത്തായി 24: 35
14. യോഹ. 4: 14

പ്രകടിപ്പിക്കാനോ ഉദ്ദേശിച്ചുള്ളവയല്ല. അവയുടെ പ്രധാനോദ്ദേശ്യം ''സർവ്വലോകത്തിനും രക്ഷാകേന്ദ്രമായി ക്രിസ്തുവിനെ നിശ്ചയിച്ച ആ ദൈവികപദ്ധതി ഫലപ്രദമായി പൂർത്തിയാക്കുന്നതിൽ സഹകരിക്കുവാൻ പരി. അരൂപി സഭയെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നു''[15]വെന്ന ബോധ്യം സഭയിൽ വളർത്തുകയാകുന്നു.

15. 2-ാം വത്തിക്കാൻ കൗൺസിൽ, ജ. പ്ര. 15.

# ഒന്നാം ഭാഗം

# സഭയ്ക്കു നൽകപ്പെട്ടിരിക്കുന്ന പിതാവിൻേറയും പുത്രൻേറയും ആരൂപി

## 1. അന്ത്യ അത്താഴവേളയിലെ യേശുവിൻെറ വാഗ്ദാനവും വെളിപാടും

3. തനിക്കു ലോകംവിട്ടു പോകേണ്ട സമയം വളരെ അടുത്തപ്പോഠം യേശു അപ്പസ്തോലന്മാരോട് ''മറെറാരു സഹായകനെ''[16]പ്പററി പറഞ്ഞു. പീഡാസഹനത്തിൻേറയും മരണത്തിൻേറയും തലേന്ന് അവസാന അത്താഴസമയത്ത്, തത്സമയം സന്നിഹിതനായിരുന്ന യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തുന്നതുപോലെ, യേശു ശിഷ്യന്മാരോടിങ്ങനെ പറഞ്ഞു: ''നിങ്ങഠം എൻെറ നാമത്തിൽ ചോദിക്കുന്നതെന്തും, പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിനായി ഞാൻ ചെയ്തുതരും. ഞാൻ പിതാവിനോടു ചോദിക്കുകയും നിത്യവും നിങ്ങളോടു കൂടിയിരിക്കുവാൻ മറെറാരു സഹായകനെ, സത്യാത്മാവിനെത്തന്നെ അവൻ നിങ്ങഠംക്കു തരുകയും ചെയ്യും.''[17]

ഈ സത്യാത്മാവിനെയാണ് യേശു 'പാറക്ലേത്ത' എന്നു വിളിക്കുന്നത്. സഹായകൻ, മദ്ധ്യസ്ഥൻ, അഭിഭാഷകൻ എന്നൊക്കെയാണ് 'പാറക്ലേത്ത'യ്ക്കു അർത്ഥം. പാറക്ലേത്ത മറെറാരു സഹായകനാണെന്നാണ് അവിടുന്നു പറയുന്നത്. രണ്ടാമത്തെ സഹായകൻ; ആദ്യത്തെയാഠം സുവിശേഷത്തിൻെറ ആദ്യസംവാഹകനും ദാതാവുമായ യേശുതന്നെ. [18] രക്ഷയുടെ സദ്വാർത്താപ്രവർത്തനം സഭയിലൂടെ ലോകത്തിൽ

16. allon parachleton: യോഹ 14: 16.
17. യോഹ. 14: 13. 16f.
18. cf. i യോഹ. 2:1

തുടർന്നുകൊണ്ടുപോകുന്നതിനു് യേശുവിനുശേഷവും യേശു നിമിത്തവും പരി. അരൂപി വരുന്നു. തൻെറ പ്രവർത്തനം അങ്ങനെ പരി. അരൂപി തുടർന്നുകൊണ്ടുപോകുന്നതിനെപ്പററി അന്ത്യപ്രഭാഷണത്തിൽ അവിടുന്നു് ഒന്നിലധികംതവണ പരാമർശിക്കുന്നുണ്ടു്. അതുവഴി തൻെറ വേർപാടിനുവേണ്ടി, തൻെറ പീഡാസഹനത്തിനും കുരിശുമരണത്തിനും വേണ്ടി അവിടുന്നു അത്താഴമുറിയിൽ കൂടിയിരുന്ന ശിഷ്യരെ ഒരുക്കുകയായിരുന്നു.

ഇവിടെ പരാമൃഷ്ടമാകുന്ന വചനങ്ങൾ യോഹന്നാൻെറ സുവിശേഷത്തിലാണു് കാണുക. ഓരോ വചനവും പ്രസ്തുതവാഗ്ദാനത്തിൻെറ ഓരോ വശം എടുത്തു കാണിക്കുന്നു. അതേസമയം, അവ പരസ്പരം ഗാഢബന്ധിതങ്ങളത്രേ. സംഭവങ്ങളുടെ തന്നെ കാഴ്ചപ്പാടിൽ നിന്നുമാത്രമല്ല, പിതാവിൻേറയും പുത്രൻേറയും പരി. അരൂപിയുടേയും രഹസ്യത്തിൻെറ—ഇതേപ്പററി ഇത്ര വ്യക്തവും ശക്തവുമായ സൂചനകൾ ഒരുപക്ഷേ, വി. ഗ്രന്ഥത്തിൽ വേറെയെങ്ങും കാണുകയില്ല—കാഴ്ചപ്പാടിൽ നിന്നുനോക്കിയാലും ഇതു ശരിയാണു്.

4. മുകളിൽ പറഞ്ഞ വാഗ്ദാനത്തിനു പിന്നാലേ യേശു ഇതും കൂടി ചേർക്കുന്നു: ''എന്നാൽ എൻെറ നാമത്തിൽ പിതാവു് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവു് എല്ലാക്കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും[19] ''ക്രിസ്തു'' പ്രഘോഷിച്ച സുവിശേഷത്തിൻെറ പ്രബോധകനായി അപ്പസ്തോലന്മാരുടെയും സഭയുടേയുമിടയിൽ എപ്പോഴുമുള്ള അവരുടെ സഹായകനായിരിക്കും പരിശുദ്ധാത്മാവു്. 'അവൻ പഠിപ്പിക്കും' 'അനുസ്മരിപ്പിക്കും' എന്ന വാക്കുകളുടെ അർത്ഥം പരിശുദ്ധാത്മാവു തൻേറതായ രീതിയിൽ രക്ഷാസുവിശേഷത്തിൻെറ പ്രചരണത്തിനു പ്രേരിപ്പിച്ചുകൊണ്ടിരിക്കുമെന്നു മാത്രമല്ല ക്രിസ്തു സന്ദേശത്തിൻെറ ശരിയായ അർത്ഥം ഗ്രഹിക്കുവാൻ ആളുകളെ സഹായിക്കുമെന്നുകൂടിയാണു്. മാറിക്കൊണ്ടിരിക്കുന്ന അവസ്ഥകളിലും സാഹചര്യങ്ങളിലും ഗ്രഹണത്തിൻെറ തുടർച്ചയും തനിമയും അവിടന്നു ഉറപ്പുവരുത്തുമെന്നു

19. യോഹ. 14 : 26

സാരം. അങ്ങനെ അപ്പസ്തോലന്മാർ ഗുരുവിൽനിന്നു ശ്രവിച്ച അതേ സത്യം സഭയിലെന്നുമുണ്ടായിരിക്കുമെന്നു പരിശുദ്ധാത്മാവു് ഉറപ്പു നൽകുന്നു.

5. സുവിശേഷമറിയിക്കുന്നതിൽ അപ്പസ്തോലന്മാർ പരിശുദ്ധാത്മാവിനോടു പ്രത്യേകമായ വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ഈശോ തുടരുന്നതിങ്ങനെയാണു്: ''ഞാൻ പിതാവിൻെറ അടുക്കൽനിന്നു് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവു വരുമ്പോാം അവൻ എന്നെക്കുറിച്ചു സാക്ഷ്യം നൽകും. ആരംഭം മുതൽ എന്നോടുകൂടിയുള്ളവരായതുകൊണ്ടു നിങ്ങളും സാക്ഷ്യം നല്കും.'' [20]

അപ്പസ്തോലന്മാർ ശരിക്കും ദൃക്സാക്ഷികളായിരുന്നു. യോഹന്നാൻ സുവിശേഷകൻ വേറൊരു ഭാഗത്തു പറയുന്നതുപോലെ അവർ ക്രിസ്തുവിനെ 'കേൾക്കുകയും', 'സ്വന്തം കണ്ണുകൾകൊണ്ടു കാണുകയും', 'സൂക്ഷിച്ചു വീക്ഷിക്കുകയും', 'തങ്ങളുടെ കൈകൾകൊണ്ടു സ്പർശിക്കുകയും' [21] ചെയ്തവരാണു്. പ്രാഥമികവും മാനുഷികവും ചരിത്രപരവുമായ ഈ ക്രിസ്തു സാക്ഷ്യം പരിശുദ്ധാത്മാവിൻെറ സാക്ഷ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ''അവൻ എന്നെക്കുറിച്ചു് സാക്ഷ്യം നൽകും.'' അപ്പസ്തോലന്മാരുടെ മാനുഷിക സാക്ഷ്യത്തിനു സത്യാത്മാവിൻെറ സാക്ഷ്യം ഊററമായ പിന്തുണ നല്കും. അതോടൊപ്പം യുഗങ്ങളിലൂടെ തലമുറകളായി ക്രിസ്തുശിഷ്യരും വിശ്വാസികളും നൽകുന്ന സാക്ഷ്യത്തിൻെറ തുടർച്ചയ്ക്കു അദൃശ്യമായ അടിസ്ഥാനമായി വർത്തിക്കുന്നതും അവിടുത്തെ സാക്ഷ്യമാകുന്നു.

മനുഷ്യവർഗ്ഗത്തിനു ലഭ്യമായ പരമവും സമ്പൂർണ്ണവുമായ ദൈവാവിഷ്കാരമാകുന്നു ക്രിസ്തു. അപ്പസ്തോലന്മാരുടെ പ്രഘോഷണത്തിലൂടെയും ലിഖിതങ്ങളിലൂടെയും ഈ ആവിഷ്കാരം വിശ്വസ്തമായി കൈമാററം ചെയ്യപ്പെടുന്നതിനു് അരൂപിയുടെ സാക്ഷ്യം പ്രേരണയും സംരക്ഷണവും സാധുതയും നൽകുന്നു. [22] അപ്പസ്തോലന്മാരുടെ സാക്ഷ്യമാകട്ടെ സഭയിലും മനുഷ്യചരിത്രത്തിലും അതിൻെറ മാനുഷികാവതരണം ഉറപ്പുവരുത്തുന്നു.

20. യോഹ. 15 : 26
21. cf. യോഹ. 1: 1- 3; 4:14.
22. II വത്തിക്കാൻ കൗൺസിൽ, Dei Verbum, 11, 12.

6. യോഹന്നാൻെറ സുവിശേഷത്തിൽ പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്ന വാക്യവും തുടൎന്നു വരുന്ന വാക്കുകളും തമ്മിൽ ഉള്ളടക്കത്തിലും ഉദ്ദേശ്യത്തിലുമുള്ള കൃത്യമായ പാരസ്പര്യം വ്യക്തമാക്കുന്നതും ഇതു തന്നെയാകുന്നു: ''ഇനിയും വളരെ കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയുവാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിയില്ല. സത്യാത്മാവു വരുമ്പോൾ നിങ്ങളെ പൂർണ്ണസത്യത്തിലേക്കു നയിക്കും. അവൻ സ്വമേധയാ ആയിരിക്കയില്ല സംസാരിക്കുന്നതു്; പ്രത്യുത അവൻ കേൾക്കുന്നതുമാത്രം സംസാരിക്കും. വരുവാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും.''[23]

ആദ്യത്തെ വാക്യത്തിൽ യേശു സത്യാത്മാവിനെ, സഹായകനെ പഠിപ്പിക്കുന്നവനും അനുസ്മരിപ്പിക്കുന്നവനും തനിക്കു സാക്ഷ്യം നല്കുന്നവനുമായി അവതരിപ്പിക്കുന്നു. ഈ വാക്യത്തിൽ പറയുന്ന, ''അവൻ നിങ്ങളെ പൂർണ്ണസത്യത്തിലേക്ക് നയിക്കും.'' അപ്പസ്തോലന്മാർക്ക് ''ഇപ്പോൾ ഉൾക്കൊള്ളാനാവാത്ത'' ''പൂർണ്ണസത്യം'' യേശു ഈ വാക്കുകൾ പറഞ്ഞപ്പോൾ ആസന്നമായിരുന്ന പീഡാസഹനത്തിലൂടെയും കുരിശുമരണത്തിലൂടെയുമുള്ള അവിടുത്തെ സ്വയം ശൂന്യവത്ക്കരണവുമായി അവശ്യം ബന്ധപ്പെട്ടിരിക്കുന്നു.

എന്നാൽ ഈ പൂർണ്ണസത്യം കുരിശിലെ ഇടർച്ചയുമായി മാത്രമല്ല, ക്രിസ്തു ''പ്രവർത്തിച്ചതും പഠിപ്പിച്ചതുമായ സകലതുമായി''[24] ബന്ധപ്പെട്ടിരിക്കുന്നുവെന്നു പിന്നീടു വ്യക്തമാകുന്നു. കാരണം, ക്രിസ്തു രഹസ്യം മുഴുവൻ വിശ്വാസമാവശ്യപ്പെടുന്നു; വിശ്വാസമാണു വെളിപ്പെടുത്തപ്പെട്ട രഹസ്യത്തിൻെറ ലോകത്തിലേക്കു മനുഷ്യനെ പ്രവേശിപ്പിക്കുന്നതു്.

പൂർണ്ണസത്യത്തിലേക്കു നയിക്കുന്നതു വിശ്വാസത്തിലും വിശ്വാസത്തിലൂടെയുമത്രേ. ഇതു പരിശുദ്ധാത്മാവിൻെറ പ്രവൎത്തനമാണ്. മനുഷ്യനിലുള്ള അവിടുത്തെ പ്രവർത്തനത്തിൻെറ ഫലവുമാണ്. ഇവിടെ പരിശുദ്ധാരൂപി മനുഷ്യൻെറ ഏററവും നല്ല മാർഗ്ഗദർശകനും മനുഷ്യാരൂപിയുടെ ദീപവുമായി ഭവി

23. യോഹ. 16: 12 f
24. നട. 1:1

കുന്നു. ക്രിസ്തു പ്രവർത്തിച്ചതും പഠിപ്പിച്ചതും പ്രത്യേകിച്ച് അവിടുത്തെ കുരിശുമരണവും ഉത്ഥാനവും എല്ലാ ജനങ്ങളോടും പ്രഘോഷിക്കേണ്ട ദൃക്സാക്ഷികളായ അപ്പസ്തോലന്മാരുടെ കാര്യത്തിലും ഇതു ശരിയാണ്. കുറച്ചുകൂടി വിശാലമായ വീക്ഷണത്തിൽ എല്ലാ തലമുറകളിലുമുള്ള നാഥന്റെ ശിഷ്യരുടേയും സാക്ഷികളുടേയും കാര്യത്തിൽ ഇതു വാസ്തവമായിരിക്കും. കാരണം, മനുഷ്യചരിത്രത്തിലൂടെ പ്രവർത്തനക്ഷമമായ ദൈവരഹസ്യത്തെ, ചരിത്രത്തിന്റെ സൂക്ഷ്മാർത്ഥം വിശദമാക്കുന്ന വെളിപ്പെടുത്തപ്പെട്ട രഹസ്യത്തെ, അവർ വിശ്വാസത്തോടെ സ്വീകരിക്കയും ആത്മാർത്ഥതയോടെ ഏററുപറയുകയും ചെയ്യേണ്ടവരാകുന്നു.

7 അങ്ങനെ രക്ഷാസംവിധാനത്തിൽ ക്രിസ്തുവും പരിശുദ്ധാത്മാവിയും തമ്മിൽ ഗാഢമായൊരു ബന്ധമുണ്ട്. അതനുസരിച്ച നസ്രായനായ യേശുവിൽ ആവിഷ്കൃതമായ സദ്വാർത്തയുടെ പ്രചാരത്തിനും കൈമാററത്തിനും എന്നും ഉറപ്പു നല്കിക്കൊണ്ട് ''മറെറാരു സഹായക''നായി അരൂപി ചരിത്രത്തിൽ പ്രവർത്തിക്കുന്നു. രക്ഷകൻേറയും അവന്റെ രക്ഷാപ്രവർത്തനത്തിന്റേയും ചരിത്രത്തിലൂടെയുള്ള സാന്നിദ്ധ്യം സഭാരഹസ്യത്തിലൂടേയും പ്രവർത്തനത്തിലൂടേയും അനവരതം ഭൂമിയിൽ തുടരുന്ന ആശ്വാസകനായ പരിശുദ്ധാത്മാവിൽ ക്രിസ്തുവിന്റെ മഹത്വമാണു പ്രകാശിക്കുന്നതു്. യോഹന്നാന്റെ വാക്കുകൾ ഇതു സ്ഥാപിക്കുന്നു. ''അവൻ (സത്യാത്മാവ്) എന്നെ മഹത്വപ്പെടുത്തും, എന്തെന്നാൽ അവൻ എനിക്കുള്ളവയിൽനിന്ന് എടുത്തു നിങ്ങളോടു പ്രഖ്യാപിക്കും.''[25] ഈ വാക്കുകൾ മുൻപ്രസ്താവനകളെയെല്ലാം ഒന്നുകൂടി ഉറപ്പിക്കുന്നു: ''അവൻ പഠിപ്പിക്കും....., അവൻ അനുസ്മരിപ്പിക്കും....., സാക്ഷ്യം നല്കും.'' ക്രിസ്തുവിൽ നിർവ്വഹിക്കപ്പെട്ടതും അപ്പസ്തോലിക പ്രഘോഷണത്താൽ സാക്ഷ്യപ്പെടുത്തപ്പെട്ടതുമായ ദൈവത്തിന്റെ പരമവും സമ്പൂർണ്ണവുമായ സ്വയാവിഷ്ക്കാരം സത്യാത്മാവിന്റെ, അദൃശ്യനായ സഹായകന്റെ, ദൗത്യം വഴി സഭയിൽ പ്രകാശിതമാകുന്നു. ഈ ദൗത്യം എത്ര ഗാഢമായി ക്രിസ്തുദൗത്യവുമായി യോജിച്ചിരിക്കുന്നുവെന്നും രക്ഷയുടെ ഫലങ്ങൾ ചരി

25. യോഹ. 16:14

ത്രത്തിലൂടെ ഉറപ്പിക്കയും വികസിപ്പിക്കയും ചെയ്തുകൊണ്ട് എപ്രകാരം അതു ക്രിസ്തുദൗത്യത്തിൻെറ തുടർച്ചയാകുന്നുവെന്നും 'എടുത്തു്' എന്ന പദം വ്യക്തമാക്കുന്നു: 'അവൻ എനിക്കുള്ള വയിൽനിന്നു് എടുത്തു നിങ്ങളോടും പ്രഖ്യാപിക്കും''. ''അവൻ എടുത്തു്'' എന്നതിൻെറ വിശദീകരണമെന്നോണം, ഉറവിടത്തിൻെറ ദൈവികവും ത്രിത്വാത്മകവുമായ ഐക്യം സുസ്പഷ്ടമാക്കിക്കൊണ്ടു യേശു കൂട്ടിച്ചേർക്കുന്നു: ''പിതാവിനുള്ളതെല്ലാം എൻേറതാണു്. അതുകൊണ്ടാണു് എനിക്കുള്ളവയിൽ നിന്നു് എടുത്തു് അവൻ നിങ്ങളോടു പ്രഖ്യാപിക്കും എന്നു ഞാൻ പറഞ്ഞതു്''[26] 'എൻേറതിൽ'നിന്നു് എടുക്കുന്നതുകൊണ്ടു് അവൻ 'പിതാവിൻേറതിൽനിന്നും' എടുക്കും.

പെസഹാത്തിരുനാളിനുമുമ്പ് അത്താഴമുറിയിൽ പരിശുദ്ധാത്മാവിനെപ്പററി യേശു പറഞ്ഞ സുപ്രധാനമായ മററു വചനങ്ങളും 'അവൻ എടുത്തു്' എന്ന വാക്കുകളുടെ വെളിച്ചത്തിൽ വിശദീകരിക്കാനാവും: ''നിങ്ങളുടെ നന്മയ്ക്കായാണു ഞാൻ പോകുന്നതു്, എന്തെന്നാൽ, ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേയ്ക്കു വരികയില്ല. ഞാൻ പോകുന്നെങ്കിലോ, അവനെ നിങ്ങളുടെ അടുക്കലേക്കു ഞാൻ അയയ്ക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോദ്ധ്യപ്പെടുത്തും.''[27] വേറൊരു വിചിന്തനത്തിൽ ഈ വാക്കുകളിലേക്കു നമുക്കു തിരിച്ചു വരേണ്ടിവരും.

## 2. പിതാവും പുത്രനും പരിശദ്ധാത്മാവും.

8 പിതാവിനേയും പുത്രനേയും പരിശുദ്ധാത്മാവിനേയും ഒന്നിനൊന്നു വ്യത്യസ്തരായ വ്യക്തികളായി ചിത്രീകരിക്കുന്നതു് യോഹന്നാൻെറ സുവിശേഷത്തിൻെറ പ്രത്യേകതയാണു്. അവൻ എന്ന സർവ്വനാമം സഹായകനായ ആത്മാവിനുവേണ്ടി യേശു പല പ്രാവശ്യം ഉപയോഗിക്കുന്നുണ്ടു്. അതേസമയം അന്ത്യപ്രഭാഷണത്തിലുടനീളം പിതാവിനേയും പുത്രനേയും ആശ്വാസകനേയും പരസ്പരം കൂട്ടിയിണക്കുന്ന കണ്ണികളും പ്രത്യ

26. യോഹ. 16:15
27. യോഹ. 16:7f

ക്ഷമാകുന്നു. അങ്ങനെ പരിശുദ്ധാരൂപി പിതാവിൽനിന്നു പുറപ്പെടുന്നു, [28] പിതാവു് അരൂപിയെ നൽകുന്നു. [29] പുത്രൻെറ നാമത്തിൽ പിതാവു് അരൂപിയെ അയയ്ക്കുന്നു. [30]

അരൂപി പുത്രനു സാക്ഷ്യം വഹിക്കുന്നു [31]–സഹായകനായ അരൂപിയെ അയയ്ക്കാൻ പുത്രൻ പിതാവിനോടു് ആവശ്യപ്പെടുന്നു. [32] അതുപോലെ കുരിശിലൂടെ തൻെറ വേർപാടുമായി ബന്ധപ്പെടുത്തി അവിടുന്നു വാഗ്ദാനവും ഉറപ്പും നൽകുന്നു: ''ഞാൻ പോവുകയാണെങ്കിൽ ഞാൻ അവനെ നിങ്ങളുടെ അടുക്കലേക്കു അയയ്ക്കും.'' [33] തൻെറ പിതൃശക്തിയാൽ പിതാവു് പുത്രനെ അയച്ചതുപോലെ പരിശുദ്ധാരൂപിയേയും അയയ്ക്കുന്നു. [34] അതോടൊപ്പം ക്രിസ്തുവിൽ സാധിതമായ രക്ഷയുടെ ശക്‌തിയാലും കൂടിയാണു് അവിടുന്നു് അരൂപിയെ അയയ്ക്കുന്നതു്. ഈ അർത്ഥത്തിൽ പുത്രനും കൂടിയാണു പരിശുദ്ധാരൂപിയെ അയയ്ക്കുക. ''ഞാൻ അവനെ നിങ്ങളുടെ അടുക്കലേക്കു് അയയ്ക്കും.''

ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം അത്താഴമുറിയിൽ യേശു നൽകിയ വാഗ്ദാനങ്ങളിൽ ഒന്നൊഴികെ എല്ലാം ക്രിസ്തുവിൻെറ വേർപാടിനുശേഷമുള്ള പരിശുദ്ധ അരൂപിയുടെ ആഗമനത്തെപ്പററിയാണു് പറയുന്നതെങ്കിൽ യോഹ.16:7 വാക്യങ്ങളിലുള്ള വാഗ്ദാനം അവ തമ്മിൽ കാര്യകാരണബന്ധമെന്നു വിശേഷിപ്പിക്കാവുന്ന പരസ്പരബന്ധമുണ്ടെന്നു് ഊന്നിപ്പറയുന്നു. ''ഞാൻ പോവുകയാണെങ്കിൽ ഞാനവനെ നിങ്ങളുടെ അടുക്കലേയ്ക്കു് അയക്കും.'' കുരിശിലൂടെ ക്രിസ്തു പോകുന്ന മുറയ്ക്കാണു് പരി. അരൂപി വരിക. ക്രിസ്തുവിനുശേഷമെന്നു മാത്രമല്ല പിതാവിൻെറ ഇച്ഛയും പ്രവർത്തനവും വഴി ക്രിസ്തുവിൽ നിവർത്തിതമായ രക്ഷ നിമിത്തവും കൂടിയത്രേ അരൂപി വരുന്നതു്.

28. യോഹ. 15:16
29. യോഹ. 14:16
30. യോഹ. 14:26
31. യോഹ. 15-26
32. യോഹ. 14:16
33 . യോഹ. 16:7
34 . യോഹ. 3:16 f, 34, 68. 57. 17. 3, 18. 23.

9. അന്ത്യയത്താഴസമയത്തെ വിടവാങ്ങൽ പ്രഭാഷണത്തിൽ ത്രിത്വത്തെപ്പററിയുള്ള വെളിപാട് അതിൻെറ പരമകാഷ്ഠയിൽ എത്തിയെന്നു പറയാം. ഒപ്പം അപ്പസ്തോലന്മാർക്കും അവർ വഴി സഭയ്ക്കും നൽകപ്പെടുന്ന പ്രേഷിതദൗത്യത്തിനു നിദാനമായ നിർണ്ണായക സംഭവങ്ങളുടേയും അന്തിമവചനങ്ങളുടെയും സമീപം നാം എത്തുകയാണ്. ''അതിനാൽ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുക'' എന്ന കല്പന ''പിതാവിൻേറയും പുത്രൻേറയും പരി. ആത്മാവിൻെറയും നാമത്തിൽ ഏവരേയും ജ്ഞാനസ്നാനപ്പെടുത്തുക'' [35] എന്ന ത്രിത്വഫോർമുലയും ഉൾക്കൊള്ളുന്നു.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിൻെറ അഗാധരഹസ്യവും ജീവനും ത്രിത്വത്തിൻെറ ദൈവികമായ ഐക്യവും ഈ വാക്യത്തിൽ പ്രതിഫലിക്കുന്നു. ഈ ത്രിത്വഫോർമുലയ്ക്കുള്ള പ്രത്യേക ഒരുക്കമായി വിടവാങ്ങൽ പ്രഭാഷണത്തെ കണക്കാക്കാം. ത്രിതൈ്വക ദൈവത്തിൻെറ ജീവനിലുള്ള പങ്കാളിത്തം സാധ്യമാക്കുന്ന ജ്ഞാനസ്നാന കൂദാശയുടെ ജീവദായക ശക്തിയാണു പ്രസ്തുത ഫോർമുലയിൽ കാണാനാവുക. കാരണം, ഈ കൂദാശ പ്രകൃത്യതീതദാനമെന്ന നിലയിൽ മനുഷ്യനു ശുദ്ധീകരണവരപ്രസാദം നൽകുന്നു. പ്രസാദവരംവഴി നിഗൂഢമായ ദൈവികജീവനിൽ പങ്കുകൊള്ളുവാൻ മനുഷ്യൻ വിളിക്കപ്പെടുകയും ശക്തനാക്കപ്പെടുകയും ചെയ്യുന്നു.

10. തൻെറ ജീവൻെറ ആഴത്തിൽ ദൈവം ''സ്നേഹമാകുന്നു''–[36] മൂന്നു ദൈവികാളുകളും പങ്കുവയ്ക്കുന്ന സാത്വികസ്നേഹം. പിതാവിൻേറയും പുത്രൻേറയും അരൂപിയെന്നനിലയിൽ പരി. അരൂപി വൈയക്തികസ്നേഹമാണ്. സൃഷ്ടമല്ലാത്ത സ്നേഹദാനമായ അവിടുന്ന് ''ദൈവികയാഴങ്ങളെപ്പോലും അന്വേഷിച്ചു കണ്ടെത്തുന്നു.'' [37] പരി. ആത്മാവിൽ ത്രിതൈ്വകദൈവത്തിൻെറ ജീവൻ സമ്പൂർണ്ണദാനവും ദൈവികയാളുകൾ തമ്മിലുള്ള സ്നേഹവിനിമയവുമായിത്തീരുന്നു. പരി. ആത്മാവിൽ

35. മത്തായി 28. 19

36. cf. 1 യോഹ. 4. 8. 16

37. cf. 1 കൊറി. 2. 10

ദൈവം ദാനരൂപേണ സ്ഥിതി ചെയ്യുന്നു. ഈ ആത്മദാനത്തിന്റെ, സ്നേഹഭാവത്തിന്റെ, വൈയക്തിക പ്രകാശനമാണ് പരി. അരൂപി. [38] അവിടുന്നു വൈയക്തികസ്നേഹമാകുന്നു, വൈയക്തിക ദാനമാകുന്നു. ദൈവത്തിലെ 'വ്യക്തി' എന്ന യാഥാർത്ഥ്യത്തിന്റെ അനന്തമായ നിധിയും, സങ്കല്പത്തിന്റെ അവാച്യമായ ആഴവും നമുക്കിവിടെ കാണാനാവും. ദൈവിക വെളിപാടു മാത്രമാണ് ഇതിനെപ്പററി നമുക്ക് അറിവു നല്കുക.

ദൈവികതയിൽ പിതാവിനോടും പുത്രനോടും ഒപ്പം ഏക സത്തയായ പരി. ആത്മാവ് സ്നേഹവും അസൃഷ്ടദാനവുമാണല്ലോ. സൃഷ്ടികളെല്ലാം (സൃഷ്ടദാനങ്ങളെല്ലാം) ഈ അസൃഷ്ടദാനത്തിന്റെ ഉറവിടത്തിൽ നിന്നും പുറപ്പെടുന്നു: സൃഷ്ടിവഴി എല്ലാററിനും അസ്തിത്വമെന്ന ദാനം, മുഴുവൻ രക്ഷാകരപദ്ധതിയിലൂടെ മനുഷ്യർക്കു പ്രസാദവരമെന്ന ദാനം. പൗലോസ് അപ്പസ്തോലൻ എഴുതുന്നതുപോലെ; ''നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേയ്ക്കു ചൊരിയപ്പെട്ടിരിക്കുന്നു.'' [39]

## 3. പരി. അരൂപിയിലുള്ള ദൈവത്തിന്റെ രക്ഷാകരമായ ആത്മദാനം

11. ക്രിസ്തുവിന്റെ അന്ത്യയത്താഴ പ്രഭാഷണം പരി. ആത്മാവിന്റെ ഈ ''ദാനത്തേയും'' ആത്മദാനത്തേയും പററി പ്രത്യേകം പരാമർശിക്കുന്നുണ്ട്. ദൈവത്തിന്റെ നിത്യമായ പദ്ധതി ഉൾക്കൊള്ളുന്ന രക്ഷാരഹസ്യത്തിന്റെ അഗാധതത്ത്വം യോഹന്നാന്റെ സുവിശേഷം വെളിപ്പെടുത്തുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള നിഗൂഢൈക്യത്തിന്റെ വിപുലനമാണ് രക്ഷയെന്നതാണത്. ത്രിത്വത്തിന്റെ രഹസ്യത്തിൽനിന്നു യേശുക്രിസ്തുവിലുള്ള ലോകരക്ഷയുടെ രഹസ്യത്തിൽ എത്തുന്ന ദൈവികതത്ത്വവിചാരമാണത്. മനുഷ്യചരിത്രത്തിൽ പുത്രൻവഴി സാധിച്ച – കുരിശിലൂടെയും ഉത്ഥാനത്തിലൂടെയുമുള്ള 'വേർപാടു'വഴി യാഥാർത്ഥ്യമായ–രക്ഷ

38. തോമസ് അക്വിനാസ് Summa Theol. Ia, qq. 37-38.

39. റോമ. 5. 5

അതിൻെറ മുഴവൻ രക്ഷാകരശക്തിയോടുകൂടെ പരിശുദ്ധാത്മാവി ന്നു കൈമാറപ്പെടുന്നു. അവൻ ''എൻേറതിൽനിന്നു് എടുക്കുന്നവ നാണു്.'' 40 ദൈവിക പദ്ധതിയനുസരിച്ചു് ക്രിസ്തുവിൻെറ വേർപാടു് പരി. ആത്മാവു് അയയ്ക്കപ്പെടുന്നതിനും വരുന്നതി നും അവശ്യഉപാധിയാണെന്നു് യോഹന്നാൻെറ സുവിശേഷ ത്തിലെ വാക്കുകൾ സൂചിപ്പിക്കുന്നു. ഇപ്പോൾ സമാരംഭിക്കുന്ന തു് പരി. അരൂപിയിൽ ദൈവത്തിൻെറ നവ്യവും രക്ഷാകരവു മായ ആത്മദാനമാണെന്നും ആ വാക്കുകൾ വ്യക്തമാക്കുന്നു.

12. ആദ്യത്തേതുമായി തട്ടിച്ചുനോക്കുമ്പോൾ ഇതൊരു പുതിയതുടക്കമാണു്. ദൈവത്തിൻെറ രക്ഷാകരമായ ആത്മദാന ത്തിൻെറ തുടക്കം സൃഷ്ടി രഹസ്യംതന്നെ ആകുന്നു. സൃഷ്ടി യുടെ പുസ്തകത്തിൻെറ ആദ്യവാക്കുകൾ ഇങ്ങനെയാണു്: ''ആദി യിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു....ദൈവത്തിൻെറ ചൈതന്യം (അരൂപി) വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരു ന്നു''. 41 സൃഷ്ടിയെപ്പററിയുള്ള ഈ വി.ഗ്രന്ഥ സങ്കല്പത്തിൽ ദൈവം പ്രപഞ്ചത്തെ അസ്തിത്വത്തിലേക്കു വിളിച്ചു അഥവാ അതിനു് അസ്തിത്വം നല്കി എന്ന ആശയം മാത്രമല്ല സൃഷ്ടിയിൽ ദൈവാരൂപിയുടെ സാന്നിദ്ധ്യമുണ്ടായിരുന്നു എന്ന ആശയവും അടങ്ങിയിരിക്കുന്നു. എന്നുവച്ചാൽ, താൻ സൃഷ്ടിച്ചവസ്തു തന്നെ ത്തന്നെ നല്കിക്കൊണ്ടു് അവിടുന്നു രക്ഷാകരമായ ആത്മദാന ത്തിനു തുടക്കം കുറിച്ചുവെന്നു്. സർവോപരി മനുഷ്യനെ സം ബന്ധിച്ചാണു് ഇതു വാസ്തവമായിരിക്കുന്നതു്: ''നമ്മുടെ ഛായ യിലും സാദൃശ്യത്തിലും നമുക്കു മനുഷ്യനെ ഉണ്ടാക്കാം.'' 42

''നമുക്കു് ഉണ്ടാക്കാം:'' തന്നെപ്പററി പറയുമ്പോൾ സ്രഷ്ടാവു് ബഹുവചനം ഉപയോഗിക്കുന്നതു ത്രിത്വരഹസ്യത്തിൻെറ, മനു ഷ്യസൃഷ്ടിയിലുള്ള ത്രിത്വസാന്നിധ്യത്തിൻെറ നേരത്തെക്കൂട്ടിയു ള്ള സൂചനയാണെന്നു പറയാമൊ? ഈ രഹസ്യത്തിൻെറ വെളി പാടിനെപ്പററി അറിയാവുന്ന ക്രൈസ്തവാനുവാചകനു് ഈ വാക്കുകളിൽ അതിൻെറ പ്രതിഫലനം ദർശിക്കാനാവും. എ

40. യോഹ. 16. 14.

41. സൃഷ്ടി. 1. 1f

42 സൃഷ്ടി 1:26

ന്തായാലും സൃഷ്ടിയുടെ പുസ്തകത്തിൻെറ സന്ദർഭം മനുഷ്യസൃഷ്ടിയിൽ തൻെറ ഛായയും സാദൃശ്യവും അവനു നല്കിയിടത്തോളം ദൈവം രക്ഷാകരമായ ആത്മദാനത്തിനു തുടക്കം കുറിച്ചു എന്നു വെളിവാക്കുന്നു.

13 അന്ത്യ പ്രഭാഷണത്തിൽ യേശു അരുളിച്ചെയ്ത വചനങ്ങൾ പോലും— "ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്കു വരികയില്ല. ഞാൻ പോകുന്നെങ്കിലോ ഞാൻ അവനെ നിങ്ങളുടെ അടുക്കലേക്ക് അയക്കും" —ഉൽപ്പത്തിപുസ്തകത്തിലെ 'ആദി'യുടെ വെളിച്ചത്തിൽ മനസ്സിലാക്കണമെന്നു തോന്നുന്നു. തൻെറ വേർപാട് സഹായകൻെറ വരവിന് ഉപാധിയായി ചിത്രീകരിച്ചുകൊണ്ടു ക്രിസ്തു പരിശുദ്ധാത്മാവിലുള്ള ദൈവത്തിൻെറ രക്ഷാകരമായ സ്വയാവിഷ്കാരത്തിൻെറ തുടക്കത്തെ രക്ഷാകരരഹസ്യവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഇതൊരു പുതിയ തുടക്കമാണ്. കാരണം ആദ്യതുടക്കത്തിനു ശേഷം —ആദ്യവീഴ്ചമുതൽ- പാപം മനുഷ്യചരിത്രത്തിൽ പ്രവേശിച്ചു. സൃഷ്ടിയിലെ ദൈവാത്രപിയുടെ സാന്നിദ്ധ്യത്തിനു വിരുദ്ധമാണു പാപം. സർവ്വോപരി അതു മനുഷ്യനുമായുള്ള ദൈവത്തിൻെറ പങ്കുവെയ്ക്കലിനു കടകവിരുദ്ധമാണ്. "പാപംമൂലം സൃഷ്ടി വ്യർത്ഥതയ്ക്കടിമപ്പെടുകയും........ഇതുവരെ വല്ലാത്ത ഞെരുക്കമനുഭവപ്പെടുകയും ചെയ്യുകയായിരുന്നു" [43] വെന്നു വി. പൗലോസ് എഴുതുന്നു.

14 അതുകൊണ്ടാണ് അത്താഴമുറിയിൽവെച്ച് യേശുക്രിസ്തു പറഞ്ഞതു് "നിങ്ങളുടെ നന്മയ്ക്കായാണ് ഞാൻ പോകുന്നതു്, ഞാൻ പോകുകയാണെങ്കിൽ ഞാൻ അവനെ നിങ്ങളുടെ അടുക്കലേക്ക് അയക്കും." [44] കുരിശുവഴിയുള്ള ക്രിസ്തുവിൻെറ വേർവേർപാടിനു രക്ഷാകരശക്തിയുണ്ടു്. സൃഷ്ടിയിലെ ദൈവാത്രപിയുടെ പുതിയൊരു സാന്നിദ്ധ്യത്തെയും മനുഷ്യനുമായുള്ള ദൈവത്തിൻെറ സ്വയം പങ്കുവയ്ക്കലിൻെറ പുതിയ തുടക്കത്തെയും അതു കുറിക്കുന്നു. "അബ്ബാ, പിതാവേ എന്നു വിളിക്കുന്ന തൻെറ പുത്രൻെറ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയത്തിലേ

43 റോമാ. 8:19-22

44 യോഹ. 16:7

സ്സ് അയച്ചിരിക്കുന്നുവെന്നതു നിങ്ങൾ ദൈവമക്കളാകുന്നു എന്ന തിനു തെളിവാണ്''[45]എന്നു പൗലോസ് അപ്പസ്തോലൻ ഗലാത്തിയാക്കാർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നു. അന്ത്യപ്രഭാഷണത്തിൽ പറയുന്നതുപോലെ പരി.അരൂപി പിതാവിൻെറ അരൂപിയാണ്. അതേസമയം അപ്പസ്തോലന്മാരും പ്രത്യേകിച്ച താർസൂസിലെ പൗലോസും സാക്ഷ്യപ്പെടുത്തിയതുപോലെ അവിടുന്നു യേശുക്രിസ്തുവിൻെറ അരൂപിയാണ്. [46] നമ്മുടെ ഹൃദയങ്ങളിലേക്കു പരി. അരൂപിയെ അയച്ചിരിക്കുന്നതു് റോമാക്കാർക്കുള്ള ലേഖനത്തിൽ പറയുന്ന ''സൃഷ്ട പ്രപഞ്ചത്തിൻെറ ആകാംക്ഷയോടെയുള്ള കാത്തിരിപ്പിൻെറ'' പൂർത്തീകരണത്തിനു പ്രാരംഭം കുറിക്കുന്നു.

ക്രിസ്തുവിൻെറ ''വേർപാടിൻെറ'' വിലയായാണ് പരി. അരൂപി വരുന്നതു്. ''ഈ വേർപാട്'' അപ്പസ്തോലരെ ദുഃഖാത്തരാക്കിയെങ്കിലും, ദുഃഖവെള്ളിയാഴ്ച പീഡാസഹനത്തിലും മരണത്തിലും അതു അതിൻെറ പാരമ്യത്തിലെത്തുമായിരുന്നെങ്കിലും, ''ഈ ദുഃഖം സന്തോഷമായി മാറും'' [48] കാരണം, രക്ഷാകരമായ ഈ ''വേർപാടിനോട്'' ക്രിസ്തു തൻെറ ഉത്ഥാന മഹത്വവും പിതാവിലേക്കുള്ള ആരോഹണവും കൂട്ടിച്ചേർക്കും. അങ്ങനെ തങ്ങളുടെ ഗുരുവിൻെറ ''വേർപാടിൻെറ'' സന്ദർഭത്തിലുള്ള അപ്പസ്തോലൻമാരുടെ ദുഃഖവും അതിൻെറ പിന്നിലുള്ള സന്തോഷവും നന്മയ്ക്കായാണ്. അതുകൊണ്ടാണല്ലോ പരി. അരൂപി വരുന്നതു്. [49] യേശുക്രിസ്തുവിൻെറ പെസഹാരഹസ്യത്തിൻെറ മുഴുവൻ ശക്തിയാൽ രക്ഷകൈവരുത്തുന്ന കുരിശിൻെറ വിലയായി, പന്തക്കുസ്താദിനം മുതൽ അപ്പസ്തോലൻമാരോടൊത്തു് വസിക്കുന്നതിനും സഭയോടൊത്തും സഭയിലും സഭയിലൂടെ ലോകത്തിലും വസിക്കുന്നതിനും പരി. അരൂപി വരുന്നു.

ഇവ്വിധം മനുഷ്യവർഗ്ഗത്തിൻെറയും ലോകത്തിൻെറയും രക്ഷകനായ യേശുക്രിസ്തുവിൻെറ പ്രവർത്തനത്തിലൂടെ പരി.

45. ഗാല. 4:6; cf റോമ. 8:15
46. cf ഗാല 4:6; ഫിലി. 1:19, റോമ. 8:11
48. cf യോഹ. 16:20
49. cf യോഹ. 16:7

അരൂപിയിലുള്ള ത്രിയേക ദൈവത്തിൻെറ സ്വയാവിഷ്ക്കാരത്തിനു നിശ്ചയമായും പുതിയ തുടക്കമായി.

## 4 പരിശുദ്ധാരൂപിയാൽ അഭിഷിക്തനായ മിശിഹാ.

15. തെരഞ്ഞെടുക്കപ്പെട്ട ജനത്തിനും മനുഷ്യവർഗ്ഗം മുഴുവനും വേണ്ടി പരിശുദ്ധാരൂപിയുടെ തികവ് സ്വീകരിച്ച മിശിഹായുടെ ദൗത്യവും സമ്പൂർണ്ണമായി നിറവേറപ്പെടുന്നു. 'മിശിഹാ'യുടെ വാച്യാർത്ഥം 'ക്രിസ്തു' അല്ലെങ്കിൽ 'അഭിഷിക്തൻ' എന്നാണ്. രക്ഷാചരിത്രത്തിൽ 'പരിശുദ്ധാരൂപിയാൽ അഭിഷിക്തൻ' എന്നാണ് അർത്ഥം. ഇതു പഴയനിയമത്തിലെ പ്രവാചക പാരമ്പര്യമാണ്. ഈ പാരമ്പര്യത്തിൻെറ അടിസ്ഥാനത്തിൽ പിന്നീടു ശിമയോൻ പത്രോസ് കൊർണേലിയൂസിൻെറ ഭവനത്തിൽ ഇങ്ങനെ പറയും: ''യോഹന്നാൻ പ്രസംഗിച്ച ജ്ഞാനസ്നാനത്തിനുശേഷം ഗലീലിയിൽ ആരംഭിച്ച യൂദയാമുഴുവനിലും സംഭവിച്ച കാര്യങ്ങൾ നിങ്ങൾക്ക് അറിവുള്ളതാണല്ലോ. നസ്രായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം എങ്ങനെ അഭിഷേകം ചെയ്തുവെന്നും........ നിങ്ങൾക്കറിയാം.'' [50]

പത്രോസിൻെറ ഈ വചനങ്ങളിൽനിന്നും ഇതുപോലുള്ള മററനവധി വചനങ്ങളിൽനിന്നും [51] ''അഞ്ചാമത്തെ സുവിശേഷം'', പഴയനിയമത്തിലെ സുവിശേഷം എന്നൊക്കെ പറയുന്ന ഏശയ്യായുടെ പ്രവചനത്തിൽ നാം എത്തിച്ചേരുന്നു. പുതിയ നിയമ വെളിപാടു യേശുവാണെന്നു വ്യക്തമാകുന്നു. ഒരു നിഗൂഢവ്യക്തിയുടെ വരവിനെ സൂചിപ്പിക്കുന്ന ഏശയ്യ അയാളുടെ വ്യക്തിത്വത്തേയും ദൗത്യത്തേയും ദൈവാരൂപി കർത്താവിൻെറ അരൂപിയുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തുന്നു. പ്രവാചകൻെറ വാക്കുകളിതാണ്:

''ജസ്സെയുടെ കുററിയിൽനിന്നും ഒരു മുള കിളിർത്തുവരും.
അവൻെറ വേരിൽനിന്നു് ഒരു ശാഖ പൊട്ടികിളിക്കും,

50. നട 10: 37 f.

51. ലൂക്ക. cf4: I6-21; 3: 16; 4:14; മർക്കോസ് 1:10.

കർത്താവിൻെറ ആത്മാവു് അവൻെറമേൽ ആവസിക്കും,
ജ്ഞാനത്തിൻേറയും വിവേകത്തിൻേറയും ആത്മാവ്,
ഉപദേശത്തിൻേറയും ശക്തിയുടേയും ആത്മാവ്,
അറിവിൻേറയും ദൈവഭക്തിയുടേയും ആത്മാവ്:
അവൻ ദൈവഭക്തിയിൽ ആനന്ദംകൊള്ളും. [52]

ഈ പ്രവചനഭാഗം പഴയനിയമത്തിലെ അരൂപി വിജ്ഞാനീയത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതാണു്. ''വരദാനാത്മകമായ നിശ്വാസം'' എന്ന രീതിയിൽ മിക്കവാറും കരുതപ്പെട്ടുപോന്നിരുന്ന വി. ഗ്രന്ഥത്തിലെ പുരാതന അരൂപീസങ്കല്പവും വ്യക്തിയും ദാനവും അഥവാ വ്യക്തിക്കുവേണ്ടിയുള്ള ദാനം എന്ന നിലയിലുള്ള അരൂപീസങ്കല്പവും തമ്മിലുള്ള ഇണക്ക കണ്ണിയാണു് ഈ പ്രവചനവാക്യങ്ങൾ. ദാവീദുവംശജനായ മിശിഹാ (ജസ്സെയുടെ കുററിയിൽനിന്നു്) കർത്താവിൻെറ അരൂപിവന്നു വസിക്കുന്ന അതേ വ്യക്തിയാണു്. സഹായകനെപ്പററിയുള്ള വെളിപാടായി ഇനിയും ഇതിനെ എടുക്കാറായിട്ടില്ലെന്നതു സ്പഷ്ടമത്രെ. എങ്കിലും ഭാവി മിശിഹായെപ്പററിയുള്ള ഈ അവ്യക്ത സൂചനയോടുകൂടി ത്രിത്വൈക്യത്തിലുള്ള പരിശുദ്ധാരൂപിയുടെ സമ്പൂർണ്ണ വെളിപാടിലേയ്ക്കുള്ള പാത തെളിയുകയായി. ത്രിത്വരഹസ്യം അന്തിമമായി വെളിപ്പെടുക പുതിയ ഉടമ്പടിയിലാകുന്നു.

16. മിശിഹാതന്നെയാണു് ഈ പാത—പഴയ ഉടമ്പടിയിൽ അഭിഷേകം അരൂപിയുടെ ദാനത്തിൻെറ ബാഹ്യാടയാളമായിത്തീർന്നിരുന്നു. മിശിഹാ (പഴയനിയമത്തിലെ ഏതു അഭിഷിക്തനേക്കാൾ കൂടുതലായി) ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട ഏക മഹദ്‌വ്യക്തിയാകുന്നു. ദൈവാരൂപിയുടെ നിറവുള്ള വ്യക്തിയെന്ന നിലയിലാണു് അദ്ദേഹത്തെ അഭിഷിക്തൻ എന്നു വിളിക്കുന്നതു്. സർവ്വജനത്തിനും അരൂപിയെ നൽകുന്നതിൽ അദ്ദേഹം മദ്ധ്യസ്ഥനായി നിൽക്കുകയും ചെയ്യും. പ്രവാചകൻെറ മററു ചില വാക്കുകൾ നോക്കുക:

52. ഏശ 21: 1-3.

''ദൈവമായ കത്താവിൻെറ അരൂപി എൻെറമേലുണ്ട്
പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന്
അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.
ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കുവാനും,
തടവുകാർക്കു മോചനവും ബന്ധിതർക്കു സ്വാതന്ത്ര്യവും
പ്രഖ്യാപിക്കുവാനും
കർത്താവിൻെറ കൃപാവത്സരം പ്രഘോഷിക്കുവാനും
എന്നെ അയച്ചിരിക്കുന്നു.'' [53]

''കർത്താവിൻെറ അരൂപിയോടുകൂടിയാണ്'' അഭിഷിക്തൻ അയക്കപ്പെട്ടിരിക്കുന്നത്: ''ഇപ്പോൾ ദൈവമായ കർത്താവ് എന്നെയും അവിടുത്തെ അരൂപിയേയും അയച്ചിരിക്കുന്നു.'' [54]

ഏശയ്യായുടെ പുസ്തകമനുസരിച്ച് അഭിഷിക്തനും കർത്താവിൻെറ അരൂപിയോടുകൂടി അയക്കപ്പെട്ടവനും തെരഞ്ഞെടുക്കപ്പെട്ട കർത്താവിൻെറ ദാസനും കൂടിയത്രേ. കർത്താവിൻെറ ദാസൻെറമേലും അരൂപി ആവസിക്കുന്നുണ്ട്.

''ഇതാ, ഞാൻ താങ്ങുന്ന എൻെറ ദാസൻ
എൻെറ ആത്മാവ് ആനന്ദിക്കുന്ന എൻെറ തെരഞ്ഞെടുക്കപ്പെട്ടവൻ.
ഞാൻ എൻെറ ആത്മാവിനെ അവനു നൽകി.'' [55]

കർത്താവിൻെറ ദാസനെ സങ്കടങ്ങളുടെ മനുഷ്യനായിട്ടാണ് ഏശയ്യായുടെ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നതെന്നു നമുക്കറിയാം. ലോകപാപങ്ങൾക്കുവേണ്ടി സഹിക്കുന്നവനാണു മിശിഹാ. [56] അതേസമയം രക്ഷയുടെ യഥാർത്ഥ ഫലങ്ങൾ സർവ്വമനുഷ്യർക്കും നൽകുന്നത് അവനായിരിക്കും.

''അവൻ ജനതകൾക്കു നീതി പ്രദാനം ചെയ്യും......'' [57]
അവൻ ''ജനത്തിന് ഉടമ്പടിയും, ജനതകൾക്കു

53 ഏശ. 61 1f
54. ഏശ. 48 : 16,
55. ഏശ. 42 : 1
56. cf ഏശ. 53 : 5-6. 8
57. ഏശ. 42:1

പ്രകാശമായിത്തീരുകയും ചെയ്യും........''[58] അങ്ങനെ
എൻെറ രക്ഷ ലോകാതിർത്തികാംവരെ എത്തും''[59]

കാരണം, ''നിൻെറ മേലുള്ള എൻെറ ആത്മാവും നിൻെറ അധരങ്ങളിൽ ഞാൻ നിക്ഷേപിച്ച വചനങ്ങളും നിൻെറയോ, നിൻെറ സന്താനങ്ങളുടേയോ അവരുടെ സന്താനങ്ങളുടേയോ അധരങ്ങളിൽനിന്നു് ഇനി ഒരിക്കലും അകന്നുപോവുകയില്ല.''[60]

ഉദ്ധൃതമായ പ്രവാചകവാക്യങ്ങാം സുവിശേഷത്തിൻെറ വെളിച്ചത്തിൽ വായിക്കണം. മറിച്ചു് ഈ പഴയനിയമവാക്യങ്ങളിലടങ്ങിയിട്ടുള്ള അതിശയകരമായ വെളിച്ചം പുതിയ നിയമത്തിനു കൂടുതൽ മിഴിവേകുന്നു. പ്രവാചകൻ മിശിഹായെ അവതരിപ്പിക്കുന്നതു്, പരിശുദ്ധാത്മാവിൽ വരുന്നവനും, തന്നിൽത്തന്നെയും ഇസ്രായേലിനും എല്ലാ ജനതകാംക്കും മനുഷ്യവർഗ്ഗം മുഴുവനുവേണ്ടിയും അരൂപിയുടെ നിറവുള്ളവനുമായാണു്. പരിശുദ്ധാരൂപിയുടെ നിറവു് രക്ഷാനിധികളും വൈവിധ്യമാർന്നതുമായ വളരെയേറെ ദാനങ്ങാംക്കു വഴിയൊരുക്കുന്നു. തങ്ങളുടെ അസ്തിത്വത്തിൻെറ വേദനാപൂർണ്ണമായ അനുഭവങ്ങളിലൂടെ ദരിദ്രർക്കും പീഡിതർക്കും അതിലുപരി വിശ്വാസത്തിൽ നിന്നുൽഭൂതമാകുന്ന ആന്തരികസംലഭ്യതയിലൂടെ ഈ ദാനങ്ങാംക്കു് ഹൃദയം തുറക്കുന്നവർക്കുംവേണ്ടി പ്രത്യേകമായി ഉദ്ദേശിച്ചിട്ടുള്ളതാണു് ഇപ്പറഞ്ഞ ദാനങ്ങാം. വൃദ്ധനായ ശെമയോൻ, പരിശുദ്ധാരൂപിയുടെ ആവാസമുണ്ടായ നീതിമാനും, ഭക്തനുമായ മനുഷ്യൻ, യേശുവിനെ ദേവാലയത്തിൽ സമർപ്പിച്ചയവസരത്തിൽ ഇതു മനസ്സിലാക്കി. അദ്ദേഹം ആ ശിശുവിൽ ''എല്ലാ ജനതകാംക്കും മുമ്പാകെ ദൈവമൊരുക്കിയ രക്ഷ'' തിരിച്ചറിഞ്ഞു–തൻെറ മാതാവിനോടൊപ്പം അവിടുന്നു് ആശ്ലേഷിക്കാനിരുന്ന വലിയ സഹനത്തിൻെറയും കുരിശിൻെറയും വിലയായുള്ള രക്ഷ.[61] ''പരിശുദ്ധാത്മാവിനാൽ ഗർഭിണിയായ''[62] കന്യകാമേരി താനുമായി ബന്ധപ്പെട്ട

58. ഏശ. 42 : 6
59. ഏശ. 49 : 6
60 ഏശ. 59. 21
61. cf. ലൂക്ക. :25-35
62. cf. ലൂക്ക. 1 :35

മിശിഹായുടെ രഹസ്യങ്ങളെപ്പററി ഹൃദയത്തിൽ ധ്യാനിച്ചപ്പോഠം കുറെക്കൂടി വ്യക്തമായി അതു മനസ്സിലാക്കി.[63]

17. ഭാവിമിശിഹായിൽ ആവസിക്കുന്ന ''കത്താവിൻെറ അരൂപി'' കർത്താവിൻെറ ദാസൻ എന്ന വ്യക്തിക്കുള്ള ദൈവദാനമാണെന്നു് ഊന്നിപ്പറയേണ്ടിയിരിക്കുന്നു. പക്ഷേ അയാഠം ഒററപ്പെട്ടവനും ആരുമായും ബന്ധമില്ലാത്തവനുമായ ഒരു വ്യക്തിയല്ല, കാരണം, ദൈവേഷ്ടമനുസരിച്ചു കത്താവിൻെറ തീരുമാനമൊ തെരഞ്ഞെടുപ്പൊ മുഖാന്തരമാണു് അദ്ദേഹം പ്രവർത്തിക്കുന്നതു്. ഏശയ്യായുടെ വാക്കുകളുടെ വെളിച്ചത്തിൽ കർത്താവിൻെറ ദാസനായ മിശിഹായുടെ രക്ഷാകരപ്രവർത്തനം അവനിലുള്ള അരൂപിയുടെ പ്രവർത്തനവും ഉഠംക്കൊള്ളുന്നുവെങ്കിലും പഴയനിയമ പശ്ചാത്തലത്തിൽ, പ്രവൃത്തിചെയ്യുന്നതു രണ്ടുവ്യക്തികളാണെന്ന സൂചനയില്ല. പിന്നീടു പുതിയ നിയമത്തിൽ വെളിപ്പെടുത്തുന്നതുപോലെയും ത്രിത്വരഹസ്യത്തിലേതുപോലേയും ഏകസത്തയിൽ വിവിധ ദൈവികയാളുകഠം എന്ന ആശയവും ഇവിടെയില്ല. ഏശയ്യായിലും പഴയനിയമത്തിലുടനീളവും പരിശുദ്ധാരൂപിയുടെ വ്യക്തിത്വം പൂർണ്ണമായും മറഞ്ഞിരിക്കയാണു്. ഏകദൈവത്തെപ്പററിയുള്ള വെളിപാടിലും ഭാവിമിശിഹായെപ്പററിയുള്ള വചനങ്ങളിലും ഇതു വാസ്തവമത്രേ.

18. തൻെറ മെസയാനിക പ്രവർത്തനത്തിൻെറ ആരംഭത്തിൽ യേശുക്രിസ്തു ഏശയ്യായുടെ ഈ വാക്കുകളെ പരാമർശിച്ചു സംസാരിക്കും. തച്ചനായ ജോസഫിൻെറ വീട്ടിൽ തൻെറ കന്യകയായ മാതാവു് മറിയത്തോടൊപ്പം യേശു മുപ്പതുവർഷം ജീവിച്ച ആ നസ്രത്തിൽ വച്ചാണു് അതു സംഭവിക്കുക. സിനഗോഗിൽ സംസാരിക്കാൻ അവസരം കിട്ടിയപ്പോഠം അവിടുന്നു് ഏശയ്യായുടെ പുസ്തകം തുറക്കുകയും ഈ പ്രവചനഭാഗം എടുക്കുകയും ചെയ്തു. ''കർത്താവിൻെറ അരൂപി എൻെറ മേലുണ്ടു്. അവിടുന്നു് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.'' ഈ ഭാഗം വായിച്ചിട്ടു് അവിടെ ഉണ്ടായിരുന്നവരോടു് അവിടുന്നു പറഞ്ഞു: ''നിങ്ങഠം കേട്ടിരിക്കെത്തന്നെ ഈ വചനങ്ങഠം നിറവേ

63. cf. ലൂക്ക 2:29-51

റിയിരിക്കുന്നു.''[64] ഇങ്ങനെ താൻ മിശിഹായാണെന്നും ദൈവദാനമായ പരിശുദ്ധാത്മാവ് വസിക്കുന്നവനും ഈ ആത്മാവിന്റെ നിറവുള്ളവനും ദൈവം മനുഷ്യവർഗ്ഗത്തിനു നല്കുന്ന ദാനത്തിനു ''പുതിയ തുടക്കം കുറിക്കുന്ന''വനുമാണെന്നു് അവിടുന്നു് ഏറ്റുപറയുകയും പ്രഖ്യാപിക്കുകയും ചെയ്തു.

## 5. പരിശുദ്ധാരൂപിയിൽ ഉയർത്തപ്പെട്ട നസറായനായ യേശു

**19.** സ്വന്തപട്ടണമായ നസ്രസിൽ യേശു മിശിഹായായി അംഗീകരിക്കപ്പെട്ടന്നില്ലെങ്കിലും അവിടുത്തെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ സ്നാപകയോഹന്നാൻ പരിശുദ്ധാത്മാവിലുള്ള അവിടുത്തെ മെസയാനികദൗത്യം ജനങ്ങൾക്ക് വെളിപ്പെടുത്തുന്നു. സക്കറിയായുടേയും എലിസബത്തിന്റേയും മകനായ യോഹന്നാൻ യോർദ്ദാനിൽ മിശിഹായുടെ വരവിനെ മുൻകൂട്ടി അറിയിക്കുകയും അനുതാപത്തിന്റെ ജ്ഞാനസ്നാനം നൽകുകയും ചെയ്യുന്നു. ''ഞാൻ നിങ്ങളെ ജലംകൊണ്ടു സ്നാനപ്പെടുത്തുന്നു, എന്നെക്കാൾ ശക്തനായവൻ വരുന്നു; അവന്റെ ചെരിപ്പിന്റെ വാറഴിക്കുവാൻ ഞാൻ യോഗ്യനല്ല. പരിശുദ്ധാത്മാവിനാലും അഗ്നിയാലും അവൻ നിങ്ങളെ സ്നാനപ്പെടുത്തും.''[65]

പരിശുദ്ധാത്മാവിൽ ''വരുന്നവനായി'' മാത്രമല്ല പരിശുദ്ധാത്മാവിനെ ''കൊണ്ടുവരുന്നവനായാ''ണു് സ്നാപകയോഹന്നാൻ ക്രിസ്തു-മിശിഹായെ അവതരിപ്പിക്കുന്നതു്. ഇതു് അത്താഴമുറിയിൽ യേശു കൂടുതൽ വ്യക്തമാക്കും. ഇവിടെ യോഹന്നാൻ ഏശയ്യായുടെ വാക്കുകൾ ഏതാണ്ടതേപോലെ ആവർത്തിക്കുകയാണു്. പഴയനിയമ പ്രവാചകനെ സംബന്ധിച്ചിടത്തോളം ആ വാക്കുകൾ ഭാവിയെ സംബന്ധിക്കുന്നതായിരുന്നു. യോർദ്ദാൻ നദീതീരത്തു പഠിപ്പിക്കുന്ന യോഹന്നാന്റെ കാര്യത്തിൽ ഈ വാക്കുകൾ പുതിയ മെസയാനികയുഗത്തിനുള്ള ആമുഖമാണു്. യോഹന്നാൻ പ്രവാചകൻ മാത്രമല്ല, ദൂതനും കൂടിയാണു്, ക്രിസ്തുവിന്റെ മുന്നോടിയാണദ്ദേഹം. അദ്ദേഹം

64. cf. ലൂക്ക. 4:16-21; ഏശ. 61:17
65. ലൂക്ക. 16 cf. മത്ത. 3:22; മർക്കോ. 2;7f ; യോഹ. 1:33

മുൻകൂട്ടി അറിയിക്കുന്നതു് എല്ലാവരുടേയും കൺമുമ്പാകെ നിറവേറുകയാണു്. നസ്രായൻ യേശുവും അനുതാപത്തിൻെറ സ്നാനം സ്വീകരിക്കാൻ യോർദ്ദാനിലേയ്ക്കു വരുന്നു. അവിടുന്നു വരുന്നതുകണ്ടു് യോഹന്നാൻ പ്രഖ്യാപിക്കുന്നു: ''ഇതാ ലോകപാപങ്ങരം നീക്കുന്ന ദൈവകുഞ്ഞാടു്''[66] പരിശുദ്ധാത്മാവിൽ നിറഞ്ഞവനായാണു് ഇതു് അദ്ദേഹം പറയുന്നതു്.[67] ഇതു് ഏശയ്യായുടെ പ്രവചനപൂർത്തീകരണത്തിനു സാക്ഷ്യവുമാണു്. അതോടൊപ്പം നസ്രായൻ യേശുവിൻെറ രക്ഷാകരദൗത്യത്തിലുള്ള വിശ്വാസവും അദ്ദേഹം ഏററുപറയുന്നു. സ്നാപകയോഹന്നാൻെറ അധരങ്ങളിൽ ''ദൈവകുഞ്ഞാടു്'' എന്ന പ്രയോഗം ഏശയ്യായുടെ കർത്താവിൻെറ ദാസൻ എന്ന പ്രയോഗത്തേക്കാരം ഒട്ടും കുറവല്ലാത്ത അർത്ഥസമ്പുഷ്ടതയോടെ രക്ഷകനെപ്പററിയുള്ള യാഥാർത്ഥ്യം പ്രകാശിപ്പിക്കുന്നു.

തൻെറ സഹപൗരന്മാരാൽ തിരസ്കരിക്കപ്പെട്ട യേശു യോർദ്ദാനിലെ യോഹന്നാൻെറ സാക്ഷ്യത്തോടെ ഇസ്രായേലിൻെറ ദൃഷ്ടിയിൽ മിശിഹായായി പരിശുദ്ധാത്മാവിനാൽ ''അഭിഷേകം ചെയ്യപ്പെട്ടവനായി'' ഉയർത്തപ്പെടുന്നു. ഈ സാക്ഷ്യത്തെ സമാന്തരസുവിശേഷങ്ങരം മൂന്നിലും കാണുന്ന ഉയർന്ന തലത്തിലുള്ള വേറൊരു സാക്ഷ്യം ഉറപ്പിക്കുന്നു. ജനങ്ങരം സ്നാനപ്പെട്ടുകൊണ്ടിരിക്കുമ്പോരം യേശുവും വന്നു ജ്ഞാനസ്നാനം സ്വീകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ''അപ്പോരം സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവു പ്രാവിൻെറ രൂപത്തിൽ അവൻെറമേൽ ഇറങ്ങിവന്നു.''[68] ആ സമയം ''സ്വർഗ്ഗത്തിൽനിന്നു് ഒരു സ്വരവും ഉണ്ടായി'': ഇവൻ എൻെറ പ്രിയപുത്രനാകുന്നു, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.[69]

ഇതു് ദൈവികത്രിത്വദർശനമാണു്. യോർദ്ദാനിലെ സ്നാനസമയത്തുള്ള യേശുവിൻെറ ഉയർത്തപ്പെടലിനു അതു സാക്ഷ്യം വഹിക്കുന്നു. അതു് സ്നാപകൻെറ സാക്ഷ്യം ഉറപ്പിക്കുക മാത്രമല്ല നസ്രായനായ യേശു മിശിഹായെ സംബന്ധിക്കുന്ന

66. യോഹ. 1 : 29
67. cf. യോഹ. 1 : 33f
68. ലൂക്കാ 3: 21f; cf മത്ത. 3:16; മർക്കോ. 1:20.
69. മത്താ. 3.17

ആഴമേറിയ ഒരു യാഥാർത്ഥ്യം വെളിപ്പെടുത്തുകകൂടി ചെയ്യുന്നു. അതിതാണ്. ''മിശിഹാ പിതാവിൻെറ പ്രിയപുത്രനാണ്. കർത്താവിൻെറ ദാസൻെറ മെസയാനിക ദൗത്യം മാത്രമായി അവിടുത്തെ ഈ ഉയർത്തപ്പെടലിനെ ചുരുക്കാൻ പാടില്ല. യോർദ്ദാനിലെ ദൈവ ദർശനത്തിൻെറ വെളിച്ചത്തിൽ ഈ ഉയത്തപ്പെടൽ മിശിഹായുടെ വ്യക്തിത്വത്തിൻെറ രഹസ്യത്തെ ത്തന്നെ സ്പർശിക്കുന്നു. ദൈവം പ്രസാദിച്ച പ്രിയപുത്രനായതു കൊണ്ടാണ് അവിടുന്ന് ഉയർത്തപ്പെട്ടിരിക്കുന്നതു്. ഉന്നത ത്തിൽ നിന്നുള്ള സ്വരം ''എൻെറ പുത്രൻ'' എന്നാണ് പറയുക.

20. യോർദ്ദാനിലെ ദൈവാവിഷ്ക്കാരം യേശു രഹസ്യത്തിൻെറ താത്ക്കാലിക പ്രകാശനം മാത്രമേ ആകുന്നുള്ളൂ. അവിടുത്തെ പ്രവർത്തനം മുഴുവൻ പരിശുദ്ധാത്മാവിൻെറ സജീവസാന്നി ദ്ധ്യത്തിലാണു നടക്കുക.[70] ഈ രഹസ്യം താൻ പഠിപ്പിച്ചതും പ്രവത്തിച്ചതുമായ എല്ലാററിലൂടേയും യേശു തന്നെ സാവധാനം വെളിപ്പെടുത്തുകയും സ്ഥാപിക്കുകയും ചെയ്യുന്നു.[71] അന്ത്യപ്രഭാ ഷണം വരെയുള്ള യേശുവിൻെറ പ്രബോധനത്തിൻേറയും മെസ യാനിക അടയാളങ്ങളുടേയും ഗതിയിൽ മേൽസൂചിപ്പിച്ച വെളിപാടിൻെറ വിവിധഘട്ടങ്ങളെ പ്രതിനിധീകരിക്കുന്ന വചനങ്ങളും സംഭവങ്ങളും കാണാം. ''പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനും'' ''അരൂപിയാൽ വനത്തിലേയ്ക്കു നയിക്കപ്പെട്ട ന്നവനു'മായി[72] യേശുവിനെ ചിത്രീകരിച്ച ലൂക്കാസുവിശേഷ കൻ പിന്നീട് ഗുരു ഏല്പിച്ച ദൗത്യം പൂർത്തിയാക്കി 72 ശിഷ്യ ന്മാർ തിരിച്ചുവരുന്ന സംഭവം വിവരിക്കുന്നുണ്ട്.[73] അവർ സസന്തോഷം തങ്ങളുടെ പ്രവർത്തനഫലങ്ങൾ വർണ്ണിക്കു മ്പോൾ ''ആ മണിക്കൂറിൽത്തന്നെ (അവിടുന്ന് പരിശുദ്ധാ ത്മാവിൽ ആനന്ദതുന്ദിലനായി പറഞ്ഞു: ''സ്വർഗ്ഗത്തിൻെറയും ഭൂമിയുടേയും നാഥനായ പിതാവേ, നിന്നെ ഞാൻ സ്തുതിക്കുന്നു. എന്തെന്നാൽ നീ ഇവ വിവേകികളിൽനിന്നും ബുദ്ധിമാന്മാ രിൽനിന്നും മറച്ചുവച്ചുകയും ശിശുക്കൾക്കു വെളിപ്പെടുത്തുകയും

70. cf. വി. ബേസിൽ, De spiritu Sancto, XVI 39 : PG 32, 139

71. Acts 1:1

72. cf. ലൂ. 4:1. 69.

73 cf ലൂക്കാ. 10:11-20

ചെയ്തു. അതേ പിതാവേ, അതായിരുന്നു നിൻെറ അഭീഷ്ടം. [74] യേശു ദൈവത്തിൻെറ പിതൃത്വത്തിൽ ആനന്ദിക്കുന്നു. അവിടുത്തെ പിതൃത്വം വെളിപ്പെടുത്തുക തൻെറ ചുമതലയായതുകൊണ്ടാണു യേശു സന്തോഷിക്കുക. അതുപോലെ ഈ ദൈവിക പിതൃത്വം ''കുഞ്ഞുങ്ങളുടെ''മേൽ ചൊരിയപ്പെട്ടിരിക്കുന്നതു കൊണ്ടും യേശു സന്തുഷ്ടനാണു്. ''പരിശുദ്ധാത്മാവിലുള്ള സന്തോഷമാ''യാണു് സുവിശേഷകൻ ഇവയെയെല്ലാം വിശേഷിപ്പിക്കുന്നതു്.

ഈ സന്തോഷം ഒരുവിധത്തിൽ കൂടുതലെന്തോ പറയാൻ യേശുവിനെ പ്രേരിപ്പിക്കുന്നു. നോക്കുക, ''എല്ലാക്കാര്യങ്ങളും പിതാവു് എന്നെ ഏല്പിച്ചിരിക്കുന്നു; പുത്രനാരെന്നു പിതാവല്ലാതെ ആരും ഗ്രഹിക്കുന്നില്ല. പിതാവാരെന്നു പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തുവാനാഗ്രഹിക്കുന്നുവോ അവനും അല്ലാതെ മററാരും ഗ്രഹിക്കുന്നില്ല.'' [75]

21 യോർദ്ദാനിലെ ദൈവദശ്നസമയത്തു 'പുറത്തുനിന്നു' ഉന്നതങ്ങളിൽനിന്നു വന്നതു് ഇവിടെ 'അകത്തുനിന്നു് അതാ' യതു്, യേശുവിൻെറ സത്തയുടെ ആഴത്തിൽനിന്നു വരുന്നു. പരിശുദ്ധാത്മാവിൽ യോജിച്ചിരിക്കുന്ന പിതാവിൻേറയും പുത്രൻേറയും വേറൊരു വെളിപാടാണിതു്. ദൈവത്തിൻെറ പിതൃത്വത്തെയും തൻെറതന്നെ പുത്രത്വത്തേയുംപ്പററി മാത്രമേ യേശു പറയുന്നുള്ളു, സ്നേഹമായ, അതുവഴി പിതാവിൻേറയും പുത്രൻേറയും ഐക്യമായ അരൂപിയെപ്പററി പ്രത്യക്ഷത്തിൽ ഒന്നും പറയുന്നില്ല. എന്നിരുന്നാലും പിതാവിനെപ്പററിയും പുത്രനായതന്നെപ്പററിയും യേശു പറയുന്നതു തന്നിലുള്ള അരൂപിയുടെ നിറവിൽനിന്നാണു്. ഈ അരൂപി അവിടുത്തെ ഹൃദയത്തെ നിർഭരമാക്കുകയും അവിടുത്തെ വ്യക്തിത്വത്തിലാകമാനം നിറഞ്ഞുനില്ക്കുകയും അവിടുത്തെപ്രവത്തനത്തെ ആഴമായിപ്രചോദിപ്പിക്കുകയും സജീവമാക്കുകയും ചെയ്യുന്നു. അതിനാലാണു് അവിടുന്നു ''പരിശുദ്ധാത്മാവിൽ ആനന്ദിക്കുന്നതു്''. ക്രിസ്തുവും പരി

74. ലൂക്കാ. 10: 21 cf. മത്താ. 11:25 f.

75. ലൂക്കാ. 10: 22 cf മത്താ. 11: 27

ശുദ്ധാത്മാവുമായുള്ള ഐക്യം — ഈ ഐക്യത്തെപ്പററി അവിടുത്തേക്കു വ്യക്തമായ അവബോധമുണ്ട്. — ''ആനന്ദ''ത്തിലൂടെ പ്രകാശിതമാകുന്നു. ''ആനന്ദം'' ഗൂഢമായ അതിൻെറ ഉറവിടത്തെ ഒരു വിധത്തിൽ വെളിവാക്കുന്നുണ്ട്. അങ്ങനെ മനുഷ്യപുത്രനു, ക്രിസ്തുമിശിഹായ്ക്കു സഹജമായ ആനന്ദവും ആവിഷ്കാരവുമാണത്. അവിടുത്തെ മാനുഷികതയാകട്ടെ ദൈവികതയിൽ പരിശുദ്ധാരൂപിയുമായി ഏകസത്തയായ ദൈവപുത്രൻേറതാണ്.

ദൈവത്തിൻെറ പിതൃത്വത്തെപ്പററിയുള്ള മഹത്തായ ഈ ഏററുപറച്ചിൽവഴി നസ്രായൻയേശു തന്നെത്തന്നെ, തൻെറ ദൈവികവ്യക്തിത്വത്തെ വെളിപ്പെടുത്തുന്നു. അവിടുന്നു ഒരേസത്തയിൽനിന്നുള്ള പുത്രനാണ്. അതിനാൽ പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല. പുത്രനല്ലാതെ ആരും പിതാവിനേയും അറിയുന്നില്ല. പുത്രൻ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി പരിശുദ്ധാത്മാവിൻെറ ശക്തിയാൽ മനുഷ്യനാകുകയും കന്യകാമേരിയിൽനിന്നു പിറക്കുകയും ചെയ്തു.

## 6. ഉത്ഥിതനായ ക്രിസ്തു പറയുന്നു: പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ.

22. അന്ത്യപ്രഭാഷണത്തിൽ അടങ്ങിയിരിക്കുന്ന സത്യത്തോടു നമ്മെ ഏററവുമധികം അടുപ്പിക്കുന്നതു ലൂക്കായിലെ വിവരണമാണ്. പരിശുദ്ധാത്മാവിൽ ഉയർത്തപ്പെട്ട യേശു ഈ പ്രഭാഷണത്തിലും സംഭാഷണത്തിലും അരൂപിയെക്കൊണ്ടുവരുന്നവനായിട്ടാണ് സ്വയം അവതരിപ്പിക്കുന്നതു്. കുരിശിലൂടെയുള്ള തൻെറ 'വേർപാടിൻെറ' വിലയായി അവിടുന്ന് അരൂപിയെ കൊണ്ടുവന്നു സഭയ്ക്കും അപ്പസ്തോലൻമാർക്കും പ്രദാനം ചെയ്യുന്നു.

'കൊണ്ടുവരിക' എന്ന ക്രിയയ്ക്കു് ഇവിടെ 'വെളിപ്പെടുത്തുക' എന്നാണ് ആദ്യത്തെ അർത്ഥം. പഴയനിയമത്തിൽ ഉത്പത്തിപുസ്തകംമുതൽ ദൈവാരൂപിയെപ്പററി ഏതെങ്കിലും വിധത്തിൽ അറിവുണ്ടായിരുന്നു. ജീവൻ നൽകുന്ന 'ശ്വാസം' പ്രകൃത്യാതീതമായ 'ജീവശ്വാസം' എന്നിങ്ങനെയൊക്കെയാണ്

ആദ്യധാരണ. ഏശയ്യായുടെ പുസ്തകത്തിൽ മിശിഹാ എന്ന വ്യ ക്തിക്കുള്ള ദാനമായാണ് അരൂപിയെ അവതരിപ്പിച്ചിരു ന്നതു്. അരൂപി മിശിഹായുടെമേൽ വന്നു് ആവസിച്ചുകൊണ്ടു് അഭിഷിക്തന്റെ രക്ഷാപ്രവർത്തനത്തെ ഉള്ളിൽനിന്നു നയി ക്കുന്നു. യോർദ്ദാനിൽ ഏശയ്യായുടെ പ്രവചനം മൂർത്തരൂപം കൊള്ളുന്നു. നസറായൻയേശു പരിശുദ്ധാത്മാവിൽ വരുന്നവനും തന്റെതന്നെ വ്യക്തിത്വത്തിനു ചേർന്ന ദാനമായി ആത്മാ വിനെകൊണ്ടുവന്നു തന്റെ മാനുഷികത മുഖേന ഈ ദാനം എ ല്ലാവർക്കും ആയി വീതിക്കുന്നവനുമാണു്. ''അവൻ പരിശു ദ്ധാത്മാവിനെകൊണ്ടു നിങ്ങളെ സ്നാനപ്പെടുത്തും.'' [76] ലൂക്കാ യുടെ സുവിശേഷം ആത്മാവിനെ സംബന്ധിച്ച ഈ വെളി പാടു് ഉറപ്പിക്കുന്നു. ഒപ്പം യേശുക്രിസ്തുവിന്റെ മെസയാനിക പ്രവർത്തനത്തിന്റെയും അഗാധതല സ്പർശിയായ ഉറവിടമാ യി അവിടുത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു.

അന്ത്യഅത്താഴവേളയിലെ യേശുവിന്റെ പ്രഭാഷണം നവ്യവും സമ്പൂർണ്ണവുമായ വിധത്തിൽ പരി. അരൂപിയെ വെ ളിപ്പെടുത്തുന്നു. അവിടുന്നു വ്യക്തികൾക്കുള്ള (മിശിഹാ എന്ന വ്യക്തിക്കുള്ള) ദാനം മാത്രമല്ല വൈയക്തിക ദാനവുമാകുന്നു. ''മറെറാരു സഹായകനായ അവിടുത്തെ'' വരവിനെക്കുറിച്ചു യേശു മുൻകൂട്ടി പറയുന്നു. സത്യാത്മാവായ അവിടുന്നു് അപ്പ സ്തോലരേയും സഭയെയും ''പൂർണ്ണ സത്യത്തിലേക്കു്'' [77] നയി ക്കും. ക്രിസ്തുവും പരി. ആത്മാവും തമ്മിലുള്ള സവിശേഷമായ ഐക്യം നിമിത്തമാണു് അതു സാധിക്കുക. ''അവൻ എനിക്കു ള്ളവയിൽനിന്നു് എടുത്തു നിങ്ങളോടു പ്രഖ്യാപിക്കും. [78] ഈ ഐക്യത്തിന്റെ ആദ്യ ഉറവിടം പിതാവത്രേ ''പിതാവിനുള്ള തെല്ലാം എന്റെതാണു്'' അതുകൊണ്ടാണു് എനിക്കുള്ളവയിൽ നിന്നു് എടുത്തു് അവൻ നിങ്ങളോടു പ്രഖ്യാപിക്കും എന്നു ഞാൻ പറഞ്ഞതു്,'' [79] പരി. അരൂപി പിതാവിൽനിന്നു വരുന്നു.

76 മത്തായി 3:11 ലൂക്കാ. 3 : 16

77 യോഹന്നാൻ. 16:13

78 യോഹ 16: 14

79. യോഹ. 16:15

പിതാവിനാൽ അയക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യനായദൈവപുത്രനുള്ള ദാനമായി, പരി. അരൂപി ആദ്യംഅയക്കപ്പെടുന്നു. മെസയാനിക പ്രവചനങ്ങൾ നിറവേററുവാൻ വേണ്ടിയാണിതു്. പുത്രനായ ക്രിസ്തുവിൻെറ ''വേർപാടിനു''ശേഷം പുത്രൻെറ ജോലി പൂർത്തീകരിക്കാൻ പരി. അരൂപിനേരിട്ടു വരും. (ഇതവിടുത്തെ പുതിയ ദൗത്യമാണു്.) അങ്ങനെ രക്ഷാചരിത്രത്തിൻെറ പുതിയയുഗത്തെ പൂർണ്ണതയിലേക്കു നയിക്കുന്നതു് പരി. ആത്മാവായിരിക്കും.

23. നാം പെസഹാ രഹസ്യങ്ങളുടെ പടിവാതിക്കൽ എത്തിയിരിക്കയാണു്. ഈ നിമിഷത്തിലാണു് വ്യക്തിയെന്ന ദാനമായി പരി. ആത്മാവു് നവ്യവും നിർണ്ണായകവുമായ രീതിയിൽ വെളിപ്പെടുത്തപ്പെടുന്നതു്. പെസഹാ സംഭവങ്ങൾ—ക്രിസ്തുവിൻെറ പീഡാസഹനം, മരണം ഉത്ഥാനം—സഹായകനും സത്യാത്മാവുമായ പരി. ആത്മാവിൻെറ നവാഗമനത്തിൻെറ സമയമാകുന്നു. രക്ഷകനായ ക്രിസ്തുവിൻെറ പ്രവർത്തനത്തിലൂടെ പരി. ആത്മാവിൽ ത്രിയേകദൈവം മനുഷ്യവർഗ്ഗത്തിനു് നൽകുന്ന സ്വയാവിഷ്ക്കാരത്തിൻെറ ''പുതിയ തുടക്കത്തിൻെറ സമയമാണിതു്.'' ഈ പുതിയ തുടക്കം ലോകത്തിനു രക്ഷയത്രേ: ''തൻെറ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെഅത്രയധികം സ്നേഹിച്ചു.[81] പുത്രനെ നൽകുന്നതു്, 'പുത്രദാനം,' സ്നേഹമായ ദൈവസത്തയുടെ ആഴത്തെ വ്യക്തമാക്കുന്നു. ദാനങ്ങളുടെ തീരാത്ത ഉറവിടമാണു് അവിടുന്നു്. പുത്രൻ നടത്തിയ ദാനം വെളിപാടിനെയും നിത്യസ്നേഹമായപരി.ആത്മാവിനെ നല്കുന്നതിനെയും പൂർണ്ണമാക്കുന്നു. പുത്രൻെറ പ്രവർത്തനങ്ങളിലൂടെ, അതായതു് പെസഹാരഹസ്യത്തിലൂടെദൈവികതയുടെ നിഗൂഢമായ ആഴങ്ങളിൽ വ്യക്തിദാനമായി നിലകൊള്ളുന്ന പരി. ആത്മാവ് അപ്പസ്തോലൻമാർക്കും സഭയ്ക്കും അവർ വഴി മനുഷ്യവർഗ്ഗത്തിനും ലോകത്തിനു മുഴുവൻ നൽകപ്പെടുന്നു.

80. cf. യോഹ. 14:26, 15:26

81. യോഹ. 3:16

24. ഉത്ഥാനദിവസം, ഈ രഹസ്യത്തിൻെറ നിർണ്ണായകമായ ആവിഷ്ക്കാരം നടന്നു. ഈ ദിവസം ''ശാരീരികമായി ദാവീദിൻെറ വംശത്തിൽ പിറന്ന നസറായൻ യേശു പൗലോസ് അപ്പസ്തോലൻ എഴുതുന്നതുപോലെ,'' ''മരിച്ചവരിൽ നിന്നുള്ള ഉത്ഥാനം വഴി വിശുദ്ധിയുടെ ആത്മാവിനു ചേർന്ന വിധം ശക്തിയിൽ ദൈവപുത്രനായി നിശ്ചയിക്കപ്പെട്ടു.'' [82] പരി. ആത്മാവിലുള്ള ക്രിസ്തുവിൻെറ ''ഉയർത്തപ്പെടൽ'' അതിൻെറ അത്യുച്ചിയിൽ എത്തുന്നതു് ഉത്ഥാനത്തിലാണു്. അതു വഴി ''ശക്തിയിൽ'' ദൈവപുത്രനുമായി അവിടുന്നു് സ്വയം വെളിപ്പെടുത്തുന്നു. ത്രിതൈ്വകൃത്തിൻെറ നിഗൂഢതയിൽ നിന്നുത്ഭവിക്കുന്ന ഈ ശക്തി ഉത്ഥിതനായ ക്രിസ്തു ചെയ്യുന്ന രണ്ടു് കാര്യങ്ങളിൽ പ്രകടമാകുന്നു. ഒന്നാമതായി, ''നിങ്ങളിൽ ഒരു പുതിയ അരൂപി...........എൻെറ അരൂപി നിക്ഷേപിക്കും'' [83] എന്ന പ്രവാചകനിലൂടെ ദൈവം നല്കിയ വാഗ്ദാനം അവിടുന്നു് പൂർത്തീകരിക്കുന്നു. രണ്ടാമതായി ''ഞാൻ പോയാൽ ഞാൻ അവനെ നിങ്ങളുടെ അടുക്കലേക്കു് അയക്കും'' [84] എന്നു് താൻ തന്നെ കൊടുത്ത വാഗ്ദാനം അവിടുന്നു നിറവേററുന്നു. ഉത്ഥിതനായ ക്രിസ്തു നമ്മെ തൻെറ ഉത്ഥാനാനന്തര സാദൃശ്യത്തോടു് അനുരൂപപ്പെടുത്താൻ അയക്കുന്ന സഹായകനായ സത്യാത്മാവു് ഇവൻ തന്നെയാണു്. [85] ആഴ്ച്ചയുടെ ആദ്യ ദിവസമായ അന്നു വൈകുന്നേരം ശിഷ്യന്മാർ യഹൂദരോടുള്ള ഭയം നിമിത്തം കതകടച്ചിരിക്കേ, യേശുവന്നു് അവരുടെ മദ്ധ്യേനിന്നു് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം ! ഇപ്രകാരം പറഞ്ഞുകൊണ്ടു് അവൻ തൻെറ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ടു് ശിഷ്യന്മാർ സന്തോഷിച്ചു. യേശു വീണ്ടും അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം ! പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ടു് അവരുടെമേൽ നിശ്വ

82. റോമ. 1:3 f
83. എസ. 36:26f, cf യോഹ. 7:37-39, 19.34
84. യോഹ. 16:7
85. അലക്സാൻട്രിയായിലെ വി. സിറിൽ, In Joannis Evangelium, BKV, ch II pg 73, 755.

സിച്ചുകൊണ്ടു് അവരോട് അരുളിച്ചെയ്തു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ'' [86]

യോഹന്നാൻെറ സുവിശേഷത്തിലെ പ്രധാനപ്പെട്ട ഈ ഭാഗത്തെ ഓരോ വാക്കും വാചാലമാണ്. പ്രത്യേകിച്ചു പെസഹാസംഭവങ്ങളുടെ ആരംഭത്തിൽ അത്താഴമുറിയിൽ പറഞ്ഞ വാക്കുകളുമായി ഒത്തു നോക്കുമ്പോൾ ഇപ്പോൾ ഈ സംഭവങ്ങൾ—പിതാവ് അഭിഷേചിച്ചു നിയോഗിച്ചു ലോകത്തിലേക്ക് അയച്ച യേശുവിൻെറ 'വിശുദ്ധരഹസ്യങ്ങൾ'— അവയുടെ പരിപൂർത്തിയിൽ എത്തുന്നു. കുരിശിൽ തൻെറ''ആത്മാവിനെ കൈവെടിഞ്ഞ'' [87]മനുഷ്യപുത്രനും ദൈവകുഞ്ഞാടുമായ ക്രിസ്തു, ഉത്ഥാനത്തിനുശേഷം, റോമാക്കാർക്കുള്ള ലേഖനത്തിൽ പറയുന്ന ശക്തി [88] അപ്പസ്തോലന്മാരിലേക്കു് ഊതുവാൻ അവരുടെ അടുത്തേക്കു പോകുന്നു. കർത്താവിൻെറ വരവ് അവിടെ ഉണ്ടായിരുന്നവരെ സന്തോഷ നിർഭരരാക്കുന്നു. ''നിങ്ങളുടെ ദുഃഖം സന്തോഷമായി മാറുമെന്ന് [89] അവിടുന്നു് പീഡാസഹനത്തിനു മുമ്പ് പറഞ്ഞിട്ടുണ്ടായിരുന്നു. സർവ്വോപരി അന്ത്യപ്രഭാഷണത്തിലെ പ്രധാന വാഗ്ദാനം നിവർത്തിതമാക്കുകയാണ്. ഉത്ഥിതനായ ക്രിസ്തു നവസൃഷ്ടിക്കു തുടക്കം കുറിക്കുവാനെന്നോണം അപ്പസ്തോലൻമാർക്കു് പരി. ആത്മാവിനെ ''കൊണ്ടുവരുന്നു.'' തൻെറ വേർപാട് വിലയായി കൊടുത്താണ് അവിടുന്ന് അരൂപിയെ കൊണ്ടുവരുന്നതു്. തന്നെ കുരിശിൽ തറച്ച് ആണിപഴുതുകളിലൂടെയെന്നവണ്ണമാണ് അവിടുന്ന് അരൂപിയെ നൽകുന്നതു്. ''അവൻ തൻെറ കൈകളും പാർശ്വവും അവരെകാണിച്ചു.'' ഈ കുരിശുമരണത്തിൻെറ ശക്തിയാലാണ് അവിടുന്നു് അവരോടു് ഇങ്ങനെ പറയുന്നതു് ''പരി. ആത്മാവിനെ സ്വീകരിക്കുക.''

അങ്ങനെ പുത്രനെ അയയ്ക്കുന്നതും പരി. ആത്മാവിനെ അയയ്ക്കുന്നതും തമ്മിൽ ബന്ധമുണ്ടെന്നു തെളിയുന്നു. ആദ്യപാപ

86. യോഹ. 20:19-22
87. cf യോഹ, 19: 30
88. cf റോമ. 1: 4
89. cf യോഹ. 16: 20

ത്തിനു ശേഷം കുരിശും ഉത്ഥാനവും കൂടാതെ പരി. ആത്മാവി നെ അയക്കാനാവില്ല. ''ഞാൻ പോകുന്നില്ലെങ്കിൽ സഹായ കൻ നിങ്ങളുടെ പക്കലേക്കു വരികയില്ല''[90]. രക്ഷാ പ്രവർത്ത നത്തിൽ പരി. അരൂപിയുടെയും പുത്രൻെറയും ദൗത്യങ്ങൾ ത മ്മിലും അടുത്ത ബന്ധമുണ്ട്. പുത്രൻെറ ദൗത്യം ഒരുവിധത്തിൽ രക്ഷയോടുകൂടി പൂർത്തിയാകുകയാണ്. രക്ഷയിൽനിന്നു പ രി. അരൂപിയുടെ ദൗത്യം തുടങ്ങുന്നു. ''അവൻ എനിക്കുള്ളവ യിൽനിന്ന് എടുത്തു നിങ്ങളോടു പ്രഖ്യാപിക്കും''.[91] രക്ഷ സ മ്പൂർണ്ണമായും അഭിഷിക്തനായ പുത്രൻ സാധിച്ചു. അരൂപി യുടെ ശക്തിയിൽ വരികയും പ്രവർത്തിക്കുകയും ചെയ്ത അവിട ന്നു മരക്കുരിശിൽ തന്നെത്തന്നെ ബലിയർപ്പിച്ചു. അതുപോ ലെ ''മററൊരു സഹായകനായ'' പരിശുദ്ധ അരൂപി ഈ രക്ഷ മനുഷ്യഹൃദയങ്ങളിലും മനസ്സുകളിലും ലോകചരിത്രത്തിലുടനീ ളം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു.

## 7. പരി. ആത്മാവും സഭയുടെ യുഗവും

25. ''ഭൂമിയിൽ നിർവഹിക്കുന്നതിനായി പിതാവ് ഏല്പിച്ച ദൗത്യം പുത്രൻ പൂർത്തിയാക്കിയതിനെ തുടർന്ന് (യോഹ. 17 : 4) പന്തക്കുസ്താ ദിനത്തിൽ പരി. ആത്മാവ് അയക്കപ്പെട്ടു. നിരന്തരം സഭയെ വിശുദ്ധീകരിക്കുക എന്നതാ യിരുന്നു പരി. ആത്മാവിൻെറ ദൗത്യം. ഇങ്ങനെ എല്ലാ വി ശ്വാസികളും ഒരേ ആത്മാവിൽ ക്രിസ്തുവഴി പിതാവിനെ സമീ പിക്കാൻ പ്രാപ്തരാകുന്നു. (എഫെ. 2 : 18) പരി. അരൂപി ജീവൻെറ ആത്മാവ് ആണ്; നിത്യജീവിതത്തിലേയ്ക്ക് പ്രവ ഹിക്കുന്ന നീരുറവയാണവിടന്ന് (യോഹ. 4: 14, 7 : 38-39). അവിടന്നു വഴിയാണു പാപത്താൽ മൃതരായ മനുഷ്യരെ പി താവു ജീവിപ്പിക്കുന്നതും അന്ത്യനാളുകളിൽ അവരുടെ മർത്ത്യശ രീരങ്ങൾ ക്രിസ്തുവിൽ ഉയർപ്പിക്കുന്നതും (റോമ. 8 : 10)[92].

ഇങ്ങനെയാണു രണ്ടാം വത്തിക്കാൻ കൗൺസിൽ പന്തക്കു സ്താദിനത്തിലെ സഭയുടെ ജനനത്തെപ്പററി പറയുന്നത്. ഉയിർ

90. യോഹ. 16 : 17
91. യോഹ. 16 : 15
92. 2 വത്തിക്കാൻ കൗൺസിൽ ജനതയുടെ പ്രകാശം 4,

പ്പു ഞായറാഴ്ച അത്താഴമുറിയിൽ നിർവഹിക്കപ്പെട്ടതിൻെറ സു വ്യക്തപ്രകാശനമാണു പന്തക്കുസ്താനുഭവം. ഉത്ഥിതനായ ക്രിസ്തുവരികയും അപ്പസ്തോലന്മാർക്കു് അരൂപിയെ ''കൊണ്ടുവരികയും'' ചെയ്തു. ''നിങ്ങൾ അരൂപിയെ സ്വീകരിക്കുക'' എന്നു പറഞ്ഞു് അവിടത്തെ അവർക്കു നല്കുകയും ചെയ്തു. രണ്ടാം നിലയിലെ മുറിയിൽ കതകടച്ചു് ഇരിക്കെ നടന്നതു പിന്നീടു പന്തക്കുസ്താദിനത്തിൽ ബാഹ്യമായും പരസ്യമായും പ്രകാശിപ്പിക്കപ്പെടുന്നു. മുറിയുടെ വാതിൽ തുറക്കുകയും അപ്പസ്തോലന്മാർ തിരുന്നാളിനു ജറുസലത്തു ഒന്നിച്ചുകൂടിയ തീർത്ഥാടകരുടെയും സ്ഥലവാസികളുടെയും അടുത്തേക്കു പോകുകയും ചെയ്യുന്നു. അവൻ പരി. ആത്മാവിൻെറ ശക്തിയാൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നു. അങ്ങനെ ''അവൻ എനിക്കു സാക്ഷ്യം വഹിക്കും; ആരംഭം മുതൽ എന്നോടുകൂടിയുള്ളവരായതുകൊണ്ടു നിങ്ങളും സാക്ഷ്യം വഹിക്കും''[93] എന്ന പ്രവചനം പൂർത്തീകരിക്കപ്പെടുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ മറെറാരു പ്രമാണരേഖയിൽ നാമിങ്ങനെ വായിക്കുന്നു. ''ക്രിസ്തു മഹത്വീകൃതനാകുന്നതിനു മുമ്പുതന്നെ തീർച്ചയായും പരിശുദ്ധ അരൂപി ലോകത്തിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ശിഷ്യന്മാരോടൊത്തു് എന്നേക്കുമായി സഹവസിക്കുവാൻ പരിശുദ്ധ ആത്മാവു് പന്തക്കുസ്താദിനത്തിൽ അവരുടെമേൽ ആവസിക്കുകയും പൊതുജനസമക്ഷം സഭയെ പരസ്യമായി അവതരിപ്പിക്കുകയും ചെയ്തു. ശ്ലീഹന്മാരുടെ പ്രബോധനംവഴി സുവിശേഷം ജനപദങ്ങളുടെയിടയിൽ പ്രചരിക്കാനും തുടങ്ങി''.[94]

ജറുസലെത്തു കർത്താവിൻെറ അമ്മയായ മറിയത്തോടൊപ്പം മുകളിലെ മുറിയിൽ ഒന്നിച്ചുകൂടിയിരുന്ന അപ്പസ്തോലന്മാരുടെ മേൽ പരി. ആത്മാവു് ആവസിച്ചതോടുകൂടി, ''വന്നതോടുകൂടി,'' സഭായുഗം ആരംഭിച്ചു.[95] സത്യാത്മാവായ സഹായകനെ സംബന്ധിക്കുന്ന വാഗ്ദാനങ്ങളും പ്രവചനങ്ങളും പൂർണ്ണയളവിൽ പൂർത്തീകരിക്കപ്പെടാൻ തുടങ്ങിയെന്നു് അപ്പസ്തോലന്മാർക്കു് വ്യക്തമായ സമയത്തു സഭയുടെ കാലം തുടങ്ങി. അ

93. യോഹ. 16: 26-27
94. പ്രേഷിതപ്രവർത്തനം. A cf afents 4
95. നട. 1 : 14

വിടെ സഭയുടെ ജന്മം കുറിച്ചു. അപ്പസ്തോല പ്രവർത്തനങ്ങളി ലെ പല വിവരണങ്ങളിലും ഇതേപ്പററി വിശദമായി പ്രതി പാദിക്കുന്നുണ്ട്. ഈ പുസ്തകത്തിൽ ലൂക്കാ ആദിമസഭയുടെ ബോധ്യങ്ങളാണു രേഖപ്പെടുത്തിയിരിക്കുന്നത്. അതനുസരിച്ചു കർത്താവീശോയുടെ വേർപാടിനെത്തുടർന്ന് അനാഥരായി ത്തീർന്നുവെന്ന വ്യാകുല ചിന്ത പിടികൂടിയിരുന്നവർക്ക് അദൃ ശ്യമായ, അതേസമയം, വിവേചനക്ഷമമായ മാർഗ്ഗദർശനം നൽകുന്ന ചുമതല പരി. ആത്മാവ് ഏറെറടുത്തു. അരൂപിയു ടെ വരവോടെ തങ്ങൾക്ക് ഏൽപിക്കപ്പെട്ട ദൗത്യം നിറവേ ററാൻ തങ്ങൾ പ്രാപ്തരാണെന്ന് അവർക്കു തോന്നി. അവക്കു നല്ല ശക്തി അനുഭവപ്പെട്ടു. ഇതാണ് അവരിൽ നടന്ന പരി. ആത്മാവിൻെറ പ്രവർത്തനം. അവരുടെ പിൻഗാമിക ളിലൂടെ സഭയിൽ ഇന്നും പരി. ആത്മാവു ചെയ്യുന്നതു് ഇതുത ന്നെയാണ്. തങ്ങളുടെ സഹപ്രവർത്തകർക്ക് അപ്പസ്തോല ന്മാർ നൽകിയ പരി. ആത്മാവിൻെറ പ്രസാദവരം മെത്രാൻ പട്ടത്തിലെ കൈവയ്പ്പു വഴി ഇന്നും കൈമാററം ചെയ്യപ്പെ ടുന്നു. മെത്രാൻമാരാകട്ടെ തിരുപ്പട്ടം എന്ന കൂദാശവഴി വൈദി ക ശുശ്രൂഷകർക്ക് അതിൽ പങ്കു നൽകുന്നു. സ്ഥൈര്യലേപ നം എന്ന കൂദാശവഴി ജലത്താലും പരി. ആത്മാവിനാലും പു നർജനിച്ച എല്ലാവരും അതിനാൽ ശക്തി പ്രാപിക്കുകയും ചെയ്യുന്നു. അങ്ങനെ പന്തക്കുസ്തായിലെ പ്രസാദവരം സഭയിൽ ശാശ്വതീകരിക്കപ്പെടുന്നുവെന്നു പറയാം.

കൗൺസിൽ പറയുന്നതു നോക്കുക; ''പരി. ആത്മാവ് ഒരാലയത്തിലെന്നപോലെ തിരുസഭയിലും വിശ്വാസികളുടെ ഹൃദയങ്ങളിലും കുടികൊള്ളുന്നു. (1കൊറി. 3. 16, 6: 19) അവ രിൽ അവിടുന്നു പ്രാർത്ഥിക്കുകയും അവർ ദൈവത്തിൻെറ ദത്തു പുത്രരെന്ന വസ്തുതയ്ക്കു സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു (ഗാല. 4:6; റോമ. 8:15-16, 26). സത്യത്തിൻെറ പൂർണ്ണതയി ലേക്കു സഭയെ ആനയിക്കുന്നതും അവിടുന്നു തന്നെയാണ് (യോഹ.16:13). ഈ അരൂപി അവളെ ആത്മീയ ഐക്യത്തി ലും ശുശ്രൂഷയിലും ഒന്നിപ്പിക്കുന്നു. അവിടുന്നുതന്നെയാണു ഹയ രാർക്കിയെ സംബന്ധിച്ചതും സിദ്ധിപരവുമായ വിവിധ വിവരങ്ങൾ നൽകി അവളെ സഹായിക്കുകയും തൻെറ പ്രസാദ വരഫലങ്ങളാൽ അവളെ അലങ്കരിക്കുകയും ചെയ്യുന്നതു് (Cf.

എഫേ. 4. 11:12, 1 കൊറി. 12-14; ഗാല. 5:22). സുവിശേഷത്തിന്റെ ശക്തിയിൽ അവിടന്ന് സഭയെ വളർത്തുകയും തന്റെ നാഥനുമായുള്ള സഭയെ വളർത്തുകയും എന്നും നവീകരിക്കുകയും തന്റെ നാഥനുമായുള്ള പരിപൂർണ്ണ ഐക്യത്തിലേക്ക് അവളെ നയിക്കുകയും ചെയ്യുന്നു.''[96]

26. 'ജനതകളുടെ പ്രകാശം' എന്ന കൗൺസിൽ പ്രമാണ രേഖയിൽനിന്നു മേലുദ്ധരിച്ച ഭാഗങ്ങൾ പരി. ആത്മാവിന്റെ വരവോടെ സഭയുടെ യുഗം ആരംഭിച്ചെന്നു വ്യക്തമാക്കുന്നു. തലമുറകളും നൂറ്റാണ്ടുകളുമായി * അതു തുടരുകയാണ്. ക്രിസ്തുവിനു ശേഷം രണ്ടു സഹസ്രാബ്ദങ്ങൾ പൂർത്തിയാകാൻ പോകുന്ന നമ്മുടെ ഈ കാലഘട്ടത്തിൽ ഈ നൂറ്റാണ്ടിന്റെ കൗൺസിൽ എന്നു വിശേഷിപ്പിക്കാവുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ വഴി സഭായുഗം പ്രത്യേകമായ രീതിയിൽ ആവിഷ്കൃതമാവുകയായിരുന്നു. സവിശേഷമായ വിധത്തിൽ അതൊരു സഭാവിജ്ഞാനീയപരമായ കൗൺസിൽ ആയിരുന്നു – സഭാ അടിസ്ഥാനപ്രമേയമായ കൗൺസിൽ. അതേസമയം കൗൺസിൽ പ്രബോധനം ശരിക്കും അരൂപിയെ സംബന്ധിക്കുന്നതാണ്. സഭയുടെ ആത്മാവായ പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള സത്യം

96. ജനതകളുടെ പ്രകാശം, 4. സഭയും പരിശുദ്ധാത്മാവും തമ്മിലുള്ള അഗാധബന്ധം പിതാക്കന്മാരുടെയും ദൈവശാസ്ത്രജ്ഞന്മാരുടെയും ഗ്രന്ഥങ്ങളിൽ വളരെയേറെ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യാത്മാവും ശരീരവും തമ്മിലുള്ള ബന്ധത്തോടാണു ചിലർ ഇതിനെ സാദൃശ്യപ്പെടുത്തുന്നത്. cf. വി. ഇരണേവൂസ്, Adversus Haereses III,24, 1: SC.211. PP. 470-74. വി. അഗസ്റ്റിൻ, Sermo 267,4,4: PL 38, 1231; Sermo 268,2: PL 38, 1232; In johannis Evangelium Traetaties, XXV,13; XXVII, 6:ccl36, 266, 272f.; മഹാനായ ഗ്രിഗറി, In Septem Psalmos ,Poenitentiales Expositio, Psal. V, 1: PL 79, 602 അന്ധനായ ദിദിമൂസ്, We Trinitate, II, 1: PG 39, 449 f. ; വി. അത്തനേഷ്യസ്, Oratio III Contra Arions 22, 23, 24: PG. 26, 368 f. 372 f. വി. ജോൺ ക്രിസസ്റ്റോം, In Epistolam ad Ephesios, Homily IX 3: PG 62 72, f. വി. തോമസ് അക്വീനാസ് മേല്പറഞ്ഞ പിതാക്കന്മാരുടെയും ദൈവശാസ്ത്രജ്ഞന്മാരുടെയും പഠനങ്ങളെ സമന്വയിപ്പിച്ച പരി. ആത്മാവിനെ സഭയുടെ 'ഹൃദയ'വും ആത്മാവും ആയി ചിത്രീകരിക്കുന്നു. cf Summa Theol. III. q. 8, a. 1, ad 3; In Symbolum Apostolorum Expositio a. IX; In Tertium Librum Sententiarum, Dist. XIII, q. 2,a.2, Quae. 3.

അതിൽ നിറഞ്ഞു നിൽക്കുന്നു. കൗൺസിലിൻെറ വൈവിധ്യമാർന്ന പ്രബോധനങ്ങളിൽ, രക്ഷാചരിത്രത്തിൻെറ ആധുനികഘട്ടം സംബന്ധിച്ച് ''ആത്മാവ് സഭയോട് പറയുന്നവ''[97] എല്ലാം അടങ്ങിയിട്ടുണ്ട്. സത്യാത്മാവിൻെറ മാർഗ്ഗനിർദ്ദേശം സ്വീകരിച്ചുകൊണ്ടും അവിടത്തോടൊപ്പം സാക്ഷ്യം നൽകിയും കൗൺസിൽ സഹായകനായ പരിശുദ്ധ ആത്മാവിൻെറ സാന്നിദ്ധ്യം ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു. ഒരുവിധത്തിൽ കൗൺസിൽ പ്രയാസമേറിയ നമ്മുടെ കാലഘട്ടത്തിൽ അരൂപിയുടെ സാന്നിദ്ധ്യം ഒരിക്കൽക്കൂടി നമുക്ക് അനുഭവവേദ്യമാക്കിത്തരികയാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ പ്രബോധനവും അജപാലനപരവും സഭൈക്യപരവുമായ ആഭിമുഖ്യങ്ങളും നടപ്പിൽ വരുത്താനുള്ള ശ്രമങ്ങളുടെ വലിയ പ്രാധാന്യം മേല്പറഞ്ഞ ബോദ്ധ്യത്തിൻെറ വെളിച്ചത്തിൽ സുഗ്രാഹ്യമാകുന്നു. പിന്നീടു നടന്ന മെത്രാന്മാരുടെ സിനഡുകളേയും ഇതേ രീതിയിൽതന്നെവേണം പഠിക്കാനും വിലയിരുത്താനും. നൂററാണ്ടുകളിലൂടെ ഭൂമിയിൽ തീർത്ഥാടനം നടത്തുന്ന ദൈവജനത്തിനു് പരിശുദ്ധാത്മാവിൻെറ യഥാർത്ഥഫലങ്ങൾ– സത്യത്തിൻെറയും സ്നേഹത്തിൻെറയും ഫലങ്ങൾ – ഉറപ്പുവരുത്തുക എന്നതായിരുന്നു പ്രസ്തുത സിനഡുകളുടെ ലക്ഷ്യം. കൗൺസിലിൽ ലഭ്യമായ അരൂപിയുടെ രക്ഷാകരഫലങ്ങൾ പരീക്ഷിക്കയും ശേഖരിക്കയും ചെയ്യുകയെന്ന ജോലി ഒഴിച്ചുകൂടാനാവാത്തതു തന്നെ. ഇതിനു് അവയെ ശരിക്കും, ''ഈ ലോകത്തിൻെറ അധികാരി''യിൽനിന്നു്[98] പുറപ്പെടുന്നവയിൽനിന്നു സൂക്ഷ്മമായി വിവേചിച്ചറിയാൻ പഠിക്കണം. കൗൺസിൽ പഠനങ്ങൾ പ്രയോഗത്തിൽ വരുത്തുന്ന കാര്യത്തിൽ ഈ വിവേചനം വളരെയാവശ്യമാണ്. കാരണം കൗൺസിൽ അതിൻെറ കവാടങ്ങൾ സമകാലികലോകത്തിലേയ്ക്കു മലർക്കേ തുറന്നിടുകയാണുണ്ടായതു്. സന്തോഷവും പ്രത്യാശയും 'ജനതകളുടെ പ്രകാശം' എന്നീ കൗൺസിൽ പ്രമാണരേഖകൾ ഇതു വ്യക്തമാക്കുന്നുണ്ടല്ലോ.

'സന്തോഷവും പ്രത്യാശയും' എന്ന പ്രമാണരേഖയിലെ ചില പ്രധാന ഭാഗങ്ങളിതാണ്: ''അവരുടേതു് ക്രിസ്തുവിൻെറ

97. cf. വെളി. 2: 29, 3: 6, 13:22
98. cf യോഹ. 12: 31; 14: 30; 16: 11

ശിഷ്യരുടേതു്) മനുഷ്യരാൽ വാർത്തെടുക്കപ്പെട്ട ഒരു സമൂഹമാണു് . 'ക്രിസ്തുവിൽ ഒന്നിക്കപ്പെട്ട' ഒരു പിതൃരാജ്യത്തേയ്ക്കുള്ള യാത്രയിൽ പരിശുദ്ധാത്മാവാൽ അവർ നയിക്കപ്പെടുകയാണു്. സർവ്വമനുഷ്യർക്കും നല്കാനുള്ള രക്ഷാസന്ദേശമാണു് അവർ കൈപ്പററിയിരിക്കുന്നതു്. അതുകൊണ്ടുതന്നെയാണു മനുഷ്യ വംശത്തോടും അതിൻെറ ചരിത്രത്തോടും ഈ സമൂഹം യഥാർത്ഥമായും അവഗാഢമായും ബന്ധപ്പെട്ടതായി അവർക്കു് അനുഭവപ്പെടുന്നതു്.[99] ''സഭ സേവിക്കുന്ന ദൈവത്തിനു മാത്രമേ ലോകംവച്ചുനീട്ടുന്നതിലൊന്നും പൂർണ്ണസംതൃപ്തി കാണാത്ത മനുഷ്യഹൃദയത്തിൻെറ ഉന്നതാഭിലാഷങ്ങളെ സംതൃപ്തമാക്കാൻ സാധിക്കുകയുള്ളുവെന്നു സഭയ്ക്കു പൂർണ്ണബോധ്യമുണ്ടു്.''[100] ''ദൈവാരൂപി അത്ഭുതകരമായ പാലനാവൈഭവത്താൽ ചരിത്രഗതിയെ നയിക്കുകയും ഭൂമുഖത്തെ നവീകരിക്കുകയും ചെയ്യുന്നു.''[101]

99. 'സഭ ആധുനിക ലോകത്തിൽ'
100. Ibid, 41
101. Ibid, 26

## രണ്ടാം ഭാഗം

# പാപത്തെപ്പററി ലോകത്തെ ബോധ്യപ്പെടുത്തുന്ന അരൂപി

## 1. പാപം, നീതി, ന്യായവിധി

27. അന്ത്യയത്താഴപ്രഭാഷണത്തിൽ തൻെറ 'വേർപാടിൻെറ വിലയായി' അരൂപി വരുമെന്നു മുൻകൂട്ടി പറയുകയും ''ഞാൻ അവനെ നിങ്ങളുടെ പക്കലേയ്ക്കു് അയയ്ക്കും'' എന്ന വാഗ്ദാനം നല്കുകയും ചെയ്യുന്ന അതേ സന്ദർഭത്തിൽ യേശു കൂട്ടിച്ചേർക്കുന്നു: ''അവൻ വരുമ്പോൾ പാപം, നീതി, ന്യായവിധി എന്നിവയെപ്പററി ലോകത്തെ ബോധ്യപ്പെടുത്തും.''[102]. പഠിപ്പിക്കുന്നവനും' 'അനുസ്മരിപ്പിക്കുന്നവനും' 'സാക്ഷ്യം നൽകുന്നവനും' 'പൂർണ്ണസത്യത്തിലേക്കു നയിക്കുന്നവനു'മായി വാഗ്ദാനം ചെയ്യപ്പെട്ട സഹായകനായ സത്യാത്മാവ് മേലുദ്ധരിച്ച വാക്യത്തിൽ 'പാപം, നീതി, ന്യായവിധി എന്നിവയെപ്പററി ലോകത്തെ ബോധ്യപ്പെടുത്തുന്നവനായി അവതരിപ്പിക്കപ്പെടുന്നു.

ഇതിൻെറ സന്ദർഭവും ശ്രദ്ധേയമാണെന്നു തോന്നുന്നു. പരിശുദ്ധാരൂപിയെപ്പററിയുള്ള ഈ പ്രവചനത്തെ യേശു കുരിശുവഴിയുള്ള തൻെറ 'വേർപാടു'മായി ബന്ധപ്പെടുത്തുന്നു. ഈ വേർപാടിൻെറ ആവശ്യത്തെപ്പററി അവിടുന്നു് ഊന്നിപ്പറയുന്നുണ്ടു്. ''ഞാൻ പോകുന്നതു നിങ്ങളുടെ നന്മക്കുവേണ്ടിയാണു്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്കു വരികയില്ല.''[103]

102. യോഹ. 16: 7 f

103. യോഹ. 16: 7

പക്ഷേ, പാപം. നീതി, ന്യായവിധി എന്നീ മൂന്നു വാക്കുകൾക്ക് യേശുതന്നെ നൽകുന്ന വിശദീകരണമാണ് കൂടുതൽ പ്രാധാന്യമർഹിക്കുന്നത്. ''പാപം, നീതി, ന്യായവിധി എന്നിവയെപ്പററി അവൻ ലോകത്തെ ബോധ്യപ്പെടുത്തും. അവർ എന്നിൽ വിശ്വസിക്കാത്തതുകൊണ്ട് പാപത്തെപ്പററിയും, ഞാൻ പിതാവിൻെറ പക്കലേക്കു പോകുന്നതുകൊണ്ടും മേലിൽ നിങ്ങൾ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെപ്പററിയും, ഈ ലോകത്തിൻെറ ഭരണകർത്താവ് വിധിക്കപ്പെട്ടിരിക്കുന്നതുകൊണ്ട ന്യായവിധിയെപ്പററിയും അവൻ ലോകത്തെ ബോധ്യപ്പെടുത്തും. ''104 പാപം, നീതി, ന്യായവിധി എന്നിവയ്ക്കു യേശുവിൻെറ മനസ്സിൽ വളരെ കൃത്യമായ അത്ഥകല്പനയുണ്ട്. യേശുവിൻെറ വിശദീകരണമില്ലെങ്കിൽ ഈ വാക്കുകൾക്കു നാം കൊടുക്കുമായിരുന്ന അത്ഥത്തിൽനിന്നു വ്യത്യസ്തമാണത്. പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്തിൻെറ പ്രത്യേകതയായ ''ലോകത്തെ ബോദ്ധ്യപ്പെടുത്തൽ'' എങ്ങനെ മനസ്സിലാക്കണമെന്നുകൂടി ഈ വിശദീകരണം സൂചന നൽകുന്നു. ഒരോ പദത്തിൻെറയും അത്ഥവും ഒരേ വാക്യത്തിൽ യേശു അവയെ കൂട്ടിയിണക്കിയെന്ന വസ്തുതയും ഇവിടെ പ്രാധാന്യമർഹിക്കുന്നു.

'പാപം' ഇവിടെ 'സ്വജനത്തിൻെറയിടയിൽ' യേശു കണ്ടുമുട്ടിയ അവിശ്വാസമാണ്. സ്വന്തപട്ടണമായ നസ്രത്തിൽ നിന്നുതന്നെ അതു തുടങ്ങുന്നു. അവിടത്തെ ദൗത്യത്തിൻെറ തിരസ്കാരമാംണു പാപം. ജനങ്ങൾ അവിടത്തെ മരണത്തിനു വിധിക്കാൻ ഇടയാക്കുന്ന തിരസ്കരണമാണത്. അടുത്തതായി, നീതിയെപ്പററിപ്പറയുമ്പോൾ യേശുവിൻെറ മനസ്സിലുള്ളത്, ഉത്ഥാനത്തിൻെറയും സ്വർഗ്ഗാരോഹണത്തിൻെറയും മഹത്വം നൽകിക്കൊണ്ട പിതാവ് അവിടത്തേക്കു തിരികെകൊടുക്കുന്ന അന്തിമനീതിയാണ്: ''ഞാൻ പിതാവിൻെറ പക്കലേക്കുപോകുന്നു.'' അടുത്തതായി; 'പാപ'വും, 'നീതി'യും ഇങ്ങനെ മനസ്സിലാക്കുന്ന പശ്ചാത്തലത്തിൽ 'ന്യായവിധി' എന്നാൽ യേശുവിനെ കുരിശുമരണത്തിനു ശപിച്ച 'ലോക'ത്തിൻെറ കുററം സത്യാത്മാവ് പുറത്തുകൊണ്ടുവരുമെന്നാണ്. എന്നിരുന്നാലും ക്രിസ്തു ലോകത്തിലേക്കു വന്നത് അതിനെ വിധിക്കാനും ശപിക്കാനും

104· യോഹ 16 8–11

മാത്രമല്ല, ''അതിനെ രക്ഷിക്കാനാണ്''[105]. പാപത്തെയും നീതിയേയുംപററി ബോധ്യമുണ്ടാക്കുന്നതു്, ലോകരക്ഷയേയും മനുഷ്യരക്ഷയേയും ലക്ഷ്യം വച്ചിട്ടാണ്. ഈ ലോകത്തിൻെറ ഭരണകർത്താവായ സാത്താനെമാത്രം സംബന്ധിക്കുന്നതാണ്. 'ന്യായവിധി' എന്ന പ്രസ്താവം ഈ സത്യമാണു വിളിച്ചറിയിക്കുന്നതു്. ആദ്യംമുതലേ രക്ഷയ്ക്കെതിരേയും ഉടമ്പടിക്കും മനുഷ്യൻെറ ദൈവൈക്യത്തിനുമെതിരേയും സൃഷ്ടിയെ മുതലെടുക്കുന്നവനാണു സാത്താൻ. തുടക്കത്തിലേ അവൻ വിധിക്കപ്പെട്ടുകഴിഞ്ഞു. സഹായകനായ അരൂപി നീതിയെപ്പററി ലോകത്തെ ബോധ്യപ്പെടുത്തുന്നുണ്ടെങ്കിൽ അതു ക്രിസ്തുവിൻെറ രക്ഷാകരപ്രവർത്തനം ലോകത്തിൽ തുടരാൻ മാത്രമാകുന്നു.

28. ''പാപത്തെപ്പററി ലോകത്തെ ബോദ്ധ്യപ്പെടുത്തുക'' എന്ന പരിശുദ്ധാത്മാവിൻെറ ദൗത്യത്തിലാണു പ്രധാനമായും ശ്രദ്ധ പതിപ്പിക്കാൻ നാമാഗ്രഹിക്കുന്നതു്. അതേസമയം യേശുവിൻെറ അന്ത്യപ്രഭാഷണത്തിലെ വാക്കുകളുടെ പൊതുപശ്ചാത്തലം നമ്മടം കണക്കിലെടുക്കുകയും ചെയ്യും! ലോകത്തിൻെറ രക്ഷാപ്രവർത്തനം പുത്രനിൽനിന്നു് ഏറെറടുക്കുന്ന പരിശുദ്ധാരൂപി അക്കാരണത്താൽത്തന്നെ 'പാപത്തെപ്പററി ബോധ്യമുണ്ടാക്കുക'യെന്ന രക്ഷാകരമായ പ്രവർത്തനംകൂടി ഏറെറടുക്കുന്നു. ഈ ബോധ്യപ്പെടുത്തൽ എപ്പോഴും നീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. നീതിയെന്നാൽ ദൈവത്തിലുള്ള സുനിശ്ചിതരക്ഷയാണ്, ക്രൂശിതനും മഹത്വീകൃതനുമായ ക്രിസ്തു കേന്ദ്രമായുള്ള രക്ഷാപദ്ധതിയുടെ പൂർത്തീകരണമാണ്. ദൈവത്തിൻെറ രക്ഷാപദ്ധതി ഒരു വിധത്തിൽ മനുഷ്യനെ ന്യായവിധിയിൽ നിന്നു് അതായതു്, നാശത്തിൽനിന്നു് അകററുന്നു. ഈ ലോകത്തിൻെറ ഭരണകർത്താവായ സാത്താനാണു പാപത്തിൻെറ ഫലമായി നാശത്തെ സംജാതമാക്കിയതു്. തൻെറ പാപംമൂലം അവൻ ''അന്ധകാരമയമായ ഈ ലോകത്തിൻെറ ഭരണകർത്താവായിരിക്കുന്നു.''[106] ഇവിടെ, ന്യായവിധിയെക്കുറിച്ചുള്ള സൂചന പാപത്തെപ്പററിയും നീതിയെപ്പററിയുമുള്ള ധാരണകളുടെ ചക്രവാളം വളരെ വികസ്വരമാക്കുന്നതു നാം കാണുന്നു. രക്ഷാചരിത്രത്തിൽ

105. cf യോഹ 3 17, 12 47
106. എഫേ 6 12

ക്രിസ്തുവിൻെറ കുരിശിൻെറ പശ്ചാത്തലത്തിൽ പാപത്തെ ചിത്രീകരിച്ചുകൊണ്ടു (രക്ഷിക്കപ്പെട്ട പാപമെന്നു പറയാം) നിണ്ണായകമായി വിധിക്കപ്പെട്ട (കുററം വിധിക്കപ്പെട്ട പാപം) പാപത്തെപ്പററി ബോധമുണർത്തുക കൂടി തൻെറ ദൗത്യമാണെന്നു മനസ്സിലാക്കാൻ പരിശുദ്ധാത്മാവ് നമ്മെ പ്രാപ്തരാക്കുന്നു.

29. പീഡാസഹനത്തിൻെറ തലേന്ന് അത്താഴ മുറിയിൽ രക്ഷകൻപറഞ്ഞ വചനങ്ങളെല്ലാം സഭായുഗത്തിൻെറ ഭാഗമായിത്തീരുന്നു, പ്രത്യേകിച്ച് സത്യാത്മാവും സഹായകനുമായ പരിശുദ്ധാരൂപിയെപ്പററിയുള്ള വചനങ്ങൾ. എല്ലാ തലമുറയിലും എല്ലാക്കാലത്തും എപ്പോഴും പുതുതായി അവ സഭായുഗത്തിൻെറ ഭാഗമത്രേ. നമ്മുടെ ഈ കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ, പ്രത്യേകിച്ച്, സഭ ആധുനിക ലോകത്തിൽ എന്ന പ്രമാണ രേഖയുടെ പ്രബോധനങ്ങൾ അതിനു തെളിവാണ്. അന്ത്യപ്രഭാഷണത്തിൽ ക്രിസ്തു നടത്തിയ പ്രവചനങ്ങളുടേയും വാഗ്ദാനങ്ങളുടേയും വിശ്വസ്തമായ നിക്ഷേപപാത്രമാണ് കൗൺസിലെന്ന് പ്രസ്തുതരേഖയിലെ പല ഭാഗങ്ങളും എടുത്തുകാണിക്കുന്നു. സത്യാത്മാവിൻെറ വെളിച്ചത്തിനു സ്വയം വാതിൽ തുറന്നു കൊടുക്കുകയായിരുന്നല്ലോ കൗൺസിൽ. "പാപം, നീതി, ന്യായവിധി എന്നിവയെപ്പററി പരിശുദ്ധാരൂപി ലോകത്തെ ബോദ്ധ്യപ്പെടുത്തു"മെന്ന പ്രവചനത്തിൻെറ നിക്ഷേപ കേന്ദ്രമായി സഭ സവിശേഷമായ രീതിയിൽ വിളങ്ങുന്നുവെന്നു ആ രേഖ കാണിക്കുന്നു.

കൗൺസിൽ 'ലോകത്തെ' എങ്ങനെ മനസ്സിലാക്കുന്നുവെന്ന് വിശദീകരിക്കുന്ന ഖണ്ഡിക ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്: "മാനവ ലോകത്തിലേയ്ക്കും മനുഷ്യകുടുംബം മുഴുവനിലേയ്ക്കും പോരാ, അതു ജീവിച്ചുവളരുന്ന എല്ലാവിധ യാഥാർത്ഥ്യങ്ങളിലേയ്ക്കും കൗൺസിൽ ശ്രദ്ധതിരിക്കുന്നു. മാനവയത്നങ്ങളുടേയും ജയാപജയങ്ങളുടേയും മുദ്രകൾ പതിഞ്ഞ ലോകത്തെ മനുഷ്യ ചരിത്രത്തിൻെറ നാടകവേദിതന്നെയായ ലോകത്തെ സ്രഷ്ടാവിൻെറ സ്നേഹവായ്പിൽ ഉരുവാകുകയും പരിപാലിക്കപ്പെടുകയും പാപബന്ധനത്തിലകപ്പെട്ടെങ്കിലും, വ്യക്തി രൂപം പൂണ്ട നാരകീയശക്തിയെ തകർത്തുകൊണ്ട് ക്രൂശിതനും

ഉത്ഥിതനുമായ ക്രിസ്തുവിനാൽ സമുദ്ധരിക്കപ്പെടുകയും ചെയ്തതായി ക്രൈസ്തവർ കാണുന്ന ലോകത്തെത്തന്നെ അതു ഉററു നോക്കുന്നു. അതു് ദൈവത്തിൻെറ പദ്ധതിക്കനുസരണമായി ലോകം രൂപപ്പെടുവാനും അതിൻെറ പരിപൂർണ്ണതയിലെത്താനും വേണ്ടിയാണു് [107].അർത്ഥസമ്പുഷ്ടമായ ഈവാക്യങ്ങൾ പ്രമാണരേഖയിലെ വേറെ ചില ഖണ്ഡികകളുമായി ചേർത്തു വച്ചു വായിക്കണം. അവ വിശ്വാസത്തിൻെറ എല്ലാ യാഥാർത്ഥ്യബോധത്തോടുംകൂടി ആധുനിക ലോകത്തിൻെറ പാപാവസ്ഥയെ ചിത്രീകരിക്കുന്നു. വിവിധകാഴ്ചപ്പാടുകൾ അവതരിപ്പിച്ചുകൊണ്ടു് പാപത്തിൻെറ അന്ത:സത്ത വിശദമാക്കാനും അവ ശ്രമിക്കുന്നു.[108]

പെസഹായുടെ തലേന്നു് യേശു പരിശുദ്ധാത്മാവിനെ ''പാപത്തെപ്പററി ലോകത്തെ ബോദ്ധ്യപ്പെടുത്തുവാനായി'' അവതരിപ്പിക്കുന്നു. മനുഷ്യചരിത്രത്തിലെ സകല പാപവും ഉൾക്കൊള്ളത്തക്കവിധം പാപത്തിനു വളരെ വിശാലമായ അർത്ഥമാണിവിടെയുള്ളതു്. എന്നാൽ ''അവർ അവനിൽ വിശ്വസിക്കുന്നില്ല'' എന്നതിലാണു പാപമടങ്ങിയിരിക്കുന്നതു് എന്ന വിശദീകരണം യേശു നൽകുമ്പോൾ മനുഷ്യപുത്രൻെറ മെസയാനികദൗത്യം തിരസ്കരിക്കുകയും അവിടത്തെ കുരിശുമരണത്തിനു വിധിക്കുകയും ചെയ്ത കുററത്തെ മാത്രമേ അതു കുറിക്കുന്നുള്ളൂ. പക്ഷേ പരിമിതവും ചരിത്രനിർണ്ണീതവുമായ ഈ അർത്ഥം വികസ്വരമാകുന്നതും സാർവ്വത്രികമാനങ്ങൾ കൈവരിക്കുന്നതും ശ്രദ്ധിക്കാതിരിക്കാനാവില്ല. കുരിശിലൂടെ സാധിച്ച രക്ഷയുടെ സാർവ്വത്രികതയാണു് ഇതിനു കാരണം. രക്ഷാരഹസ്യത്തെപ്പററിയുള്ള വെളിപാട്, എവിടെ എപ്പോഴെല്ലാം പാപമുണ്ടോ ഏതെല്ലാം പാപമുണ്ടോ അതെല്ലാം ക്രിസ്തുവിൻെറ കുരിശുമായി ബന്ധപ്പെടുത്തിക്കാണാൻ വഴി തെളിച്ചിരിക്കുന്നു. അതിനാൽ അതെല്ലാം ''അവനിൽ വിശ്വസിക്കാതിരിക്കയും'' യേശുക്രിസ്തുവിനെ കുരിശുമരണത്തിനു വിധിക്കയും ചെയ്തവരുടെ പാപവുമായും പരോക്ഷമായി ബന്ധപ്പെട്ടിരിക്കുന്നു.

107 സഭ ആധുനിക ലോകത്തിൽ

108. Ibid, 10, 13, 27, 37, 63, 73, 79, 80.

ഈ കാഴ്ചപ്പാടിലൂടെ പന്തക്കുസ്താസംഭവത്തെ നമുക്കു നോക്കിക്കാണണം.

## 2. പന്തക്കുസ്താദിനത്തിൻെറ സാക്ഷ്യം

അന്ത്യപ്രഭാഷണത്തിലെ ക്രിസ്തുവിൻെറ വചനങ്ങൾ പന്തക്കുസ്താദിനത്തിൽ കണിശമായും പ്രത്യക്ഷമായും പൂർത്തികരിക്കപ്പെടുന്നു. നാം പ്രതിപാദിക്കുന്ന പ്രവചനത്തിൻെറ കാര്യത്തിൽ ഇതു് പ്രത്യേകിച്ചും ശരിയാണു്. ''സഹായകൻ........ പാപത്തെപ്പററി ലോകത്തെ ബോദ്ധ്യപ്പെടുത്തും.'' പന്തക്കുസ്താദിനം മുകളിലെ നിലയിൽ യേശുവിൻെറ അമ്മ മറിയത്തോടൊപ്പം കൂടിയിരുന്ന അപ്പസ്തോലന്മാരുടെമേൽ വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന പരിശുദ്ധാരൂപി വന്നു വസിച്ചു. അപ്പസ്തോലപ്രവർത്തനങ്ങളിൽ. നാമിങ്ങനെ വായിക്കുന്നു:

'അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവു കൊടുത്ത ഭാഷാവരമനുസരിച്ചു് അവർ വിവിധ ഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങി.'' 109 ''അങ്ങനെ ചിതറിപ്പോയ ജനങ്ങൾ ഒന്നിച്ചുകൂട്ടപ്പെടുകയും എല്ലാ ജനതകളുടേയും ആദ്യഫലങ്ങൾ പിതാവിനു സമർപ്പിക്കാനിടയാവുകയും ചെയ്തു.''110

ക്രിസ്തുവിൻെറ പ്രവചനവും ഈ സംഭവവും തമ്മിലുള്ള ബന്ധം സ്പഷ്ടമാണു്. സഹായകനെക്കുറിച്ചുള്ള വാഗ്ദാനത്തിൻെറ പ്രഥമവും മൗലികവുമായ പൂർത്തീകരണം നാമിവിടെ കാണുന്നു. പിതാവയച്ച അവിടുന്നു ക്രിസ്തുവിൻെറ വേർപാടിനു ''ശേഷം'' അതിൻെറ വിലയായെന്നോണം വരുന്നു. വേർപാടു് ആദ്യം കുരിശുവഴിയാണു്. പിന്നീടു് ഉത്ഥാനം കഴിഞ്ഞു നാല്പതു ദിവസത്തിനുശേഷം സ്വർഗ്ഗാരോഹണംവഴി. സ്വർഗ്ഗാരോഹണവേളയിൽ ഒരിക്കൽക്കൂടി യേശു അപ്പസ്തോലന്മാരോടു കല്പിക്കുന്നു ''ജറുസലം വിട്ടുപോകരുതു്, പിതാവിൻെറ വാഗ്ദാനത്തിനായി കാത്തിരിക്കുക;'' ''ഏറെത്താമസിയാതെ നിങ്ങൾ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടും;''

109. അപ്പ. പ്രവ. 2 : 4

110. Cf. വി. ഇരണേവൂസ് Advers Haereses, III 17, 2:SC. 211, PP. 330. 332

''എന്നാൽ പരിശുദ്ധാത്മാവു് നിങ്ങളുടെമേൽ വന്നുകഴിയമ്പോരം നിങ്ങരം ശക്തിപ്രാപിക്കും. ജറുസലെമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികരംവരെയും നിങ്ങരം എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും.''[111]

അവസാന വാക്കുരം അത്താഴ മുറിയിലെ പ്രവചനത്തിൻെറ പ്രതിധ്വനിയോ അനുസ്മരണമോ ആണ്. പന്തക്കുസ്താദാനം ഈ പ്രവചനം അണുവിട വ്യത്യാസം കൂടാതെ നിറവേററുന്നു. അത്താഴ മുറിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോരം പരിശുദ്ധാത്മാവിനെ സ്വീകരിച്ച അപ്പസ്തോലന്മാർ അരൂപിയുടെ സ്വാധീനത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. പത്രോസ് മുന്നോട്ടുവന്ന് തിരുനാളിനു കൂടിയിരുന്ന വിവധ ഭാഷക്കാരായ ജനസഞ്ചയത്തോട് സംസാരിക്കുന്നു. മുമ്പുപറയാൻ ഒട്ടും ധൈര്യപ്പെടുകയില്ലായിരുന്ന കാര്യങ്ങരം അദ്ദേഹം ഉറക്കെ പ്രഖ്യാപിക്കുന്നു. ''ഇസ്രായേൽ ജനങ്ങളേ ഈ വാക്കുകരം കേരംക്കുവിൻ. നിങ്ങരംക്കറിയാവുന്നതുപോലെ ദൈവം, നസറായനായ യേശുവിനെ, താൻ അവൻ വഴി നിങ്ങളുടെയിടയിൽ പ്രവർത്തിച്ച മഹത്തായ കാര്യങ്ങരം കൊണ്ടും തൻെറ അത്ഭുതകൃത്യങ്ങളും അടയാളങ്ങളും കൊണ്ടും നിങ്ങരംക്ക് സാക്ഷ്യപ്പെടുത്തിത്തന്നു. അവൻ നിങ്ങളുടെ കൈകളിൽ ഏല്പിക്കപ്പെട്ടു. അധർമ്മികളുടെ കൈകളാൽ അവനെ നിങ്ങരം കുരിശിൽ തറച്ചുകൊന്നു. എന്നാൽ ദൈവം അവനെ മരണത്തിൻെറ യാതനകളിൽ നിന്നും വിമുക്തനാക്കി ഉയർപ്പിച്ചു. കാരണം, അവൻ മരണത്തിൻെറ പിടിയിൽ കഴിയുക അസാദ്ധ്യമായിരുന്നു.[112]

യേശു ഇതു മുൻകൂട്ടി പറയുകയും, വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ടായിരുന്നു. ''അവൻ എനിക്കു സാക്ഷ്യം വഹിക്കും. ........നിങ്ങളും എൻെറ സാക്ഷികളാണ്. ''ജറുസലെമിലെ പത്രോസിൻെറ ആദ്യത്തെ പ്രസംഗം വ്യക്തമായും ഈ സാക്ഷ്യത്തിൻെറ തുടക്കമാണ്. ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനെപ്പററിയുള്ള സാക്ഷ്യമാണത്. സഹായകനായ പരിശുദ്ധാത്മാവും അപ്പസ്തോലന്മാരും സാക്ഷ്യം നൽകുന്നു. ഈ

111. അപ്പ. പ്രവ. 2: 4, 5,8.
112. അപ്പ. പ്രവ. 2: 22, 24

സാക്ഷ്യത്തിൽത്തന്നെ സത്യാത്മാവ് പത്രോസിൻെറ അധരങ്ങളിൽ കൂടി ലോകത്തെ പാപത്തെപ്പററി ബോധ്യപ്പെടുത്തുന്നു. പാപം എല്ലാററിലുമുപരി ഗാഗുൽത്തായിൽ കുരിശുമരണത്തിനു വിധിക്കുവോളം ക്രിസ്തുവിനെത്തള്ളിപ്പറഞ്ഞതുതന്നെ. മററവസരങ്ങളിലും മററു സ്ഥലങ്ങളിലും ഇതുപോലുള്ള പ്രഖ്യാപനങ്ങരം ആവർത്തിക്കുന്നതു് അപ്പസ്തോല പ്രവർത്തനങ്ങളിൽ കാണാം.[113]

31. പന്തക്കുസ്തയിലെ ആദ്യ സാക്ഷ്യം മുതൽ എല്ലാക്കാലത്തും ക്രിസ്തുവിനെ തള്ളിപ്പറയുന്ന പാപത്തെപ്പററി ലോകത്തെ ബോധ്യപ്പെടുത്തുന്ന പരിശുദ്ധാത്മാവിൻെറ പ്രവർത്തനവും പെസാഹരഹസ്യം ക്രൂശിതനും ഉത്ഥിതനുമായവൻെറ രഹസ്യം അതിനു നൽകുന്ന സാക്ഷ്യവുമായി അഭേദ്യവും ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധത്തിൽ മേല്പറഞ്ഞ ബോദ്ധ്യപ്പെടുത്തലിൻെറ രക്ഷാകരമായ വശം തന്നെയാണു് വെളിപ്പെടുന്നതു്. ഈ ബോധ്യപ്പെടുത്തലിൻെറ ഉദ്ദേശ്യം ലോകത്തെ കുററം വിധിക്കലല്ല; ശപിക്കലുമല്ല, യേശുക്രിസ്തു ലോകത്തിലേയ്ക്കു വന്നതു് ലോകത്തെ വിധിക്കാനോ, ശപിക്കാനോ അല്ല അതിനെ രക്ഷിക്കാൻ വേണ്ടിയാണു്.[114] പത്രോസിൻെറ ആദ്യപ്രസംഗത്തിൽ ഇക്കാര്യം ഊന്നിപ്പറയുന്നുണ്ടു്. ''നിങ്ങരം കുരിശിൽ തറച്ച യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി ഉയർത്തി എന്നു് ഇസ്രായേൽജനം മുഴുവൻ അറിയട്ടെ.''[115] അവിടെയുണ്ടായിരുന്നവർ പത്രോസിനോടും അപ്പസ്തോലന്മാരോടും ''സഹോദരരെ, ഞങ്ങരം എന്തു ചെയ്യണം'' എന്നു ചോദിച്ചപ്പോരം പത്രോസിൻെറ മറുപടി ഇതാണു്: ''നിങ്ങരം പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിൻെറ നാമത്തിൽജ്ഞാനസ്നാനം സ്വീകരിക്കുവിൻ.''[116]

ഇപ്രകാരം പാപത്തെപ്പററിയുള്ള ബോധ്യപ്പെടുത്തൽ ആത്മാവിൻെറ ശക്തിയിലുള്ള പാപമോചനം സംബന്ധിച്ച

113. Cf. അപ്പ. പ്രവ. 3:14f, 4:10-27f 7:52; 10:39; 13:28f: etc.
114. യോഹ. 3:17; 12:47
115. അപ്പ. പ്രവ. 2:36.
116. അപ്പ. പ്രവ. 2:37-38

ബോധ്യപ്പെടുത്തലായി മാറുന്നു. ജറുസലേമിലെ പ്രസംഗത്തിൽ പത്രോസ് തൻെറ ശ്രോതാക്കളെ മാനസാന്തരത്തിനായി ആഹ്വാനം ചെയ്യുന്നു. തൻെറ മെസയാനിക ദൗത്യത്തിൻെറ ആരംഭത്തിൽ യേശു ഇതുതന്നെയാണല്ലൊ ചെയ്തതു്.[117] മാനസാന്തരത്തിനു പാപത്തെപ്പററി ബോദ്ധ്യപ്പെടുകയാവശ്യമാണ്. മനഃസാക്ഷിയുടെ ആന്തരികവിധിയും അതുൾക്കൊള്ളുന്നുണ്ടു്. മനുഷ്യൻെറ അന്തരാത്മാവിലുള്ള സത്യാത്മാവിൻെറ പ്രവർത്തനത്തിനു് ഇതൊരു തെളിവാണ്. ഒപ്പം പ്രസാദവരവും സ്നേഹവും വർഷിക്കപ്പെടുന്നതിൻെറ പുതിയ തുടക്കം കൂടിയാണതു്: ''നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ''[118] അങ്ങനെ പാപം ബോദ്ധ്യപ്പെടുത്തലിൽ ഒരു ഇരട്ടദാനവർഷം നമുക്കു കാണാം. മനസ്സാക്ഷിയെന്ന യാഥാർത്ഥ്യവും രക്ഷയെപ്പററിയുള്ള ഉറപ്പും. സത്യാത്മാവാണു സഹായകൻ.

ആദിമസഭയിലെ അപ്പസ്തോലിക പ്രഘോഷണശുശ്രൂഷയിലൂടെയുള്ള പാപബോധമുണർത്തൽ ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിൻെറ രക്ഷാകരശക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പന്തക്കുസ്തയിൽ വർഷിക്കപ്പെട്ട അരൂപിയുടെ പ്രേരണയാലാണതു്. ''അവൻ എനിക്കുള്ളവയിൽനിന്നെടുത്തു നിങ്ങളോടു പ്രഖ്യാപിക്കും.'' എന്നു് ഉത്ഥാനത്തിനുമുമ്പുള്ള വാഗ്ദാനം അങ്ങനെ നിറവേറുന്നു. പന്തക്കുസ്താസംഭവസ്ഥലത്തു പത്രോസ് ''വിശ്വാസിക്കാത്തവരുടെയും''[119] നസറായൻ യേശുവിനെ നീചമായ മരണത്തിനു വിട്ടുകൊടുത്തവരുടെയും പാപത്തെപ്പററിപറയുമ്പോൾ പാപത്തിനുമേലുള്ള വിജയത്തിനാണു് അദ്ദേഹം സാക്ഷ്യം നൽകുന്നതു്. മനുഷ്യനു ചെയ്യാനാവുന്ന ഏററവും വലിയ പാപത്തിലൂടെയാണ് ഈ വിജയം കൈവന്നതെന്നു പറയാം. പിതാവുമായി ഏകസത്തയായ ദൈവപുത്രൻ യേശുവിനെ കൊന്ന പാപമാണതു്. അതുപോലെ ദൈവപുത്രൻെറ മരണം മർത്ത്യൻെറ മൃത്യുവെ കീഴടക്കുന്നു. ദൈവപുത്രനെ ക്രൂശിച്ചതിൻെറ പാപം മനുഷ്യപാപത്തെ കീഴടക്കുന്നു. ''ഓ മരണമേ, ഞാൻ നിൻെറ മരണമായിരിക്കും.''[120]

117 cf. മർക്കോ. 1:15
118. യോഹ. 20:20
119. cf യോഹ. 16:9
120 14:14. cf 1 കൊറി 15:55

ദുഃഖ വെള്ളിയാഴ്ച, ജറുസലേമിൽ ചെയ്ത പാപം മാത്രമല്ല എല്ലാ മനുഷ്യ പാപങ്ങളും കീഴടക്കപ്പെടുന്നു. മനുഷ്യൻെറ ഭാഗത്തുനിന്നുണ്ടാകുന്ന ഏററവും വലിയ പാപം. രക്ഷകനെ ഹൃദയത്തിൽ, മനുഷ്യപാപങ്ങളുടെയെല്ലാം തിന്മയെ ഉന്മൂലനം ചെയ്യുന്ന പരമസ്നേഹസമർപ്പണവുമായി തുലനം ചെയ്യപ്പെടുന്നു. ഈ ഉറപ്പുള്ളതുകൊണ്ടാണ്, റോമൻ ആരാധനക്രമത്തിൽ ഉയിർപ്പു ഞായറാഴ്ചയിലെ നിശാശുശ്രൂഷയിൽ ഉത്ഥാനമറിയിച്ചുകൊണ്ടുള്ള സ്തുതിഗീതത്തിൽ ഡീക്കൻ ' ഓ ഭാഗ്യപ്പെട്ട കുററമേ'', എന്നു് എല്ലാ കൊല്ലവും ആവർത്തിക്കുന്നതിൽ സഭയ്ക്കു മടിയില്ലാത്തതു്.

32. അഗ്രാഹ്യമായ ഈ സത്യം മനുഷ്യനേയോ, അവൻെറ മനസ്സാക്ഷിയേയോ, 'ലോകത്തേയോ ബോധ്യപ്പെടുത്താൻ' സത്യാത്മാവിനെ മാത്രമേ സാധിക്കൂ. ''ദൈവികാഴങ്ങൾ പോലും പരിശോധിക്കുന്ന'' [121] അരൂപിയാണവിടന്നു. പാപത്തിൻെറ രഹസ്യത്തെ അഭിമുഖീകരിക്കുന്ന നാം 'ദൈവത്തിൻെറ ആഴങ്ങൾ' അടിവരെ പരിശോധിക്കണം. മനുഷ്യരഹസ്യത്തിൻെറ ഉള്ളായ മനസ്സാക്ഷിയെ മാത്രം പരിശോധിച്ചാൽ പോരാ, ദൈവരഹസ്യത്തിൻെറ ആഴങ്ങളിലേയ്ക്കും ഇറങ്ങിച്ചെല്ലണം. ഈ ദൈവികാഴങ്ങളുടെ സംക്ഷേപം ഇങ്ങനെയാണ്. അരൂപിയിലൂടെ പുത്രനിൽപ്പിതാവിലേക്കു ദൈവികാഴങ്ങൾ പരിശോധിക്കുന്നതു പരിശുദ്ധാത്രിയാണു് മനുഷ്യപാപത്തിലുള്ള ദൈവത്തിൻെറ പ്രതികരണവും എന്താണെന്നു കാണിച്ചു തരുന്നതും അരൂപിതന്നെ. ഈ പ്രതികരണവും ആവുന്നതോടെ പാപത്തെപ്പററി ലോകത്തെ ബോധ്യപ്പെടുത്തുന്ന പ്രക്രിയ പ്രർത്തിയാവുന്നു. പന്തക്കുസ്താസംഭവം അതാണു് കാണിക്കുന്നതു്.

പന്തക്കുസ്തായിൽ പരിശുദ്ധാത്മാവു് ഗാഗുൽത്തായിലെ പാപത്തെപ്പററി, നിഷ്കളങ്ക കുഞ്ഞാടിൻെറ മരണത്തെപ്പററി ലോകത്തെ ബോദ്ധ്യപ്പെടുത്തി. അതുപോലെ – ചരിത്രത്തിൽ ഏതു സമയത്തും ഏതു സ്ഥലത്തും ചെയ്യപ്പെടുന്ന പാപത്തെപ്പററിയും അവിടുന്നു ബോദ്ധ്യമുണർത്തുന്നു. കാരണം അതിനു ക്രിസ്തുവിൻെറ കുരിശുമായുള്ള ബന്ധം അവിടുന്നു വെളിവാ

121. cf കൊറി 2:10:

ക്കന്നു. കാരണം അതിനു ക്രിസ്തുവിന്റെ കുരിശുമായുള്ള ബന്ധം അവിടുന്നു വെളിവാക്കുന്നു. 'ബോദ്ധ്യപ്പെടുത്തൽ' ഏതൊരു പാപത്തിന്റേയും തിന്മയ്ക്കു ക്രിസ്തുവിന്റെ കുരിശുമായുള്ള ബന്ധം വ്യക്തമാക്കലാണ്. ഈ ബന്ധത്തിന്റെ കാഴ്ചപ്പാടിലൂടെ നോക്കുമ്പോഴാണു പാപം അതിന്റെ എല്ലാ തിന്മയോടും കൂടി നമ്മുടെ മുമ്പിൽ പ്രത്യക്ഷമാവുന്നതു്. ഓരോ പാപത്തിലും അന്തർലീനമായിരിക്കുന്ന ''തിന്മയുടെ രഹസ്യ''മാണ്.[122] അതുവഴി അനാവൃതമാകുക. ഈ വശത്തെപ്പററി മനുഷ്യൻ അജ്ഞനാണ്. ക്രിസ്തുവിന്റെ കുരിശിനെ മാററി നിർത്തിയാൽ അവനു് ഇതേപ്പററി ഒരു ഗ്രാഹ്യവുമുണ്ടാകില്ല. അതുകൊണ്ടു സത്യാത്മാവും സഹായകനുമായ പരിശുദ്ധാത്മാവില്ലാതെ അവനു് ഇതൊരിക്കലും ബോദ്ധ്യപ്പെടുകയില്ല.

ക്രിസ്തുവിന്റെ കുരിശുമായി ബന്ധപ്പെടുത്തിക്കാണുമ്പോഴാം പാപം ''മതത്തിന്റെ രഹസ്യ''[123]ത്തിന്റെ സമഗ്രതയിൽപ്പെടുന്നതായി കാണാം. അനുരഞ്ജനവും പ്രായശ്ചിത്തവും[124] എന്ന പേരിൽ സിനഡിനുശേഷം പ്രസിദ്ധീകരിച്ച അപ്പസ്തോലിക പ്രബോധനം ഇതേക്കുറിച്ചു സൂചിപ്പിക്കുന്നുണ്ട്. ക്രിസ്തുവിന്റെ കുരിശുമായി ബന്ധപ്പെടുത്തിയില്ലെങ്കിൽ ഈ വശത്തെപ്പററിയും മനുഷ്യൻ തീർത്തും അജ്ഞനായിരിക്കും. ''ദൈവികാഴങ്ങളാം പരിശോധിക്കുന്ന'' പരിശുദ്ധാത്മാവിനെ ക്കൂടാതെ മനുഷ്യനു് ഇതിനെപ്പററി ബോദ്ധ്യമുദിക്കയില്ല.

## 3. ആരംഭത്തെക്കുറിച്ചുള്ള സാക്ഷ്യം പാപത്തിന്റെ ആദ്യയാഥാർത്ഥ്യം

ഉത്പത്തി പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള ആദിയെപ്പററിയുള്ള സാക്ഷ്യത്തിൽ കാണുന്ന പാപത്തിന്റെ മാനങ്ങളെപ്പററിയാണു് ഇവിടെ പറയുന്നതു്.[125]. തിരുവചനമനുസരിച്ചു് ഈ പാപമാണു മറെറല്ലാ പാപത്തിന്റെയും മൂലവും ശക്തിയും. മനുഷ്യ ചരിത്രത്തിലും അതുപോലെ രക്ഷാപദ്ധതിയി

122 Cf- 2 തെസ. 2:7
123 - Cf - 1 തിമോ. 3:16
124 - Cf - Reconciliatio et Paenitentia (2 Dec· 84)
125. ഉത്പത്തി 1-3 (19-22 AAS 77 (1985) PP. 229-233.

ലും നാമാദ്യമായി പാപമെന്ന യാഥാർത്ഥ്യത്തെ കണ്ടുമുട്ടുന്നു. ഈ പാപത്തോടെ തിന്മയെന്ന രഹസ്യത്തിൻെറ തുടക്കം കുറിക്കപ്പെടുന്നു. എന്നാൽ അതോടൊപ്പം തന്നെ നമുക്കു പറയാം, ഇതോടെയാണ് ''മതത്തിൻെറ രഹസ്യത്തിൻെറ രക്ഷാകര ശക്തി വ്യക്തവും കാര്യക്ഷമവുമായിത്തീരുന്നതു്'' എന്നു്. ഒന്നാമത്തെ ആദത്തിൻെറ അനുസരണക്കേടും, രണ്ടാമത്തെ ആദമായ ക്രിസ്തുവിൻെറ അനുസരണവും തമ്മിൽ തട്ടിച്ച നോക്കിക്കൊണ്ടു വി. പൗലോസ് വ്യക്തമാക്കുന്നതതാണു്. ക്രിസ്തുവിൻേറതു് ''മരണംവരെയുള്ള അനുസരണമായിരുന്നു.''[126]

ആരംഭത്തെക്കുറിച്ചുള്ള വി. ഗ്രന്ഥവിവരണമനുസരിച്ച് ആദ്യപാപം മനുഷ്യമനസ്സിൽ—മനസ്സാക്ഷിയിൽ നടക്കുന്നു. അതു് അനുസരണക്കേടു്, അതായതു് ദൈവേഷ്ടത്തോടുള്ള മനുഷ്യമനസ്സിൻെറ എതിർപ്പ് ആണു്. ആദ്യത്തെ ഈ അനുസരണക്കേടിൻെറ പിന്നിൽ ഒരു തിരസ്ക്കരണം അഥവാ ലോകത്തെ സൃഷ്ടിച്ച ദൈവവചനത്തിലടങ്ങിയിട്ടുള്ള സത്യത്തിൽ നിന്നുള്ള പിന്തിരിയലുണ്ടു്. ഈ വചനം ആദിമുതൽ ''ദൈവത്തോടുകൂടിയായിരുന്നു.'' ''ദൈവമായിരുന്നു ഈ വചനം.'' ''ഉണ്ടായിട്ടുള്ളതെല്ലാം ആ വചനം വഴിയാണു് ഉണ്ടായതു്.''[127] ലോകത്തേയും മനുഷ്യവ്യാപാരങ്ങളേയും നിയന്ത്രിക്കുന്ന എല്ലാ നിയമങ്ങളുടേയും ഉറവിടമായ നിത്യ നിയമമാണു് ആ വചനം.

പീഡാനുഭവത്തിൻെറ തലേന്നു് യേശുക്രിസ്തു ''തന്നിൽ വിശ്വസിക്കാത്ത''വരുടെ പാപത്തെപ്പററി പറയുകയുണ്ടായല്ലോ. ദുഃഖമയമായ ആ വാക്കുകളിൽ സൃഷ്ടി രഹസ്യത്തിൽ അവ്യക്തമായെങ്കിലും ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന ആദ്യപാപത്തിൻെറ നേർത്ത പ്രതിധ്വനി കേൾക്കാം. കാരണം സംസാരിക്കുന്നതു് മനുഷ്യപുത്രൻ മാത്രമല്ല സൃഷ്ടികളിൽ ആദ്യജാതനും കൂടിയാണു് ''അവനിലും അവനിലൂടെയും അവനുവേണ്ടിയുമാണു് സർവ്വവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്''[128]. ഈ സത്യത്തിൻെറ വെളിച്ചത്തിൽ നമുക്കൊന്നു മനസ്സിലാക്കാം: സൃ

126. cf. റോമ. 5 : 19 ; ഹെബ്രാ. 2 : 8

127. cf. യോഹ. 1 : 1, 2. 3. 10

128. cf. കൊളോ 1 : 15-18

ഷ്ടിയുടെ ആരംഭത്തിലുള്ള അനുസരണക്കേടിൻെറ പിന്നിലും പെസഹായിൽ ആവർത്തിക്കുന്ന അതേ അവിശ്വാസ ("അവർ വിശ്വസിച്ചില്ല") മാണുള്ളതു്. നേരത്തെ പറഞ്ഞതുപോലെ അതൊരു തിരസ്ക്കരണമാണു്. അല്ലെങ്കിൽ പിതാവിൻെറ വചനത്തിലടങ്ങിയിട്ടുള്ള സത്യത്തിൽ നിന്നുള്ള പിൻതിരിയിലെങ്കിലുമാണു്. ഈ തിരസ്ക്കരണം പ്രയോഗത്തിൽ അനുസരണക്കേടായിത്തീരുന്നു; "നുണകളുടെ പിതാവി"[129]ൽ നിന്നുവരുന്ന പ്രലോഭനത്തിൻെറ ഫലമായുണ്ടാകുന്ന പ്രവൃത്തിയിലൂടെ പ്രകാശിതമാകുന്നു. അതുകൊണ്ടു മനുഷ്യപാപത്തിൻെറയെല്ലാം അടിയിലുള്ളതു് പിതാവിൻെറ വചനത്തിലടങ്ങിയിട്ടുള്ള സത്യത്തിൻെറ സമൂലനിഷേധമായ നുണയാണു്. ഈ വചനത്തിലൂടെയത്രേ സ്രഷ്ടാവിൻെറ സർവ്വസാധ്യമായ സ്നേഹം "ആകാശത്തിൻെറയും ഭൂമിയുടേയും സ്രഷ്ടാവും പിതാവുമായ" ദൈവത്തിൻെറ അനന്തശക്തിയും സ്നേഹവും-പ്രകടമാകുന്നതു്.

34. സൃഷ്ടിയുടെ വിവരണത്തിലെ, "വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്ന ദൈവത്തിൻെറ അരൂപി"[130] "ദൈവികകാര്യങ്ങൾ പരിശോധിക്കുന്ന അരൂപി" യെത്തന്നെയാണു് സൂചിപ്പിക്കുന്നതു്. ഈ അരൂപി, സൃഷ്ടിരഹസ്യത്തിൽ പിതാവിൻേറയും വചനമായ പുത്രൻേറയും ആഴങ്ങൾ പരിശോധിക്കുന്നു. സൃഷ്ടി നിർഗ്ഗളിക്കുന്നതു് അവർ തമ്മിലുള്ള സ്നേഹത്തിൽ നിന്നാണു്. ആ സ്നേഹത്തിനു് അടുത്ത സാക്ഷിയാണു് അരൂപി. മാത്രമല്ല അരൂപിതന്നെയാണു് ആ സ്നേഹം. സ്നേഹം തന്നെയായ അവിടന്നു് നിത്യവും അസൃഷ്ടവുമായ ദാനമാകുന്നു. സൃഷ്ടികൾക്കുള്ള ദാനവർഷത്തിൻെറ ഉറവിടവും തുടക്കവുമാണവിടന്നു്. ഉൽപത്തി പുസ്തകംമുതലുള്ള വെളിപാടിൽ മുഴുവനും കാണുന്ന ആരംഭത്തെപ്പററിയുള്ള സാക്ഷ്യങ്ങൾ ഇക്കാര്യത്തിൽ യോജിക്കുന്നു. സൃഷ്ടിക്കുകയെന്നാൽ അഭാവത്തിൽനിന്നു് ഭവിപ്പിക്കുകയാണു്. അതുകൊണ്ടു് സൃഷ്ടിക്കുകയെന്നാൽ അസ്തിത്വം കൊടുക്കുക എന്നാണർത്ഥം. മനുഷ്യനുവേണ്ടിയാണു് ദൃശ്യലോകം തീ

129. cf. ഉത് 1 : 2
130. cf. ഉത് 1 : 2

ത്തിട്ടുള്ളതെങ്കിൽ ലോകം മനുഷ്യനായി നൽകപ്പെട്ടിരിക്കുകയാണ്.[131] അതേസമയം മനുഷ്യന് തൻെറ മാനുഷികതയിൽ തന്നെ ദൈവത്തിൻെറ "ഛായയും സാദൃശ്യവും" ദാനമായി ലഭിച്ചിരിക്കുന്നു. ഇതിനർത്ഥം യുക്തിബോധവും സ്വാതന്ത്ര്യവും മനുഷ്യപ്രകൃതിയുടെ മൗലിക ഗുണങ്ങളാണെന്നു മാത്രമല്ല ദൈവവുമായി 'ഞാൻ–നീ' കണക്കേ വ്യക്തിബന്ധത്തിലേർപ്പെടാൻ ആദ്യം മുതലേ മനുഷ്യനു കഴിവുണ്ടെന്നുമാണ്. അതുകൊണ്ട് ദൈവവുമായി ഉടമ്പടി ബന്ധത്തിലേർപ്പെടാൻ അവനു കഴിയും. ദൈവത്തിൻെറ രക്ഷാകരമായ വെളിപാടു ചരിത്രത്തിൽ അതു നടക്കുകയും ചെയ്തു. ദൈവത്തിൻെറ "ഛായയുടേയും സാദൃശ്യത്തിൻേറയും" പശ്ചാത്തലത്തിൽ നോക്കുമ്പോൾ "അരൂപിയുടെ ദാനം" ആത്യന്തികമായി സൗഹൃദത്തിലേയ്ക്കുള്ള വിളിയാണ്. അതുവഴി സർവ്വാതിശായിയായി "ദൈവികാഴങ്ങളിൽ" പങ്കുപററുവാൻ മനുഷ്യനു് ഒരുവിധത്തിൽ വഴിതുറന്നു കിട്ടുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ പ്രബോധനം നോക്കുക. "അദൃശ്യനായ ദൈവം അവിടത്തെ സ്നേഹത്തിൻെറ പാരമ്യത്തിൽനിന്നു് മനുഷ്യരോട് സ്നേഹിതരോടെന്നപോലെ സംസാരിക്കുകയും അവരുടെ മദ്ധ്യേ വസിക്കുകയും ചെയ്യുന്നു. താനുമായുള്ള സഹവാസത്തിലേക്ക് മനുഷ്യരെ ക്ഷണിക്കുകയും കൊണ്ടുവരികയും ചെയ്യുകയാണ് ഇതിൽ അവിടത്തെ ഉദ്ദേശ്യം"[132]

35. "എല്ലാം ദൈവികാഴങ്ങൾ പോലും പരിശോധിക്കുന്ന" അരൂപി ആരംഭംമുതൽ "മനുഷ്യൻെറ രഹസ്യങ്ങൾ" അറിയുന്നു. [133] അതിനാൽ ആരംഭത്തിൽ സംഭവിച്ച പാപത്തെപററി പൂർണ്ണബോധ്യമുളവാക്കാൻ അരൂപിക്കുമാത്രമെ കഴിയൂ. മറെറല്ലാ പാപങ്ങളുടേയും മൂലവും ഭൂമിയിൽ മനുഷ്യൻെറ പാപാവസ്ഥയ്ക്ക് നിദാനവും ആ പാപമായിരുന്നു. അതു് ഇന്നും പ്രവർത്തനക്ഷമമത്രേ. "ഇതിനോടകം വിധിക്കപ്പെട്ട" "നുണകളുടെ പിതാവ്" വരുത്തിവച്ച ആദ്യപാപത്തിൻെറ യാഥാർത്ഥ്യം അരൂപി ശരിക്കുമറിയുന്നു[134] ഈ

131. cf. ഉത്. 1:26, 28, 29.
132. Dei. Verbum, 2.
133. cf. കൊറി 12:10f
134. cf. യോഹ. 16:11

''വിധിയുടെ വെളിച്ചത്തിൽ പരിശുദ്ധാത്മാവ് പാപത്തെപ്പററി ലോകത്തെ ബോദ്ധ്യപ്പെടുത്തുന്നു. എന്നാലതു് ക്രിസ്തുവിൻെറ കുരിശിനോടൊപ്പം, ''മരണംവരെയുള്ള അനുസരണത്തിലൂടെ,[135] വെളിപ്പെടുത്തപ്പെട്ട നീതിയിലേയ്ക്കു് മനുഷ്യനെ നയിച്ചുകൊണ്ടാണു്.

മനുഷ്യാരംഭത്തിലുള്ള പാപത്തെപ്പററി ബോധ്യമുണർത്താൻ പരിശുദ്ധാത്മാവിനു മാത്രമേ കഴിയൂ. അവിടുന്നു് പിതാവും പുത്രനും തമ്മിലുള്ള സ്നേഹമായതുകൊണ്ടു്, ദാനമായതുകൊണ്ടാണു് ഇതു സാധിക്കുക. മനുഷ്യാരംഭത്തിലുള്ള പാപമാകട്ടെ, അസത്യവും സ്നേഹത്തിൻേറയും ദാനത്തിൻേറയും തിരസ്ക്കാരവുമാകുന്നു.

36. ഉൽപത്തിപ്പുസ്തകത്തിലെ ആദ്യത്തേതും കൂടുതൽ പൂർണ്ണവുമായ വിവരണത്തെത്തുടർന്നു് വി. ഗ്രന്ഥത്തിലും പാരമ്പര്യത്തിലും ആരംഭത്തെക്കുറിച്ചുള്ള പരാമർശങ്ങളെല്ലാം പാപത്തിൻെറ ആദ്യരൂപത്തെ ''അനുസരണക്കേടായാ''ണു് കാണുന്നതു്. ദൈവമേർപ്പെടുത്തിയിരുന്ന ഒരു നിരോധനത്തിൻെറ ലംഘനം എന്നാണു് അനുസരണക്കേടിൻെറ പ്രത്യക്ഷത്തിലുള്ള അർത്ഥം[136]. പക്ഷേ സന്ദർഭം ആകെക്കൂടി നോക്കുമ്പോൾ ഈ അനുസരണക്കേടിൻെറ നാരായ വേരുകൾ അന്വേഷിക്കേണ്ടതു് മൊത്തത്തിലുള്ള മനുഷ്യൻെറ ജീവിതാവസ്ഥയിലാണെന്നു കാണാം. അസ്തിത്വത്തിലേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്ന മനുഷ്യജീവി–ആണും പെണ്ണും– ഒരു സൃഷ്ടിയാണു്. യുക്തിബോധവും സ്വാതന്ത്ര്യവും ഉൾക്കൊള്ളുന്ന 'ദൈവികച്ഛായ' മനുഷ്യവ്യക്തിയുടെ അന്തസ്സും മാഹാത്മ്യവും പ്രകടമാക്കുന്നു. പക്ഷേ ഈ വ്യക്തി എപ്പോഴും ഒരു സൃഷ്ടിയാണു്. തൻെറ അസ്തിത്വത്തിലും സത്തയിലും അവൻ സ്രഷ്ടാവിനെ ആശ്രയിച്ചു നിൽക്കുന്നു. ഉൽപത്തിപ്പുസ്തകത്തിലെ, നന്മതിന്മയുടെ അറിവിൻെറ വൃക്ഷം'' സൃഷ്ടജീവിക്കു് ഒരിക്കലും ലംഘിക്കാനാവാത്ത പരിധി മനുഷ്യനു കാണിച്ചുകൊടുക്കുകയും അതേപ്പററി അവനെ അനുസ്മരിപ്പിക്കയും ചെയ്യുന്ന ഒന്നാണു്. ദൈവ

135. cf. ഫിലി. 2:8

136. cf. ഉത്. 2:16-17

ത്തിൻെറ തിരോധാനം ഈ വിധത്തിൽ മനസ്സിലാക്കണം. സ്രഷ്ടാവ് നന്മതിന്മയുടെ അറിവിൻെറ വൃക്ഷത്തിൻെറ ഫലം ഭക്ഷിക്കുന്നതിൽനിന്നു പുരുഷനേയും സ്ത്രീയേയും തടയുന്നു. വശീകരണത്തിൻെറ അഥവാ പ്രലോഭനത്തിൻെറ വാക്കുകൾ, വി. ഗ്രന്ഥത്തിൽ കാണുന്നതുപോലെ ഈ നിരോധനം ലംഘിക്കുവാൻ പ്രേരണ ചെലുത്തുന്നു. മേൽസൂചിപ്പിച്ച 'പരിധി' കടക്കാനുള്ള പ്രേരണയാണതു്. ''നിങ്ങൾ ഇതിൽനിന്നു ഭക്ഷിച്ചാൽ നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെടും. നന്മതിന്മകൾ അറിയുന്ന നിങ്ങൾ ദൈവത്തെപ്പോലെ (''ദൈവങ്ങളെപ്പോലെ'') ആയിത്തീരും'' 137.

അനുസരണക്കേട് സൃഷ്ടിയായ മനുഷ്യൻെറ ഇച്ഛയ്ക്കും സ്വാതന്ത്ര്യത്തിനും കൽപിക്കപ്പെട്ടിരിക്കുന്ന പരിധിക്കപ്പുറം പോകലാണ്. താൻ സൃഷ്ടിച്ചലോകത്തിൻെറ ധർമ്മ ക്രമം നിർണ്ണയിക്കുന്നതു് സ്രഷ്ടാവായ ദൈവം തന്നെയത്രേ. നന്മ ഏതാണ്, തിന്മ ഏതാണ് എന്നകാര്യത്തിൽ മനുഷ്യനുതന്നെ ഒരു തീരുമാനമെടുക്കാൻ കഴിയില്ല. ദൈവത്തെപ്പോലെ ''നന്മതിന്മകൾ തിരിച്ചറിയാൻ'' അവൻ അശക്തനാണ്. സൃഷ്ടപ്രപഞ്ചത്തിൽ നന്മതിന്മകൾ തീരുമാനിക്കുന്ന പ്രഥമവും പരമവുമായ ശക്തി ദൈവം തന്നെയാകുന്നു. സത്തയുടെ അഗാധസത്യം അറിയുന്നവൻ അവിടുന്നാണല്ലോ. സത്തയാകട്ടെ പിതാവുമായി ഏകസത്തയായ നിത്യനായ പുത്രൻ 'വചന'ത്തിൻെറ പ്രതിഫലനമാകുന്നു. ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനു് പരിശുദ്ധാത്മാവ് മനസ്സാക്ഷി എന്ന ദാനം നൽകിയിരിക്കുന്നു. ഈ മനസ്സാക്ഷിയിൽ വിജ്ഞാനവും നിത്യ നിയമവുമായ ദൈവത്തിൻെറ ഛായ തെളിഞ്ഞു നിൽക്കാനാണതു്. ദൈവികവിജ്ഞാനവും നിയമവുമാണു ലോകത്തിലേയും മനുഷ്യനിലേയും ധർമ്മക്രമത്തിൻെറ ഉറവിടം.

ആദ്യപാപത്തിൻെറ സവിശേഷമായ അനുസരണക്കേട് ഈ ഉറവിടത്തിൻെറ തിരസ്ക്കാരമാണ്. അതുവഴി നന്മതിന്മകളെപ്പററി തീരുമാനമെടുക്കുന്ന സ്വാതന്ത്ര്യവും സ്വയംപര്യാപ്തവുമായ കേന്ദ്രമാണ് താനെന്നു് അവൻ അവകാശവാദമുന്നയി

137 ഉത്. 3-5

കുന്നു. ദൈവികകാര്യങ്ങൾ പരിശോധിക്കുന്നവനും അതോടൊപ്പം മനുഷ്യന്റെ മനസ്സാക്ഷിക്ക് പ്രകാശവും ധർമ്മക്രമത്തിന്റെ ഉറവിടവുമായ അരൂപിക്കു മനുഷ്യാരംഭത്തിന്റെ രഹസ്യത്തിലടങ്ങിയിട്ടുള്ള പാപത്തിന്റെ ഈ മാനം പരിപൂർണ്ണമായും അറിയാം. ഗാഗുൽത്തായിലെ ക്രിസ്തുവിന്റെ കുരിശിന്റെ നിഴലിൽ ഇതേപ്പററി ലോകത്തെ ബോധ്യപ്പെടുത്തുന്നതിൽ നിന്നു് അരൂപി വിരമിക്കുന്നില്ല.

37. ആരംഭത്തെക്കുറിച്ചുള്ള വിവരണമനുസരിച്ച് ദൈവം സൃഷ്ടിയിൽ ശക്തിസർവ്വസ്വമായി, സ്നേഹമായി സ്വയം വെളിപ്പെടുത്തുന്നു. ഒപ്പം സ്രഷ്ടാവിന്റെ ഛായയും സാദൃശ്യവുമായ മനുഷ്യൻ സത്യത്തിലും സ്നേഹത്തിലും പങ്കുപററുവാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്നും അവിടുന്നു് അവനു വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നു. ഈ പങ്കാളിത്തം "നിത്യജീവനാ"യ [138] ദൈവവുമായി ഒന്നുചേർന്നുള്ള ജീവിതമത്രേ. എന്നാൽ "നുണകളുടെ പിതാവിന്റെ" സ്വാധീനത്തിൽപ്പെട്ടു മനുഷ്യൻ ഈ പങ്കാളിത്തമൊഴിവാക്കുന്നു എത്രത്തോളം? തീർത്തും അരൂപിയായവന്റെ, സാത്താന്റെ പാപത്തിന്റെയത്രത്തോളം ഒരിക്കലുമില്ല. മനുഷ്യാരൂപിക്കു് അത്രത്തോളം എത്താനാവില്ല തന്നെ [139] ഉൽപത്തി പുസ്തകത്തിലെ വിവരണത്തിൽ ഈ വ്യത്യാസം പ്രകടമായി കാണാം. ഒന്നു് "ആരംഭം മുതലേ പാപം ചെയ്യുവനും അല്ലെങ്കിൽ (പാപത്തിൽ നിലനിൽക്കുന്നവനും)" [140] ഇതിനോടകം വിധിക്കപ്പെട്ടവനു [141] മായവന്റെ ഭാഗത്തുനിന്നുള്ള "തിന്മയുടെ നിശ്വാസമാണു്." മറേറതു്. മനുഷ്യന്റെ ഭാഗത്തുനിന്നുള്ള അനുസരണക്കേടു് എന്ന തിന്മയാണു്.

138. cf. ഉത്. 3:22 (ജീവന്റെ വൃക്ഷത്തെപ്പററി) cf. also യോഹ. 3:36; 4:14; 5:24; 6:40, 47; 10:28; 12:50; 14:6. അപ്പ. പ്രവ. 13:48; റോമ. 6:23; ഗാല 6:8; തിമോ. 1:6 തീത്തുസ് 1:2, 3:7; പത്രോ. 3:22; 1 യോഹ. 1:2; 2:25; 5:11, 13; വെളി. 2:7.

139. തോമസ് അക്വീനാസ്, Summa theol. I a.II ae q. 80,a- 4, ad3.

140. 1 യോഹ. 3:8.

141. യോഹ. 16:11

എന്നാൽ മനുഷ്യൻെറ അനുസരണക്കേട് എപ്പോഴും ദൈവത്തിൽനിന്നുള്ള പിന്തിരിയലാണ്, ഒരുവിധത്തിൽ ദൈവത്തിൻെറ നേർക്കു മനുഷ്യസ്വാതന്ത്ര്യം അടഞ്ഞുപോകലാണ്. മറുവശത്തു മനുഷ്യസ്വാതന്ത്ര്യം—മനുഷ്യൻെറ മനസ്സും ഇച്ഛയും— ''നുണകളുടെ പിതാവിൻെറ നേർക്ക്' കുറച്ചൊക്കെ തുറക്കപ്പെടുകയും ചെയ്യുന്നു. ബോധപൂർവ്വകമായ ഈ തെരഞ്ഞെടുപ്പ് ''അനുസരണക്കേട്'' മാത്രമല്ല പാപത്തിനുള്ള ആദ്യ പ്രലോഭനത്തിൽ സംഭവിച്ചതുപോലെ പ്രേരണയ്ക്കു സമ്മതം കൊടുക്കലുമാണ്. ഈ സമ്മതം നൽകൽ മനുഷ്യചരിത്രത്തിലുടനീളം ആവർത്തിക്കപ്പെടുന്നു. ''നിങ്ങൾ ഇതിൽനിന്നു ഭക്ഷിക്കുമ്പോൾ നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെടുമെന്നും അങ്ങനെ നന്മതിന്മകൾ അറിയുന്ന നിങ്ങൾ ദൈവത്തെപ്പോലെയാകുമെന്നും ദൈവത്തിനറിയാം.''

ഇവിടെ നന്മകൾ 'വചനാഭാസമെന്നോ' 'സത്യാഭാസമെന്നോ' വിളിക്കാവുന്ന ഒന്നിൽ എത്തിച്ചേരുന്നു. കാരണം ഇവിടെ മനുഷ്യനെ സംബന്ധിക്കുന്ന യാഥാർത്ഥ്യം വ്യാജമായിത്തീരുന്നു, മനുഷ്യൻ ആരാണെന്നും അവൻെറ അസ്തിത്വത്തിൻേറയും സ്വാതന്ത്ര്യത്തിൻേറയും അലംഘനീയമായ പരിധികൾ എന്താണെന്നുള്ള യാഥാർത്ഥ്യം വ്യാജമായിത്തീരുന്നു. അതേസമയം ദൈവം ആരാണെന്നുള്ള സത്യം പൂർണ്ണമായും വ്യാജമാകുന്നതുകൊണ്ടാണ് ഈ സത്യാഭാസം സാധ്യമാവുന്നതുതന്നെ. സൃഷ്ടിയുടെ മനസ്സിൽ സ്രഷ്ടാവിനെ സംശയകരമായ അവസ്ഥയിൽ ആരോപണ വിധേയനായി നിർത്തുന്നു. മനുഷ്യചരിത്രത്തിൽ ആദ്യമായി 'സംശയത്തിൻെറ വിഷബീജം' അവതരിക്കുന്നു. അവൻ നന്മയെ, കേവല നന്മയെത്തന്നെ വ്യാജമാക്കിത്തീർക്കുന്നു. ഈ നന്മ, സൃഷ്ടികളിൽ ആവിഷ്കൃതമായിട്ടുണ്ട്. സൃഷ്ട്യാത്മക സ്നേഹമായി നന്മ സൃഷ്ടികളിൽ പ്രസരിക്കുന്നു. ദാനവും, എല്ലാ ദാനങ്ങളുടേയും ഉറവിടവുമായ അരൂപിക്കല്ലാതെ, ''ദൈവികാഴങ്ങൾ പരിശോധിക്കുന്നവനും'' പിതാവിൻേറയും പുത്രൻേറയും സ്നേഹമായവനുമല്ലാതെ പിന്നെ ആർക്കാണു പാപത്തെപ്പററി അല്ലെങ്കിൽ ആദ്യത്തെ അനുസരണക്കേടിൻെറ പിന്നിലുള്ള പ്രേരണയെപ്പററി ബോധ്യപ്പെടുത്താനാവുക?

38. സൃഷ്ടിയുടേയും അതിൽ അന്തർലീനമായിട്ടുള്ള രക്ഷാകര പദ്ധതിയുടേയും സാക്ഷ്യമുണ്ടെങ്കിൽപ്പോലും അന്ധകാരത്തിൻെറ അരൂപിക്ക്[142] സ്രഷ്ടാവിനെ അവിടുത്തെ സൃഷ്ടിയുടെ ശത്രുവായി അവതരിപ്പിക്കാൻ കഴിയുന്നു. പ്രത്യേകിച്ച് മനുഷ്യൻെറ ശത്രുവായും അവനെ ഭീഷണിപ്പെടുത്തുകയും അവനു അപായം വരുത്തിവയ്ക്കുകയും ചെയ്യുന്ന കേന്ദ്രമായും ദൈവം ചിത്രീകരിക്കപ്പെടുന്നു. ഇപ്രകാരം മനുഷ്യാത്മാവിൽ അവിടത്തോടുള്ള എതിർപ്പിൻെറ വിത്തു വിതയ്ക്കുന്നതിൽ സാത്താൻ വിജയിക്കുന്നു. "ആരംഭം മുതൽ" അവിടുന്നു പിതാവായല്ല, ശത്രുവായി പരിഗണിക്കപ്പെടുവാനിടയാകുന്നു. ദൈവത്തിൻെറ എതിരാളിയാകാനുള്ള വെല്ലുവിളിയാണു സാത്താൻ മനുഷ്യനു നൽകുന്നത്.

പാപത്തെ അതിൻെറ ആദ്യരൂപത്തിൽ വിശകലനം ചെയ്യുമ്പോൾ നാമെത്തിച്ചേരുന്ന നിഗമനമിതാണ്. 'നുണകളുടെ പിതാവിൻെറ' സ്വാധീനത്തിൽ, മനുഷ്യചരിത്രത്തിലുടനീളം ദൈവത്തെ തള്ളിപ്പറയാൻ, അവിടത്തെ വെറുക്കാൻ പോലും മനുഷ്യൻെറമേൽ നിരന്തരം സമ്മർദ്ദം ചെലുത്തപ്പെടും. "ദൈവത്തെ വെറുക്കുന്നിടത്തോളമുള്ള സ്വയംസ്നേഹം"[143] എന്നാണു വി. ആഗസ്റ്റീനോസ് ഇതിനെ വിശേഷിപ്പിക്കുന്നത്. തൻെറ സ്വാതന്ത്ര്യത്തിൻെറ ഉറവിടവും നന്മയുടെ നികേതനവുമായി ദൈവത്തെ കാണുന്നതിനു പകരം തൻെറ പരിമിതിയുടെ കാരണമായി ദൈവത്തെ വീക്ഷിക്കാൻ മനുഷ്യൻ പ്രേരിതനാകുന്നു. ആധുനികയുഗത്തിൽ ഈ പ്രവണത തെളിഞ്ഞു കാണാം. മതം മനുഷ്യനിൽ അടിസ്ഥാനപരമായ അന്യവത്കരണമുണ്ടാക്കുന്നു എന്ന ന്യായം പറഞ്ഞു ഈശ്വരനിഷേധ പ്രത്യയ ശാസ്ത്രങ്ങൾ ഇന്നു മതത്തിൻെറ വേരറുക്കുവാൻ ശ്രമിക്കുന്നു. ദൈവസങ്കല്പം അംഗീകരിക്കുമ്പോൾ, മനുഷ്യന്, മനുഷ്യനു മാത്രമുള്ളതു ദൈവത്തിലേയ്ക്കു ആരോപിക്കപ്പെടുന്നതുകൊണ്ടു അവനു തൻെറ മാനുഷികത നഷ്ടപ്പെടും പോലും! അങ്ങനെയാണു ദൈവത്തിൻെറ 'മരണം' പ്രഖ്യാപിക്കുന്നിടംവരെ ദൈവത്തെ നിഷേധിക്കുന്ന ചിന്താ പദ്ധതിയും ചരിത്ര സാമൂഹ്യശാസ്ത്ര

142. cf. എഫേ. 6: 12; ലൂക്ക. 22: 53
143. De Civitate Dei. XIV, 28:ccl 48, p.541

പ്രയോഗവുമുണ്ടായത്. സങ്കല്പത്തിലും വാക്കിലും ഇതു് അർത്ഥശൂന്യം തന്നെ. പക്ഷേ 'ദൈവത്തിന്റെ മരണ'മെന്ന സിദ്ധാന്തം മനുഷ്യനെ തന്നെയാണു് കൂടുതൽ ഭീഷണിയുയർത്തിയിരിക്കുന്നതു്. ''ഭൗതികകാര്യങ്ങളിലെ സാശ്രിതത്വം'' എന്നപ്രശ്നം വിശകലനം ചെയ്യുമ്പോഠം രണ്ടാം വത്തിക്കാൻ കൗൺസിൽ ഇതു സൂചിപ്പിക്കുന്നുണ്ടു്. കൗൺസിൽ പറയുന്നു. ''സ്രഷ്ടാവില്ലെങ്കിൽ സൃഷ്ടി അപ്രത്യക്ഷമാകും... ദൈവത്തെ വിസ്മരിച്ചുകളഞ്ഞാൽ സൃഷ്ടവസ്തുക്കളെ ഗ്രഹിക്കുകതന്നെ ദുസ്സാധ്യമാകും.'' [144] ''ദൈവമരണ'' സിദ്ധാന്തം താത്വിക തലത്തിലും പ്രായോഗികതലത്തിലും'' ഒരു മനുഷ്യമരണ സിദ്ധാന്തമാണെന്നു് അതിന്റെ ഫലങ്ങളിലൂടെ തെളിയുന്നു.

## 4. സഹനത്തെ രക്ഷാകര സ്നേഹമാക്കി മാററുന്ന അരൂപി

39. ദൈവികകാര്യങ്ങഠം പരിശോധിക്കുന്ന അരൂപിയെ യേശു തന്റെ അന്ത്യപ്രഭാഷണത്തിൽ സഹായകൻ എന്നു വിളിച്ചു. പാപത്തെപ്പററി ലോകത്തെ ബോധ്യപ്പെടുത്താൻ ആദിമുതൽ അരൂപിയുടെ സഹായം തേടിയിരുന്നു. [145] ക്രിസ്തുവിന്റെ കുരിശു് നിർണ്ണായകമായരീതിയിൽ അരൂപിയുടെ സഹായംതേടി. പാപത്തെപ്പററി ബോദ്ധ്യപ്പെടുത്തുകയെന്നാൽ പാപത്തിലടങ്ങിയിട്ടുള്ള തിന്മഎടുത്തു കാണിക്കയാണു്. മററു വാക്കുകളിൽ പറഞ്ഞാൽ തിന്മയുടെ രഹസ്യം വെളിപ്പെടുത്തുകയാണു്. പാപമെന്ന തിന്മയുടെ ദുഃഖകരമായ യാഥാർത്ഥ്യം മുഴുവൻ ഗ്രഹിക്കുന്നതിനു് 'ദൈവികാഴങ്ങഠം' ചികയാതെ പററില്ല. മനുഷ്യ സ്വാതന്ത്ര്യത്തിന്റെ സ്രഷ്ടാവു് സൂചിതമാകുന്ന ഒരു പശ്ചാത്തലത്തിലാണു് തുടക്കം മുതലേ പാപത്തിന്റെ നിഗൂഢരഹസ്യം വെളിപ്പെട്ടിട്ടുള്ളതു്. ദൈവേഷ്ടത്തിനും, ദൈവത്തിന്റെ രക്ഷാകരമായ ഇഷ്ടത്തിനു വിരുദ്ധമായ, സൃഷ്ടിയായ മനുഷ്യന്റെ ഇച്ഛയുടെ പ്രവർത്തനമായാണു് പാപം പ്രത്യക്ഷപ്പെട്ടതു്. സത്യത്തിനു വിരുദ്ധമായാണു് അന്തിമമായി

144. Gaudium et Spes, 36

145. ഗ്രീക്കിൽ (പാരാകലെയിൽ) എന്നാണു് ക്രിയ. അർത്ഥം വിളിക്കുക, അഭ്യർത്ഥിക്കുക എന്നൊക്കെയാണു്.

'കുററംവിധിക്കപ്പെട്ട' കഴിഞ്ഞ നുണയുടെ അടിസ്ഥാനത്തിലാണ് പാപം ഉത്ഭവിച്ചത്. സൃഷ്ടാത്മകവും രക്ഷാകരവുമായ സ്നേഹത്തെത്തന്നെ ആരോപണ വിധേയമാക്കിയ, എന്നും സംശയിക്കാവുന്ന സ്ഥിതിയിലാക്കിയ നുണയാണത്. ജീവന്റെ പിതാവിനും സത്യത്തിന്റെ അരൂപിക്കുമെതിരെ തിരിഞ്ഞ് മനുഷ്യൻ 'നുണകളുടെ പിതാവി'നെ അനുധാവനം ചെയ്തു.

അതുകൊണ്ട് ''പാപത്തെപ്പററി ബോധ്യപ്പെടുത്തുക'' യെന്നാൽ സഹനത്തെ വെളിപ്പെടുത്തുകയെന്നു കൂടിയാവില്ലേ. ''ദൈവികാഴങ്ങളിലെ,'' അഗ്രാഹ്യമായ ത്രിത്വത്തിന്റെ ഹൃദയത്തിലെ തന്നെ, ഭാവനാതീതവും അവാച്യവുമായ വേദനയല്ലേ വെളിപ്പെടുത്തപ്പെടുന്നത്? പാപത്തിന്റെ ഫലമായുള്ള ഈ വേദനയെ ഉത്പത്തിപ്പുസ്തകത്തിൽ മാനുഷികമായ രീതിയിൽ നോക്കിക്കാണാൻ ശ്രമിക്കുന്നുണ്ട്. ദൈവിക വെളിപാടിൽ നിന്ന് പ്രചോദനം സ്വീകരിച്ച് സഭ പാപം ദൈവത്തിനെതിരായ ദ്രോഹമാണെന്നു വിശ്വസിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നു. ഈ ദ്രോഹം, സ്നേഹവും ദാനവുമായ അരൂപിയുടെ തിരസ്കരണം പിതാവും വചനവും പരിശുദ്ധാത്മാവും തമ്മിലുള്ള ഗാഢഐക്യത്തിൽ എന്തു പ്രതികരണമുണ്ടാക്കുന്നു? ദൈവം സത്തയുടെ സമ്പൂർണ്ണതയാണ് എന്ന സങ്കല്പം ദൈവത്തിൽ എന്തെങ്കിലും കുറവുകളുടേയോ മുറിവുകളുടേയോ ഫലമായുണ്ടാകുന്ന വേദനയുടെ സാധ്യത തള്ളിക്കളയുന്നു. എന്നാൽ 'ദൈവത്തിന്റെ ആഴങ്ങളിൽ,' മനുഷ്യന്റെ പാപത്തെ അഭിമുഖീകരിക്കുന്ന പിതാവിന്റെ സ്നേഹം ശക്തിയായി പ്രതികരിക്കുകതന്നെ ചെയ്യും. വി. ഗ്രന്ഥത്തിന്റെ ഭാഷയിൽ, ദൈവം ഇങ്ങനെ പറയാൻ നിർബന്ധിതനാകുന്നു. ''അവനെ സൃഷ്ടിച്ചതിൽ ഞാൻ ഖേദിക്കുന്നു. [146] ''ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നെന്നും അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതുമാത്രമാണെന്നും കർത്താവ് കണ്ടു. ഭൂമുഖത്തു മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവു ഖേദിച്ചു.....കർത്താവു പറഞ്ഞു: അവരെ സൃഷ്ടിച്ചതിൽ ഞാൻ ഖേദിക്കുന്നു.'' [147] മനുഷ്യനോട് അനുകമ്പ തോന്നുന്ന

146. . cf ഉത്. 6:7
147. ഉത്. 6:5.7

തൻെറ വേദന പങ്കുവയ്ക്കണമെന്നാഗ്രഹിക്കുന്ന ഒരു പിതാവിനെപ്പററിയാണ് വി. ഗ്രന്ഥം അധികവും പറയുന്നത്. ചുരുക്കിപ്പറഞ്ഞാൽ, അഗ്രാഹ്യവും അനിർവചനീയവുമായ ഈ പിതൃവേദന യേശുക്രിസ്തുവിലുള്ള രക്ഷാകരസ്നേഹത്തിൻെറ അത്ഭുതകരമായ പദ്ധതി സംജാതമാക്കുന്നു. അങ്ങനെ മതത്തിൻെറ രഹസ്യത്തിലൂടെ മാനവ ചരിത്രത്തിൽ പാപത്തെക്കാരം ശക്തമായി സ്നേഹം 'വെളിപ്പെടാനിടയാകുന്നു. അങ്ങനെ 'ദാനം' ശക്തിപ്രാപിക്കുന്നു.

യേശുവിൻെറ വാക്കുകളിൽ പറഞ്ഞാൽ പാപത്തെപ്പററി ബോധ്യപ്പെടുത്തുന്ന പരിശുദ്ധാത്മാവ് പിതാവിൻേറയും പുത്രൻേറയും സ്നേഹവും ത്രിത്വദാനവുമാകുന്നു. ഒപ്പം സൃഷ്ടികരംക്കു ലഭ്യമാകുന്ന എല്ലാ ദൈവദാനങ്ങളുടേയും ഉറവിടവുമാകുന്നു. പഴയ, പുതിയ നിയമങ്ങളുടെ ചുവടുപിടിച്ച് പിതാക്കന്മാരുടെ പഠനങ്ങളും ദൈവശാസ്ത്ര പാരമ്പര്യങ്ങളും ദൈവത്തിൽ ദർശിക്കുന്ന കാരുണ്യത്തിൻെറ മൂർത്തിമദ്ഭാവമാണ് അരൂപി. മനുഷ്യൻെറ തലത്തിൽ കാരുണ്യം അയൽക്കാരൻെറ ദൗർഭാഗ്യങ്ങളിലുള്ള വേദനയും അനുകമ്പയുമാണ്. ദൈവികതലത്തിൽ, അരൂപിയായ സ്നേഹം, രക്ഷാകരമായ സ്നേഹം നവ്യമായി വർഷിച്ചുകൊണ്ടു് മനുഷ്യപാപത്തോടു പരിഗണന കാണിക്കുന്നു. ദൈവത്തിൽനിന്ന്, പിതാവും പുത്രനുമായുള്ള ഐക്യത്തിൽ രക്ഷാകരമായ പദ്ധതി ഉത്ഭവിക്കുന്നു. ഈ പദ്ധതി മനുഷ്യചരിത്രത്തെ രക്ഷാദാനങ്ങരംകൊണ്ടു നിർഭരമാക്കുന്നു. പാപം സ്നേഹത്തെ നിരസിച്ചുകൊണ്ടു് മനുഷ്യനു 'സഹനം' വരുത്തിവയ്ക്കുന്നു. ഒരുപക്ഷേ, സൃഷ്ടപ്രപഞ്ചം മുഴുവനും അതിൻെറ ദുഃഖഫലങ്ങരം അനുഭവിക്കുന്നുണ്ടു്. [148] അതേസമയം, പരിശുദ്ധാത്മാവ് നവമായ സ്നേഹവർഷത്തോടെ മനുഷ്യൻേറയും പ്രപഞ്ചത്തിൻേറയും സഹനത്തിലേയ്ക്കു് ഇറങ്ങിവന്ന് ലോകത്തെ രക്ഷിക്കുന്നു. ദൈവത്തിൻെറ 'സഹനം' ആരുടെ മാനുഷികതയിൽ മൂർത്തരൂപംകൊണ്ടോ, ആ യേശുവിൻെറ അധരങ്ങളിൽ നിന്നു കാരുണ്യപൂർവ്വകമായ സനാതന സ്നേഹം വഴിഞ്ഞൊഴുകുന്ന ഈ വാക്കുകരം ഉതിർന്നു വീഴുന്നു: ''എനിക്കു് അനുകമ്പ

148. cf. റോമ 8:20-22.

തോന്നുന്നു'' 149 (Misereor) അങ്ങനെ പരിശുദ്ധാത്മാവിനെ സംബന്ധിച്ചിടത്തോളം, പാപത്തെപ്പററി ബോധ്യമുണർത്തൽ 'വ്യർത്ഥതയ്ക്കടിപ്പെട്ട്' സൃഷ്ടിയുടെ മുമ്പാകെയും അതിലുപരി മനുഷ്യമനസ്സാക്ഷിയുടെ ആഴങ്ങളിലും ഈ വസ്തുത അവതരിപ്പിക്കുകയാണ്: ദൈവകുഞ്ഞാടിൻെറ ബലിസമർപ്പണം വഴി പാപം കീഴടക്കപ്പെട്ടിരിക്കുന്നു. മരണത്തോളം അനുസരിച്ച ദാസനായ ഈ ദിവ്യകുഞ്ഞാട് മനുഷ്യൻെറ അനുസരണക്കേടിനു പരിഹാരം ചെയ്ത് ലോകരക്ഷ സാധിച്ചിരിക്കുന്നു. ഇപ്രകാരമാണ് സഹായകനായ സത്യാത്മാവ് 'പാപത്തെപ്പററി ബോധ്യമുണ്ടാക്കുന്നത്'.

40. ഹെബ്രായർക്കുള്ള ലേഖനത്തിൻെറ കർത്താവ് വളരെ ശ്രദ്ധേയമായ വാക്കുകളിലൂടെ ക്രിസ്തുവിൻെറ സഹനത്തിൻെറ രക്ഷാകരമൂല്യം പ്രകാശിപ്പിക്കുന്നുണ്ട്. ''ആടുകളുടെയും കാളകളുടേയും രക്തം'' കൊണ്ട് ശരീരത്തെ ശുദ്ധീകരിക്കുന്ന പഴയനിയമബലികൾ അനുസ്മരിച്ചുകൊണ്ട് ലേഖനകർത്താവ് പറയുന്നു. ''നിത്യാത്മാവുമൂലം കളങ്കമില്ലാതെ ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ച ക്രിസ്തുവിൻെറ രക്തം സജീവനായ ദൈവത്തെ ശുശ്രൂഷിക്കുവാൻ നമ്മുടെ അന്തഃകരണത്തെ നിർജ്ജീവ പ്രവൃത്തികളിൽ നിന്നു് എത്രയധികമായി വിശുദ്ധീകരിക്കയില്ല''150 മററു വ്യാഖ്യാനങ്ങൾക്ക് സാദ്ധ്യതയുണ്ടെങ്കിലും ക്രിസ്തുവിൻെറ ജീവിതത്തിൽ മുഴുവനുമുള്ള പരിശുദ്ധാത്മാവിൻെറ സാന്നിദ്ധ്യത്തെപ്പററി പരിചിന്തിച്ച നാം അവതരിച്ച വചനത്തിൻെറ രക്ഷാകരബലിയും ഈ അരൂപിയുടെ സാന്നിദ്ധ്യമുണ്ടെന്നു് ചിന്തിക്കുവാൻ പ്രേരിതരാകുന്നു.

ഈ ബലിയെപ്പററിപ്പറയുന്ന ആദ്യവാക്കുകൾ ചിന്താവിഷയമാക്കിക്കൊണ്ടു നമുക്കു തുടങ്ങാം. അതിനുശേഷം അതുവഴി സാധിക്കുന്ന അന്തഃകരണത്തിൻെറ ശുദ്ധീകരണത്തെപ്പററി പ്രത്യേകം പ്രതിപാദിക്കാം. ഇതു 'നിത്യാത്മാവുമൂലം' സമർപ്പിക്കപ്പെടുന്ന ബലിയാണ്. ഇതിൽനിന്നു് അരൂപി പാപത്തെപ്പററി ബോധ്യപ്പെടുത്താനുള്ള ശക്തി സംഭരിക്കുന്നു. അ

149. cf. മത്താ. 15:32; മാർക്കോ. 8:2
150. ഹെബ്രാ. 9:13 f.

ത്താഴമുറിയിലെ വാഗ്ദാനമനുസരിച്ച് ഉത്ഥാനദിവസം കുരിശി ലെ മുറിവുകളോടുകൂടി പ്രത്യക്ഷപ്പെട്ട യേശു അപ്പസ്തോലന്മാർക്ക് ''കൊണ്ടുവന്ന'' അരൂപിയെത്തന്നെയാണ് ''പാപമോചന ത്തിനായി'' അവർക്ക് ''നൽകുന്നതും''. ''പരിശുദ്ധാരൂപിയെ സ്വീകരിക്കുവിൻ, നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ ക്ഷ മിച്ചാൽ അവ ക്ഷമിക്കപ്പെടും.''[151]

ശതാധിപൻ കൊർണേലിയൂസിന്റെ ഭവനത്തിൽ വച്ച് ശിമയോൻ പത്രോസ് പറഞ്ഞതുപോലെ ''ദൈവം നസറാ യൻ യേശുവിനെ പരിശുദ്ധാരൂപികൊണ്ടും ശക്തികൊണ്ടും അഭിഷേകം ചെയ്തു'' വെന്നു നമുക്കറിയാം.[152] യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന്, അവിടത്തെ 'വേർപാടിന്റെ' പെ സഹാരഹസ്യത്തെപ്പററിയും അറിയാം. ഹെബ്രായർക്കുള്ള ലേഖ നത്തിലെ വാക്കുകൾ ക്രിസ്തു ''കളങ്കമില്ലാതെ തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചതെങ്ങനെയെന്നും ''നിത്യാത്മാവുമൂലം'' ഇതു ചെയ്തതെങ്ങനെയെന്നും നമുക്കു പറഞ്ഞുതരുന്നു. യേശു വിന്റെ ഗർഭധാരണത്തിലും ലോകത്തിലേക്കുള്ള വരവിലും രഹസ്യ ജീവിതത്തിലും പരസ്യ പ്രവർത്തനത്തിലുമെന്നതു പോലെ മനുഷ്യപുത്രന്റെ ബലിയിലും പരിശുദ്ധാരൂപിയുടെ പ്രവർത്തനക്ഷമമായ സാന്നിധ്യമുണ്ട്. ഹെബ്രായർക്കുള്ള ലേഖനം പ്രസ്താവിക്കുന്നതുപോലെ, ഗത്സമനിയിലൂടെയും ഗാഗുൽത്താ യിലൂടെയുമുള്ള തന്റെ 'വേർപാടി'ന്റെ വഴിയിൽ മനുഷ്യനായ യേശുക്രിസ്തു സഹായകനായ പരിശുദ്ധാത്മാവിന്റെ പ്രവർത്ത നത്തിനു സമ്പൂർണ്ണമായും സ്വയം തുറന്നു കൊടുത്തു. സഹന ത്തിൽനിന്ന് നിത്യവും രക്ഷാകരവുമായ സ്നേഹം ഉദ്ഭൂതമാകു ന്നതിന് പരിശുദ്ധാത്മാവ് ഇടയാക്കുന്നു. അതിനാൽ ''അ വന്റെ ദൈവഭയം മൂലം അവൻ ശ്രവിക്കപ്പെട്ടു. പുത്രനായിരു ന്നിട്ടും തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യ സിച്ചു''[153] പ്രസ്തുത ലേഖനം, ആദ്യത്തെ ആദത്തിന്റെ സന്തതി കളിൽ പാപത്തിനടിപ്പെട്ട മാനുഷികത എങ്ങനെയാണ് യേശു ക്രിസ്തുവിൽ പരിപൂർണ്ണമായും ദൈവത്തിനു വിധേയമായതെന്നും

151. യോഹ. 20:22f.
152. അപ്പ. പ്രവ. 10:38
153. ഹെബ്രാ. 5.7–8.

ദൈവത്തോട്ട് യോജിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുന്നു. അതോടൊപ്പം ദൈവം മനുഷ്യരോട്ട കാണിക്കുന്ന കാരുണ്യാതിരേകവും സ്പഷ്ടമാകുന്നു. പാപംവഴി ആദം സ്നേഹത്തെ വഞ്ചിച്ചു. സഹനംവഴി യേശുക്രിസ്തുവിൽ സ്നേഹത്തിലേയ്ക്കു തിരിച്ചുവന്ന പുതിയ മാനവികത ഉടലെടുത്തിരിക്കുന്നു. ഈ പുതിയ മാനവികത ദാനങ്ങളുടെ ആദ്യവർഷത്തിൻെറ ദൈവികയുറവിടത്തിൽത്തന്നെയാണു് നാം കണ്ടെത്തുന്നതു് — ''ദൈവികാഴങ്ങളെ പരിശോധിക്കുന്ന'', സ്നേഹവും ദാനവുമായ അരൂപിയിൽത്തന്നെ.

മനുഷ്യനായ ദൈവപുത്രൻ യേശുക്രിസ്തു തൻെറ സഹനമാകുന്ന തീക്ഷ്ണമായ പ്രാർത്ഥനയാൽ തൻെറ മാനുഷികതയെ തികഞ്ഞ ഒരു ബലിയായി രൂപാന്തരപ്പെടുത്തുവാൻ പരിശുദ്ധാത്മാവിനെ കഴിവുററവനാക്കി. പരിശുദ്ധാത്മാവ് അവിടുത്തെ മാനുഷികതയിൽ എങ്ങും കിനിഞ്ഞിറങ്ങിയിട്ടുണ്ടായിരുന്നു. സ്നേഹത്തിൻെറ ബലിവസ്തുവായി അവിടുന്നു കുരിശിൽ വരിച്ച മരണത്തെയാണു് അരൂപി ഇങ്ങനെ രൂപപ്പെടുത്തിയതു്. അവിടുന്നു സ്വയമേവ ഈ അർപ്പണം നടത്തി. ഏകപുരോഹിതനായ ''അവിടന്നു കളങ്കമില്ലാതെ തന്നെത്തന്നെ ദൈവത്തിനർപ്പിച്ചു.'' [154] തൻെറ മാനുഷികതയിൽ ഇപ്രകാരം ബലിയായിത്തീരാൻ അവിടന്നു യോഗ്യനായിരുന്നു. കാരണം, ''കളങ്കമില്ലാത്തവൻ'' അവൻ മാത്രമായിരുന്നു. എങ്കിലും അവിടുന്നു് ഈ അർപ്പണം നടത്തിയതു് ''നിത്യാത്മാവുവഴിയാണു്:'' സഹനത്തെ രക്ഷാകര സ്നേഹമാക്കി മാററാൻ മനുഷ്യപുത്രൻ നടത്തിയ സമ്പൂർണ്ണമായ ആത്മദാനത്തിൽ പരിശുദ്ധാത്മാവ് പ്രത്യേകമാംവിധം പ്രവർത്തിച്ചുവെന്നാണതിൻെറ അർത്ഥം.

41. പഴയനിയമം പല അവസരങ്ങളിലും മനുഷ്യർ കൊണ്ടു വരുന്ന കാഴ്ചവസ്തുക്കളെ ദഹിപ്പിക്കുന്ന ''ആകാശത്തു നിന്നുള്ള അഗ്നി''യെപ്പററി പറയുന്നുണ്ടു്. [155] സാധർമ്മ്യന്യായേന, കുരിശിൻെറ രഹസ്യത്തിനു പിന്നിൽ പ്രവർത്തിക്കുന്ന

154. ഹെബ്രാ. 9:14
155. ലേവി. 9:24; 1 രാജ. 18:38; 2 ദിന. 7:1

''ആകാശത്തുനിന്നുള്ള അഗ്നി'' പരിശുദ്ധാത്മാവാണെന്നു പറയാം. പിതാവിൽനിന്നു പുറപ്പെടുന്ന അരൂപി പുത്രൻെറ ബലിയെ പിതാവിലേയ്ക്കു തിരിച്ചുവിടുന്നു, ത്രിത്വൈക്യമെന്ന ദൈവികയാഥാർത്ഥ്യത്തിലേയ്ക്കു കൊണ്ടുവരുന്നു. പാപം സഹനത്തിനു കാരണമായെങ്കിൽ ഇപ്പോൾ ക്രൂശിതനായ ക്രിസ്തുവിൽ ദൈവത്തിൻെറ വേദന പരിശുദ്ധാത്മാവുമൂലം പൂർണ്ണമായും മാനുഷികരീതിയിൽ പ്രകാശിപ്പിക്കപ്പെടുന്നു. ഇവിടെ സ്നേഹരഹസ്യത്തിൻെറ ഒരു വിരോധാഭാസമുണ്ട്. സ്വന്തം സൃഷ്ടിയാൽ പരിത്യക്തനായ ദൈവം ക്രിസ്തുവിൽ സഹിക്കുന്നു: ''അവർ എന്നിൽ വിശ്വസിക്കുന്നില്ല.'' എന്നാൽ അതേസമയം, ഈ സഹനത്തിൻെറ ആഴത്തിൽ നിന്നു പരോക്ഷമായി അവിശ്വാസമെന്ന പാപത്തിൻെറ ആഴത്തിൽ നിന്ന്—അരൂപി, ആരംഭം മുതലേ മനുഷ്യനും അഖിലസൃഷ്ടികളും നൽകപ്പെട്ട ദാനത്തിനു പുതിയ മാനം തീർക്കുന്നു. കുരിശിൻെറ രഹസ്യത്തിൻെറ അഗാധതയിൽ പ്രവർത്തിക്കുന്നതു് സ്നേഹമാണ്, ദൈവത്തിൻെറ തന്നെ ജീവനിൽ പങ്കുനൽകുന്നതിനായി മനുഷ്യനെ തിരികെ കൊണ്ടുവരുന്ന സ്നേഹം.

കുരിശിൽ അർപ്പിക്കപ്പെട്ട ബലിയുടെ ഹൃദയാന്തരങ്ങളിലേയ്ക്കു പരിശുദ്ധാത്മാവ് സ്നേഹവും ദാനവുമായി ഇറങ്ങിവരുന്നുവെന്നു കരുതാം. വി. ഗ്രന്ഥപാരമ്പര്യം അനുസരിച്ചുകൊണ്ട് ഇങ്ങനെ പറയാം. ത്രിത്വൈക്യത്തിൽ പിതാവിനേയും പുത്രനേയും ഐക്യപ്പെടുത്തുന്ന സ്നേഹത്തിൻെറ അഗ്നിയാൽ അവിടുന്ന് ഈ ബലി ദഹിപ്പിക്കുന്നു. അതുപോലെ, കുരിശിലെ യാഗം ക്രിസ്തുവിൻെറ പ്രവൃത്തിയാകയാൽ, ഈ യാഗത്തിലൂടെ അവിടുന്ന് പരിശുദ്ധാരൂപിയെ ''സ്വീകരിക്കുന്നു''. അപ്പസ്തോലന്മാർക്കും, സഭയ്ക്കും മനുഷ്യവർഗ്ഗം മുഴുവനും അരൂപിയെ നൽകുവാൻ കഴിയുമാറ് അവിടുന്ന് അരൂപിയെ 'സ്വീകരിക്കുന്നു.' പിതാവിനോട് ചേർന്ന് അവിടുത്തേയ്ക്കു മാത്രമേ അതിനു കഴിയൂ. പിതാവിൽ നിന്ന് അരൂപിയെ ''അയയ്ക്കുന്നതു്'' അവിടുന്ന് മാത്രമാണ്. [156] മുകളിലെ അത്താഴമുറിയിൽ അപ്പസ്തോലന്മാർക്കു പ്രത്യക്ഷപ്പെട്ട്, അവരുടെ മേൽ ഊതിക്കൊണ്ട് യേശുവിനു മാത്രമേ ഇങ്ങനെ പറയാൻ കഴിയൂ: ''നിങ്ങൾ

156. യോഹ. 15:26

പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ, നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ ക്ഷമിച്ചാൽ അവ ക്ഷമിക്കപ്പെട്ടിരിക്കും''[157] ''അവൻ പരിശുദ്ധാത്മാവിനെകൊണ്ടും അഗ്നികൊണ്ടും നിങ്ങളെ സ്നാനപ്പെടുത്തും''[158] എന്ന് സ്നാപകയോഹന്നാൻ നേരത്തെ പറയുകയുണ്ടായല്ലോ. യേശു പ്രസ്തുത വാക്കുകളാൽ, പെസഹാരഹസ്യത്തിൻെറ പിന്നിൽ പ്രവർത്തിക്കുന്ന സ്നേഹമായും ക്രിസ്തുവിൻെറ കുരിശിൻെറ രക്ഷാകരശക്തിക്കുറവിടമായും നവ്യവും നിത്യവുമായ ജീവൻെറ ദാനമായും പരിശുദ്ധാത്മാവിനെ വെളിപ്പെടുത്തുകയും സന്നിഹിതനാക്കുകയും ചെയ്യുന്നു.

പരിശുദ്ധാത്മാവിനെപ്പററിയുള്ള ഈ സത്യം റോമൻ ആരാധനക്രമത്തിൽ ദിവസേന പ്രകാശിപ്പിക്കപ്പെടുന്നു. വി. കുർബ്ബാന സ്വീകരണത്തിനുമുമ്പ് വൈദികൻ ചൊല്ലുന്ന ശ്രദ്ധേയമായ പ്രാർത്ഥന ഇതാണ്. ''കർത്താവായ യേശുക്രിസ്തുവേ, സജീവ ദൈവത്തിൻെറ പുത്രാ, പിതാവിൻെറ ഇച്ഛയാലും പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്താലും നിൻെറ മരണം ലോകത്തിനു ജീവൻ പ്രദാനം ചെയ്തു....'' ഈ രക്ഷാകരപദ്ധതിയെത്തന്നെ സൂചിപ്പിച്ചുകൊണ്ട്, മൂന്നാമത്തെ സ്തോത്രഗീത പ്രാർത്ഥനയിൽ, പരിശുദ്ധാത്മാവ് ''ഞങ്ങളെ അങ്ങേയ്ക്കുള്ള നിത്യദാനമാക്കട്ടെ''യെന്ന് വൈദികൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു.

## 5. മനഃസാക്ഷിയെ നിർമ്മലമാക്കുന്ന രക്തം

42. പെസഹാരഹസ്യത്തിൻെറ പാരമ്യത്തിൽ പരിശുദ്ധാത്മാവ് സുനിശ്ചിതമായി വെളിപ്പെടുത്തപ്പെടുകയും പുതുതായി സന്നിഹിതനാക്കപ്പെടുകയും ചെയ്തുവെന്നു പറഞ്ഞു. ഉത്ഥിതനായ ക്രിസ്തു അപ്പസ്തോലന്മാരോടു പറയുന്നു. ''നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ'' ഇതുവഴി ക്രിസ്തു പരിശുദ്ധാത്മാവിനെ വെളിപ്പെടുത്തുകയാണ്. അത്താഴമുറിയിലെ പ്രഭാഷണത്തിൽ ക്രിസ്തു വാഗ്ദാനം ചെയ്യുകയും മുൻകൂട്ടി പറയുകയും ചെയ്തതിൻെറ സ്ഥിരീകരണമാണ് അവിടുത്തെ ഈ

157. യോഹ. 20:22f
158. മത്താ. 3:11

വാക്കുകൾ. അതോടൊപ്പം പരിശുദ്ധാത്മാവിന്റെ നവമായ സാന്നിദ്ധ്യവുമുണ്ടാകുന്നു. സത്യത്തിൽ അവിടുന്നു തുടക്കം മുതലേ, സൃഷ്ടിരഹസ്യത്തിലും മനുഷ്യനുമായുള്ള ദൈവത്തിന്റെ പഴയ ഉടമ്പടിക്കാലത്തുടനീളവും പ്രവർത്തനനിരതനായിരുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിധരിച്ച മിശിഹായായി മനുഷ്യപുത്രനെ അയച്ചതുവഴി അവിടുത്തെ പ്രവർത്തനത്തെപ്പററി സംശയമില്ലാതായി. യേശുവിന്റെ മെസയാനിക ദൗത്യത്തിന്റെ പാരമ്യത്തിൽ പരിശുദ്ധാത്മാവ് തന്റെ ദൈവിക വ്യക്തിത്വം മുഴുവനോടുംകൂടി പെസഹാരഹസ്യത്തിൽ സന്നിഹിതനാവുന്നു. കുരിശിലെ യാഗത്തിലധിഷ്ഠിതമായ രക്ഷാപ്രവർത്തനം ഇനിയും തുടരേണ്ടതു് അവിടുന്നാണല്ലോ തീർച്ചയായും യേശു ഈ പ്രവർത്തനം ഭരമേല്പിച്ചത് മനുഷ്യരെ... അപ്പസ്തോലന്മാരേയും സഭയേയും ആണ്. എന്നിരുന്നാലും ഈ മനുഷ്യരിലും, മനുഷ്യരിൽക്കൂടിയും മനുഷ്യാത്മാവിലും ലോകചരിത്രത്തിലും നിർവഹിക്കപ്പെടുന്ന രക്ഷാപ്രവർത്തനത്തിന്റെ സർവ്വാതിശായിയായ മുഖ്യശില്പി പരിശുദ്ധാത്മാവത്രേ. അവിടുന്ന് അദൃശ്യനാണ്; പക്ഷേ എല്ലായിടത്തുമെത്തുന്ന സഹായകനാണ്. ''തനിക്കിഷ്ടമുള്ളിടത്തേക്കു് വീശുന്ന'' അരൂപി! 159

''ആഴ്ചയുടെ ആദ്യദിവസം'' ഉത്ഥിതനായ ക്രിസ്തു പറഞ്ഞ വാക്കുകൾ ''ലോകത്തെ പാപത്തെപ്പററിയും നീതിയെപ്പററിയും ന്യായവിധിയെപ്പററിയും ബോധ്യപ്പെടുത്തുന്ന'' സഹായകനായ പാറക്ലേത്തായുടെ സാന്നിധ്യത്തിനു പ്രത്യേക ഊന്നൽ നൽകുന്നു. ഈ ബന്ധത്തിന്റെ വെളിച്ചത്തിലേ അരൂപിയുടെ ദാനത്തെ അപ്പസ്തോലന്മാരുമായി ബന്ധിപ്പിക്കുന്ന യേശുവിന്റെ വാക്കുകൾ വിശദീകരിക്കാനാവൂ. അവിടുന്നു പറയുന്ന ''പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ, നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ ക്ഷമിക്കപ്പെട്ടിരിക്കും, നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും. 160 യേശു അപ്പോസ്തലന്മാർക്കു പാപമോചനാധികാരം നൽകുന്നു. അവരത്രേ സഭയിലെ

159. cf. യോഹ. 3;8.
160. യോഹ, 20:22f .

തങ്ങളുടെ പിൻഗാമികൾക്ക് കൈമാറണം എന്നാൽ മനുഷ്യർക്ക് നൽകുന്ന ഈ അധികാരത്തിനു പരിശുദ്ധാത്മാവിന്റെ രക്ഷാപ്രവർത്തനത്തിന്റെ പിൻബലം വേണം. ഈ അധികാരം അതുൾക്കൊള്ളുന്നുണ്ട്. "ഹൃദയങ്ങളുടെ പ്രകാശമായി"[161] അതല്ലെങ്കിൽ മനസ്സാക്ഷിയുടെ പ്രകാശമായി വർത്തിച്ചു കൊണ്ട് പരിശുദ്ധാത്മാവ് "പാപത്തെപ്പറ്റി ബോധ്യപ്പെടുത്തുന്നു." മറ്റുവാക്കുകളിൽ, അവിടുന്നു മനുഷ്യനെ തന്റെ തിന്മയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും നന്മയിലേക്കു നയിക്കുകയും ചെയ്യുന്നു. അരൂപിയുടെ ദാനങ്ങൾ ബഹുലങ്ങളായതിനാൽ-ഇതിനാലാണ് അവിടുത്തെ "സപ്തദാന വർഷക"നെന്നു വിളിക്കുന്നത്-ദൈവത്തിന്റെ രക്ഷാകരശക്തിക്ക് മനുഷ്യന്റെ ഏതു പാപത്തിലും ഇറങ്ങിച്ചെല്ലാനാകും. വാസ്തവത്തിൽ. വി. ബൊനവെഞ്ചർ പറയുന്നതുപോലെ, പരിശുദ്ധാരൂപിയുടെ സപ്തദാനങ്ങൾ മൂലം എല്ലാ തിന്മകളും നശിപ്പിക്കപ്പെടുകയും എല്ലാ നന്മയും ഉത്പാദിപ്പിക്കപ്പെടുകയും ചെയ്യുന്നു[162]

അങ്ങനെ, പാപമോചനത്തിന് അവശ്യവ്യവസ്ഥയായ ഹൃദയപരിവർത്തനം നടക്കുന്നതു സഹായകന്റെ സ്വാധീനത്തിലാണ്. ആന്തരികാനുതാപമുൾക്കൊള്ളുന്ന യഥാർത്ഥ മാനസാന്തരമില്ലാതെ, നവീകരണത്തിനു ആത്മാർത്ഥവും ദൃഢവുമായ ഉദ്ദേശ്യമില്ലാതെ പാപങ്ങൾ ക്ഷമിക്കപ്പെടുകയില്ല. യേശുവിന്റെ വാക്കുകളും പഴയ-പുതിയ നിയമപാരമ്പര്യങ്ങളും ഇതു വ്യക്തമാക്കുന്നു. തന്റെ പരസ്യ പ്രവർത്തനത്തിന്റെ ആരംഭത്തിൽ യേശുപറഞ്ഞ ആദ്യവാക്കുകൾ മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തുന്നതിങ്ങനെയാണ്: "പശ്ചാത്തപിച്ചു്, സുവിശേഷത്തിൽ വിശ്വസിക്കുവിൻ"[163] മനുഷ്യപുത്രന്റെ രക്തം സാധിച്ചെടുത്ത രക്ഷനിമിത്തം പരിശുദ്ധാത്മാവ് പുതുതായി ഏറ്റെടുക്കുന്ന "പാപത്തെപ്പറ്റി ബോധ്യമുണർത്തുക"യെന്ന ദൗത്യം ഈ ആഹ്വാനത്തിനു അധികബലം നൽകുന്നു. അതിനാലാണ് ഹെബ്രായർക്കുള്ള ലേഖനം ഈ "രക്തം മനസാ

161. cf. Sequence Veni, Sancte Spiritus
162. വി. ബൊനവെഞ്ചർ, De Septem Donis Spiritus Sancti, Collatio II, 3:Ad ClarasAquas, V, 463.
163. മർക്കോ, 1:15

ക്ഷിയെ നിർമ്മലമാക്കുന്നു'' എന്നുപറയുന്നതു്[164] അങ്ങനെ അതു് മനുഷ്യന്റെ ഹൃദയാന്തരാളത്തിലേയ്ക്കു്, മനുഷ്യമന:സാക്ഷിയുടെ ദിവ്യസ്ഥാനത്തേയ്ക്കു് പരിശുദ്ധാത്മാവിനു വാതിൽ തുറന്നു കൊടുക്കുന്നു.

43. രണ്ടാം വത്തിക്കാൻ കൗൺസിൽ മനുഷ്യന്റെ വിളിയേയും മനുഷ്യവ്യക്തിയുടെ അന്തസ്സിനേയുംപ്പററി പ്രതിപാദിക്കുമ്പോൾ മന:സാക്ഷിയെപ്പററിയുള്ള കത്തോലിക്കാപ്രബോധനം പരാമർശിക്കുന്നുണ്ടു്. മന:സാക്ഷിയാണ് പ്രധാനമായും വ്യക്തിയുടെ മഹാത്മ്യത്തിനു് നിദാനം. കാരണം, അതു ''മനുഷ്യന്റെ ഏററവും രഹസ്യമായ ഉള്ളറയും ദിവ്യസ്ഥാനവുമാണു്. അവിടെ, ആരുടെ സ്വരം തന്റെ ഉള്ളിന്റെ ഉള്ളിൽ പ്രതിധ്വനിക്കുന്നുവോ ആ ദൈവവുമായി അവൻ ഒററയ്ക്കുകഴിയുന്നു''. അതിനു് ''ഇതു ചെയ്യുക അതു വർജ്ജിക്കുക, എന്നൊക്കെ ഓരോ അവസരത്തിലും അവന്റെ ഹൃദയത്തിൽ മന്ത്രിക്കാനാവും.'' നന്മചെയ്യാനും തിന്മ ഉപേക്ഷിക്കുവാനും കല്പിക്കുന്ന ഈ ശക്തി സ്രഷ്ടാവ് മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്നു. അതാണ് വ്യക്തിയുടെ ഏററവും പ്രധാനപ്പെട്ട സവിശേഷതയും. എന്നാൽ അതേസമയം ''മന:സാക്ഷിയുടെ അഗാധതലങ്ങളിൽ മനുഷ്യൻ ഒരു നിയമം കാണുന്നുണ്ടു്. അതു അവൻ സ്വയം തന്റെമേൽ ആരോപിക്കുന്നതല്ല. പ്രത്യുത അതനുസരിക്കാൻ അവൻ നിർബന്ധിതനായിത്തീരുകയാണു്.''[165] അതുകൊണ്ടു് മന:സാക്ഷി നന്മയും തിന്മയും തീരുമാനിക്കുന്ന സ്വാതന്ത്ര്യവും സ്വയം പര്യാപ്തവുമായ ശക്തിയല്ല. വസ്തുനിഷ്ഠമായ 'ശാസന'ത്തോടു ചേർന്നു പോകുന്ന ഒരു അനുസരണതത്ത്വം അതിൽ ആലേഖിതമാണു്. ഈ തത്ത്വം അതിന്റെ തീരുമാനങ്ങൾ, മനുഷ്യന്റെ പെരുമാററത്തിനടിസ്ഥാനമായ കല്പനകളോടും വിലക്കുകളോടും ഒത്തുപോകുന്നുവെന്നു ഉറപ്പുവരുത്തുന്നു. നാം മുമ്പു പരിചിന്തന വിഷയമാക്കിയ ഉല്പത്തിപ്പുസ്തകത്തിലെ വിവരണത്തിൽ ഇതുകാണാമല്ലോ.[166] ഈയർത്ഥത്തിലാണു് മന:സാക്ഷി ''ദൈവത്തിന്റെ സ്വരം പ്രതിധ്വ

164. cf ഹെബ്രാ. 9:14
165. cf. Gaudium et spes. 16.
166. cf. ഉത്.2:9,17.

നിക്കുന്ന ദിവ്യസ്ഥാന''മാകുന്നതു്. മന:സാക്ഷി ദൈവത്തിൻെറ സ്വരമാണ്. സ്രഷ്ടാവുമായി പ്രത്യക്ഷ ബന്ധമില്ലാതെതന്നെ മനുഷ്യനു് സംശയിക്കാനാകാത്ത തരത്തിലുള്ള ധർമ്മക്രമത്തോടു മായി മാത്രം അതിനെ അംഗീകരിക്കുമ്പോഴും ഇതു ശരിയത്രേ. സ്രഷ്ടാവുമായുള്ള ഈ ബന്ധമാണ് മന:സാക്ഷിയുടെ അടിസ്ഥാനവും നീതീകരണവും.

സത്യാത്മാവിൻെറ സ്വാധീനത്തിൽ മനുഷ്യനിൽ ഉണ്ടാകുന്ന പാപത്തെപ്പററിയുള്ള ബോധ്യം മന:സാക്ഷിയിൽക്കൂടി മാത്രമേ സാധിക്കൂ. മന:സാക്ഷി നേരെയുള്ളതാണെങ്കിൽ, അതിനു് ''വ്യക്തികളുടെ ജീവിതത്തിലും സാമൂഹ്യബന്ധങ്ങളിലും പൊന്തിവരുന്ന ധാർമ്മിക പ്രശ്നങ്ങളെ സത്യസന്ധമായി പരിഹരിക്കാൻ കഴിയും.'' അപ്പോൾ ''വ്യക്തികളും സമൂഹങ്ങളും അന്ധമായ തീരുമാനങ്ങളെടുക്കാതെ സദാചാരത്തിൻെറ വസ്തുനിഷ്ടമായ മാനദണ്ഡങ്ങളാൽ നയിക്കപ്പെടാൻ ശ്രമിക്കും''[167].

നേരായ മന:സാക്ഷിയുണ്ടെങ്കിൽ നന്മയെ നന്മയെന്നും തിന്മയെ തിന്മയെന്നും വിളിക്കാനാവും. സഭ ആധുനിക ലോകത്തിൽ എന്ന പ്രമാണരേഖയിൽ ഇങ്ങനെ കാണുന്നു: ''മനുഷ്യജീവിതത്തിനു വിരുദ്ധമായിട്ടുള്ളതെല്ലാം നിന്ദ്യമായി പരിഗണിക്കപ്പെടണം. ഏതുതരത്തിലുള്ള കൊലപാതകവും വംശോന്മൂലനം, ഗർഭഛിദ്രം, കാരുണ്യവധം, ആത്മഹത്യ എന്നിവയും ഇക്കൂട്ടത്തിൽപ്പെടുന്നു. മനുഷ്യവ്യക്തിത്വത്തിൻെറ പൂർണ്ണതയെ നിഹനിക്കുന്ന അംഗവിഛേദം, ശരീരത്തിലോ, മനസ്സിലോ ഏല്പിക്കുന്ന ദാരുണമായ വേദനകൾ, മനസ്സിനെ അടിച്ചമർത്താനുള്ള ശ്രമങ്ങൾ തുടങ്ങിയവയും ഇതിൽപ്പെടുന്നുണ്ടു്. മനുഷ്യമാഹാത്മ്യത്തിനു് മങ്ങലേല്പിക്കുന്ന കാര്യങ്ങൾ മനുഷ്യോചിതമല്ലാത്ത ജീവിത സാഹചര്യങ്ങൾ അന്യായമായ ജയിൽ ശിക്ഷകൾ, നാടുകടത്തൽ, അടിമത്തം, വേശ്യാവൃത്തി, സ്ത്രീകളേയും കുഞ്ഞുങ്ങളേയും വിൽക്കൽ തുടങ്ങിയവയും ഈ ഗണത്തിൽപ്പെടുന്നു. മനുഷ്യരെ സ്വാതന്ത്ര്യവും ഉത്തരവാദിത്വവുമുള്ള വ്യക്തികളായി പരിഗണിക്കാതെ ലാഭത്തിനുവേണ്ടിയുള്ള

167. Gaudium et spes16.

വെറും ഉപകരണങ്ങളായിക്കരുതി മനുഷ്യോചിതമല്ലാത്ത തൊഴിൽ സാഹചര്യങ്ങളിലേയ്ക്ക് വലിച്ചെറിയുന്നതും മനുഷ്യജീവിതത്തിന് വിരുദ്ധമായവയത്രേ. ''ഇങ്ങനെ നമ്മുടെ കാലഘട്ടത്തിൽ സാധാരണവും സാർവ്വത്രികവുമായുള്ള വിവിധ തിന്മകരം പറഞ്ഞിട്ട പ്രമാണരേഖ തുടരുന്നു: ''ഇവയും ഇവയെപ്പോലുള്ള മററുകാര്യങ്ങളും അതിഹീനമത്രേ. മനുഷ്യ സമൂഹത്തിൽ ഇവ വിഷം കുത്തിവയ്ക്കുന്നു. പക്ഷേ, ഈ തിന്മകരം അവ സഹിക്കുന്നവർക്കെന്നതിനേക്കാരം അവയുടെ കർത്താക്കരംക്കാണ് കൂടുതൽ ഉപദ്രവം ചെയ്യുന്നത്. കൂടാതെ അവ സ്രഷ്ടാവിനോട്ട കാണിക്കുന്ന പരമനിന്ദയുമാണ്.''[168]

മനുഷ്യൻെറ അന്തസ്സിനു ഏററവുമധികം പോറലേല്പിക്കുന്ന പാപങ്ങരം ഓരോന്നായി എടുത്തുപറയുകയും മനുഷ്യപുരോഗതിയുടെ എതു കണക്കുപുസ്തകത്തിലും നഷ്ടമാകുന്ന ധാർമ്മിക തിന്മകളാണവയെന്നു ചൂണ്ടിക്കാണിക്കയും ചെയ്യുന്ന കൗൺസിൽ ഇതിനെയൊക്കെ ''നന്മയും തിന്മയും തമ്മിലുള്ള, പ്രകാശവും അന്ധകാരവും തമ്മിലുള്ള നാടകീയ സംഘട്ടന''ത്തിൻെറ ഒരു ഘട്ടമായി ചിത്രീകരിക്കുന്നു. ഈ സംഘട്ടനം വ്യക്തിഗതമോ സാമൂഹ്യമോ ആയ മനുഷ്യ ജീവിതത്തെയാകമാനം ബാധിക്കുന്നു.''[169] അനുരഞ്ജനവും പ്രായശ്ചിത്തവും എന്നവിഷയം ചർച്ചചെയ്ത 1983–ലെ മെത്രാന്മാരുടെ സിനഡ് മനുഷ്യപാപത്തിൻെറ വ്യക്തിഗതവും സാമൂഹ്യവുമായ വശങ്ങളെപ്പററി കുറേക്കൂടി വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്[170]

44. പീഡാനുഭവത്തിൻെറ തലേന്നും ഉയിർപ്പു ഞായറാഴ്ച വൈകുന്നേരവും മുകളിലത്തെ മുറിയിൽവച്ച് യേശു മനുഷ്യചരിത്രത്തിൽ പാപം എന്നും തുടരുന്നുവെന്ന സത്യത്തിനു സാക്ഷ്യം വഹിക്കുന്നവനാണ് പരിശുദ്ധാത്മാവ് എന്ന് പറഞ്ഞു എങ്കിലും പാപം രക്ഷയുടെ മോചകശക്തിക്ക് അടിപ്പെടുത്തപ്പെട്ടിരിക്കുന്നു. ''പാപത്തെപ്പററി ലോകത്തെ ബോധ്യപ്പെടുത്തുന്ന''ത്, പാപത്തെ ശരിയായ പേരുചൊല്ലി വിളിച്ചതുകൊണ്ടോ, മുഴുവൻ അർത്ഥവ്യാപ്തിയിൽ അതിനെ മനസ്സിലാ

168. Ibid, 27.
169. Ibid; 13
170. cf. Post

ക്കിയതുകൊണ്ടോ മാത്രം പൂർണ്ണമാകുന്നില്ല. പാപത്തെപ്പററി ബോധ്യപ്പെടുത്തുന്നതുവഴി സത്യാത്മാവ് മനുഷ്യമന:സാക്ഷി യുടെ സ്വരവുമായി ബന്ധം സ്ഥാപിക്കുന്നു.

ഈ വഴി പിൻതുടരുകയാണെങ്കിൽ മനുഷ്യൻെറ ആന്തരികതയിൽ പടർന്നിട്ടുള്ള പാപത്തിൻെറ വേരുകൾ നമുക്കു കണ്ടെത്താനാവും. മേൽപ്പറഞ്ഞ പ്രമാണരേഖ ഇങ്ങനെ വിശദീകരിക്കുന്നു. ''ആധുനിക ലോകത്തെ വീർപ്പു മുട്ടിക്കുന്ന അസന്തുലിതസ്ഥിതികൾ മനുഷ്യഹൃദയത്തിൽ വേരുറച്ചതും കൂടുതൽ അടിസ്ഥാനപരവുമായ അസന്തുലനാവസ്ഥയോട് ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണ് വാസ്തവം. കാരണം, മനുഷ്യനിൽ തന്നെ വിവിധശക്തികൾ മല്ലടിക്കുന്നുണ്ട്. ഒരു വശത്തു സൃഷ്ടിയെന്ന നിലയിൽ നാനാപ്രകാരേണ, തൻെറ പരിമിതികൾ മനുഷ്യനു് അനുഭവപ്പെടുന്നു. മറുവശത്ത് സ്വന്തം അഭിലാഷങ്ങളിൽ അതിരററവനും കൂടുതൽ ഉന്നതമായ ജീവിതത്തിനു് വിളിക്കപ്പെട്ടവനുമായി അവൻ സ്വയം കരുതുന്നു. അനേകതരം ആകർഷണങ്ങളാൽ പിടിച്ചുലയ്ക്കപ്പെടുന്ന അവൻ അവയിൽ ചിലതിനെ കൊള്ളാനും മററു ചിലതിനെ തള്ളാനും നിർബന്ധിതനാകുന്നു. ദുർബലനും പാപിയുമാണവൻ, പലപ്പോഴും ചെയ്യരുതാത്തതു ചെയ്യുകയും ചെയ്യേണ്ടതു് ചെയ്യുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു'' [171]. വി. പൗലോസിൻെറ പ്രസിദ്ധമായ വാക്കുകളാണ് ഇവിടെ പ്രമാണരേഖ സൂചിപ്പിക്കുന്നതു് [172].

മനുഷ്യമന:സാക്ഷി അതിനെപ്പററിത്തന്നെ പരിചിന്തിക്കയും അങ്ങനെ മനുഷ്യനിലെ പാപത്തിൻെറ വേരുകൾ കണ്ടെത്തുകയും അതുപോലെ ചരിത്രഗതിയിൽ മന:സ്സാക്ഷി എങ്ങനെയാണ് രൂപപ്പെടുത്തപ്പെട്ടതെന്നു് ഗ്രഹിക്കയും ചെയ്യുമ്പോൾ അവിടെ ''പാപത്തെപ്പററിയുള്ള ബോധ്യപ്പെടുത്തലു'' മുണ്ട്. നാം നേരത്തെ പറഞ്ഞ പാപത്തിൻെറ ആദ്യയാഥാർത്ഥ്യത്തിലെത്തിച്ചേരുന്നതും ഇങ്ങനെയാണ്. മനുഷ്യാരംഭത്തിൻെറ രഹസ്യവുമായി ബന്ധപ്പെടുത്തി പരിശുദ്ധാത്മാവ്

171. Gaudium et Spes, 10
172. cf. റോമ. 7 :14-15, 19

''പാപത്തെപ്പററി ബോധ്യപ്പെടുത്തുന്നു''. മനുഷ്യൻ ഒരു സൃഷ്ട ജീവിയാണെന്നും അതിനാൽ അസ്തിത്വതലത്തിലും ധാർമ്മിക തലത്തിലും സമ്പൂർണ്ണമായും സ്രഷ്ടാവിനെ ആശ്രയിച്ചുനിൽക്കേ ന്നുവെന്നുമുള്ള വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ടാണതു്. അതേ സമയം, അവിടുന്നു് മനുഷ്യപ്രകൃതിയുടെ പാരമ്പര്യേനയുള്ള പാപാവസ്ഥയെക്കുറിച്ചു നമ്മെ അനുസ്മരിപ്പിക്കുന്നു. എ ന്നാൽ സഹായകനായ പരിശുദ്ധാത്മാവു് ''പാപത്തെപ്പററി ബോധ്യപ്പെടുത്തുന്നതു്'' എപ്പോഴും ക്രിസ്തുവിൻെറ കുരിശുമാ യി ബന്ധപ്പെടുത്തിയാണു്. ഈ ബന്ധത്തിൻെറ പശ്ചാത്ത ലത്തിൽ പാപത്തെ സംബന്ധിച്ചുള്ള ഏതു ''വിധിവിശ്വാസ'' ത്തേയും ക്രിസ്തുമതം തിരസ്കരിക്കുന്നു. കൗൺസിൽ പഠിപ്പിക്കു ന്നതുപോലെ, ''അന്ധകാരശക്തികളോടുള്ള മനുഷ്യൻെറ ഘോ രസമരം മാനവചരിത്രത്തിലുടനീളം തെളിഞ്ഞുകാണാം. കർ ത്താവു സൂചിപ്പിച്ചിട്ടുള്ളതുപോലെ ഈ സമരം ലോകാരംഭം മുതലുള്ളതും അന്തിമനാടംവരെ തുടരുന്നതുമാണു്''. [173] ''പക്ഷേ കർത്താവുതന്നെ മനുഷ്യനെ മോചിപ്പിക്കുവാനും ശക്തിപ്പെടു ത്തുവാനും വന്നു''. [174] അതുകൊണ്ടു്, മനുഷ്യൻ തൻെറ പാപാ വസ്ഥയുടെ ''കെണിയിൽപ്പെടാതെ'' സ്വന്തം മന:സാക്ഷി യുടെ സ്വരത്തിനു ചെവികൊടുത്തു് ''നിരന്തരം സമരം ചെ യ്യാൻ ബാദ്ധ്യസ്ഥനാണു്. അങ്ങനെയാണെങ്കിലേ അവനു നന്മയോടു ഒട്ടിച്ചേർന്നു നിൽക്കാനാവൂ. അതുപോലെതന്നെ, ധീരശ്രമവും ദൈവാനുഗ്രഹവും കൂടാതെ ജീവിത സമഗ്രതയി ലെത്താൻ മനുഷ്യനു സാധിക്കുകയില്ല''. [175] മനുഷ്യൻെറ വ്യ ക്തിജീവിതത്തേയും സാമൂഹ്യജീവിതത്തേയും സാരമായി ബാധിക്കുന്ന അന്യവത്ക്കരണത്തിൻെറ ഒരു ഘടകമായാണു് പാപത്തെ കൗൺസിൽ കാണുന്നതു്. അതു ശരിയായ കാഴ്ച പ്പാടാണുതാനും. വിജയസാധ്യതയെപ്പററി നമ്മെ അനുസ്മരി പ്പിക്കാനും കൗൺസിൽ എപ്പോഴും ശ്രദ്ധവയ്ക്കുന്നുമുണ്ടു്.

45. ''പാപത്തെപ്പററി ലോകത്തെ ബോധ്യപ്പെടുത്തുന്ന'' സത്യാത്മാവു് മനുഷ്യമന:സാക്ഷിയുടെ ശ്രമകരമായ പ്രവർ

173. Gaudium et Spes, 37
174. Ibid, 13
175. Ibid, 37

ത്തനവുമായി ബന്ധപ്പെടുന്നു. കൗൺസിൽ രേഖകൾ ഇതു് മിഴിവോടെ ചിത്രീകരിക്കുന്നുണ്ടു്. മനഃസാക്ഷിയുടെ ശ്രമകരമായ ഈ പ്രവർത്തനം മാനസാന്തരത്തിൻെറ വഴികൾ നിർണ്ണയിക്കുന്നു. പാപത്തിൽനിന്നു് പുറംതിരിയുകയും മനുഷ്യഹൃദയത്തിൽ സത്യവും സ്നേഹവും പുനഃസ്ഥാപിക്കുകയും ചെയ്യുന്നതാണു് മാനസാന്തരം. നമ്മിൽത്തന്നെ തിന്മ അംഗീകരിക്കുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെന്നു് നമുക്കറിയാം. മനഃസാക്ഷി കല്പിക്കുയും വിലക്കുകയും മാത്രമല്ല ചെയ്യുന്നതു്, ആന്തരിക നിർദ്ദേശങ്ങളുടേയും നിരോധനങ്ങളുടേയും വെളിച്ചത്തിൽ വിധിക്കുകയും ചെയ്യുന്നുണ്ടു്. തെററുചെയ്യുമ്പോഴുണ്ടാകുന്ന മാനസികാസ്വാസ്ഥ്യത്തിനും കാരണം മനഃസാക്ഷിയത്രേ. ഈ അസ്വാസ്ഥ്യത മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവത്തിനു തോന്നിയ ''പശ്ചാത്താപ''ത്തിൻെറ — ഇതേപ്പററി മനുഷ്യനു മനസ്സിലാകുന്ന ഭാഷയിൽ വി. ഗ്രന്ഥം പറഞ്ഞു തരുന്നു. നേരിയ പ്രതിധ്വനിയല്ലേ? ത്രിത്വത്തിൻെറ ഹൃദയാന്തരാളത്തിൽ അനുഭവപ്പെട്ടതും നിത്യസ്നേഹം മൂലം കുരിശിലെ പീഡയിലും മരണംവരെയുള്ള ക്രിസ്തുവിൻെറ അനുസരണത്തിലും പ്രകടമായതുമായ ആ 'ഖേദത്തിൻെറ പ്രതിധ്വനിയല്ലേ അതു് ? സത്യാത്മാവ് മേൽസൂചിപ്പിച്ച അസ്വാസ്ഥ്യതയിൽ പങ്കുപററുവാൻ മനുഷ്യമനഃസാക്ഷിയെ അനുവദിക്കുമ്പോൾ മനഃസാക്ഷിയുടെ വേദന മഹത്തരമാകുന്നു, പോരാ, രക്ഷാകരമാകുന്നു. അപ്പോൾ തികഞ്ഞ പശ്ചാത്താപ പ്രകരണം വഴി സാർത്ഥകമായ ഹൃദയ പരിവർത്തനം സാധ്യമാവുന്നു. ഇതാണു് സുവിശേഷത്തിലെ ''പശ്ചാത്താപം'' (metanoia).

മനുഷ്യഹൃദയത്തിൻെറ ശ്രമകരമായ പ്രവർത്തനം, പശ്ചാത്താപം അല്ലെങ്കിൽ മാനസാന്തരം ഉണ്ടാക്കുന്ന മനഃസാക്ഷിയുടെ ശ്രമകരമായ പ്രവർത്തനം, ഖേദം രക്ഷാകരസ്നേഹമാക്കി രൂപാന്തരപ്പെടുത്തുന്ന പ്രക്രിയയുടെ ഒരു പ്രതിഫലനമാകുന്നു. ഈ സ്നേഹം സഹനത്തിനു സന്നദ്ധമത്രേ. രക്ഷാകരമായ ഈ ശക്തിയുടെ അദൃശ്യദാതാവ് പരിശുദ്ധാരൂപിയാണു്. ''മനഃസാക്ഷിയുടെ പ്രകാശം'' എന്നു സഭ വിളിക്കുന്ന അവിടുന്നു് ''മനുഷ്യഹൃദയത്തിൻെറ ആഴങ്ങളി''ലേയ്ക്കു്[176] ചുഴിഞ്ഞിറങ്ങുക

176. cf.Sequence of Pentecost: Reple Cordis intima

യും അതിനെ നിറസ്സുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിലുള്ള ഹൃദയ പരിവർത്തനം വഴി ഒരാറം പാപങ്ങറം ക്ഷമിക്കപ്പെട്ടുന്നതിനും മോചിക്കപ്പെട്ടുന്നതിനും തയ്യാറാവുന്നു. അതിശയകരമായ ഈ ഹൃദയപരിവർത്തന – മോചന പ്രക്രിയയിൽ മനുഷ്യരഹസ്യത്തെപ്പററി വി.അഗസ്റ്റിൻ എഴുതിയിട്ടുള്ള കാര്യം വാസ്തവമായിത്തീരുന്നു. ''ആഴം ആഴത്തെ വിളിക്കുന്നു'',[177] എന്ന സങ്കീർത്തനവാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ടാണ് അഗസ്റ്റിൻ അതു പറയുന്നതു്. മനുഷ്യന്റെ മനഃസാക്ഷിയുടെ ''അളക്കാനാകാത്ത ആഴങ്ങളെ'' സംബന്ധിക്കുന്നതാണ് പുത്രനും പരിശുദ്ധാത്മാവും നിർവ്വഹിക്കുന്ന ദൗത്യം. പെസഹാരഹസ്യത്തിലെ ക്രിസ്തുവിന്റെ ''വേർപാട്''മൂലം പരിശുദ്ധാത്മാവ് ''വരുന്നു.'' കുരിശിലെ ബലി മൂലം ഹൃദയപരിവർത്തന – മോചനങ്ങളുടെ ഓരോ അവസരത്തിലും അവിടുന്നു വരുന്നു. കാരണം, ഈ ബലിയിൽ ''ക്രിസ്തുവിന്റെ രക്തം സജീവനായ ദൈവത്തെ ശുശ്രൂഷിക്കുവാൻ നിങ്ങളുടെ മനഃസാക്ഷിയെ നിർജ്ജീവപ്രവൃത്തികളിൽനിന്നു വിശുദ്ധീകരിക്കുന്നു.''[178] അങ്ങനെ ''മറെറാരു സഹായകനായ'' പരിശുദ്ധാത്മാവിനെപ്പററിയുള്ള വാക്കുകറം നിരന്തരം നിറവേറപ്പെട്ടുന്നു. മുകളിലത്തെ മുറിയിൽവച്ചു ക്രിസ്തു അപ്പസ്തോലന്മാരോടും അതുവഴി പരോക്ഷമായി എല്ലാവരോടും പറഞ്ഞു: ''നിങ്ങറംക്കു് അവനെ അറിയാം, എന്തെന്നാൽ അവൻ നിങ്ങളോടൊത്തു വസിക്കുന്നു,നിങ്ങളിൽ ആയിരിക്കുകയും ചെയ്യും.''[179]

## 6. പരിശുദ്ധാത്മാവിനെതിരായുള്ള പാപം

46. ഇത്രയും പറഞ്ഞതിന്റെ വെളിച്ചത്തിൽ, ഞെട്ടലുളവാക്കുന്നതും അസ്വാസ്ഥ്യജനകവുമായ യേശുവിന്റെ മററു

177. cf. വി. അഗസ്റ്റിൻ Enarr. in Ps. XLI, 13;C CL, 38, 470: "എന്താണ് ആഴം? എന്താണതു സൂചിപ്പിക്കുന്നതു്? മനുഷ്യഹൃദയത്തെ ഒരു പക്ഷേ ആഴമായിക്കരുതാൻ പാടില്ലേ? ഇതിനേക്കാറം ആഴമേറിയതു പിന്നെന്താണുള്ളതു്? മനുഷ്യർക്കു സംസാരിക്കാനാവും; അവർ പ്രവർത്തിക്കുന്നതു കാണാം; സംഭാഷിക്കുന്നതു കേറക്കാം; പക്ഷേ ആരുടെ ചിന്തയിലേയ്ക്കാണു ചുഴിഞ്ഞിറങ്ങാൻ സാധിക്കുക? ആരുടെ ഹൃദയമാണു വായിക്കാനാകുക?"

178. cf. ഹെബ്രാ. 9:14

179. യോഹ. 14:17

ചില വാക്കുകൾ സുഗ്രാഹ്യമായിത്തീരുന്നു. 'ക്ഷാമനിഷേധ' ത്തിൻെറ വാക്കുകൾ എന്നു വേണമെങ്കിൽ അവയെ വിളിക്കാം. ഒരു പ്രത്യേക പാപത്തെ സംബന്ധിക്കുന്ന ഈ വാക്കുകൾ സമവീക്ഷണ സുവിശേഷകന്മാർ മൂന്നുപേരും രേഖപ്പെടുത്തിയിട്ടുണ്ട്. ''പരിശുദ്ധാത്മാവിനെതിരായുള്ള പാപം'' എന്നാണ് അതിനെ പറയുന്നതു്. മൂന്നു സുവിശേഷങ്ങളിലും അവ രേഖപ്പെടുത്തിയിരിക്കുന്നതു് ഇപ്രകാരമാണ്. മത്തായി: മനുഷ്യപുത്രനെതിരായി ആരെങ്കിലും ഒരു വാക്കു പറഞ്ഞാൽ അതു് അവനോട് ക്ഷമിക്കപ്പെടും; എന്നാൽ പരിശുദ്ധാത്മാവിനെതിരായി ആരെങ്കിലും സംസാരിച്ചാൽ അവനോട് ഈ യുഗത്തിലോ, വരുവാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ല.'' [180] മർക്കോസ്: ''മനുഷ്യമക്കളുടെ എല്ലാ പാപങ്ങളും ക്ഷമിക്കപ്പെടും; അവർ പറയുന്ന എല്ലാ ദൂഷണവും. എന്നാൽ പരിശുദ്ധാത്മാവിനെതിരായി ദൂഷണം പറയുന്നവനു് ഒരു കാലത്തും പാപത്തിൽനിന്നു മോചനമില്ല. അവൻ നിത്യപാപത്തിനു് ഉത്തരവാദിയാകും.[181]'' ലൂക്ക: മനുഷ്യപുത്രനെതിരായി ആരെങ്കിലും ഒരു വാക്കു് ഉച്ചരിച്ചാൽ അതു് അവനോടു ക്ഷമിക്കപ്പെടും; എന്നാൽ പരിശുദ്ധാത്മാവിനെതിരായി ദൂഷണം പറയുന്നവനോടു ക്ഷമിക്കപ്പെടുകയില്ല.''[182]

പരിശുദ്ധാത്മാവിനെതിരായുള്ള ദൂഷണം ക്ഷമിക്കപ്പെടാത്തതെന്താണ്? ഈ ദൂഷണത്തെ എങ്ങനെയാണു മനസ്സിലാക്കേണ്ടതു്? വി.തോമസ് അക്വീനാസിൻെറ മറുപടി ഇതാണ്. ''സ്വഭാവേന തന്നെ, ക്ഷമിക്കപ്പെടാനാകാത്ത പാപമാണതു്. കാരണം, പാപമോചനം സാധ്യമാക്കുന്ന ഘടകങ്ങളെല്ലാം അതൊഴിവാക്കുന്നു.''[183]

ഈ വ്യാഖ്യാനമനുസരിച്ചു ദൂഷണം വാസ്തവത്തിൽ വാക്കുകൊണ്ടു പരിശുദ്ധാത്മാവിനെ ദ്രോഹിക്കുന്നതല്ല; മറിച്ചു കുരിശിൻെറ ശക്തിയാൽ പരിശുദ്ധാത്മാവുവഴി ദൈവം മനുഷ്യനു

180. മത്താ. 12:31–32
181. മർക്കോ. 3:28–29
182. ലൂക്ക. 12:10
183. വി. അക്വിനാസ്

വച്ചുനീട്ടുന്ന രക്ഷ സ്വീകരിക്കുവാനുള്ള വൈമനസ്യമാണ്. പരിശുദ്ധാത്മാവിൽനിന്നു വരുന്നതും രക്ഷാകരശക്തിയുള്ളതുമായ ''പാപത്തെപ്പററി ബോധ്യപ്പെടുത്തൽ'' മനുഷ്യൻ തിരസ്കരിക്കുമ്പോൾ സഹായകൻെറ ''വരവിനേയും'' അവൻ തള്ളിപ്പറയുന്നു. പെസഹാരഹസ്യമാണ്, ക്രിസ്തുവിൻെറ രക്തത്തിൻെറ രക്ഷാകരശക്തിയുമായി ചേർന്ന് ആ വരവ് സാധ്യമാക്കിത്തീർത്തത്. ക്രിസ്തുവിൻെറ രക്തമാകട്ടെ, മന:സാക്ഷിയെ നിർജ്ജീവപ്രവർത്തികളിൽനിന്നു വിശുദ്ധീകരിക്കുന്നു.''

അങ്ങനെയുള്ള വിശുദ്ധീകരണത്തിൻെറ ഫലം പാപമോചനമായിരിക്കുമെന്നു നമുക്കറിയാം, അതിനാൽ അരൂപിയേയും രക്തത്തേയും തിരസ്കരിക്കുന്നവൻ നിർജ്ജീവ പ്രവർത്തികളിൽ പാപത്തിൽ കഴിയുന്നു. പരിശുദ്ധാത്മാവിനെതിരായുള്ള ദൂഷണം ഈ പാപമോചനം സ്വീകരിക്കാനുള്ള അടിസ്ഥാനപരമായ വിമുഖതയാണ്. മോചനം നല്കുന്നതും അതിനു മുന്നോടിയായി മന:സാക്ഷിയിൽ യഥാർത്ഥ പരിവർത്തനം വരുത്തുന്നതും പരിശുദ്ധാത്മാവാണല്ലോ. പരിശുദ്ധാത്മാവിനെതിരായുള്ള ദൂഷണം ഈ ജീവിതത്തിലോ ഭാവി ജീവിതത്തിലോ ക്ഷമിക്കപ്പെടുകയില്ല എന്ന് യേശു പറയുന്നതിൻെറ കാരണം ഈ ക്ഷമാനിഷേധം പശ്ചാത്താപവിമുഖതയുടെ ഫലമായി വരുന്നതുകൊണ്ടാണ്. മററു വാക്കുകളിൽ പറഞ്ഞാൽ, ഹൃദയപരിവർത്തനത്തിന് ഒട്ടുംതന്നെ സന്നദ്ധതയില്ലാത്തതിൻെറ ഫലമാണത്. രക്ഷയുടെ ഉറവിടങ്ങളിലേയ്ക്കു വരുവാൻ തയ്യാറല്ല എന്നാണതിൻെറ അർത്ഥം. ഈ ഉറവിടങ്ങൾ രക്ഷാപദ്ധതിയിൽ എപ്പോഴും തുറന്നുതന്നെയാണു കിടക്കുന്നത്. രക്ഷാപദ്ധതിയനുസരിച്ചാണ് പരിശുദ്ധാത്മാവ് തൻെറ ദൗത്യം നിർവ്വഹിക്കുന്നത്. ഈ ഉറവിടങ്ങളിൽനിന്നു സ്വീകരിക്കുവാൻ അരൂപിക്ക് അതിരററ കഴിവുണ്ട്. ''അവൻ എനിക്കുള്ളവയിൽനിന്നു സ്വീകരിക്കുമെന്നും യേശു പറയുകയുണ്ടായി. ഇവ്വിധം അവിടുന്നു ക്രിസ്തുവിൽ സാധിച്ച രക്ഷയുടെ പ്രവർത്തനം മനുഷ്യാത്മാക്കളിൽ പൂർണ്ണമാക്കുകയും അതിൻെറ ഫലങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു. അപ്പോൾ പരിശുദ്ധാത്മാവിനെതിരായുള്ള ദൂഷണം തിന്മയിൽ ഏതെങ്കിലും പാപത്തിൽ – ഉറച്ചുനിൽക്കാൻ തനിക്കു് അവകാ

ശമുണ്ടെന്നു് വാദിക്കുകയും അങ്ങനെ രക്ഷ തിരസ്കരിക്കുകയും ചെയ്യുന്നവൻെറ പാപമത്രേ. അവൻ പാപത്തിൽ സ്വയം അടച്ചു പൂട്ടുന്നു. അങ്ങനെ അവനു് ഹൃദയപരിവർത്തനവും തൽഫലമായി പാപമോചനവും ദുസ്സാദ്ധ്യമായിത്തീരുന്നു. അവയെ അവൻ സാരങ്ങളോ ജീവിതത്തിൽ പ്രധാനപ്പെട്ടവയോ ആയി പരിഗണിക്കുന്നുമില്ല. ഇതു് ആത്മനാശത്തിൻെറ അവസ്ഥയാണു്. കാരണം, പരിശുദ്ധാത്മാവിനെതിരായുള്ള ദൂഷണം സ്വയം തീർത്ത തടവറയിൽനിന്നു രക്ഷപ്പെടുവാനോ മനഃസാക്ഷി വിശുദ്ധീകരണത്തിൻേറയും പാപമോചനത്തിൻേറയും ദൈവികയുറവിടങ്ങൾക്കു് വാതിൽ തുറന്നു കൊടുക്കുവാനോ ഒരുവനെ അനുവദിക്കുന്നില്ല.

47. ''പാപത്തെപ്പററിയുള്ള രക്ഷാകരമായ ബോധ്യപ്പെടുത്തലി''ലേയ്ക്കു നയിക്കുന്ന സത്യാത്മാവിൻെറ പ്രവർത്തനം ഈയവസ്ഥയിലുള്ള ഒരു വ്യക്തിയിൽ ആന്തരികമായ ഒരു ചെറുത്തുനില്പിനെയാണു് അഭിമുഖീകരിക്കുന്നതു്. മനഃസാക്ഷിയുടെ കട്ടപ്പം സ്വന്തഇഷ്ടത്താൽ ഉറച്ചുപോയതെന്നു പറയാവുന്ന മാനസികാവസ്ഥ എന്നൊക്കെ അതിനെ വിശേഷിപ്പിക്കാം. ഇതിനെയാണു് വി. ഗ്രന്ഥം സാധാരണ ''ഹൃദയകാഠിന്യം'' [184] എന്നു പറയുന്നതു്. ഹൃദയത്തിൻേറയും മനസ്സിൻേറയും ഈ ഭാവം ഇക്കാലത്തു പാപബോധത്തിൻെറ അഭാവത്തിൽ പ്രതിഫലിച്ചു കാണാം. ''അനുരഞ്ജനവും പ്രായശ്ചിത്തവും എന്ന അപ്പസ്തോലിക പ്രബോധനം ഇതേപ്പററി ദീർഘമായി ഉപന്യസിക്കുന്നുണ്ടു്. [185] ''പാപബോധം നഷ്ടപ്പെട്ടതാണു് ഈ നൂററാണ്ടിൻെറ പാപ'' [186] മെന്നു പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ നേരത്തെതന്നെ പ്രഖ്യാപിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഈ നഷ്ടം എപ്പോഴും ''ദൈവബോധനഷ്ടവു''

184. cf. സങ്കീ. 81/80: B; ജറ. 7.24; മർക്കോ. 3:5

185. Post-synodal Apostolic Exhortation, Reconcilio et paenitentia (2 Dec. 84) no. 18: AAS 77 (1985) pp. 224-8.

186. പീയൂസ്. XII, Radio message to the National catechetical Congress of the United States of America in Boston (26 Oct. 1946) Discors ie Radio-messaggi, VII$_I$ (1946) 228.

മായി ഒന്നിച്ചു പോകുന്നതാണ്. പ്രസ്തുത പ്രബോധനത്തിൽ നാമിങ്ങനെ വായിക്കുന്നു; ''വാസ്തവത്തിൽ, ദൈവം മനുഷ്യൻെറ ആരംഭവും പരമാന്ത്യവുമാകുന്നു. മനുഷ്യൻ തന്നിൽ ദൈവത്തിൻെറ ഒരു ബീജം സംവഹിക്കുന്നുണ്ട്. അതുകൊണ്ട് ദൈവികയാഥാർത്ഥ്യമാണു മനുഷ്യരഹസ്യത്തെ വെളിപ്പെടുത്തുകയും ഉദാഹരിക്കുകയും ചെയ്യുന്നതു്. ഇക്കാരണത്താൽ, ദൈവദ്രോഹമെന്ന ബോധം, അതായതു്, യഥാർത്ഥമായ പാപബോധം ഇല്ലെങ്കിൽ മനുഷ്യനും മാനുഷികമൂല്യങ്ങൾക്കുമെതിരായ പാപത്തെപ്പററിയുള്ള ബോധം വേരുറയ്ക്കുമെന്ന പ്രതീക്ഷ വ്യർത്ഥമാകും.'' 187

അതിനാൽ, സഭ മനുഷ്യമനഃസാക്ഷിയുടെ അവികലത നഷ്ടപ്പെടാതിരിക്കുവാനും നന്മതിന്മകളുടെ നേർക്ക് അതിനുള്ള ആരോഗ്യകരമായ ലോലഭാവം തേഞ്ഞുമാഞ്ഞു പോകാതിരിക്കുവാനും വേണ്ട അനുഗ്രഹത്തിനായി നിരന്തരം ദൈവത്തോടു പ്രാർത്ഥിക്കുന്നു. ഈ അവികലതയും വിലോലതയും സത്യാത്മാവിൻെറ പ്രവർത്തനവുമായി സഗാഢം ബന്ധപ്പെട്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ വി. പൗലോസിൻെറ ആഹ്വാനങ്ങൾ കൂടുതൽ വാചാലമായിത്തീരുന്നു: ''ആത്മാവിനെ നിർവീര്യമാക്കരുതു്''; ''പരിശുദ്ധാത്മാവിനെ വേദനിപ്പിക്കരുതു്''188 സർവ്വോപരി, ''പരിശുദ്ധാവിനെതിരായ ദൂഷണ''മെന്നു സുവിശേഷങ്ങൾ പറയുന്ന ആ പാപം ലോകത്തിൽ വർദ്ധിച്ചുവരരുതെന്നു സഭ അവിരാമം തീക്ഷ്ണമായി പ്രാർത്ഥിക്കുന്നു. മറിച്ചു മനുഷ്യാത്മാക്കളിൽ, തത്ഫലമായി സമൂഹത്തിൻെറ തന്നെ രൂപങ്ങളിലും ഘടനകളിലും—അതു കുറഞ്ഞുവരുവാനും പരിശുദ്ധാത്മാവിൻെറ രക്ഷാപ്രവർത്തനത്തിനാവശ്യമായ മനഃസാക്ഷിയുടെ തുറന്ന നിലപാടിനു അതു വഴിമാറിക്കൊടുക്കുവാനും ഇടയാകണമേ എന്നാണ് അവർ അപേക്ഷിക്കുന്നതു്. പരിശുദ്ധാത്മാവിനെതിരായുള്ള അപകടകരമായ പാപത്തിൻെറ സ്ഥാനത്തു സഹായകനായ അവിടുത്തെ ദൗത്യം അംഗീകരിക്കുവാൻ വിശുദ്ധമായൊരു സന്നദ്ധത ഉണ്ടാകണമെന്നാണു സഭ പ്രാർത്ഥിക്കുന്നതു്. സഹായകനായ അവിടുന്നു ''പാ

187. Post-synodal Apostolic Exhortation, pp.225-26.
188. 1. തെസ. 5: 19, എഫേ. 4: 30.

പത്തെപ്പററിയും നീതിയെപ്പററിയും ന്യായവിധിയെപ്പററിയും ലോകത്തെ ബോധ്യപ്പെടുത്താനാണല്ലോ'' വരുന്നതു്.

48. അന്ത്യപ്രഭാഷണത്തിൽ യേശു ''ബോധ്യപ്പെടുത്ത ലി''ൻെറ മൂന്നു തലങ്ങളായ പാപം, നീതി. ന്യായവിധി എന്നിവയെ ഒന്നിച്ചവതരിപ്പിച്ചു. ഇവ മൂന്നും സഹായകൻെറ ദൗത്യത്തിൻെറ ഘടകങ്ങളാണ്. മനുഷ്യചരിത്രത്തിൽ പാപത്തിനു്, ''തിന്മയുടെ രഹസ്യ'ത്തിനു വിരുദ്ധമായ 'മതരഹസ്യ'ത്തിൻെറ മേഖല അവ വേർതിരിച്ചു കാണിക്കുന്നു.[189] വി. അഗസ്റ്റിൻ പറയുന്നതുപോലെ ഒരു വശത്തു് ''ദൈവത്തെ അവഹേളിക്കുന്നിടത്തോളം വരെ സ്വാർത്ഥസ്നേഹം''; മറുവശത്തു്, ''സ്വാർത്ഥത്തെ പുഛിച്ചുപുറന്തള്ളുന്നിടത്തോളം വരെ ദൈവസ്നേഹം.[190] മാനവകുടുംബത്തിലെ മനഃസാക്ഷികളുടേയും സമൂഹങ്ങളുടേയും ചരിത്രം പാപക്കുപത്തിലേയ്ക്കു താണുപോകാതിരിക്കുന്നതിനു സഭ നിരന്തരം പ്രാർത്ഥിക്കുകയും സേവനമർപ്പിക്കുകയും ചെയ്യുന്നു. ''ദൈവത്തെ അവഹേളിക്കുന്നിടംവരെ'' അവിടുത്തെ കല്പനകൾ നിരസിക്കുമ്പോഴാണു പാപത്തിൻെറ താഴത്തെ തട്ടിൽ എത്തിച്ചേരുന്നതു്. ഇതുണ്ടാകാതെ, ജീവദായകനായ അരൂപിയെ വെളിപ്പെടുത്തുന്ന സ്നേഹത്തിലേയ്ക്കുയരുവാൻ വ്യക്തികൾക്കും സമൂഹങ്ങൾക്കും സാധിക്കേണ്ടതിനു സഭ ശ്രമിക്കുന്നു.

പരിശുദ്ധാത്മാവിനാൽ''പാപത്തെപ്പററി ബോധ്യ''മുണ്ടാകുവാൻ സമ്മതിക്കുന്നവർ ''നീതിയെപ്പററിയും ന്യായവിധിയെപ്പററിയും'' ബോദ്ധ്യപ്പെടുന്നതിനു സമ്മതിക്കുന്നു. പാപത്തെപ്പററിയുള്ള സത്യം അറിയുന്നതിനു മനുഷ്യവ്യക്തികളേയും മനഃസാക്ഷികളേയും സഹായിക്കുന്ന സത്യാത്മാവു്, ക്രിസ്തുവിൽ മനുഷ്യ ചരിത്രത്തിൽ പ്രവേശിച്ച ആ നീതിയെപ്പററിയുള്ള സത്യം അറിയുന്നതിനും ശക്തി നൽകുന്നു. ഇപ്രകാരം സഹായകൻെറ പ്രവർത്തനത്താൽ 'പാപത്തെപ്പററി ബോധ്യപ്പെടുകയും' അങ്ങനെ പരിവർത്തനം വരുത്തുകയും ചെയ്യുന്നവർക്ക

189. cf. Post-synodal Apostolic Exhortation, 14-22
190. cf. വി. അഗസ്റ്റിൻ. De Civitate Dei XIV, 28: PP. 211-233 CCL 48 451

''ന്യായവിധി''യുടെ മേഖലയിൽനിന്നു പുറത്തുപോരാൻ സാധിക്കുന്നു. ഈ ന്യായവിധിയാലാണ്, ''ഈ ലോകത്തിൻെറ അധികാരി വിധിക്കപ്പെടുന്നതു്.''[191] ഹൃദയപരിവർത്തനം അതിൻെറ ദൈവ—മനുഷ്യരഹസ്യത്തിൻെറ ആഴത്തിൽ, തിന്മയുടെ രഹസ്യത്തോടു മുഴവനായും മനുഷ്യനെ ബന്ധിപ്പിക്കുന്ന പാപം തീർക്കുന്ന ചങ്ങലകളെ പൊട്ടിച്ചെറിയുകയെന്നതാണ്. പരിവർത്തനം വന്നവരെ പരിശുദ്ധാത്മാവ് ന്യായവിധിയുടെ മേഖലയിൽനിന്നു പുറത്തുകൊണ്ടുവരുന്നു. യേശുക്രിസ്തുവിലുള്ള നീതിയിലേയ്ക്കു അവിടുന്ന് അവരെ നയിക്കുകയും ചെയ്യുന്നു. നീതി യേശുക്രിസ്തുവിലാണ്; കാരണം അവിടുന്ന് അതു പിതാവിൽനിന്നു സ്വീകരിച്ചിരിക്കയാണ്.[192] അതു ത്രിത്വത്തിൻെറ വിശുദ്ധിയുടെ ഒരു പ്രതിഫലനംകൂടിയാണ്. ഇതാണു സുവിശേഷത്തിൻേറയും രക്ഷയുടേയും നീതി, ഗിരിപ്രഭാഷണത്തിൻേറയും കുരിശിൻേറയും നീതി. ഇതു കുഞ്ഞാടിൻെറ രക്തംമൂലം മനഃസാക്ഷിയെ നിർമ്മലമാക്കുന്നു. ഇതു പിതാവ് പുത്രനും, സത്യത്തിലും സ്നേഹത്തിലും പുത്രനുമായി യോജിച്ചിരിക്കുന്ന എല്ലാവർക്കും നൽകുന്ന നീതിയത്രേ.

ഈ നീതിയിലൂടെ പരിശുദ്ധാരൂപി, ''ലോകത്തെ പാപത്തെപ്പററി ബോധ്യപ്പെടുത്തുന്നു.'' പിതാവിൻേറയും പുത്രൻേറയും അരൂപി, സ്വയം വെളിപ്പെടുത്തുകയും നിത്യജീവൻെറ അരൂപിയായി മനുഷ്യരിൽ സന്നിഹിതനാവുകയും ചെയ്യുന്നു.

191. യോഹ. 16:11
192. cf. യോഹ. 16. 15.

## മൂന്നാംഭാഗം

# ജീവൻ നൽകുന്ന അരൂപി

### 1. രണ്ടായിരമാണ്ടിലെ ജൂബിലിയുടെ കാരണം പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായ ക്രിസ്തു.

49. യേശുക്രിസ്തു ലോകത്തിലേയ്ക്ക് വന്നിട്ട് 20 നൂററാണ്ട് പൂർത്തിയാവാനും മൂന്നാം സഹസ്രാബ്ദം ആരംഭിക്കുവാനും പോകുന്ന ഈ ഘട്ടത്തിൽ സഭയുടെ മനസ്സും ഹൃദയവും പരിശുദ്ധാത്മാവിലേയ്ക്ക് തിരിയുന്നു. വലിയൊരു ജൂബിലിയായി കൊണ്ടാടുവാൻ പോകുന്ന ഈ സംഭവത്തെ സഭ താത്പര്യത്തോടെയാണ് ഉററുനോക്കുന്നത്. കാരണം, കാലപരിഗണനവച്ചു നോക്കുമ്പോൾ യേശുവിൻെറ വരവ് ഭൂമിയിൽ മനുഷ്യചരിത്രത്തിൽ നടന്ന ഒരു സംഭവമാണ്. സാധാരണ ഗതിയിൽ വർഷങ്ങൾ, ശതാബ്ദങ്ങൾ, സഹസ്രാബ്ദങ്ങൾ എന്നിങ്ങനെയുള്ള കാലനിർണ്ണയം അവ ക്രിസ്തുവിൻെറ ജനനത്തിനു മുമ്പോ പിമ്പോ എന്നു് നോക്കിയാണ് നടത്തുന്നതു്. എന്നാൽ ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം ഈ സംഭവം വി. പൗലോസ് പറയുന്നതുപോലെ, ''സമയത്തിൻെറ പൂർണ്ണത'' [193] യെയാണ് കുറിക്കുന്നതു്. കാരണം, ഈ സംഭവം വഴി ദൈവം തൻെറ തന്നെ ''കാലയളവ്'' കൊണ്ടു്—''നിത്യം വർത്തമാനമായതും'' സർവ്വാതിശായിയുമായ തൻെറ സാന്നിദ്ധ്യംകൊണ്ട്—മനുഷ്യ ചരിത്രത്തെ നിർഭരമാക്കി: ''ആയിരിക്കുന്നവനും, ആയിരുന്നവനും, വരുവാനിരിക്കുന്നവനുമായവൻ;'' ആൽഫയും ഒമേഗയും, ആദിയും അന്ത്യവും ആരംഭവും അവസാനവുമായവൻ'' [194] കാരണം, തന്നിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ അവനു്

193. cf. ഗല, 4:4
194. വെളി. 1:8; 22: 13.

നിത്യജീവൻ ഉണ്ടാകേണ്ടതിനു് തൻെറ ഏകജാതനെ നൽകു വാൻ തക്കവണ്ണം അത്യധികമായി ദൈവം ലോകത്തെ സ്നേ ഹിച്ചു. [195] ''കാലത്തിൻെറ പൂർണ്ണതയിൽ'' ദൈവം തൻെറ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽ നിന്നു ജാതനായി.... അ ങ്ങനെ നമ്മ‍ാം ദത്തുപുത്രരാകേണ്ടതിനു് അവൻ നിയമത്തിനു് അധീനരായിക്കഴിഞ്ഞവരെ വിമുക്തരാക്കി. [196] പുത്രനായ വചനത്തിൻെറ ഈ മനുഷ്യാവതാരം ''പരിശുദ്ധാത്മാവിൻെറ ശക്തിയാലാണു്'' നടന്നതു്.

യേശുവിൻെറ ജനനത്തേയും ശൈശവത്തേയുംപ്പററിയുള്ള രണ്ടു സുവിശേഷകന്മാരുടേയും വിവരണങ്ങ‍ാം ഏതാണ്ടൊരേ പോലെയാണു്. ലൂക്കായുടെ സുവിശേഷത്തിൽ, യേശുവിൻെറ ജനനത്തെപ്പററിയുള്ള മംഗലവാർത്ത അറിയിക്കുന്ന അവസ രത്തിൽ മറിയം ചോദിക്കുന്നു: ''ഇതെങ്ങനെ സംഭവിക്കും, എനിക്കു ഭർത്താവില്ലല്ലോ: മറിയത്തിനു ലഭിക്കുന്ന ഉത്തരം ഇതാണു്: പരിശുദ്ധാത്മാവ് നിന്നിൽ ആവസിക്കും, അ ത്യുന്നതൻെറ ശക്തി നിൻെറ മേൽ നിഴലിക്കും. അതിനാൽ ജനിക്കാനിരിക്കുന്ന ശിശു പരിശുദ്ധനെന്നും ദൈവപുത്രനെ ന്നും വിളിക്കപ്പെടും.'' [197]

മത്തായിയുടെ വിവരണം ഋജുവാണു്: ''യേശുക്രിസ്തു വിൻെറ ജനനം ഇപ്രകാരമായിരുന്നു. അവിടുത്തെ മാതാവാ യ മറിയം യൗസേപ്പുമായി വിവാഹനിശ്ചയം കഴിഞ്ഞിരി ക്കേ, അവർ ഒരുമിക്കുന്നതിനുമുമ്പായി പരിശുദ്ധാത്മാവി നാ‍ാം ഗർഭസ്ഥയായി കാണപ്പെട്ടു.'' [798] ഈ സംഭവവികാ സത്തിൽ അസ്വസ്ഥനായ യൗസേപ്പിനു സ്വപ്നത്തിൽ താ ഴെപ്പറയുന്ന വിശദീകരണം ലഭിക്കുന്നു. ''മറിയത്തെ നിൻെറ ഭാര്യയായി സ്വീകരിക്കുവാൻ നീ ശങ്കിക്കേണ്ട. അവ‍ാം ഗർഭ സ്ഥയായിരിക്കുന്നതു് പരിശുദ്ധാത്മാവിനാലാണു്. അവ‍ാം ഒരു പുത്രനെ പ്രസവിക്കും അവനു് നീ യേശു എന്നു പേരി

195. യോഹ. 3:16
196. ഗാല. 4:4f
197. ലൂക്ക. 1:34–35
198. മത്ത. 1:18

ടണം. കാരണം അവൻ തന്റെ ജനത്തെ അവരുടെ പാപ ങ്ങളിൽനിന്നു് മോചിക്കും''. [199]

അങ്ങനെ ആദ്യംമുതലേ പരിശുദ്ധാത്മാവുമായി ബന്ധ പ്പെടുത്തിയാണു് സഭ തന്റെ വിശ്വാസരഹസ്യങ്ങളിൽ മർമ്മ പ്രധാനമായ മനുഷ്യാവതാര രഹസ്യത്തെ ഏററുപറഞ്ഞിരുന്ന തു്. അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം പറയുന്നു: ''അ വൻ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഗർഭസ്ഥനായി കന്യ കാമറിയത്തിൽനിന്നു പിറന്നു''. അതുപോലെ നിക്യാ – കോൺസ്റ്റാൻറിനോപ്പിൾ വിശ്വാസപ്രമാണത്തിൽ നാമേററു പറയുന്നു: ''പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അവൻ കന്യ കാമറിയത്തിൽനിന്നു് ജന്മമെടുക്കുകയും മനുഷ്യനാകുകയും ചെയ്തു''.

''പരിശുദ്ധാത്മാവിന്റെ ശക്തിയാലാണു്,'' അവിടുന്നു മനുഷ്യനായതു്. മേൽപറഞ്ഞ വിശ്വാസപ്രമാണത്തിൽ സഭ അവിടുത്തെ പിതാവുമായി ഏകസത്തയായ പുത്രനായി ഏ ററുപറയുന്നു: ''ദൈവത്തിൽ നിന്നുള്ള ദൈവവും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവ വും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും'', ''കന്യകാമറിയത്തിൽ നിന്നു് ജന്മമെടുത്തു'' അവൻ മനുഷ്യനായിത്തീർന്നു ''സമയ ത്തിന്റെ സമ്പൂർണ്ണതയിൽ'' സംഭവിച്ചതു് ഇതാണു്.

50. സഭ ഇതിനോടകം ഒരുക്കം തുടങ്ങിയിരിക്കുന്ന ര ണ്ടാം സഹസ്രാബ്ദത്തിന്റെ അന്ത്യത്തിലുള്ള വലിയ ജൂബിലി ക്കു് ക്രിസ്തു–വിജ്ഞാനീയപരമായ ഒരു മാനമുണ്ടു്. കാരണം, അതു് യേശുവിന്റെ ജനനത്തെ സംബന്ധിക്കുന്ന ആഘോഷ മാണു്. അതേസമയം അതിനു് അരൂപി വിജ്ഞാനീയപര മായ ഒരു മാനം കൂടിയുണ്ടു്. കാരണം മനുഷ്യാവതാര രഹസ്യം യാഥാർത്ഥ്യമായതു് ''പരിശുദ്ധാത്മാവിന്റെ ശക്തിയാലാ ണു്''. പിതാവും പുത്രനുമായി ഏകസത്തയായ പരിശുദ്ധാ ത്മാവാണു് അതിനു കളമൊരുക്കിയതു്. അവിടുന്നു് ത്രിയേ കദൈവത്തിന്റെ കേവല രഹസ്യത്തിൽ വൈയക്തിക

199. മത്താ. 1: 20-21

സ്നേഹമാണ്, അസൃഷ്ടദാനമാണ്. സൃഷ്ടനിരസ്സ് ലഭിക്കുന്ന എല്ലാ ദൈവികദാനങ്ങളുടേയും നിത്യമായ ഉറവിടമാണവിടുന്ന്. പ്രസാദവരത്തിൻെറ തലത്തിൽ, ദൈവത്തിൻെറ ആത്മദാനത്തിൻെറ പ്രത്യക്ഷ തത്ത്വവും ഒരുവിധത്തിൽ അതിൻെറ വിഷയവുമാണ് പരിശുദ്ധാത്മാവ്. ഈ കൊടുക്കലിൻെറ അതായത്, ദൈവത്തിൻെറ ആത്മദാനത്തിൻെറ പാരമ്യമാണ് മനുഷ്യാവതാര രഹസ്യം.

യേശുക്രിസ്തുവിൻെറ ഗർഭധാരണവും ജനനവുമാണ് സൃഷ്ടിയുടേയും രക്ഷയുടേയും ചരിത്രത്തിൽ പരിശുദ്ധാത്മാവ് നിർവ്വഹിച്ച ഏററവും വലിയ കൃത്യം. ഇതാണ് ഏററവും മഹത്തായ കൃപ— ''സംയോജനത്തിൻെറ കൃപ'' വി. തോമസ് അക്വീനാസ് വിശദീകരിക്കുന്നതുപോലെ മറെറല്ലാ കൃപയുടേയും ഉറവിടം [200]. വലിയ ജൂബിലി ഈ മഹത്കൃത്യത്തിലാണ്, കുറെക്കൂടി സൂക്ഷ്മമായി പരിശോധിച്ചാൽ, കൃത്യനിർവ്വാഹകനായ പരിശുദ്ധാത്മാവിലാണ് ശ്രദ്ധയൂന്നുന്നത്.

''കാലത്തിൻെറ തികവിനു'' സമാനമായി പരിശുദ്ധാത്മാവിലുള്ള ത്രിയേകദൈവത്തിൻെറ ആത്മദാനത്തിൻെറ തികവുകൂടിയുണ്ട്. ''പരിശുദ്ധാത്മാവിൻെറ ശക്തിയാൽ'' ദൈവ പ്രകൃതിയും മനുഷ്യപ്രകൃതിയും തമ്മിലുള്ള സംയോജനം, വചനമായ പുത്രൻ എന്ന ഏകവ്യക്തിയിൽ ദൈവികതയും മാനുഷികതയും തമ്മിലുള്ള സംയോജനം സാധ്യമായി. മംഗലവാർത്ത സമയത്ത് മറിയം ''അങ്ങു പറഞ്ഞതുപോലെ എന്നിൽ സംഭവിക്കട്ടെ'' [201] എന്നുപറഞ്ഞപ്പോൾ അവൾ കന്യകയായിരുന്നതുകൊണ്ടുതന്നെ ദൈവപുത്രനും മനുഷ്യനുമായവനെ ഗർഭംധരിച്ചു. വചനമായ പുത്രൻെറ ഈ ''മനുഷ്യവത്ക്കരണം'' വഴി സൃഷ്ടി, രക്ഷാചരിത്രത്തിലുള്ള ദൈവത്തിൻെറ ആത്മദാനം അതിൻെറ നിശ്ചിതപൂർണ്ണതയിലെത്തി. ഈ പൂർണ്ണത വളരെ സ്പഷ്ടവും അർത്ഥസമ്പുഷ്ടവുമായ വിധത്തിൽ യോഹന്നാൻെറ സുവിശേഷം അവതരിപ്പി

200. cf. വി. തോമസ് അക്വീനാസ്, summa Theol. III a q. 2 a a. 10-12; q. 6, a. 6; q. 7, a. 13.

201. ലൂക്കാ. 1:38

ക്കന്നു. ''വചനം മാംസമായിത്തീർന്നു'' ²⁰² പുത്രനായ ദൈവത്തിൻെറ മനുഷ്യാവതാരം സൂചിപ്പിക്കുന്നതു് മനുഷ്യപ്രകൃതിയെ ദൈവവുമായി സംയോജിപ്പിച്ചുവെന്നാണു്. പക്ഷേ ഈ മനുഷ്യപ്രകൃതിയിൽ, ഒരർത്ഥത്തിൽ ''മാംസ''മായതെല്ലാം മനുഷ്യകുലം മുഴുവനും, ദൃശ്യവും പാദാർത്ഥികവുമായ ലോകമൊക്കെയും അടങ്ങിയിരിക്കുന്നു. അപ്പോഠം മനുഷ്യാവതാരത്തിനു ഒരു പ്രാപഞ്ചികമാനമുണ്ടു്. ''എല്ലാ സൃഷ്ടികഠംക്കും മുമ്പുള്ള ആദ്യജാതൻ', [203] ക്രിസ്തുവെന്ന മനുഷ്യ വ്യക്തിയായി അവതരിച്ചുകൊണ്ടു് മനുഷ്യയാഥാർത്ഥ്യത്തേയും അതു് ''മാംസ''[204] പരമാണു്–അതുവഴി എല്ലാ ''മാംസ''ത്തേയും, എല്ലാ സൃഷ്ടികളേയും താനുമായി ഐക്യപ്പെടുത്തുന്നു.

51. ഇതെല്ലാം സാധ്യമാകുന്നതു് പരിശുദ്ധാത്മാവിൻെറ ശക്തിയാലാണു്. അങ്ങനെ ഇതെല്ലാം ആ മഹാ ജൂബിലിയുടെ ഭാഗമാകുന്നു. പരിശുദ്ധാത്മാവിലല്ലാതെ സഭയ്ക്കു് ഈ ജൂബിലിക്കുവേണ്ടി ഒരുങ്ങാനാവില്ല. ''കാലത്തികവിൽ'' പരിശുദ്ധാത്മാവിൽ നിർവ്വഹിക്കപ്പെട്ടതെല്ലാം ആത്മാവിൻെറ സഹായം മൂലമേ സഭയുടെ ഓർമ്മയിൽ ഉണർന്നുവരൂ. ഭൂമിയിൽ മനുഷ്യചരിത്രത്തിൻെറ പുതിയ ഘട്ടത്തിൽ, ക്രിസ്തുവിൻെറ ജനനം കഴിഞ്ഞുള്ള 2000_മാണ്ടിൽ അതിനെ വീണ്ടും സന്നിഹിതമാക്കുവാൻ പരിശുദ്ധാത്മാവിൻെറ ശക്തിക്കു കഴിയും.

കന്യകയായ മറിയത്തിൻെറ ശരീരത്തിൽ തൻെറ ശക്തി ആവസിച്ചുകൊണ്ടു് പരിശുദ്ധാരൂപി അവളുടെ ദൈവമാതൃത്വത്തിനു പ്രാരംഭംകുറിച്ചു. അതോടൊപ്പം മനുഷ്യൻെറ സകല ആശയങ്ങളേയും കഴിവുകളേയും അതിലംഘിക്കുന്ന ദൈവത്തിൻെറ ആത്മദാനത്തിനു പരിപൂർണ്ണമായും വഴങ്ങുവാൻ അവിടുന്നു അവളെ പ്രാപ്തയാക്കി. ''വിശ്വസിച്ചവഠം നീ ഭാഗ്യവതി !''[205] പരിശുദ്ധാത്മാവിനാൽ പൂരിതയായ മറിയത്തിൻെറ സഹോദരി എലിസബത്തു് മറിയത്തെ അഭിവാദനം ചെയ്തതു് അ

202. യോഹ. 1:14
203. കൊള. 1:15
204. cf. for example ഉൽപത്തി 9.11; ആവ. 5.26.
05. ലൂക്ക. 1:45

ങ്ങനെയാണ്. 206 അഭിവാദനത്തിലെ "വിശ്വസിച്ചവൾ" എന്ന പദത്തിൽ "അവർ വിശ്വസിക്കുന്നില്ല"207 എന്ന് ക്രിസ്തു പിന്നീട് ആരെപ്പററിപ്പറയുമോ അവരുമായി നേരിയ (എന്നാൽ സത്യത്തിൽ വളരെ വ്യക്തമായ) വൈരുദ്ധ്യം ദർശിക്കാം. വിശ്വാസത്തിൻെറ അനുസരണം വഴിയാണ് മറിയം ലോകത്തിൻെറ രക്ഷാചരിത്രത്തിൽ പ്രവേശിച്ചത്. വിശ്വാസത്തിൻെറ സാരാംശം ദാനത്തോടുള്ള, പരിശുദ്ധാത്മാവിൽ ദൈവം നടത്തിയ ആത്മദാനത്തോടുള്ള തുറന്നമനോഭാവമാണ്. കർത്താവ് അരൂപിയാകുന്നു, കർത്താവിൻെറ അരൂപിയുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്. 208 ത്രിയേകദൈവം പരിശുദ്ധാത്മാവിൽ സ്വയം മനുഷ്യനു തുറന്നുകൊടുക്കുമ്പോൾ ദൈവത്തിൻെറ ഈ തുറക്കൽ മനുഷ്യജീവിക്ക് സ്വാതന്ത്ര്യത്തിൻെറ തികവ് വെളിപ്പെടുത്തുകയും നൽകുകയും ചെയ്യുന്നു. ഈ തികവ് മറിയത്തിൻെറ വിശ്വാസത്തിൽ "വിശ്വാസത്തിൻെറ അനുസരണത്തിൽ" 209 ഉദാത്തമാംവിധം ആവിഷ്ക്കരിക്കപ്പെട്ടു. സത്യമായും "വിശ്വസിച്ച അവൾ ഭാഗ്യവതി"യത്രേ!

## 2. ജൂബിലിക്ക് അടിസ്ഥാനം: കൃപ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.

52. മനുഷ്യാവതാരരഹസ്യത്തിൽ ജീവദായകനായ പരിശുദ്ധാത്മാവിൻെറ പ്രവർത്തനം അതിൻെറ പാരമ്യത്തിലെത്തുന്നു. ജീവൻെറ തികവു ദൈവത്തിലത്രേ. അതു മനുഷ്യൻെറ ജീവനാകാതെ മനുഷ്യർക്കു നല്കാനാവില്ല. ദൈവ, മനുഷ്യപ്രകൃതികളുടെ സംയോഗത്തിലൂടെ വചനത്തിൻെറ വ്യക്തിത്വമാനു ക്രിസ്തുവിൻെറ മാനുഷികത ജീവദായകമായിത്തീരുന്നു. അതേസമയം, മനുഷ്യാവതാരരഹസ്യം മൂലം മനുഷ്യചരിത്രത്തിൽ ദൈവികജീവൻെറ ഉറവിടം, പരിശുദ്ധാത്മാവ്—പുതുതായി തുറക്കപ്പെടുന്നു. വചനം, "എല്ലാ സൃഷ്ടികൾക്കുംമുമ്പുള്ള ആദ്യജാ

206. cf. ലൂക്ക. 1:41
207 cf. യോഹ. 16:9
208. 2 കൊറി. 3:17
209. cf. റോമ. 115

തൻ,'' അനേകം സഹോദരന്മാരിൽ ആദ്യജാതനായി [210] ത്തീരുന്നു. അങ്ങനെ അവിടുന്നു സഭയാകുന്ന ശരീരത്തിന്റെ ശിരസ്സുമായിത്തീരുന്നു. കുരിശിൽ ജന്മമെടുത്ത സഭ പന്തക്കുസ്താദിനത്തിലാണു പ്രകാശിതമാകുന്നതു്. സഭയിലൂടെ അവിടുന്നു മനുഷ്യകുലത്തിന്റെ ശിരസ്സായിത്തീരുന്നു; സകല ജനതകളുടെയും വർഗ്ഗങ്ങളുടേയും രാജ്യങ്ങളുടേയും സംസ്കാരങ്ങളുടേയും ഭാഷകളുടേയും ശിരസ്സ്. അവരെല്ലാവരും രക്ഷയിലേക്കു വിളിക്കപ്പെട്ടുന്നു. ''വചനം മാംസമായി, ആ വചനത്തിൽ ജീവനുണ്ടായിരുന്നു. ജീവൻ മനുഷ്യരുടെ പ്രകാശമായിരുന്നു........തന്നെ സ്വീകരിച്ചവർക്കെല്ലാം അവൻ ദൈവമക്കളാകാനുള്ള വരം നൽകി''[211] എന്നാൽ ഇതെല്ലാം നിർവ്വഹിച്ചതും നിരന്തരം നിർവ്വഹിക്കുന്നതും ''പരിശുദ്ധാത്മാവിന്റെ ശക്തിയത്രേ.''

വി. പൗലോസ് പഠിപ്പിക്കുന്നതുപോലെ ''ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ മക്കളാണു്. [212] ദൈവിക ദത്തെടുക്കൽ വഴിയുള്ള പുത്രത്വം മനുഷ്യനു കരഗതമാകുന്നതു് മനുഷ്യാവതാരരഹസ്യത്തിന്റെ അടിസ്ഥാനത്തിലാണു്; അതിനാൽ നിത്യനായ പുത്രൻ ക്രിസ്തു വഴിയാണു്, എന്നാൽ ജനനം അഥവാ പുനർജനനം നടക്കുന്നതു്, പിതാവായ ദൈവം ''തന്റെ പുത്രന്റെ അരൂപിയെ നമ്മുടെ ഹൃദയങ്ങളിലേക്കു് അയയ്ക്കുമ്പോഴാണു് [213]'' അപ്പോൾ ''നാം സ്വീകരിക്കുന്ന ദത്തുപുത്രരുടെ അരൂപിമൂലം നാം ആബ, പിതാവേ എന്നു വിളിക്കുന്നു.'' [214] അതിനാൽ വിശുദ്ധീകരണ വരപ്രസാദംമൂലം മനുഷ്യാത്മാവിൽ ദൈവപുത്രത്വം പതിപ്പിക്കുകയെന്നതു് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണു്. ''നാം ദൈവത്തിന്റെ മക്കളാണെന്നു് ഈ അരൂപി നമ്മുടെ അരൂപിയോടുചേർന്നു സാക്ഷ്യം നൽകുന്നു. നാം മക്കളെങ്കിൽ അവകാശികളുമാണു്, അതായതു് ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും [215] മനുഷ്യന്റെ നവജീവിത

210. റോമ. 8:29
211. cf. യോഹ. 1, 14; 4:12-14
212. cf. റോമ. 8:14
213. cf. ഗാല. 4:6; റോമ. 5,5; 2 കൊറി. 1:22
214. റോമ. 8:15
215. റോമ. 8:16-17

ത്തിൻെറ, ദൈവികവും അതിസ്വാഭാവികവുമായ ജീവിതത്തിൻെറ അടിസ്ഥാനവും ഉറവിടവും വിശുദ്ധീകരണവരപ്രസാദമാകുന്നു.

ഈ നവജീവൻ നൽകുന്നതു് ''അങ്ങയുടെ അരൂപിയെ അയയ്ക്കുമ്പോാം, അവ സൃഷ്ടിക്കപ്പെടും; അങ്ങു ഭൂമുഖം പുതുതാക്കുകയും ചെയ്യും''[216] എന്ന സങ്കീർത്തകൻെറ- എല്ലാ സൃഷ്ടികളും ഒരു വിധത്തിൽ ഇതു് പ്രതിധ്വനിപ്പിക്കുന്നുണ്ടു്-അർത്ഥനയ്ക്കുള്ള ദൈവത്തിൻെറ അന്തിമ ഉത്തരമാണെന്നും കരുതാം. സൃഷ്ടിരഹസ്യത്തിൽ, മനുഷ്യനും ദൃശ്യവും അദൃശ്യവുമായ അനേകം രൂപവൈചിത്ര്യങ്ങൾ നിറഞ്ഞ പ്രപഞ്ചത്തിനും ജീവൻ നൽകുന്ന അവിടുന്നു മനുഷ്യാവതാരരഹസ്യം മുഖേന ഈ ജീവൻ നവീകരിക്കുന്നു. അങ്ങനെ മനുഷ്യാവതാരം സൃഷ്ടിയെ പൂർത്തീകരിക്കുന്നു. അതുമുതൽ രക്ഷാകരശക്തികൾ സൃഷ്ടിയിലെങ്ങും വ്യാപിക്കുന്നു. അവ മനുഷ്യകുലത്തേയും എല്ലാ സൃഷ്ടികളേയും നിറയ്ക്കുന്നു. ഇതാണു വി. പൗലോസ് നമ്മോടു പറയുന്നതു്. അദ്ദേഹത്തിൻെറ സാർവ്വലൗകികവും ദൈവശാസ്ത്രപരവുമായ ദർശനം പഴയ സങ്കീർത്തനത്തിലെ വാക്കുകൾ ആവർത്തിക്കുകയാണെന്നുതോന്നും: ''സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു.''[217] ദൈവം ''മുൻകൂട്ടി അറിയുകയും'' ''തൻെറ പുത്രൻെറ സാദൃശ്യത്തോടു് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും''[218] ചെയ്തവരാണവർ. ഇപ്രകാരമുള്ള അതിസ്വാഭാവികമായ ''ദത്തെടുക്കലിൻെറ'' ഉറവിടം സ്നേഹവും ദാനവുമായ പരിശുദ്ധാത്മാവാണു്. ആ വിധത്തിലാണു് അവിടുത്തെ മനുഷ്യർക്കു നൽകിയിരിക്കുന്നതും. അസൃഷ്ടമായ ഈ ദാനത്തിൻെറ അതിസമൃദ്ധിയിൽ മനുഷ്യഹൃദയങ്ങളിൽ സൃഷ്ടമായൊരു വരദാനം മുളപൊട്ടുന്നു. ''മനുഷ്യരെ ദൈവപ്രകൃതിയിൽ പങ്കുകാരാക്കുന്ന വരദാന''[219]മാണതു്. ഈ പങ്കുപററൽ വഴി മനുഷ്യജീവിതം ദൈവികജീവൻകൊണ്ടുപൂരിതമാകുകയും, ഒട്ടാകെ ദൈവീകവും സ്വാഭാവാതീ

216. cf. സങ്ക 104/103:30
217. റോമ. 8:19
218 റോമ. 8:29
219. cf. 2. പത്രാ. 1:4

തവുമായ മാനം കൈവരിക്കുകയും ചെയ്യുന്നു. മനുഷ്യാവതാര രഹസ്യത്തിൽ പങ്കുപററുന്നതുമൂലം ലഭ്യമാകുന്ന നവജീവിതം ''മനുഷ്യനെ പരിശുദ്ധാത്മാവിൽ പിതാവിനു് അഭിഗമ്യനാക്കുന്നു.''[220] അങ്ങനെ ജീവദായകനായ പരിശുദ്ധാത്മാവും വിശുദ്ധീകരണവരപ്രസാദവും, ഒപ്പം അതു മനുഷ്യനിലുളവാക്കുന്ന ബഹുമുഖമായ അതിസ്വാഭാവിക ജീവശക്തിയും തമ്മിൽ- അസൃഷ്ടമായ അരൂപിയും സൃഷ്ടമായ മനുഷ്യാരൂപിയും തമ്മിൽ ഗാഢമായ ബന്ധമുണ്ടു്.

53. ഇതെല്ലാം മുകളിൽ സൂചിപ്പിച്ച വലിയ ജൂബിലിയുടെ വിഷയപരിധിയിൽ വരുമെന്നു പറയാം. കാരണം, നാം ഈ സംഭവത്തിൻെറ ബാഹ്യതലസ്പർശിയായ ചരിത്രാംശത്തിനപ്പുറം കടക്കണം. സംഭവത്തിൻെറ ക്രിസ്തുവിജ്ഞാനീയപരമായ സാരത്തിലൂടെ അരൂപി വിജ്ഞാനീയപരമായ മാനത്തിലെത്തണം. സത്യാത്മാവു പ്രവർത്തന നിരതമായ രണ്ടായിരംവർഷത്തെ വിശ്വാസത്തിൻെറ കണ്ണുകൾകൊണ്ടു നോക്കിക്കാണണം. അവിടുന്നു് നൂററാണ്ടുകളായി ക്രിസ്തുനേടിയ രക്ഷയുടെ അമൂല്യനിധികൾ ശേഖരിച്ചു് മനുഷ്യർക്കു് നവജീവൻ നൽകുകയായിരുന്നു. ഏകജാതനിൽ അവരെ ദത്തുപുത്രരാക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുകയായിരുന്നു. അതുവഴി അവക്കു വി. പൗലോസിൻെറ ഈ വാക്കുകൾ ആവർത്തിക്കാൻ സാധിക്കുമായിരുന്നു: ''ഞങ്ങൾ ദൈവത്തിൽനിന്നുള്ള അരൂപിയെ സ്വീകരിച്ചിരിക്കുന്നു.[221]

ജൂബിലിക്കു് അടിസ്ഥാനംതേടുന്ന നമുക്കു് ക്രിസ്തുവിൻെറ ജനനത്തിനുശേഷമുള്ള രണ്ടായിരം വർഷങ്ങളിൽമാത്രം ഒതുങ്ങിനിൽക്കാനാവില്ല. നാം പിന്നേയും പിന്നോട്ടുപോകണം. ക്രിസ്തുവിനുമുമ്പു്, ആദിമുതൽ ലോകത്തിലെമ്പാടും പ്രത്യേകിച്ചു് പഴയ ഉടമ്പടിയിൽ പരിശുദ്ധാത്മാവു് പ്രവർത്തിച്ചതെല്ലാം നാമുൾക്കൊള്ളണം. കാരണം, എല്ലാസ്ഥലത്തും കാലത്തും, ഓരോ വ്യക്തിയിൽ പോലുമുള്ള ആത്മാവിൻെറ പ്രവർത്തനം ദൈവത്തിൻെറ നിത്യമായ രക്ഷാപദ്ധതിയനുസ

220. cf. എഫേ. 2:18; Dei Verbum 12

221. cf. 1 കൊറി. 2:12.

രിച്ചാണ് നടന്നിട്ടുള്ളത്. അതുപ്രകാരം ഈ പ്രവർത്തനം മനു ഷ്യാവതാരത്തിൻെറയും രക്ഷയുടെയും രഹസ്യമായി അടുത്തു ബന്ധപ്പെടേണ്ടിയിരിക്കുന്നു. അതുപോലെ ക്രിസ്തുവിൻെറ ഭാവിവരവിൽ വിശ്വസിച്ചവർക്കെല്ലാം അതിൻെറ ഫലം നേരത്തെ അനുഭവിക്കാനിടയാവുകയും ചെയ്തു. എഫേസൂസുകാർക്കുള്ള ലേഖനം ഇതു സാക്ഷ്യപ്പെടുത്തുന്നുണ്ട്.[222] പ്രസാദവരം അങ്ങനെ ക്രിസ്തുവിജ്ഞാനീയപരവും അരൂപിവിജ്ഞാനീയപരവുമായ മാനങ്ങൾ ഉൾക്കൊള്ളുന്നു. ക്രിസ്തുവിനെ പ്രകടമായി സ്വീകരിക്കുന്നവരിൽ ഇതുകൂടുതൽ വ്യക്തമാണ്. ''അവനിൽ (ക്രിസ്തുവിൽ) .......നിങ്ങളും വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനാൽ മുദ്രിതരായിരിക്കുന്നു.........നമ്മുടെ അവകാശം നാം വീണ്ടെടുത്തു. സ്വന്തമാക്കുന്നതുവരെ ആ അവകാശത്തിൻെറ അച്ചാരമാണ് ഈ പരിശുദ്ധാത്മാവ്.''[223]

വലിയ ഈ ജൂബിലിയുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടു തന്നെ നമ്മുടെ ചുററുപാടുകളിലേക്ക് കൂടുതൽ കണ്ണോടിക്കേണ്ടതുണ്ട്. നിക്കദേമൂസുമായുള്ള സംഭാഷണത്തിൽ യേശു പറയുന്നതുപോലെ ''കാററ് അതിനു് ഇഷ്ടമുള്ളിടത്തേയ്ക്കാണല്ലോ വീശുന്നത്.''[224] സഭ മുഖ്യപ്രതിപാദ്യമായിരുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ ''സഭയുടെ ദൃശ്യഘടനയ്ക്കു പുറത്തു''ള്ള പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്തെപ്പററി നമ്മെ അനുസ്മരിപ്പിക്കുന്നു. ''ആരുടെ ഹൃദയങ്ങളിൽ അദൃശ്യമാംവിധം പ്രസാദവരം പ്രവർത്തിക്കുന്നുവോ, ആ സന്മനസ്സുള്ള സകല മനുഷ്യരേ''യുംപററി കൗൺസിൽ സംസാരിക്കുന്നു. ''കാരണം, ക്രിസ്തു മരിച്ചതു് എല്ലാവർക്കും വേണ്ടിയാണ്. മനുഷ്യൻെറ ആത്യന്തികമായ ആഹ്വാനം'' ഏകമാണ്, ദിവ്യമാണ്. തന്മൂലം എല്ലാ മനുഷ്യർക്കും പെസഹാരഹസ്യവുമായി സംയോജിക്കാനുള്ള സാധ്യത ദൈവത്തിനുമാത്രം ഗ്രാഹ്യമായ രീതിയിൽ പവിത്രാത്മാവ് നൽകുന്നുണ്ടെന്നു് നാം വിശ്വസിക്കേണ്ടിയിരിക്കുന്നു.''[225]

222. cf· എഫേ. 1:3–14
223. എഫേ. 1:13–14.
224. cf. യോഹ. 3:8.
225· Gaudium et Spes, 22; Lumen Gentium, 16.

54. ദൈവം അരൂപിയാണ്; അവിടുത്തെ ആരാധിക്കു ന്നവർ അരൂപിയിലും സത്യത്തിലും ആരാധിക്കണം.[226] സമരിയാക്കാരി സ്ത്രീയുമായുള്ള സംഭാഷണത്തിൽ യേശു പറഞ്ഞ വാക്കുകളാണവ. ഈ സഹസ്രാബ്ദത്തിന്റെ അവസാനത്തിലും അടുത്തതിന്റെ ആരംഭത്തിലും ആഘോഷിക്കുന്ന ജൂബിലി "ദൈവത്തെ അരൂപിയിലും സത്യത്തിലും ആരാധിക്കുന്ന" എല്ലാവർക്കുമുള്ള ശക്തമായ ആഹ്വാനമാകേണ്ടതാണ്. അതു് ഏവർക്കും ത്രിയേക ദൈവത്തിന്റെ രഹസ്യത്തെപ്പററി ധ്യാനിക്കാൻ പററിയ അവസരമാകണം. അവിടുന്നു് ലോകത്തെ പ്രത്യേകിച്ച് ദൃശ്യലോകത്തെ സംബന്ധിച്ചിടത്തോളം തന്നിൽത്തന്നെ സമ്പൂർണ്ണമായും സർവ്വാതിശായിയാണ്. കാരണം, അവിടുന്നു് കേവലം അരൂപിയാണ്, "ദൈവം അരൂപിയാണ്."[227] അതുപോലെ അവിടുന്ന് അത്ഭുതകരമാംവിധം ഈ ലോകത്തോടു അടുത്തിരിക്കുന്നുവെന്നു മാത്രമല്ല അതിൽ സന്നിഹിതനുമാണ്. ഒരു വിധത്തിൽ അവിടുന്നു അന്തരാമിയാണ്; അവിടുന്ന് അതിൽ നിറയുകയും ഉള്ളിൽനിന്നു് അതിനു ജീവൻ നല്കുകയും ചെയ്യുന്നു. മനുഷ്യനെ സംബന്ധിച്ച് ഇതു വളരെ ശരിയാണ്. മനുഷ്യസത്തയുടെ ഉള്ളിന്റെയുള്ളിൽ അവന്റെ മനസ്സിലും മന:സാക്ഷിയിലും ഹൃദയത്തിലും ദൈവം സന്നിഹിതനാണ്. അസ്തിത്വതലത്തിലും മന:ശാസ്ത്രതലത്തിലും ഇതു യാഥാർത്ഥ്യമത്രേ. വി. അഗസ്റ്റിൻ ദൈവത്തെപ്പററിപ്പറയുന്നതു് ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ. ദൈവം "തന്റെ അസ്തിത്വത്തിന്റെ ഏററവും ആന്തരികമായ തലത്തേക്കാൾ അടുത്തവനാണ്"[228] എന്നു് അദ്ദേഹം പറയുന്നു. "ദൈവം അരൂപിയാണെന്നു" യേശു സമരിയാക്കാരി സ്ത്രീയോടു പറഞ്ഞ വാക്കുകൾ നന്നായി മനസ്സിലാക്കാൻ അഗസ്റ്റിന്റെ ഈ പ്രസ്താവന ഉപകരിക്കും. എന്റെ അസ്ഥിത്വത്തിലും ആത്മീയാനുഭവത്തിലും അരൂപിക്കു മാത്രമേ എന്റെ അസ്ഥിത്വത്തിന്റെ ഏററവും ആന്തരികമേഖലയേക്കാൾ അടുപ്പമുള്ളവനാകാൻ സാധിക്കൂ. കേവലമായ തന്റെ സർവ്വാതിശായിത്വത്തിൽ അലംഘനീയനും അചഞ്ചലനുമായി നില

226. യോഹ. 4:24
227. അവിടെത്തന്നെ
228. cf. വി. അഗസ്റ്റിൻ, ഏററുപറച്ചിൽ, III, 6, 11: ccl27, 33.

 വിന്നുകൊണ്ടു് മനുഷ്യനിലും ലോകത്തിലും അന്തരാമിയായി വർത്തിക്കുവാൻ അരൂപിക്കു മാത്രമേ കഴിയൂ.

ലോകത്തിലും മനുഷ്യനിലുമുള്ള ദൈവസാന്നിദ്ധ്യം ക്രിസ്തുവിൽ നവമായ രീതിയിലും ദൃശ്യമായ രൂപത്തിലും പ്രത്യക്ഷമായി. അവിടുന്നിൽ ''ദൈവപ്രസാദം സത്യമായും പ്രത്യക്ഷപ്പെട്ടിരിക്കുന്നു.'' [229] പിതാവായ ദൈവത്തിൻെറ സ്നേഹം ദാനമായും അളവില്ലാത്ത പ്രസാദമായും ജീവൻെറ ഉറവിടമായും ക്രിസ്തുവിൽ ദൃശ്യമായിരിക്കുന്നു. അവിടുത്തെ മാനുഷികതയിലൂടെ ആ സ്നേഹം പ്രപഞ്ചത്തിൻേറയും മനുഷ്യകുടുംബത്തിൻേറയും ചരിത്രത്തിൻേറയും ഭാഗമായിത്തീർന്നിരിക്കുന്നു. യേശുക്രിസ്തുവഴി മനുഷ്യചരിത്രത്തിൽ വരപ്രസാദം ഇപ്രകാരം പ്രത്യക്ഷപ്പെടാനിടയായതു് പരിശുദ്ധാത്മാവിൻെറ ശക്തിയാലാണു്. ദൈവത്തിൻെറ ലോകത്തിലെ രക്ഷാപ്രവർത്തനത്തിൻെറയെല്ലാം പ്രഭവസ്ഥാനം ഈ ആത്മാവാണു്. ''മറഞ്ഞിരിക്കുന്ന ദൈവ'' [230] മായ അവിടുന്നു് സ്നേഹവും ദാനവുമായി ''ലോകത്തെ നിറയ്ക്കുന്നു'' [231] മഹാജൂബിലിയിൽ കാണപ്പെടുവാൻ പോകുന്നതു പോലെ സഭയുടെ ജീവിതത്തിൻെറ മുഴുവൻ അർത്ഥം അദൃശ്യനായ — മറഞ്ഞിരിക്കുന്ന ദൈവത്തെ കണ്ടുമുട്ടുക എന്നാണു്: ''ജീവദായകനായ'' അരൂപിയുമായുള്ള കണ്ടുമുട്ടൽ.

## 3. മനുഷ്യൻെറ ആന്തര സംഘർഷത്തിൽ പരിശുദ്ധാരൂപി. ''ശരീരത്തിൻെറ ആഗ്രഹങ്ങൾ അരൂപിക്കെതിരാണു്; അരൂപിയുടെ ആഗ്രഹങ്ങൾ ശരീരത്തിനുമെതിരാണു്''.

55. നിർഭാഗ്യവശാൽ ദൈവം മനുഷ്യൻേറയും ലോകത്തിൻേറയും അടുത്തുവന്നു തൻെറ സാന്നിധ്യം അനുഭവവേദ്യമാക്കുമ്പോഴും അരൂപി അതിശയകരമാംവിധം ''താഴേയ്ക്കു് ഇറങ്ങിവരുമ്പോഴും'' മനുഷ്യൻെറ ഭാഗത്തുനിന്നുണ്ടാകുന്നതു് എതിർപ്പും തടസ്സങ്ങളുമാണെന്നു് രക്ഷാചരിത്രം കാണിക്കുന്നു. ഈ

229. cf. തീത്തു. 2:11
230. cf. ഏശ. 45:15
231. cf. വിജ്ഞാനം 1:7

കാഴ്ചപ്പാടിൽക്കൂടി നോക്കുമ്പോഠം വൃദ്ധനായ ശിമയോൻെറ പ്രവാചകവചനങ്ങഠം എത്രയോ വാചാലമാണെന്നു് നാം മനസ്സിലാക്കുന്നു. അരൂപിയാൽ പ്രചോദിതനായി അദ്ദേഹം ജറുസലേം ദേവാലയത്തിൽ വന്നു ബത്ലേഹമിലെ നവജാതശിശുവിൻെറ സാന്നിദ്ധ്യത്തിൽ അവനെപ്പററി പറഞ്ഞു: ''ഇവൻ ഇസ്രായേലിൽ പലരുടേയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ തർക്കത്തിൻെറ അടയാളവുമായിരിക്കും.'' 232 അദൃശ്യാരൂപിയായ ദൈവത്തോടുള്ള എതിർപ്പ് ഒരു പരിധിവരെ ദൈവവും ലോകവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസത്തിൽ നിന്നുയിർക്കൊള്ളുന്നതാണ്. ലോകം ദൃശ്യവും 'പാദാർത്ഥിക'വുമായിരിക്കുമ്പോഠം ദൈവംഅദൃശ്യനും 'കേവലാരൂപി'യുമത്രേ. ലോകം അടിസ്ഥാനപരമായും അനിവാര്യമായും അപൂർണ്ണമാണെങ്കിൽ അവിടുന്നു സത്തയുടെ പൂർണ്ണതയാണ്. എന്നാൽ ഈ വൈരുദ്ധ്യം ധാർമ്മികതലത്തിലുള്ള സംഘർഷവും എതിർപ്പുമായി മാറുന്നതു് മനുഷ്യഹൃദയത്തെ കീഴടക്കിയിട്ടുള്ള പാപം നിമിത്തമാണ്. അതിൻെറ ഫലമായി ''ശരീരത്തിൻെറ ആഗ്രഹങ്ങഠം അരൂപിക്കും അരൂപിയുടെ ആഗ്രഹങ്ങഠം ശരീരത്തിലും എതിരായി ഭവിക്കുന്നു.'' 233 നാം നേരത്തെ പറഞ്ഞതുപോലെ, ഈ പാപത്തെപ്പററി പരിശുദ്ധാത്മാവുതന്നെ ''ലോകത്തെ ബോധ്യപ്പെടുത്തണം''

മനുഷ്യഹൃദയത്തെ അസ്വസ്ഥമാക്കുന്ന ഈ സംഘർഷത്തിൻേറയും സമരത്തിൻേറയും വാങ്മയചിത്രം വി. പൗലോസ് തന്മയത്വത്തോടെ വരച്ചുകാണിക്കുന്നുണ്ട്. ഗാലാത്തിയാക്കാർക്കുള്ള ലേഖനത്തിൽ ഇങ്ങനെ പറയുന്നു–''എന്നാൽ ഞാൻ പറയുന്നു, ആത്മാവിൻെറ പ്രേരണയനുസരിച്ച് വ്യാപരിക്കുവിൻ. ശരീരത്തിൻെറ അഭിലാഷങ്ങളെ ഒരിക്കലും തൃപ്തിപ്പെടുത്തരുതു്. എന്തെന്നാൽ, ശരീരത്തിൻെറ അഭിലാഷങ്ങഠം ആത്മാവിനെതിരാകുന്നു; ആത്മാവിൻെറ അഭിലാഷങ്ങഠം ശരീരത്തിനുമെതിരാകുന്നു. അവ പരസ്പരം എതിക്കുന്നതു നിമിത്തം ആഗ്രഹിക്കുന്നതു പ്രവർത്തിക്കാൻ നിങ്ങഠംക്കു സാധിക്കാതെ വരുന്നു.'' 234 ആത്മാവും ശരീരവുമുള്ള ജീവിയെന്നനിലയിൽ

232. ലൂക്ക. 2:27,34
233. ഗാല. 5:17
234. ഗാല. 5:16-17

മനുഷ്യനിൽ ആത്മാവിൻേറയും ശരീരത്തിൻേറയും പ്രവണതകൾ തമ്മിൽ ഒരു തരത്തിലുള്ള സംഘർഷം അല്ലെങ്കിൽ സമരം നടക്കുന്നുണ്ട്. പക്ഷേ ഈ സംഘർഷം പാപത്തിൻെറ പൈതൃകവും ഫലവുമാണ്; ഒപ്പം അതു് പാപത്തെ ഒന്നുകൂടി ഉറപ്പിക്കുന്നു. ഇതു് അനുദിനാനുഭവത്തിൻെറ ഭാഗമത്രേ. അപ്പസ്തോലൻ എഴുതുന്നതുപോലെ, ''ശരീരത്തിൻെറ വ്യാപാരങ്ങൾ വ്യക്തമാണ്. വ്യഭിചാരം, അശുദ്ധി, ദുർവൃത്തി....മദ്യപാനം, മദിരോത്സവം തുടങ്ങിയവ. ഈ പാപങ്ങളെ ശാരീരികമെന്നു വിശേഷിപ്പിക്കാം. പക്ഷേ, അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ശത്രുത, കലഹം, അസൂയ, കോപം, സ്വാർത്ഥത, ഭിന്നത വിഭാഗീയ ചിന്ത, വിദ്വേഷം'' [235] ഇവയെല്ലാം ശരീരത്തിൻെറ വ്യാപാരങ്ങളത്രേ.

നിശ്ചയമായും തിന്മയായ ഈ വ്യാപാരങ്ങളുമായി പൗലോസ് ''ആത്മാവിൻെറ ഫലങ്ങളെ'' തട്ടിച്ചു നോക്കുന്നു. അവ ''സ്നേഹം സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം, ഇവയാകുന്നു.'' [236] അപ്പസ്തോലൻ ശരീരത്തെ താഴ്ത്തികെട്ടുകയോ, തള്ളിപ്പറയുകയോ അല്ല എന്നു സന്ദർഭത്തിൽ നിന്നു മനസ്സിലാക്കാം. ആത്മാവുമായി ചേർന്നു് മനുഷ്യൻെറ സ്വഭാവവും വ്യക്തിത്വവും നിർണ്ണയിക്കുന്നതു് ശരീരമാണല്ലോ. പൗലോസിവിടെ വിവക്ഷിക്കുന്നതു്, നല്ലതോ ചീത്തയോ ആയ വ്യാപാരങ്ങളാണ്; കുറെക്കൂടി കൃത്യമായി പറയുകയാണെങ്കിൽ ആത്മാവിൻെറ സ്ഥിരഭാവങ്ങളായ സുകൃതങ്ങളും ദുഷ്കൃത്യങ്ങളുമാണ് (Virtues and Vices) പരിശുദ്ധാത്മാവിൻെറ രക്ഷാകര പ്രവർത്തനത്തിനു വിധേയമാകുന്നതുവഴി ആദ്യത്തേതും അതിനെ എതിർക്കുന്നതു വഴി രണ്ടാമത്തേതും ഉളവാകുന്നു. അതിനാലാണ് അപ്പസ്തോലൻ എഴുതുന്നതു്: ''നമ്മൾ ആത്മാവിലാണ് ജീവിക്കുന്നതെങ്കിൽ നമുക്കു് ആത്മാവിൽ വ്യാപരിക്കുകയും ചെയ്യാം.'' [237] വേറൊരു ലേഖനത്തിൽ ഇങ്ങനെ കാണുന്നു? ''എന്തെന്നാൽ ജഡികമായി ജീവിക്കുന്നവർ ജഡികകാര്യങ്ങളിൽ മനസ്സുവ

235 cf. ഗാല. 5:19-21
236. ഗാല. 5:22f
237. ഗാല. 5:25

 യ്ക്കുന്നു, ആധ്യാത്മികമായി ജീവിക്കുന്നവരാകട്ടെ, ആധ്യാത്മികകാര്യങ്ങളിൽ മനസ്സുവയ്ക്കുന്നു''. ''ദൈവാത്മാവ് യഥാർത്ഥമായി നിങ്ങളിൽ വസിക്കുന്നെങ്കിൽ നിങ്ങൾ ജഡികരല്ല, ആധ്യാത്മികരാണ്''.[238] ''ആത്മാവിനനുസൃതമായ ജീവിതവും ജഡത്തിനനുസൃതമായ ജീവിതവും' തമ്മിൽ പൗലോസ് കല്പിക്കുന്ന വൈരുദ്ധ്യത്തിൽ നിന്നു വേറൊരു വൈരുദ്ധ്യം ഉത്ഭവിക്കുന്നു. ''ജീവനും'' ''മരണവും'' തമ്മിലുള്ള വൈരുദ്ധ്യം ''ജഡികാഭിലാഷങ്ങൾ മരണത്തിലേയ്ക്കു നയിക്കുന്നു; ആധ്യാത്മികാഭിലാഷങ്ങൾ ജീവനിലേയ്ക്കും സമാധാനത്തിലേയ്ക്കും'' അതിനാൽ അദ്ദേഹം മുന്നറിയിപ്പു നൽകുന്നു: ''ജഡികമായി ജീവിക്കുകയാണെങ്കിൽ നിങ്ങൾ തീർച്ചയായും മരിക്കും. എന്നാൽ ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കുന്നെങ്കിൽ നിങ്ങൾ ജീവിക്കും'' [239]

ശരിയായി മനസ്സിലാക്കുകയാണെങ്കിൽ സത്യത്തിൽ വ്യാപരിക്കുവാൻ അതായത്. നേരായ മനസാക്ഷിയുടെ പ്രേരണയനുസരിച്ചു ജീവിക്കാനുള്ള ഒരാഹ്വാനമാണിത്. അതോടൊപ്പം ജീവദായകനായ സത്യാത്മാവിലുള്ള വിശ്വാസത്തിന്റെ പ്രഖ്യാപനം കൂടിയാണത്. കാരണം ശരീരം ''പാപത്താൽ മൃതമാണ്, എന്നാൽ നിങ്ങളുടെ ആത്മാക്കൾ നീതി നിമിത്തം ജീവനുള്ളതാണ്.'' 'അതുകൊണ്ട് സഹോദരരേ, ശാരീരിക പ്രവണതകൾക്കനുസരിച്ച് ജീവിക്കുവാൻ നാം ശരീത്തിനു കടപ്പെട്ടവരല്ല'' [240] മറിച്ചു നാം ക്രിസ്തുവിനു കടപ്പെട്ടവരാണ്. അവിടുന്നു പെസഹാ രഹസ്യത്തിലൂടെ നമ്മുടെ നീതീകരണം സുസാധ്യമാക്കി, നമുക്കു പരിശുദ്ധാത്മാവിനെ നേടിത്തന്നു. ''തീർച്ചയായും നാം വലിയ വിലകൊടുത്തു വാങ്ങപ്പെട്ടവരാണ്.'' [241]

ഒന്നിനുമേൽ ഒന്നായി അടുക്കിവച്ചിരിക്കുന്ന, പരസ്പരം ഇടകലരുന്ന മൂന്നു അർത്ഥതലങ്ങൾ വി. പൗലോസിന്റെ വാക്യങ്ങളിലുണ്ട്. അസ്തിത്വതലം (ശരീരവും അരൂപിയും) ധാർ

238. cf. റോമ. 8:5,9
239. റോമ. 8:6,13
240. റോമ. 8:10,12
241. cf. 1 കൊറി. 6:20

മ്മികതലം (ധാർമ്മികനന്മയും തിന്മയും) അരൂപീതലം (വര പ്രസാദതലത്തിലുള്ള പരിശുദ്ധാത്മാവിൻെറ പ്രവർത്തനം) എന്നിവയാണ് ആ മൂന്നു തലങ്ങൾ. പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്തോടുള്ള തുറന്ന മനോഭാവവും അവിടുത്തോടും അവിടുത്തെ രക്ഷാകരദാനത്തോടുമുള്ള എതിർപ്പും ചെറുത്തുനില്പും തമ്മിൽ മനുഷ്യനിൽ നടക്കുന്ന സംഘർഷവും സംഘട്ടനവും അറിയാനും തീവ്രമായി അനുഭവിക്കാനും അദ്ദേഹത്തിൻെറ വാക്കുകൾ പ്രത്യേകിച്ച്, റോമാക്കാർക്കും ഗാലാത്തിയക്കാർക്കുമുള്ള ലേഖനങ്ങളിലേതു്) നമ്മെ സഹായിക്കുന്നു. ഈ വൈരുധ്യത്തിൻെറ ധ്രുവങ്ങൾ മനുഷ്യൻെറ ഭാഗത്തു നിന്നു്, അവൻെറ പരിമിതിയും പാപാവസ്ഥയും–ഇവ അവൻെറ മനഃശാസ്ത്രപരവും ധാർമ്മികവുമായ അസ്തിത്വത്തിൻെറ അടിസ്ഥാനഭാവങ്ങളത്രേ–ദൈവത്തിൻെറ ഭാഗത്തുനിന്നു ദാനത്തിൻെറ രഹസ്യവും–ദൈവം തൻെറ ജീവൻ പരിശുദ്ധാത്മാവിൽ അവിരാമമായി വർഷിക്കുന്നതാണതു്_ആകുന്നു. ആരു് വിജയിക്കും? ദാനത്തെ സ്വാഗതം ചെയ്യുന്നവൻ.

56. പരിശുദ്ധാത്മാവിനോടുള്ള ചെറുത്തു നില്പിൻെറ ആന്തരികവും വ്യക്തിപരവുമായ വശത്തിനാണ് വി. പൗലോസ് ഊന്നൽ കൊടുക്കുന്നതു്. അതു മനുഷ്യഹൃദയങ്ങളിൽ സംഘർഷവും സംഘട്ടനവും എതിർപ്പുമായി പ്രത്യക്ഷപ്പെടുന്നു. ചരിത്രത്തിൻെറ എല്ലാ ഘട്ടങ്ങളിലും പ്രത്യേകിച്ച് ആധുനികയുഗത്തിൽ അതിൻെറ ബാഹ്യമായ മാനംകൂടി ദർശിക്കാം. സംസ്കാരത്തിൻേറയും നാഗരികതയുടേയും മൗലികഭാവമായി, ഒരു തത്ത്വചിന്താപദ്ധതിയായി, ഒരു പ്രത്യയശാസ്ത്രമായി, പ്രവർത്തനത്തിനും, മനുഷ്യൻെറ പെരുമാററത്തിനുമുള്ള കർമ്മപരിപാടിയായി അതു രൂപംകൊള്ളുന്നു. ഭൗതികവാദത്തിലാണ് അതു സുവ്യക്തമായ പ്രകാശനം നേടുന്നതു്. ഒരു ചിന്താപദ്ധതിയെന്നനിലയിൽ തത്ത്വത്തിലും വസ്തുതകളെ വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന രീതിയെന്നനിലയിൽ പ്രയോഗത്തിലും ഭൗതികവാദം പരിശുദ്ധാത്മാവിനോടുള്ള ചെറുത്തു നില്പിൻെറ മൂർത്തരൂപമാണ്. ഒരു ചിന്താപദ്ധതിയായി ഏററവുമധികം വളരുകയും പ്രായോഗിക പരിപാടികളിൽ ബഹുദൂരം മുന്നോട്ടു പോവുകയും ചെയ്തിട്ടുള്ള ഈ വിധ ചിന്താരീതിയും പ്രത്യയശാസ്ത്രവും കർമ്മപരിപാടിയുമാണ്

വൈരുദ്ധ്യാത്മക ഭൗതികവാദം അഥവാ ചരിത്രപരമായ ഭൗതികവാദം അതാണ് മാർക്സിസത്തിന്റെ കാതലായി ഇന്നും അംഗീകരിക്കപ്പെടുന്നത്.

തത്ത്വത്തിലും, യാഥാർത്ഥ്യത്തിലും ഭൗതികവാദം ലോകത്തിലും എല്ലാററിലുമുപരി മനുഷ്യനിലുമുള്ള അരൂപിയായ ദൈവത്തിന്റെ സാന്നിധ്യവും പ്രവർത്തനവും ആമൂലാഗ്രം നിഷേധിക്കുന്നു. കാരണം അടിസ്ഥാനപരമായി അതു് ദൈവത്തിന്റെ അസ്തിത്വം അംഗീകരിക്കുന്നില്ല. മൗലികമായും വ്യവസ്ഥാപിതമായും അതൊരു ദൈവനിഷേധപ്രസ്ഥാനമാണ്. നമ്മുടെ കാലഘട്ടത്തിലെ ശ്രദ്ധേയമായൊരു പ്രതിഭാസമാണ് നിരീശ്വരവാദം. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇതേപ്പററി സാമാന്യം ദീർഘമായി പ്രതിപാദിക്കുന്നുണ്ട്. 242 നിരീശ്വരവാദത്തിനു് എപ്പോഴും ഒരേ അർത്ഥകല്പനയല്ല ഉള്ളതു്. അതുപോലെ അതിനെ ഭൗതികവാദമായി ചുരുക്കാൻ പററുകയില്ല. കാരണം, നിരീശ്വരവാദത്തിനു് അനേകം രൂപഭേദങ്ങളുണ്ട്. അതുപോലെ ഈ പദം തന്നെയും പലപ്പോഴും തെററായാണ് ഉപയോഗിക്കുന്നതു്. ഇങ്ങനെയൊക്കെയാണെങ്കിലും, യഥാത്ഥ ഭൗതികവാദം, വസ്തുതകളെ വിശദീകരിക്കുന്ന തിയറിയായി അതിനെ മനസ്സിലാക്കുകയും, വ്യക്തിയുടേയും സമൂഹത്തിന്റേയും പ്രവത്തനത്തെ നിയന്ത്രിക്കുന്ന നിയാമകതത്ത്വമായി അതിനെ അംഗീകരിക്കുകയും ചെയ്യുമ്പോഠം വ്യക്തമായും നിരീശ്വരവാദമാണ്. അതിന്റെ മൂല്യക്രമവും പ്രവത്തനലക്ഷ്യങ്ങളും യാഥാത്ഥ്യം മുഴുവൻ പദാർത്ഥമാണെന്ന ധാരണയിൽ അധിഷ്ഠിതമാകുന്നു. അരൂപിയെപ്പററിയും 'അരൂപിയെ സംബന്ധിക്കുന്ന പ്രശ്ന'ങ്ങളെപ്പററിയും ചിലപ്പോഴെല്ലാം അതു് പരാമശിക്കുന്നുണ്ടെന്നതു് ശരിയാണ്; ഉദാഹരണത്തിനു് സംസ്കാരത്തേയും ധാമ്മികതയേയുംകുറിച്ച് പ്രതിപാദിക്കുമ്പോഠം. പക്ഷേ, പദാത്ഥത്തിൽനിന്നുരുത്തിരിയുന്ന ചില വസ്തുതകളായേ അവയെ പരിഗണിക്കുന്നുള്ളു. (അവ അനുബന്ധ പ്രതിഭാസങ്ങളാണ്-epihenomena ) കാരണം ഈ വാദമനുസരിച്ച സത്തയുടെ ഒരേയൊരുരൂപം പദാത്ഥമത്രേ. ഈ വ്യാഖ്യാനമനുസരിച്ച് മതം ഒരു തരത്തിലുള്ള ''ആശയവിഭ്രമ''മായെടുക്കാനേ സാധിക്കൂ എന്നു

242. Gaudium et spes, 19, 20, 21.

വരുന്നു. അപ്പോഠം സമൂഹത്തിൽനിന്നും മനുഷ്യഹൃദയത്തിൽ നിന്നുതന്നെയും അതിനെ ഉന്മൂലനം ചെയ്യണം. അതിനായി സ്ഥലകാലസാഹചര്യങ്ങഠംക്കനുയോജ്യമായ മാർഗ്ഗങ്ങളും രീതികളും ഉപയോഗിച്ച് അതിനെ എതിർക്കേണ്ടതാണെന്നും സിദ്ധിക്കുന്നു.

അതിനാൽ ''ശരീരത്തിൻെറ അഭിലാഷങ്ങഠം അരൂപിക്കെതിരാണ്'' എന്നു പറഞ്ഞു് വി. പൗലോസ് ശപിച്ച ആ ''ചെറുത്തുനിൽപ്പും'' എതിർപ്പും യുക്ത്യാധിഷ്ഠിതമായും വ്യവസ്ഥാപിതമായും വികസിച്ചതാണ് ഭൗതികവാദമെന്നു പറയാം. പക്ഷേ, വി. പൗലോസ് ഉദ്ധൃതവാക്യത്തിൻെറ ഉത്തരഭാഗത്തു് ഊന്നിപ്പറയുന്നതുപോലെ ഈ എതിർപ്പ് അങ്ങോട്ടുമിങ്ങോട്ടുമുണ്ട്. ''അരൂപിയുടെ അഭിലാഷങ്ങഠം ശരീരത്തിനുമെതിരാണ്''. പരിശുദ്ധാത്മാവിൻെറ രക്ഷാകരപ്രവർത്തനത്തിനനുസൃതമായി അതംഗീകരിച്ചുകൊണ്ട് അരൂപിയിൽ ജീവിക്കാനാഗ്രഹിക്കുന്നവർ ശരീരത്തിൻെറ ആന്തരികവും ബാഹ്യവുമായ പ്രവണതകളും അവകാശവാദങ്ങളും തിരസ്കരിച്ചേ പറ്റൂ; അതിൻെറ പ്രത്യയശാസ്ത്രപരവും ചരിത്രപരവുമായ പ്രകാശമാനമായ മതവിരുദ്ധ ഭൗതികവാദവും ഇക്കൂട്ടത്തിൽപ്പെടും. ആധുനികകാലത്തിൻെറ സവിശേഷതയായ ഭൗതികവാദത്തിൻെറ ഈ പശ്ചാത്തലത്തിൽ വലിയ ജൂബിലിക്കുവേണ്ടി ഒരുങ്ങുന്ന നാം അരൂപിയുടെ ആഗ്രഹങ്ങഠംക്കു പ്രാമുഖ്യം നല്കണം. പുതിയൊരാഗമന കാലത്തിൻെറ രാത്രിയിൽ മുഴങ്ങുന്ന ആഹ്വാനമാണിതു്, രണ്ടായിരം വർഷങ്ങഠംക്കപ്പുറം സംഭവിച്ചതുപോലെ ഇതിൻെറ അവസാനം എല്ലാവരും ദൈവത്തിൻെറ രക്ഷ കാണും[243]. സഭ ഇന്നത്തെ സ്ത്രീപുരുഷന്മാരെ ഏല്പിക്കുന്ന സാധ്യതയും പ്രതീക്ഷയുമാണതു്. സമകാലിക നാഗരികതയുടെ പല മണ്ഡലങ്ങളിലും, ചില മണ്ഡലങ്ങളിൽ പ്രത്യേകിച്ചും, പ്രതിഫലിക്കുന്ന ''അരൂപിക്കെതിരായ ആഗ്രഹങ്ങളുമായി'' ''ശരീരത്തിനെതിരായ ആഗ്രഹങ്ങഠം'' ഒപ്പം ദൈവത്തിനു നമ്മോടുള്ള സമീപനവും അവിടുത്തെ മനുഷ്യാവതാരവും എന്നെന്നും നവീകരിക്കുന്ന പരിശുദ്ധാത്മാവിൻെറ ദാനവർഷവും ഒരു കണ്ടുമുട്ടൽ അഥവാ ഏറ്റുമുട്ടൽ നടത്തുന്നു

243. ലൂക്ക, 3:6; cf ഏശ. 40;5

ണ്ടു്. പല സന്ദർഭങ്ങളിലും അതിനു് ഒരു ദുരന്തസ്വഭാവമുണ്ടാകാം, ചിലപ്പോഴൊക്കെ മാനുഷികതയ്ക്കേൽക്കുന്ന പുതിയ പരാജയങ്ങൾക്കു് അതു് വഴിതെളിക്കാം. എന്നാൽ ദൈവത്തിൻെറ ഭാഗത്തുനിന്നു് എപ്പോഴും രക്ഷാകരമായൊരു ആത്മദാനമുണ്ടെന്നു്, രക്ഷാകരമായ ആഗമനമുണ്ടെന്നു്, ഒരുതരത്തിലല്ലെങ്കിൽ മററുതരത്തിൽ പരിശുദ്ധാത്മാവിൻെറ ശക്തിയിൽ 'പാപത്തെപ്പററിയുള്ള ബോധ്യപ്പെടുത്തലു'ണ്ടെന്നു് സഭ ഉറച്ചു വിശ്വസിക്കുന്നു.

57. വി. പൗലോസ് പരാമർശിക്കുന്ന അരൂപിയും ശരീരവും തമ്മിലുള്ള വൈരുദ്ധ്യം ജീവനും മരണവും തമ്മിലുള്ള വൈരുദ്ധ്യം ഉൾക്കൊള്ളുന്നു. ഇതു ഗൗരവമേറിയ ഒരു പ്രശ്നമാണു്. ഇതേപ്പററി ഉടൻ പറയാവുന്നതു് ഭൗതികവാദം ഒരു ചിന്താപദ്ധതിയെന്ന നിലയിൽ അതിൻെറ എല്ലാ രൂപത്തിലും മരണത്തെ അഥവാ മനുഷ്യാസ്തിത്വത്തിൻെറ അന്ത്യത്തെ സ്വീകരിക്കലാണു് എന്നത്രേ. പദാർത്ഥികമായതെല്ലാം നശ്വരമാണു്. അതിനാൽ മനുഷ്യശരീരം ('മൃഗ'ത്തിൻെറതന്നെ നിലയിൽ) മർത്ത്യമാണു്. മനുഷ്യൻ സാരാംശത്തിൽ 'ശരീര'മാണെങ്കിൽ മരണം അവനെ സംബന്ധിച്ചിടത്തോളം ഒരിക്കലും മുറിച്ചു കടക്കാനാവാത്ത അതിർത്തിയും പരിധിയുമായിരിക്കും. അങ്ങനെയെങ്കിൽ മനുഷ്യജീവിതം 'മരിക്കാനുള്ള അസ്തിത്വ'മാണെന്നു പറയേണ്ടിവരും.

സമകാലിക നാഗരികത ശാസ്ത്രസാങ്കേതികരംഗത്തു് വളരെയേറെ വികാസം പ്രാപിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള ഒരു നാഗരികതയുടെ ചക്രവാളത്തിൽ മരണത്തിൻെറ അടയാളങ്ങളും ലക്ഷണങ്ങളും സാധാരണ ദൃശ്യമായിത്തീർന്നിരിക്കുന്നു. ആയുധപ്പന്തയത്തേയും അതുൾക്കൊള്ളുന്ന സർവ്വനാശകാരിയായ ആണവയുദ്ധത്തേയുംപററി മാത്രം ചിന്തിച്ചാൽ മതി. അതുപോലെ ഭൂമുഖത്തെ വിസ്തൃതമായ പ്രദേശങ്ങളെ മരണം വിതയ്ക്കുന്ന ദാരിദ്ര്യവും പട്ടിണിയും ഗ്രസിച്ചിരിക്കുന്ന എന്ന ഭയാനകസ്ഥിതിവിശേഷത്തെപ്പററി എല്ലാവരും ബോധവാന്മാരായിക്കൊണ്ടിരിക്കയാണു്. ഈവക പ്രശ്നങ്ങൾ സാമ്പത്തികം മാത്രമല്ല അതിലുപരി ധാർമ്മികം കൂടിയാണു്. പോരാഞ്ഞിട്ടു്, ആധുനികയുഗ ചക്രവാളത്തിൽ മരണത്തിൻെറ കൂടുതൽ

ഇരുണ്ട അടയാളങ്ങൾ ഉരുണ്ടുകൂടിക്കൊണ്ടിരിക്കുന്നു. ജനിക്കു ന്നതിനുമുമ്പ്, അല്ലെങ്കിൽ സ്വാഭാവിക മരണത്തിനുമുമ്പ് മനു ഷ്യജീവൻ അപഹരിക്കുക എന്നതു് ഇന്നു് പ്രചുരപ്രചാരം നേ ടിയ ഒരു പതിവായിത്തീർന്നിരിക്കുന്നു. ചില സ്ഥലങ്ങ ളിൽ അതു് ഒരംഗീകൃത പെരുമാററരീതിയാവുകയല്ലേ എന്ന ഭീഷണി ഉയർന്നിരിക്കുകയാണ്. കൂടാതെ സമാധാനത്തിനു വേണ്ടി പ്രശംസനീയമായ ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിൽപ്പോ ലും പുതിയ യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുകയും നടക്കുകയും ചെ യ്യുന്നു. യുദ്ധങ്ങൾ പതിനായിരങ്ങളുടെ ജീവനേയോ ആരോ ഗ്യത്തേയോ നശിപ്പിക്കുന്നു. അന്താരാഷ്ട്രതലത്തിൽപ്പോലുമുള്ള സംഘടിതമായ ഭീകരപ്രവർത്തനം മനുഷ്യജീവൻെറ നേരെ ന ടത്തുന്ന കൈയ്യേററങ്ങളെ പരാമർശിക്കാതിരിക്കുന്നതെങ്ങനെ?

നിർഭാഗ്യവശാൽ മേൽകൊടുത്തിരിക്കുന്നതു് ക്രൈസ്തവ യുഗത്തിൻെറ രണ്ടാം സഹസ്രാബ്ദം അവസാനിക്കുന്ന നമ്മുടെ കാലഘട്ടത്തിൽ ആലേഖിതമാകുന്ന മരണചിത്രത്തിൻെറ ഭാ ഗികവും അപൂർണ്ണവുമായ രൂപരേഖയേ ആകുന്നുള്ളു. ഭൗതിക മാത്രമായ നാഗരികതയുടെ ഇരുണ്ട മൂലകളിൽ നിന്നു ജീവ ദായകനായ അരൂപിയോടു് ഒട്ടൊക്കെ ബോധപൂർവ്വകമായ പുതിയൊരർത്ഥന ഉയരുന്നില്ലേ ? നമ്മുടെ നാഗരികത കെട്ടി പ്പടുത്തിരിക്കുന്ന സാമൂഹ്യശാസ്ത്രപരവും ചരിത്രപരവുമായ ഭൂമി യിൽ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന മരണലക്ഷണങ്ങളിൽ നിന്നു് അധികമധികം ആ അർത്ഥന ഉയർന്നുവരുന്നില്ലേ ? എ ന്തായാലും മനുഷ്യൻെറ ആശകളുടേയും നിരാശകളുടേയും തോ തു് ഏതായാലും വളർന്നുവരുന്ന ഭൗതികമാത്രമായ ചിന്ത, ജീ വിതക്രമങ്ങളിൽനിന്നു് ഉത്ഭവിക്കുന്ന പൊള്ളത്തരങ്ങളും മായാ വിഭ്രാന്തികളും എത്രയായാലും നമുക്കു ക്രൈസ്തവമായ ഒരുറപ്പു ണ്ടു്. അരൂപി തനിക്കിഷ്ടമുള്ളിടത്തേയ്ക്കു് വീശുന്നുവെന്നും അ രൂപിയുടെ ആദ്യഫലങ്ങൾ നമുക്കു ലഭിച്ചിരിക്കുന്നുവെന്നുമുള്ള ഉറപ്പാണതു്. അതിനാൽ കടന്നുപോകുന്ന കാലത്തിൽ നമുക്കു സഹനങ്ങൾ ഉണ്ടാകുമെങ്കിലും "ശരീരങ്ങളുടെ പരിത്രാണം" അല്ലെങ്കിൽ ശരീരിയും അശരീരിയും ആയ എല്ലാ മനുഷ്യസ ത്തയുടേയും പരിത്രാണം "പ്രതീക്ഷിച്ചുകൊണ്ടു് നാം അന്തരാ ത്മാവിൽ വിലപിക്കുന്നു" [244]. നാം വിലപിക്കുകയാണു്;

244. cf. റോമ. 8: 23

പക്ഷേ, അതു് നമ്മുടെ അചഞ്ചലമായ പ്രതീക്ഷ സഫലമാകുമെന്ന ആശയോടെയാണു്. കാരണം അരൂപിയായ ദൈവം ഈ മനുഷ്യജീവിയെത്തന്നെയാണു് തന്നിലേയ്ക്കടുപ്പിച്ചിരിക്കുന്നതു്. പിതാവായ ദൈവം "തൻെറ പുത്രനെ പാപപരിഹാരത്തിനു വേണ്ടി പാപകരമായ ശരീരത്തിൻെറ സാദൃശ്യത്തിൽ അയച്ചുകൊണ്ടു് പാപത്തിനു് ശരീരത്തിൽ ശിക്ഷ വിധിച്ചു". [245] പെസഹാരഹസ്യത്തിൻെറ പരിസമാപ്തിയിൽ ലോകപാപങ്ങൾക്കുവേണ്ടി മനുഷ്യനായിത്തീരുകയും ക്രൂശിക്കപ്പെടുകയും ചെയ്ത ദൈവപുത്രൻ ഉത്ഥാനശേഷം അപ്പസ്തോലരുടെ മദ്ധ്യേ പ്രത്യക്ഷപ്പെട്ടു് അവരുടെ മേൽ നിശ്വസിച്ചുകൊണ്ടു് പറഞ്ഞു: "പരിശുദ്ധാത്മാവിനെ സ്വീകരിക്കുക". ഈ നിശ്വാസം നിത്യം തുടരുകയാണു്. കാരണം, "അരൂപി നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്നു" [246].

## 4. പരിശുദ്ധാത്മാവ് 'ആന്തരിക മനുഷ്യനെ' ശക്തിപ്പെടുത്തുന്നു

58. യേശുക്രിസ്തുവിൻെറ ഉത്ഥാനത്തെക്കുറിച്ചുള്ള അപ്പസ്തോലിക സാക്ഷ്യം പൈതൃകമായി ലഭിക്കുകയും അതു കൈമാറുകയും ചെയ്യുന്ന സഭ ഉത്ഥാനത്തിൻേറയും പന്തക്കുസ്തയുടേയും രഹസ്യം പ്രഘോഷിക്കുകയും ജീവിക്കുകയും ചെയ്യുന്നു. മരണത്തിൻെറ മേലുള്ള വിജയത്തിനു് അവരു് നിത്യസാക്ഷിയാണു്. ഈ വിജയമാണു് പരിശുദ്ധാരൂപിയുടെ ശക്തി വെളിപ്പെടുത്തുകയും അവിടുത്തെ പുതിയ വരവിനു്, ജനങ്ങളിലും ലോകത്തിലുമുള്ള പുതിയ സാന്നിധ്യത്തിനു കളമൊരുക്കുകയും ചെയ്തതു്. ക്രിസ്തുവിൻെറ ഉത്ഥാനത്തിൽ പാറക്ലേത്തയായ പാവനാത്മാവ് ജീവദായകനായി സ്വയം വെളിപ്പെടുത്തി. "മരിച്ചവരിൽനിന്നു് ക്രിസ്തുവിനെ ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തൻെറ ആത്മാവിനാൽ നിങ്ങളുടെ മർത്ത്യശരീരങ്ങൾക്കും ജീവൻ നൽകും". [247] ക്രിസ്തുവിൻെറ ഉത്ഥാനത്തിൻെറ നാമത്തിൽ സഭ ജീവൻ പ്രഘോഷണം ചെ

245. റോമ. 8:3
246. റോമ. 8:26
247. റോമ. 8:11

യ്യുന്നു. മരണത്തേക്കാരം ശക്തമായ ഈ ജീവൻ മരണത്തിന്റെ പരിധികരംക്കപ്പുറം വെളിപ്പെട്ടു. അതേസമയം സഭ ജീവൻ നൽകുന്നവനെ ജീവദായകനായ അരൂപിയെ പ്രഘോഷിക്കുന്നു. സഭ അവിടുത്തെപ്പററി പ്രസംഗിക്കുകയും ജീവൻ നൽകുന്നതിൽ അവിടത്തോട്ട് സഹകരിക്കുകയും ചെയ്യുന്നു. ''നിങ്ങളുടെ ശരീരങ്ങരം പാപം മൂലം മൃതമാണെങ്കിലും നിങ്ങളുടെ ആത്മാക്കരം നീതി നിമിത്തം ജീവനുള്ളതാകുന്നു''.[248] ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തു കൈവരിച്ച നീതിയാണതു്. ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ നാമത്തിൽ സഭ ദൈവത്തിൽനിന്നു വരുന്ന ജീവൻ പങ്കുവയ്ക്കുന്നു. അരൂപിയോട്ട് വളരെ അടുത്തുനിന്ന് അവിടുത്തോടുള്ള സേവനമെന്ന നിലയിലാണ് സഭ അങ്ങനെ ചെയ്യുന്നതു്.

ഈ സേവനം മൂലം മനുഷ്യൻ എന്നെന്നും 'സഭയുടെ വഴി' യായിത്തീരുന്നു. രക്ഷകനായക്രിസ്തുവിനെപ്പററിയുള്ള ചാക്രിക ലേഖനത്തിൽ ഞാനിതു സൂചിപ്പിച്ചിരുന്നു;[249] പരിശുദ്ധാത്മാവിനെപ്പററിയുള്ള ഈ ലേഖനത്തിലും ഞാനിതാവർത്തിക്കുന്നു. അരൂപിയുമായി ഒന്നു ചേർന്നിരിക്കുന്ന സഭയ്ക്ക് ആന്തരിക മനുഷ്യന്റെ യാഥാർത്ഥ്യത്തെപ്പററി, മനുഷ്യനിൽ ഏററവും അഗാധവും മൗലികവുമായതിനെപ്പററി തികഞ്ഞ ബോധ്യമുണ്ടു്; കാരണം, അതു് ആധ്യാത്മികവും അനശ്വരവുമത്രേ. ഈ തലത്തിൽ അരൂപി ''അമർത്ത്യതയുടെ വേരു്''[250] ഒട്ടിച്ചു ചേർക്കുന്നു. അതിൽനിന്നു് പുതിയ ജീവൻ പൊട്ടിമുളയ്ക്കും. ഇതു് ദൈവത്തിലുള്ള മനുഷ്യന്റെ ജീവനാണു്. പരിശുദ്ധാത്മാവിലുള്ള ദൈവത്തിന്റെ രക്ഷാകരമായ ആത്മദാനത്തിന്റെ ഫലമായ ഈ ജീവൻ പരിശുദ്ധാരൂപിയുടെ പ്രവർത്തനം വഴിയേ വികസിക്കുകയും പ്രഫുല്ലമാവുകയും ചെയ്യുകയുള്ളു. അതുകൊണ്ടു് വിശ്വാസികളുടെ പേരിൽ ദൈവത്തോട്ട് സംസാരിക്കുന്ന വി. പൗലോസ് തുടർന്നു വിശ്വാസികളോട്ട് പറയുന്നതു നോക്കുക: 'പിതാവിന്റെ മുമ്പിൽ ഞാൻ മുട്ടുകരം മടക്കു

248. റോമ. 8:10

249. cf. 'മനുഷ്യരക്ഷകൻ' ചാക്രികലേഖനം (4 March 1979), 14: AAS 71 (1979) PP 284 f.

250. cf. വിജ്ഞാപനം 15:3

ന്നു...അവിടുന്നു തന്റെ ആത്മാവിലൂടെ നിങ്ങളുടെ ആന്തരികമനുഷ്യനെ ശക്തിപ്പെടുത്തണമെന്നും....ഞാൻ പ്രാർത്ഥിക്കുന്നു.[251]

പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ഈ ആന്തരികമനുഷ്യൻ അഥവാ ''ആധ്യാത്മിക'' മനുഷ്യൻ പക്വതയും ബലവും പ്രാപിക്കുന്നു. ദൈവത്തിന്റെ ആത്മദാനം നിമിത്തം ''മനുഷ്യന്റെ രഹസ്യങ്ങൾ അറിയുന്ന'' മനുഷ്യാരൂപിയും 'എല്ലാം, ദൈവികാഴങ്ങൾ പോലും പരിശോധിക്കുന്ന''[252] അരൂപിയും തമ്മിൽ കണ്ടുമുട്ടുന്നു. നിത്യദാനമായ ഈ അരൂപിയിൽ ത്രിയേക ദൈവം മനുഷ്യനു് മനുഷ്യാരൂപിക്കു് സ്വയം തുറന്നുകൊടുക്കുന്നു. രക്ഷിക്കയും വിശുദ്ധീകരിക്കയും ചെയ്യുന്ന ദൈവത്തിന്റെ സ്വയം തുറക്കലിനു മുമ്പിൽ തന്നെയും തുറന്നുകൊടുക്കാൻ മനുഷ്യാരൂപിയെ ദൈവാരൂപിയുടെ അദൃശ്യമായ നിശ്വാസം പ്രാപ്തമാക്കുന്നു. പാവനാത്മാവിൽനിന്നു വരുന്ന പ്രസാദവരദാനംവഴി മനുഷ്യൻ ഒരു ''പുതിയ ജീവിത''ത്തിലേയ്ക്കു പ്രവേശിക്കുന്നു. ദൈവികജീവന്റെ അതിസ്വാഭാവികതലത്തിലേയ്ക്കു് അവൻ ആനയിക്കപ്പെടുന്നു. അങ്ങനെ അവൻ''പരിശുദ്ധാത്മാവിന്റെ വാസസ്ഥലവും ''ദൈവത്തിന്റെ സജീവാലയവുമായിത്തീരുന്നു.''[253] പരിശുദ്ധാത്മാവിലൂടെ പിതാവും പുത്രനും അവന്റെയടുത്തു വരികയും അവനോടൊപ്പം വാസമുറപ്പിക്കയും ചെയ്യുന്നു.[254] ത്രിത്വവുമായുള്ള പ്രസാദവര ഐക്യത്തിൽ മനുഷ്യന്റെ ''ജീവിതമേഖല'' വികസ്വരമാകുകയും ദൈവികജീവന്റെ അ

251 cf. എഫേ. 3:14-16
252: cf 1കൊറി 210f
253 cf. റോമ. 8.9; 1കൊറി 6:19
254 cf. യോഹ. 14:23; വി. ഇരണേവൂസ് Adversus Haereses V 6I SC 153, PP. 72-80; വി. ഹിലാരി De Trinitate, VIII 19. 21 PL 10, 250-252; വി. അംബ്രോസ്, De Spiritu Santco, I 6, 8: PL, 16,752 f വി. അഗസ്റ്റിൻ Enarr in Ps. XL IX, 2: CCL 38. PP. 575f അലക്സാണ്ഡ്രിയായിലെ വി. സിറിൾ, In Ioannis Evangeliun BK, I; II: PG 73 154, 158; 246; BK IX PG.74,262, വി. അത്തനേഷ്യസ്, Oratio III Contra Arianos, 24, PG 26. 374f. Epist I ad Serapionem, 24 PG 26 586. f ദിദിമൂസ് ദി ബ്ലൈൻഡ് De Trinitate II 6-7; PG 39,523-8530; വി. ജോൺ ക്രിസോസ്റ്റോം. In Epist ad Romanos Homilia XIII, 8, P, G 60. 519, വി. തോമസ് അക്വിനാസ്, Summa Theol. Ia; q. 3 aa 1, 3-6

തിസ്വാഭാവികതലത്തിലേയ്ക്ക് ഉയർത്തപ്പെടുകയും ചെയ്യുന്നു. മനുഷ്യൻ ദൈവത്തിലും ദൈവത്താലും ജീവിക്കുന്നു. അവൻ ''അരൂപിക്കനുസൃതം'' ജീവിക്കുകയും ''അരൂപിയുടെ കാര്യങ്ങളിൽ ശ്രദ്ധവയ്ക്കുകയും ചെയ്യുന്നു.''

59. പരിശുദ്ധാത്മാവിൽ ദൈവവുമായുള്ള മനുഷ്യന്റെ ദൃഢതരമായ ബന്ധംമൂലം തന്നെത്തന്നെയും തന്റെ മാനുഷികതയേയും പുതിയ രീതിയിൽ നോക്കിക്കാണുവാൻ അവനു സാധിക്കുന്നു. അങ്ങനെ, ആരംഭം മുതലേ മനുഷ്യനിലുള്ള ദൈവത്തിന്റെ ഛായയും സാദൃശ്യവും പരിപൂർണ്ണമായും സാക്ഷാത്ക്കരിക്കപ്പെടുന്നു. [255] മനുഷ്യനെ സംബന്ധിക്കുന്ന ഈ അഗാധമായ സത്യം ക്രിസ്തുവിന്റെ വെളിച്ചത്തിൽ എന്നും പുതുതായി കണ്ടെത്തേണ്ടിയിരിക്കുന്നു. ദൈവവുമായുള്ള മനുഷ്യന്റെ ബന്ധത്തിന്റെ ആദ്യമാതൃകയാണു ക്രിസ്തു. മററുള്ളവർക്കുവേണ്ടി നടത്തുന്ന ആത്മാർത്ഥമായ ആത്മദാനത്തിലൂടെ അവൻ തന്നെത്തന്നെ പൂർണ്ണമായും കണ്ടെത്തുന്നതിന്റെ അടിസ്ഥാനവും ക്രിസ്തുവിൽത്തന്നെയാണ് അന്വേഷിക്കേണ്ടതു്. രണ്ടാം വത്തിക്കാൻ കൗൺസിൽ എഴുതുന്നതുപോലെ, മനുഷ്യന്റെ ദൈവികഛായ ''ഭൂമുഖത്തു മനുഷ്യനെ മാത്രമാണു ദൈവം തനിക്കായി സൃഷ്ടിച്ചതു്'' എന്ന വസ്തുതയിലേക്കു വിരൽചൂണ്ടുന്നു. മനുഷ്യവ്യക്തിയുടെ അന്തസ്സിനു നിദാനം അതത്രേ. വ്യക്തികൾ തമ്മിലുള്ള പരസ്പര ബന്ധത്തിനും സാമൂഹ്യ ഐക്യത്തിനും അടിസ്ഥാനവും അതുതന്നെ. [256] മനുഷ്യൻ തന്നെ സംബന്ധിക്കുന്ന ഈ സത്യം ഫലപ്രദമായി അറിയുന്നതും പൂർണ്ണമായി പ്രവൃത്തിപഥത്തിലെത്തിക്കുന്നതും പവിത്രാത്മാവിന്റെ ശക്തിയാലാണ്. യേശുക്രിസ്തുവിൽനിന്നാണ് അവൻ ഈ സത്യം അറിയുന്നതു്. അതു പ്രാവർത്തികമാക്കുന്നതാകട്ടെ, യേശുതന്നെ നമുക്കുതന്ന അരൂപിയുടെ ശക്തിയാലുമാകുന്നു.

മനുഷ്യത്വത്തിന്റെ അർത്ഥം പൂർണ്ണമായി കണ്ടെത്തുക എന്നതു മനുഷ്യന്റെ ആന്തരിക പക്വതയുടെ ഭാഗമത്രേ. ഇപ്രകാരമുള്ള ആന്തരികപക്വതയുടെ പാതയിൽക്കൂടി ദൈവം മനു

255 cf. ഉത് 1-26f; വി.തോ.അക്വി. Summa Theol Ia, q 93 aa,4·5.8
256 Gaudium et Spes 24; cf- no. 25

ഷ്യന്റെ അട്ടത്തേസ്സു വരികയും മാനവലോകത്തെ മുഴുവൻ തന്റെ സാന്നിദ്ധ്യംകൊണ്ടു നിറക്കുകയും ചെയ്യുന്നു. സർവ്വാതിശായിയായ വ്യക്തന്തരദാനമായി തന്നിൽത്തന്നെ നിലനില്ക്കുകയും പരിശുദ്ധാത്മാവിൽ മനുഷ്യർക്കു ദാനമായി തന്നെത്തന്നെ നല്കുകയും ചെയ്യുന്ന ത്രിയേകദൈവം മാനവലോകത്തെ ഉള്ളിൽനിന്നു്, മനസ്സുകളുടേയും ഹൃദയങ്ങളുടേയും ഉള്ളിൽനിന്നു; രൂപാന്തരപ്പെടുത്തുന്നു. ദൈവിക ദാനത്തിൽ പങ്കുപററാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ലോകം മേൽസൂചിപ്പിച്ച പാതയിലൂടെ വളരെയേറെ, വളരെയാഴത്തിൽ മാനുഷികമായിത്തീരും[257]. കൗൺസിൽ ഇതേപ്പററി പരാമർശിക്കുന്നുണ്ടു്. അതോടൊപ്പംതന്നെ ലോകത്തിൽ മനുഷ്യമനസ്സുകളിലൂടേയും ഹൃദയങ്ങളിലൂടേയും സ്നേഹവും ദാനവുമായ ദൈവം ''എല്ലാററിലും എല്ലാം'' ആകുന്ന രാജ്യം വളരുകയും ചെയ്യും.[258] സ്നേഹവും ദാനവും: ത്രിയേകദൈവം പരിശുദ്ധാത്മാവിൽ മനുഷ്യനും ലോകത്തിനും സ്വയം തുറന്നു കൊടുക്കുന്നതുവഴിയുണ്ടാകുന്ന നിത്യശക്തിയാണതു്.

ക്രിസ്തു ജനിച്ചിട്ടു 2000 വർഷം തികയാൻ പോകുന്ന ഈ ഘട്ടത്തിൽ കൗൺസിൽ പറയുന്നവിധത്തിലുള്ള ''ആത്മാർത്ഥമായ ആത്മദാനത്തിലൂടെ'' ആളുകൾ തങ്ങളെത്തന്നെ ശരിക്കും കണ്ടെത്തണം. അരൂപിയായ സഹായകന്റെ പ്രവർത്തനംമൂലം വ്യക്തിയുടേയും സമൂഹത്തിന്റേയും ജീവിതത്തിൽ യഥാർത്ഥ മാനുഷികത വികസിച്ചു പ്രഫുല്ലമാകുന്നതിനിടയാകട്ടെ. ഇക്കാര്യത്തെക്കുറിച്ചു് ''നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകണം.'' (യോഹ. 17: 21-22) എന്നു പിതാവിനോടു പ്രാർത്ഥിച്ച യേശു ഒന്നു സൂചിപ്പിക്കുന്നുണ്ടു്. സത്യത്തിലും സ്നേഹത്തിലുമുള്ള ദൈവമക്കളുടെ ഐക്യത്തിനു ദൈവികയാളുകൾ തമ്മിലുള്ള ഐക്യവുമായി ഒരുതരം സാദൃശ്യമുണ്ടു്.[259] മനുഷ്യനെപ്പററിയുള്ള ഈ സത്യം കൗൺസിൽ ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. തന്റെ അപ്പസ്തോലിക ദൗത്യമെന്താണെന്നതിനെപ്പററിയുള്ള ശക്തവും വ്യക്തവുമായ സൂചന ഇവിടെയുണ്ടെന്നു സഭ മനസ്സിലാക്കുന്നു. മനുഷ്യനാണു സഭയുടെ

257. cf· Ibid 38.40
258. cf 1 കൊറി. 15:28
259. Gaudium ef Spes,24.

വഴിയെങ്കിൽ ഈ വഴി മനുഷ്യൻെറ ദൈവികമാതൃകയായ ക്രിസ്തുവിൻെറ സമ്പൂർണ്ണരഹസ്യത്തിലൂടെയാണു കടന്നു പോകുന്നതു്. ഈ വഴിയിൽ പരിശുദ്ധാത്മാവു നമ്മിലുള്ള ''ആന്തരിക മനുഷ്യനെ'' ശക്തിപ്പെടുത്തിക്കൊണ്ടു് ''ആത്മാർത്ഥമായ ആത്മദാനത്തിലൂടെ സ്വയം കണ്ടെത്തുവാൻ'' നാഠോരോരുത്തരേയും കഴിവുററവരാക്കുന്നു. ക്രൈസ്തവമാനവവിജ്ഞാനീയം മുഴുവൻ കൗൺസിൽ പ്രമാണരേഖയിലെ ഈ വാക്കുകളാണെന്നു പറയാം. സുവിശേഷത്തിലധിഷ്ഠിതമായ ജീവിതാദർശവും പ്രവർത്തനശൈലിയുമാണതു്. അതുവഴി മനുഷ്യൻ താൻ ക്രിസ്തുവിനുള്ളവനാണു് എന്നു കണ്ടെത്തുകയും ക്രിസ്തുവിൽ താൻ ദൈവപുത്രൻെറ പദവിയിലേക്കു് ഉയർത്തപ്പെട്ടിരിക്കുന്നുവെന്നു മനസ്സിലാക്കുകയും ചെയ്യുന്നു. അങ്ങനെ അവനു മനുഷ്യനെന്ന നിലയിലുള്ള തൻെറ അന്തസ്സു കൂടുതൽ ഗ്രഹിക്കാനിടയാകുന്നു. ദൈവത്തിൻെറ സാന്നിധ്യത്തിൻേറയും സ്നേഹവായ്പിൻേറയും വിഷയമാണു്, ദൈവത്തിൻെറ താഴോട്ടുള്ള വരവിൻെറ ലക്ഷ്യമാണു മനുഷ്യൻ എന്നതിനാലാണു് ഈ അന്തസ്സു് അടങ്ങിയിരിക്കുന്നതു്. അതുപോലെ മനുഷ്യൻെറ അന്തിമ മഹത്വീകരണത്തിനുള്ള സാധ്യതയും അതിൻെറ അടിസ്ഥാനവും പ്രസ്തുത മാനവവിജ്ഞാനീയം ഉൾക്കൊള്ളുന്നുണ്ടു്.

അങ്ങനെ ''ജീവിക്കുന്ന മനുഷ്യനാണു് ദൈവത്തിൻെറ മഹത്വം, മനുഷ്യജീവിതത്തിൻെറ ആകെത്തുകയാകട്ടെ ദൈവദർശനമാണു്'' എന്ന പ്രസ്താവം വാസ്തവമായിത്തീരുന്നു.[260] ദൈവിക ജീവിതം നയിക്കുന്ന മനുഷ്യൻ ദൈവത്തിൻെറ മഹത്വമാകുന്നു. ഈ ജീവൻേറയും മഹത്വത്തിൻേറയും അദൃശ്യദാതാവു പരിശുദ്ധാരൂപിയുമാകുന്നു. ''അതീവലളിതമായ സത്തയോടുകൂടിയവനും ബഹുവിധ സുകൃതങ്ങളാൽ അലംകൃതനുമായ പരിശുദ്ധാത്മാവ്........യാതൊരു ന്യൂനതയും വരാതെ എല്ലായിടത്തുമെത്തുകയും തന്നെ സ്വീകരിക്കുവാൻ കഴിവുള്ളവനിൽ അവൻ ഒരുത്തൻ മാത്രമേയുള്ളു എന്ന വിധത്തിൽ സന്നിഹിതനാവുകയും എല്ലാവർക്കും ആവശ്യമായ കൃപാവരങ്ങൾ നൽകുകയും ചെയ്യുന്നു.[261] എന്നു വി. ബേസിൽ പ്രസ്താവിക്കുന്നു.

260 cf വി. ഇരണേവൂസ് Adversus Haereses IV, 20,7:SC 100/2 P. 648.

261 വി. ബേസിൽ De Spiritu Sancto, IX 22,Pa 32,110-

60. പവിത്രാത്മാവിൻെറ സ്വാധീനത്തിൽ ആളുകൾ വ്യക്തികളെന്ന നിലയിലും സമൂഹമെന്ന നിലയിലും തങ്ങളുടെ അസ്തിത്വത്തിൻേറയും ജീവിതത്തിൻേറയും ദൈവികമാനം കണ്ടെത്തുമ്പോൾ പലതരത്തിലുള്ള സങ്കുചിതത്വങ്ങളിൽനിന്നും മുക്തരാകുവാൻ അവർക്കു സാധിക്കുന്നു. ഭൗതികമാത്രമായ ചിന്തയിൽനിന്നും പ്രവർത്തനശൈലിയിൽനിന്നും രൂപമെടുക്കുന്നതാണ് ഇത്തരം സങ്കുചിത സിദ്ധാന്തങ്ങൾ. മനുഷ്യൻെറ ആന്തരികസത്തയിലേക്കു "ദൈവമക്കളുടെ സ്വാതന്ത്ര്യം" സംലഭ്യമാക്കുന്ന നവജീവിതത്തിൻെറ പ്രകാശവും ശക്തിയും പാവനാത്മാവ് അവിരാമം പ്രസരിപ്പിക്കുന്ന മനഃസാക്ഷിയുടെ ദിവ്യസ്ഥാനത്തേയ്ക്ക് ഇറങ്ങിച്ചെല്ലാൻ ഇക്കാലത്തു പ്രസ്തുത സിദ്ധാന്തങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിൻെറ വിവിധ തലങ്ങളിൽ പ്രബലമായ സ്ഥാപനങ്ങളും സംവിധാനങ്ങളും മനുഷ്യൻെറ മേൽ പ്രയോഗിക്കുന്ന സമ്മർദ്ദങ്ങളും അനുരൂപണതന്ത്രങ്ങളും ദൈവികജീവനിലുള്ള അവൻെറ വളർച്ചയ്ക്കു തടസ്സം സൃഷ്ടിക്കുന്നു. സാമൂഹ്യഘടകങ്ങൾ മനുഷ്യാരൂപിയുടെ വികാസത്തേയും വിശാലതയേയും പരിപോഷിപ്പിക്കുന്നതിനു പകരം പലപ്പോഴും അതിൻെറ അസ്തിത്വത്തേയും നിലനില്പിനേയും സംബന്ധിക്കുന്ന യാഥാർത്ഥ്യസത്യത്തിനു ഭംഗം വരുത്തുകയാണ്. "ഈ ലോകത്തിൻെറ അധികാരിക്ക്" അതിനെ അധീനപ്പെടുത്തുന്നതിനുവേണ്ടിയാണത്.

രണ്ടായിരാമാണ്ടിലെ മഹത്തായ ജൂബിലി അരൂപിയുടെ ശക്തിയാലുള്ള വിമോചനത്തിൻെറ സന്ദേശം ഉൾക്കൊള്ളുന്നുണ്ട്. "യേശുക്രിസ്തുവിൽ ജീവൻ നൽകുന്ന അരൂപിയുടെ നിയമം" [262] അനുസരിച്ചു നയിച്ചുകൊണ്ടു വ്യക്തികളേയും സമൂഹങ്ങളേയും പഴയതും പുതിയതുമായ സങ്കുചിതത്വങ്ങളിൽനിന്ന് മോചിപ്പിക്കുവാൻ അരൂപിക്കുമാത്രമേ കഴിയൂ. അതുവഴി മനുഷ്യനു തൻെറ യഥാർത്ഥ സ്വാതന്ത്ര്യം അതിൻെറ പൂർണ്ണയളവിൽ കണ്ടെത്തുവാനും നേടിയെടുക്കാനും സാധിക്കും. കാരണം, വി. പൗലോസ് പറയുന്നതുപോലെ, "എവിടെ കർത്താവിൻെറ അരൂപിയുണ്ടോ, അവിടെ സ്വാതന്ത്ര്യമുണ്ട്." [263] സ്വാതന്ത്ര്യ

262. റോമ. 8:2
263 2 കൊറി 3:17

ത്തേപ്പററിയുള്ള ഈ വെളിപാട്ട കഴിഞ്ഞകാലത്തും ഇക്കാല ത്തും പീഡനങ്ങറം നേരിടുന്ന ക്രിസ്ത്യാനികളേയും സഭയേയും സംബന്ധിച്ച വളരെ അർത്ഥവത്തത്രേ. ദൈവികസത്യത്തിനു നൽകുന്ന സാക്ഷ്യം വിശ്വാസികളുടെ മനസ്സുകളിലും ഹൃദയങ്ങ ളിലും സന്നിധിചെയ്യുന്ന സത്യാത്മാവിൻെറ പ്രവർത്തനത്തി ലുള്ള സജീവലക്ഷ്യമാകുന്നു. അവർ പലപ്പോഴും തങ്ങളുടെ രക്ത സാക്ഷിത്വംകൊണ്ടു് മനുഷ്യൻെറ അന്തസ്സിനു പരമോന്നത മ ഹത്വം അർപ്പിക്കുന്നു.

സാധാരണ പരിതഃസ്ഥിതികളിലും മനുഷ്യൻെറ യാഥാ ത്ഥമാഹാത്മ്യത്തിനു സാക്ഷികളായിവർത്തിക്കുന്ന ക്രൈസ്തവർ പരിശുദ്ധാത്മാവിൻെറ പ്രചോദനങ്ങറം അനുസരിച്ച ''ഭൂമുഖ ത്തെ നവീകരിക്കുന്നതിനു'' ബഹുമുഖസംഭാവനകറം നൽകുന്നു. അനുസ്യൂതം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ആധുനിക നാഗരി കതയിലും സംസ്കാരത്തിലും ശാസ്ത്രസാങ്കേതികവിദ്യകളിലും മ നുഷ്യചിന്തയുടേയും പ്രവത്തനത്തിൻേറയും മറെറല്ലാ രംഗങ്ങളി ലും നല്ലതും ശ്രേഷ്ഠവും മനോഹരവുമായിട്ടുള്ളതെല്ലാം നേടുന്നതി നും അതെല്ലാം ശരിയായി ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി അവർ തങ്ങളുടെ സഹോദരീസഹോദരന്മാരൊടൊത്തു പ്രവത്തി ക്കുന്നു. 264 ക്രിസ്തുവിൻെറ ശിഷ്യരെന്നനിലയിലാണു് അവ രിതു ചെയ്യുന്നതു്. കൗൺസിൽ പറയുന്നതുപോലെ, ''ഉത്ഥാനം വഴി സകലത്തിൻേറയും നാഥനായിത്തീർന്നവനും.... ആയ ക്രി സ്തു പരിശുദ്ധാത്മാവിയുടെ ചൈതന്യംവഴി മനുഷ്യഹൃദയങ്ങളിൽ ഇന്നും പ്രവത്തിക്കുന്നു. ഭാവിയുഗത്തിനുവേണ്ടിയുള്ള അഭിലാ ഷം അവിടുന്നു നമ്മിൽ തട്ടിയുണത്തുകമാത്രമല്ല, ആ ശ്രേഷ്ഠാഭി ലാഷങ്ങളെ ഉത്തേജിപ്പിക്കുകയും പവിത്രീകരിക്കുകയും ശ ക്തിപ്പെടുത്തുകയും കൂടി ചെയ്യുന്നു. അങ്ങനെ മനുഷ്യകുടുംബ ത്തിൻെറ ജീവിതം കൂടുതൽ മാനുഷികമാക്കാനും ലോകം മുഴുവൻ പ്രസ്തുത ലക്ഷ്യത്തിനു് അധീനമാക്കാനും പ്രയത്നിക്കു ന്നു. 265 അപ്രകാരം അവ ദൈവത്തിൻെറ ഛായയിലും സാദൃശ്യ ത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻെറ മാഹാത്മ്യം ഒന്നുകൂടെ ഉറ പ്പിച്ചു പ്രഖ്യാപിക്കുന്നു. ദൈവപുത്രൻെറ മനുഷ്യാവതാരം ഈ

264 cf. Gaudium et Spes,53–59
265. Ibid, 38

മാഹാത്മ്യമാണ് എടുത്തുകാണിക്കുന്നതു്. അവിടുന്നു് "സമയത്തിൻെറ പൂർണ്ണതയിൽ" പരിശുദ്ധാത്മാവിൻെറ ശക്തിയാൽ ചരിത്രത്തിൽ പ്രവേശിക്കയും യഥാർത്ഥ മനുഷ്യനായി പ്രത്യക്ഷപ്പെടുകയും ചെയ്തു. അവിടുന്നു എല്ലാ സൃഷ്ടികൾക്കുംമുമ്പ് ജാതനായവനാണു്. അവിടുന്നുവഴി എല്ലാം സൃഷ്ടിക്കപ്പെട്ടു, അവിടുന്നുവഴി നാം സ്ഥിതി ചെയ്യുകയും ചെയ്യുന്നു." 266

## 5. സഭ: ദൈവവുമായുള്ള ഗാഢൈക്യത്തിൻെറ കൂദാശ

61. രണ്ടാംസഹസ്രാബ്ദത്തിൻെറ അവസാനമാകുകയാണു്. ഇതു് സമയത്തിൻെറ തികവിൽവന്ന വചനത്തെ നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ഒരുവിധത്തിൽ വീണ്ടും സന്നിഹിതനാക്കുകയും ചെയ്യണം. ഈയവസരത്തിൽ സഭ തൻെറ ദൈവികവും മാനുഷികവുമായ സ്വഭാവത്തെപ്പററിയും തൻെറ ദൗത്യത്തെപ്പററിയും ആഴത്തിൽ ചിന്തിക്കാൻ ആഗ്രഹിക്കുന്നു. അതുവഴി രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ പ്രബോധനവും എന്നും സാധുവായ അതിൻെറ കർമ്മപരിപാടിയും അനുസരിച്ചു് ക്രിസ്തുവിൻെറ മെസയാനിക ദൗത്യത്തിൽ പങ്കു ചേരാൻ അവൾ ശക്തയായി ഭവിക്കും എന്നാണ് പ്രതീക്ഷ. ഇതിനായി അത്താഴമുറിയിലെ യേശുവിൻെറ വാക്കുകളിലേക്കു നമുക്കു തിരിച്ചുപോകാം. യേശുക്രിസ്തു അവിടെ പരിശുദ്ധാത്മാവിനെ സഹായകനും സത്യാത്മാവുമായി വെളിപ്പെടുത്തുകയുണ്ടായല്ലോ. അദ്രൂപിയുടെ "വരവിൽ" കുരിശിലൂടെയുള്ള തൻെറ തന്നെ വേർപാട് അവശ്യവ്യവസ്ഥയായി അവിടുന്ന് അവതരിപ്പിക്കുകയും ചെയ്തു. "നിങ്ങളുടെ നന്മയ്ക്കു വേണ്ടിയാണ് ഞാൻ പോകുന്നതു്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേയ്ക്കു് വരികയില്ല. എന്നാൽ ഞാൻ പോകുന്നെങ്കിലോ ഞാൻ അവനെ നിങ്ങളുടെ പക്കലേയ്ക്കു് അവയ്ക്കും. "267 ഈ പ്രവചനം ആദ്യം ഉത്ഥാന ദിവസം വൈകുന്നേരവും പിന്നീട് ജറുസലത്തു് പന്തക്കുസ്താത്തിരുനാളിലും നിവൃത്തിയായി എന്നു നാം കണ്ടു. അതുമുതൽ മനുഷ്യ

266. 1. കൊറി. 8:6
267. യോഹ. 16:7

ചരിത്രത്തിലുടനീളം സഭ വഴിയായി അതു നിവർത്തിതമായിക്കൊണ്ടിരിക്കയാണെന്നും സൂചിപ്പിച്ചു.

ആ പ്രവചനത്തിൻെറ വെളിച്ചത്തിൽ അന്ത്യയത്താഴ സമയത്തുതന്നെ യേശു തൻെറ പുതിയ ''വരവിനെ''പ്പററി പറയുന്നതിൻെറ മുഴുവൻ അർത്ഥം എളുപ്പം മനസ്സിലാക്കാം. തൻെറ വിടവാങ്ങൽ പ്രഭാഷണത്തിൽ യേശു തൻെറ ''വേർപാടിനെ''പ്പററി മാത്രമല്ല വീണ്ടുമുള്ള ''വരവിനെ''പ്പററിയും മുൻകൂട്ടിപ്പറയുന്നുവെന്നതു് അർത്ഥവത്താണ്. അവിടുത്തെ വാക്കുകൾ ഇതാണ്. ''ഞാൻ നിങ്ങളുടെ അടുക്കലേക്കു വരും[268]. സ്വർഗ്ഗാരോഹണത്തിനുമുമ്പു് വ്യക്തമായി ഇതാവർത്തിക്കുന്നു: ''ഇതാ, ഞാൻ നിങ്ങളോടുകൂടെയുണ്ടു്.'' ഇതു് ''എപ്പോഴും ലോകാവസാനം വരെയുമാണ്.''[269] അപ്പസ്തോലന്മാരോടുകൂടെ സഭയോടുകൂടെ ആയിരിക്കുവാൻ വേണ്ടിയുള്ള അവിടത്തെ വരവു്, തുടർച്ചയായ വരവു്, ''ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെയുണ്ടു്'' എന്ന വസ്തുത, അവിടുത്തെ ''വേർപാടിനു്'' ഒരു മാററവും വരുത്തുന്നില്ല. ഭൂമിയിലെ തൻെറ മെസയാനിക പ്രവർത്തനത്തിൻെറ അവസാനം നടന്ന വേർപാടിനെ തുടർന്നാണ് ക്രിസ്തുവിൻെറ വീണ്ടുമുള്ള വരവു്. പരിശുദ്ധാത്മാവിനെ അയയ്ക്കുമെന്ന പ്രവചനത്തിൻെറ പശ്ചാത്തലത്തിലാണ് അതു നടക്കുന്നതു്. വാസ്തവത്തിൽ അതു് പരിശുദ്ധാത്മാവിൻെറ തന്നെ ദൗത്യത്തിൻെറ ഭാഗമാണ്. എങ്കിലും പരിശുദ്ധാത്മാവിൻെറ ശക്തിയിലാണ് അതു നടക്കുന്നതു്. വേർപിരിഞ്ഞുപോയ യേശുവിനു ഇപ്പോൾ വീണ്ടും വരുവാനും എന്നും നൂതനമായി വന്നു കൊണ്ടിരിക്കുവാനും സാധിക്കുന്നതു് പരിശുദ്ധാത്മാവുമൂലമാണ്. പരിശുദ്ധാത്മാവിൻറെ ശക്തിയിലുള്ള ഈ പുതിയ വരവും ആത്മീയ ജീവിതത്തിലുള്ള നിരന്തരസാന്നിദ്ധ്യവും പ്രവർത്തനവും യാഥാർത്ഥ്യമാകുന്നതു് കൗദാശികതലത്തിലാണ്. അവിടെ സ്പർശ്യമായ മാനുഷികതയോടു കൂടിപോയ ക്രിസ്തു സഭയിൽ വരികയും സന്നിഹിതനാവുകയും പ്രവർത്തിക്കയും ചെയ്യുന്നു. അവിടുത്തെ ശരീരം നിർമ്മിക്കത്തക്കവിധം അത്ര തീവ്രമായാണ് അവിടുന്ന് ഇങ്ങനെ ചെയ്യു

268. യോഹ. 14:18
269. മത്താ. 28:20

ന്നതു്. അത്രത്തോളം സഭ ലോകവസാനംവരെ ജീവിക്കുകയും പ്രവർത്തിക്കുകയും വളരുകയും ചെയ്യുന്നു. ഇതെല്ലാം പരിശുദ്ധാത്മാവിൻെറ ശക്തിമൂലമാണു് സംഭവിക്കുന്നതു്.

62. കുരിശുമരണത്തിൻേറയും ഉത്ഥാനത്തിൻെറയും രഹസ്യംവഴിയുള്ള ക്രിസ്തുവിൻെറ വേർപാടിൻെറ ഏററവും പൂർണ്ണമായ കൗദാശിക പ്രകാശനം വി. കുർബ്ബാനയാണു്. ഓരോ കുർബ്ബാനയർപ്പണത്തിലും, ബലിയിലും കുർബ്ബാനസ്വീകരണത്തിലും അവിടുത്തെ വരവും രക്ഷാകര സാന്നിധ്യവും കൗദാശികമായി സാക്ഷാത്കൃതമാവുകയാണു്. തൻെറ ദൗത്യത്തിൻെറ ഭാഗമായി പരിശുദ്ധാത്മാവാണു് ഇതു നിർവഹിക്കുന്നതു്.[270] വി. കുർബ്ബാനവഴി പരിശുദ്ധാരൂപി, എഫേസൂസുകാർക്കുള്ള ലേഖനത്തിൽ പറയുന്നതുപോലെ ''ആന്തരിക മനുഷ്യനെ ശക്തിപ്പെടുത്തുന്നു.''[271] കൗൺസിൽ പറയുന്നതുപോലെ വി. കുർബ്ബാന വഴി, സഹായകനായ പാറക്ലേത്തായുടെ പ്രവർത്തനത്താൽ വ്യക്തികളും സമൂഹങ്ങളും ജീവിതത്തിൽ ദൈവികബോധമുള്ളവരാകുവാൻ പഠിക്കുന്നു. യേശുക്രിസ്തു മനുഷ്യനെ ''പൂർണ്ണമായും മനുഷ്യനുതന്നെ വെളിപ്പെടുത്തുന്നു'' എന്ന ബോധവും അതു വഴിയുണ്ടാകുന്നു. ദൈവികയാളുകൾ തമ്മിലുള്ള ഐക്യവും, സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ദൈവമക്കളുടെ ഐക്യവും തമ്മിൽ ഒരു സാദൃശ്യമുണ്ടെന്നു''[272] അതു സൂചിപ്പിക്കുന്നു. ഈ ഐക്യം വി. കുർബ്ബാനയിലൂടെ പ്രകാശിക്കുകയും യാഥാർത്ഥ്യമാവുകയും ചെയ്യുന്നു. വി. കുർബ്ബാന യാഥാർത്ഥ്യമാക്കുന്ന ക്രിസ്തുവിൻെറ ബലിയിൽ മനുഷ്യൻ പങ്കെടുക്കുകയും ''ആത്മാർത്ഥമായ ആത്മദാനത്തിലൂടെ.......''[273] ദൈവവുമായും സഹോദരീസഹോദരന്മാരുമായുള്ള ഐക്യത്തിലൂടെ സ്വയം കണ്ടെത്തുവാൻ പഠിക്കുകയും ചെയ്യുന്നു.

270 കൂദാശാകർമ്മത്തിനുമുമ്പുള്ള 'എപ്പിക്ലേസിസ്' ഇതാണു വ്യക്തമാക്കുന്നതു്. "അങ്ങയുടെ അരൂപി എഴുന്നള്ളി വന്നു് ഈ ബലിവസ്തുക്കളെ വിശുദ്ധീകരിക്കട്ടെ. അങ്ങനെ അവ ഞങ്ങൾക്കു ഞങ്ങളുടെ കർത്താവ് യേശുക്രിസ്തുവിൻെറ ശരീരവും രക്തവുമായിത്തീരട്ടെ." (രണ്ടാം സ്തോത്രയാഗപ്രാർത്ഥന)

271. cf. എഫേ. 3:16

272. Gaudium et spes, 24

273. Ibid

ഇക്കാരണത്താൽ ആദിമക്രൈസ്തവർ പരി. ആത്മാവ് ഇറങ്ങിവന്ന ആ ദിവസങ്ങളും മുതലേ "അപ്പം മുറിക്കൽ ശുശ്രൂഷയിലും പ്രാർത്ഥനയിലും താത്പര്യത്തോടെ പങ്കെടുത്തുപോന്നു" അങ്ങനെ അവർ അപ്പസ്തോലന്മാരുടെ പ്രബോധനത്തിൽ അടിയുറച്ച ഒരു സ്നേഹസമൂഹമായി രൂപപ്പെട്ടു.[274] അപ്രകാരം ഉത്ഥാനം ചെയ്ത് സ്വർഗ്ഗത്തിലേയ്ക്ക് ആരോഹണം ചെയ്ത തങ്ങളുടെ നാഥൻ വി. കുർബ്ബാനവഴിയായി സഭയാകുന്ന ആരാധനാ സമൂഹത്തിൽ വീണ്ടും സന്നിഹിതനാവുന്നു എന്നവർ "അറിഞ്ഞു." പരിശുദ്ധാരൂപിയാൽ നയിക്കപ്പെട്ട സഭ ആദ്യം മുതലേ വി. കുർബ്ബാനയിലൂടെയാണു തൻെറ സ്വത്വം പ്രകാശിപ്പിച്ചതും സ്ഥിരീകരിച്ചതും. ക്രൈസ്തവജനതയുടെ എല്ലാ തലമുറയിലും അതങ്ങനെയായിരുന്നു; രണ്ടാം ക്രൈസ്തവ സഹസ്രാബ്ദത്തിൻെറ അവസാനം കാത്തിരിക്കുന്ന ഈ അവസരത്തിലും അതങ്ങനെ തന്നെയാണ്. കഴിയാൻ പോകുന്ന സഹസ്രാബ്ദത്തിലാണ് ക്രൈസ്തവരുടെയിടയിൽ വലിയ ഭിന്നതകൾ ഉടലെടുത്തത് എന്ന നിർഭാഗ്യകരമായ സത്യം നാം അംഗീകരിക്കുക തന്നെ വേണം. അതിനാൽ ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും അപ്പസ്തോലന്മാരുടെ മാതൃക അനുകരിച്ച തങ്ങളുടെ ചിന്തയും പ്രവൃത്തിയും പരിശുദ്ധാരൂപിയുടെ ഹിതത്തിനു് അനുയോജ്യമാക്കാൻ തീവ്രമായി പരിശ്രമിക്കണം. "സഭൈക്യത്തിൻെറ ജീവതത്വം[275] അവിടുന്നാണല്ലോ. അങ്ങനെ, ഏകശരീരമാകുവാൻ ഒരേ അരൂപിയിൽ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും "സ്നേഹത്തിൻെറ കൂദാശയും ഐക്യത്തിൻെറ അടയാളവും ഉപവിയുടെ ശൃംഖലയുമായ"[276] വി. കുർബ്ബാനയിൽ ഒന്നിച്ച പങ്കെടുക്കുന്ന സഹോദരന്മാരായിത്തീരണം.

63. ക്രിസ്തുവിൻെറ ദിവ്യകാരുണ്യസാന്നിധ്യം, "ഞാൻ നിങ്ങളോട്ട കൂടെയുണ്ട്" എന്നതിൻെറ കൗദാശികയാഥാർത്ഥ്യം തൻെറ തന്നെ രഹസ്യത്തിലേയ്ക്ക് ആഴത്തിലിറങ്ങിച്ചെല്ലുവാൻ സഭയെ പ്രാപ്തയാക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസ

274. cf. അപ്പ. പ്രവ. 2:42
275. Unitatis Redintegrafio
276. വി. അഗസ്റ്റിൻ, In Joannis Evangelium Traetus XXVI, 13. ccl 36, P. 266, sacrosanetum, Concilium 47.

ലിൻെറ സഭാവിജ്ഞാനീയം ഒന്നാകെ ഇതിനു തെളിവാണ്. കൗൺസലിൻെറ വീക്ഷണത്തിൽ, ക്രിസ്തുവുമായി സഗാഢം ബന്ധിതയായ സഭ ദൈവവുമായുള്ള ഉററൈക്യത്തിൻേറയും മനുഷ്യവർഗ്ഗത്തിൻെറ മുഴുവൻ യോജിപ്പിൻേറയും കൂദാശയാണ്."[277] കൂദാശയെന്ന നിലയിൽ സഭ ക്രിസ്തുവിൻെറ "വേർപാടിൻെറ" പെസഹാരഹസ്യത്തിൽനിന്നുള്ള വളർച്ചയാകുന്നു. പരി. ആത്മാവിൻെറ ശക്തിയിലുള്ള ക്രിസ്തുവിൻെറ നിത്യനൂതനമായ "വരവാണ്" സഭയുടെ ജീവശക്തി. ഈ വരവാകട്ടെ. സഹായകനായ സത്യാത്മാവിൻെറ ദൗത്യത്തിൻെറ തന്നെ ഭാഗമാണ്. കൗൺസിൽ പഠിപ്പിക്കുന്ന സഭാവിജ്ഞാനീയത്തിൻെറ സാരമിതാണ്.

ദൈവം സ്രഷ്ടാവായതുകൊണ്ടാണ് അവിടുന്നിൽ നാമെല്ലാവരും "ജീവിക്കുകയും ചരിക്കുകയും നിലനില്ക്കുകയും ചെയ്യുന്നു"[278] എന്നു പറയാനാവുന്നതു്. ഇതിനെത്തുടർന്നു് രക്ഷാകരശക്തി മനുഷ്യലോകചരിത്രത്തിൽ നിലനില്ക്കുന്നതും പുരോഗമിക്കുന്നതും രണ്ടു 'താളക്രമത്തി'ലാണ്, രണ്ടിൻേറയും ഉറവിടം നിത്യനായ പിതാവുതന്നെ. പുത്രൻെറ ദൗത്യം ഒരു താളക്രമത്തിൽ പുരോഗമിക്കുന്നു. അവിടുന്നു പരിശുദ്ധാത്മാവിൻെറ ശക്തിയാൽ കന്യകാമറിയത്തിൽനിന്നു പിറന്നു് ഭൂമിയിൽ ജാതനായി. പരി. ആത്മാവിൻെറ ദൗത്യം വേറൊരു താളക്രമത്തിൽ മുന്നോട്ടുപോകുന്നു. പരിശുദ്ധാത്മാവിനെ സുവ്യക്തമായി വെളിപ്പെടുത്തിയതു് ക്രിസ്തുവാണ്. പുത്രൻെറ 'വേർപാടുമൂലം പരിശുദ്ധാത്മാവ് സഹായകനും സത്യാത്മാവുമായി വരികയും വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. അരൂപിയുടെ ദൗത്യത്തിൻെറ പശ്ചാത്തലത്തിൽ, അവിടത്തെ അവിഭാജ്യ സാന്നിധ്യത്തിൻെറ ഭാഗമായി, പെസഹാരഹസ്യത്തിൽ 'വേർപിരിഞ്ഞുപോയ' പുത്രൻ "വരികയും" സഭാരഹസ്യത്തിൽ തുടർച്ചയായി സന്നിഹിതനാവുകയും ചെയ്യുന്നു. സഭാ ചരിത്രത്തിൻെറ ചില ഘട്ടങ്ങളിൽ അവിടുന്നു മറഞ്ഞിരിക്കയാകും, മററു ചില ഘട്ടങ്ങളിൽ അവിടുത്തെ തെളിവായി കാണാം. എന്നാലെപ്പോഴും അവിടുന്നു സഭയുടെ നീക്ക

277. Lumen Gentium, 1.
278. Acts 17:28.

ങ്ങളെ നിയന്ത്രിക്കുന്നു. ഇതെല്ലാം സംഭവിക്കുന്നതു് കൗദാശികമായിട്ടാണു്, പരി. അരൂപിയുടെ ശക്തിയാലുമാണു്. അരൂപി ''ക്രിസ്തുവിൻെറ രക്ഷയുടെ സമ്പത്തിൽനിന്നു് എടുത്തു്'' നിരന്തരം ജീവൻ പ്രദാനം ചെയ്യുന്നു. ഈ രഹസ്യത്തെപ്പററി സഭ കൂടുതൽ കൂടുതൽ ബോധവതിയാകുന്തോറും അവൾ തന്നെത്തന്നെ കൂടുതൽ സ്പഷ്ടമായി ഒരു കൂദാശയായി കാണും.

ഇതങ്ങനെയാകാൻ ഒരു കാരണം കൂടിയുണ്ടു്. കർത്താവിൻെറ ഇഷ്ടപ്രകാരം ഏഴു കൂദാശകളിലൂടെ സഭ മനുഷ്യർക്കുള്ള തൻെറ രക്ഷാകരശുശ്രൂഷ നിർവഹിച്ചുകൊണ്ടിരിക്കുകയാണു്. ഈ കൗദാശിക ശുശ്രൂഷ അതു് ഓരോ പ്രാവശ്യം നിർവഹിക്കപ്പെടുമ്പോഴും, കുരിശിലൂടെയും ഉത്ഥാനത്തിലൂടെയും നടന്ന ക്രിസ്തുവിൻെറ വേർപാടിൻെറ രഹസ്യം പുനരവതരിപ്പിക്കുന്നു. അതിൻെറ ഫലമായി പരി. ആത്മാവു് വരികയും ചെയ്യുന്നു. അവിടുന്നു വരികയും പ്രവർത്തിക്കയും ചെയ്യുന്നു; ''അവിടുന്നു ജീവൻ നല്കുന്നു.'' കാരണം കൂദാശകൾ പ്രസാദവരത്തെ സൂചിപ്പിക്കുകയും പ്രദാനം ചെയ്യുകയും ചെയ്യുന്നു. അവ ജീവനെ സൂചിപ്പിക്കുകയും ജീവൻ നൽകുകയും ചെയ്യുന്നു. വി. കൂദാശകളെ ദൃശ്യമായി കൈകാര്യം ചെയ്യുന്നതു സഭയാണു്. എന്നാൽ പരി. ആത്മാവു് അദൃശ്യമായി അവയിൽ പ്രവർത്തിച്ചുകൊണ്ടു് അവ സൂചിപ്പിക്കുന്ന ജീവൻ പങ്കുവച്ചുകൊടുക്കുന്നു. അരൂപിയോടൊപ്പം യേശുക്രിസ്തുവും സന്നിഹിതനാവുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടു്.

64. സഭ ദൈവവുമായുള്ള ഗാഢൈക്യത്തിൻെറ കൂദാശയാണെങ്കിൽ യേശുക്രിസ്തുവിലാണു് അവളങ്ങനെയായിരിക്കുന്നതു്. ക്രിസ്തുവിൽ ഈ ഐക്യം രക്ഷാകര യാഥാർത്ഥ്യമായിത്തീരുന്നു. യേശുക്രിസ്തുവിൽ സഭയങ്ങനെയാകുന്നതു പരിശുദ്ധാത്മാവിൻെറ ശക്തിയിലാണു്. ചരിത്രപരമായി രക്ഷയുടെ തികവു് ക്രിസ്തുവാണു്. അതു സഹായകനായ അരൂപിയുടെ ശക്തി മൂലം കൗദാശികമായി എങ്ങും വ്യാപിക്കുന്നു. ഈ വിധമാണു പരിശുദ്ധാരൂപി ''മറെറാരു സഹായകൻ'' അഥവാ പുതിയ സഹായകൻ ആകുന്നതു്. അവിടുത്തെ പ്രവർത്തനംമൂലം സുവിശേഷം മനുഷ്യഹൃദയങ്ങളിലും മനസ്സുകളിലും

രൂപം പ്രാപിക്കുകയും ചരിത്രത്തിലുടനീളം വ്യാപിക്കയും ചെയ്യുന്നു. ഇവിടെയെല്ലാം ജീവൻ നൽകുന്നതു പരിശുദ്ധാത്രുപിയാണ്.

സഭയെ സൂചിപ്പിക്കുവാൻ ''കൂദാശ'' എന്ന വാക്ക് ഉപയോഗിക്കുമ്പോൾ, സഭയുടെ കൗദാശികത്വം നാം സാധാരണ പറയാറുള്ള കൂദാശകളുടെ കൗദാശികത്വത്തിൽനിന്ന് അല്പം ഭിന്നമാണ് എന്ന ആശയം കൗൺസിൽ പ്രമാണരേഖകളിലുണ്ടെന്നു നാം ഓർത്തിരിക്കണം. നോക്കുക: ''സഭസ്സ്........ഒരു കൂദാശയുടെ സ്വഭാവമാണുള്ളതു് – ദൈവമായുള്ള ഐക്യത്തിൻെറ അടയാളവും ഉപകരണവും.'' എന്നാൽ ഈ രണ്ടു പ്രയോഗങ്ങളിലുള്ള അർത്ഥസാധർമ്മ്യത്തിൽനിന്ന് ഉരുത്തിരിയുന്നതും വളരെ പ്രധാനപ്പെട്ടതുമായ വസ്തുത ഇതാണ്. സഭയും ജീവദാതാവായ പരിശുദ്ധാത്രുപിയുടെ ശക്തിയും തമ്മിൽ ഗാഢബന്ധമുണ്ട്. സഭ ജീവദാതാവായ അത്രുപിയുടെ സാന്നിധ്യത്തിൻേറയും പ്രവർത്തനത്തിൻേറയും അടയാളവും ഉപകരണവുമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ ഒന്നുകൂടി പറയുന്നുണ്ട്. സഭ ''മനുഷ്യവർഗ്ഗം മുഴവൻേറയും ഐക്യത്തിൻെറ കൂദാശയാണ്.'' ദൈവത്തിലും ദൈവത്തിൽ നിന്നുമുള്ള മനുഷ്യകുലത്തിൻെറ ഐക്യത്തെപ്പററിയാണിവിടെ പറയുന്നതെന്ന് സ്പഷ്ടമാണ്, മനുഷ്യവർഗ്ഗത്തിൽത്തന്നെ പല പ്രകാരത്തിലുള്ള വൈവിധ്യങ്ങളുണ്ടല്ലോ. മനുഷ്യവർഗ്ഗത്തിൻെറ ഐക്യത്തിൻെറ വേരുകൾ സൃഷ്ടിരഹസ്യത്തിൽ കണ്ടെത്താം. സാർവ്വത്രികരക്ഷയിലേയ്ക്ക് ഉന്മുഖമായിരിക്കുന്ന രക്ഷാരഹസ്യത്തിൽ അതിനു പുതിയൊരു മാനം കൈവരുന്നു. ''എല്ലാ മനുഷ്യനും രക്ഷപ്പെടണമെന്നും'' [279] ദൈവം ആഗ്രഹിക്കുന്നതുകൊണ്ടാണ രക്ഷ സകല മനുഷ്യരേയും ഒരു വിധത്തിൽ സകല സൃഷ്ടികളേയും ഉൾക്കൊള്ളുന്നു. ഈ സാർവ്വത്രികരക്ഷയുടെ തലത്തിൽ ''ക്രിസ്തുവിൻെറ വേർപാട്'' നിമിത്തം പരിശുദ്ധാത്മാവ് പ്രവർത്തനിരതനത്രേ. ത്രിത്വത്തിൻെറ രക്ഷാപദ്ധതിയിൽ അടിസ്ഥാനമുറപ്പിച്ചിട്ടുള്ള സഭ സകാരണം താൻ ''മനുഷ്യകുലത്തിൻെറ മുഴവൻ

279. 1. തിമോ 2:4

ഐക്യത്തിന്റെ കൂദാശ' യാണ് എന്നു സ്വയം കരുതുന്നു. പരിശുദ്ധാത്മാവിന്റെ ശക്തി മൂലമാണു താനങ്ങനെ ആയിരിക്കുന്നതെന്ന് അവൾക്കറിയാം. ദൈവത്തിന്റെ രക്ഷാപദ്ധതി പൂർത്തിയാക്കേണ്ടതിനായി ആ ശക്തിയുടെ അടയാളവും ഉപകരണവുമാണു താനെന്നും അവൾക്കറിയാം.

ഇപ്രകാരം ത്രിത്വത്തിന്റെ അനന്തസ്നേഹത്തിന്റെ 'വിനീതഭാവം'' സുവ്യക്തമാകുന്നു: അന്തമില്ലാത്ത അരൂപിയായ ദൈവം ദൃശ്യലോകത്തിലേക്കിറങ്ങി വരുന്നു. ത്രിതൈ്വക ദൈവം ആദിമുതലേ തന്റെ ''ഛായയും സാദൃശ്യവും'' മുഖേന മനുഷ്യനു തന്നെത്തന്നെ പങ്കുവച്ചു നൽകുന്നു. ഈ അരൂപിയുടെ തന്നെ പ്രവർത്തനത്താൽ മനുഷ്യനും മനുഷ്യനിലൂടെ ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട സൃഷ്ടപ്രപഞ്ചവും ദൈവത്തിലുള്ള തങ്ങളുടെ ആത്യന്തികലക്ഷ്യത്തോടടുക്കുന്നു. സൃഷ്ടിയുടേയും രക്ഷയുടേയും രണ്ടു ധ്രുവങ്ങളായ ദൈവത്തിന്റേയും മനുഷ്യന്റേയും സമാഗമത്തിന്റെ ''കൂദാശ, അതായതു്, അടയാളവു ഉപകരണവ്''മാണ് സഭ. മനുഷ്യവർഗ്ഗത്തിന്റെ അടിസ്ഥാനപരമായ ഐക്യം പുന:സ്ഥാപിക്കാനും ശക്തിപ്പെടുത്താനും അവൾ പരിശ്രമിക്കുന്നു. മനുഷ്യനു തന്റെ സൃഷ്ടാവും നാഥനും രക്ഷകനുമായ ദൈവവുമായുള്ള സ്നേഹബന്ധമാണു പ്രസ്തുത ഐക്യത്തിനടിസ്ഥാനം. രണ്ടാം ക്രൈസ്തവ സഹസ്രാബ്ദത്തിൽനിന്ന് മൂന്നാമത്തേതിലേയ്ക്കു് കടക്കുന്ന ഈ ഘട്ടത്തിൽ കൗൺസിൽ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ നമുക്കു ധ്യാനിക്കുകയും വിശദീകരിക്കുകയും മുഴുവൻ അർത്ഥവ്യാപ്തിയോടെ പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്യാവുന്ന ഒരു സത്യമാണ് മേല്പറഞ്ഞതു്. രക്ഷാചരിത്ര —ഇതു മനുഷ്യചരിത്രത്തിന്റെ ഭാഗമാണ്—ത്തിലെ സഭയുടെ ദൗത്യംനിർവഹണത്തിൽ പരിശുദ്ധാരൂപി സന്നഹിതനാവുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെന്നു കൂടുതൽ വ്യക്തമാകുന്നതുവഴി നമ്മുടെ സന്തോഷം അധികരിക്കുന്നു. കാരണം അവിടുന്നു ദൈവികജീവന്റെ നിശ്വാസത്തോടെ മനുഷ്യന്റെ ഭൗമികാസ്തിത്വത്തിന്റെ എല്ലാ തലങ്ങളിലേയ്ക്കും ഇറങ്ങുകയും എല്ലാ സൃഷ്ടികളും എല്ലാ ചരിത്രങ്ങളും ഒന്നിച്ച് പരമാന്ത്യമായ ദൈവത്തിന്റെ അനന്ത സാഗരത്തിലേയ്ക്കും ഒഴുകുവാൻ ഇടയാക്കുകയും ചെയ്യുകയാണ്.

## 6. അരൂപിയും മണവാട്ടിയും പറയുന്നു: "വരിക"

65. ദൈവികജീവൻെറ നിശ്വാസമായ പരിശുദ്ധാത്മാവ് ഏററവും ലളിതവും സാധാരണവുമായ രീതിയിൽ തന്നെ തന്നെ പ്രകാശിപ്പിക്കുന്നതും തൻെറ സാന്നിധ്യം അനുഭവവേദ്യമാക്കുന്നതും പ്രാർത്ഥനയിലാണ്. ലോകത്തിൽ എവിടെയൊക്കെ ആളുകൾ പ്രാർത്ഥിക്കുന്നുവോ അവിടെയൊക്കെ പരിശുദ്ധാത്മാവ് പ്രാർത്ഥനയുടെ ജീവശ്വാസമായി വർത്തിക്കുന്നുവെന്ന ചിന്ത മനോഹരവും രക്ഷാകരവുമാകുന്നു. ഭൂത, വർത്തമാന ഭാവി കാലങ്ങളിൽ ലോകത്തിലെല്ലായിടത്തും നിന്നു് ഉയരുന്ന പ്രാർത്ഥനയിൽ ഒരു പോലെ പരി. അരൂപിയുടെ സാന്നിധ്യവും പ്രവർത്തനവും ഉണ്ടെന്നു ചിന്തിക്കുന്നതും മനോഹരവും രക്ഷാകരവുമാണ്. അന്തമില്ലാത്തവണ്ണം വൈവിധ്യമാർന്ന ചുററുപാടുകളിലും സാഹചര്യങ്ങളിലും— അവ മതാത്മകജീവതത്തിനു് ആദ്ധ്യാത്മിക ജീവിതത്തിനും അനുകൂലമോ പ്രതികൂലമോ ആകാം— മനുഷ്യഹൃദയങ്ങളിലേക്കു പ്രാത്ഥന നിശ്വസിക്കുന്നതു് പരിശുദ്ധാത്മാവത്രേ. നിരോധനങ്ങളും വിലക്കുകളുമുണ്ടെങ്കിൽപ്പോലും പൊതുജീവിതത്തിൻെറ മതവിമുക്തമോ ഈശ്വരവിരുദ്ധമോ ആയ സ്വാഭാവത്തെപ്പററി ഔദ്യോഗിക പ്രഖ്യാപനങ്ങളുണ്ടെങ്കിൽപ്പോലും പലപ്പോഴും അരൂപിയുടെ പ്രേരണയിൽ മനുഷ്യഹൃദയങ്ങളിൽനിന്നു പ്രാത്ഥന ഉയരുന്നുണ്ട്. പ്രാർത്ഥന എപ്പോഴും, ശബ്ദിക്കാനാകാത്ത എല്ലാവരുടേയും ശബ്ദമാണ്. ഈ ശബ്ദത്തിൽ ഹെബ്രായക്കുള്ള ലേഖനത്തിൽ സൂചിപ്പിക്കുന്ന ക്രിസ്തുവിൻെറ "വലിയ നിലവിളി" പ്രതിധ്വനിച്ചു കേൾക്കാം.[280] മനുഷ്യഹൃദയമെന്ന ആ ആഴത്തെ തുറന്നു കാണിക്കുന്ന ഒന്നാണു പ്രാത്ഥന. ദൈവത്തിൽ നിന്നുള്ള ആഴമാണതു്; ദൈവത്തിനു മാത്രമേ അതിനെ നിറയ്ക്കാനാവൂ. പരിശുദ്ധാത്മാവിനെകൊണ്ടാണതു നിറയ്ക്കുക. ലൂക്കായുടെ സുവിശേഷത്തിൽ നാമിങ്ങനെ വായിക്കുന്നു. "ദുഷ്ടരായ നിങ്ങൾക്കു നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങൾ കൊടുക്കാനറിയാമെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് എത്രയധിക

280 cf. ഹെബ്രാ 5:7

മായി തന്നോടു ചോദിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ നൽകുകയില്ല!''[281]

പ്രാർത്ഥനയോടൊപ്പം മനുഷ്യഹൃദയത്തിലേയ്ക്കു വരുന്ന ദാനമാണു് പരിശുദ്ധാരൂപി. അവിടുന്നു് പ്രാർത്ഥനയിൽ സ്വയം വെളിപ്പെടുത്തുന്നതു് എല്ലാററിനും മുമ്പായും ഉപരിയായും ''നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്ന'' ദാനമായാണു്. റോമാക്കാർക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ് സുന്ദരമായ ഈ ചിന്ത അവതരിപ്പിക്കുന്നുണ്ടു്: ''വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയാണു് എന്നു് നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു''[282] അതുകൊണ്ടു് പരിശുദ്ധാത്മാവ് പ്രാർത്ഥിക്കുവാൻ നമ്മെ ശക്തരാക്കുന്നുവെന്നു മാത്രമല്ല പ്രാർത്ഥനയിൽ ആന്തരികമായി നമ്മെ നയിക്കുകയും ചെയ്യുന്നു നമ്മുടെ പ്രാർത്ഥനയിൽ അവിടുന്നു സന്നിഹിതനാകുകയും അതിനു ദൈവികമാനം കൈവരുത്തുകയും ചെയ്യുന്നു.[283] അങ്ങനെ ''ഹൃദയങ്ങൾ പരിശോധിക്കുന്നവൻ ആത്മാവിന്റെ ഇംഗിതം ഗ്രഹിക്കുന്നു. എന്തെന്നാൽ ആത്മാവ് ദൈവഹിതമനുസരിച്ചാണു് വിശുദ്ധർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നതു്''[284] പാവനാത്മാവിന്റെ ശക്തിമൂലം പ്രാർത്ഥന പുതിയ മനുഷ്യന്റെ പരിപക്വമായ പ്രകാശനമായിത്തീരുന്നു. അങ്ങനെയുള്ള പ്രാത്ഥനവഴി അവൻ ദൈവികജീവനിൽ പങ്കുചേരുന്നു.

ബുദ്ധിമുട്ടു നിറഞ്ഞ ഇക്കാലഘട്ടത്തിൽ പ്രാർത്ഥന ഒരാവശ്യകതയാണു്. ചരിത്രഗതിയിൽ കഴിഞ്ഞ കാലത്തും ഇക്കാലത്തും – അനേകം സ്ത്രീ പുരുഷന്മാർ പ്രത്യേകിച്ചു് ആശ്രമങ്ങളിലും മഠങ്ങളിലുമുള്ളവർ ദൈവസ്തുതിക്കും പ്രാർത്ഥനാ ജീവിതത്തിനും തങ്ങളെത്തന്നെ സമർപ്പിച്ചുകൊണ്ടു് പ്രാർത്ഥനയുടെ പ്രാധാന്യത്തിനു സാക്ഷ്യം വഹിച്ചിട്ടുണ്ടു്.

281 ലൂക്ക. 11:13
282. റോമ. 8:26
283. cf. ഒറിജൻ, De oratione, 2: PG. 11, 419-423
284. റോമ. 8:27

അതുപോലെ പ്രചാരം സിദ്ധിച്ചുകൊണ്ടിരിക്കുന്ന അനേകം സമൂഹങ്ങളിൽക്കൂടിയും പ്രസ്ഥാനങ്ങളിൽക്കൂടിയും പ്രാർത്ഥനയ്ക്കു പ്രഥമസ്ഥാനം നൽകുകയും പ്രാർത്ഥനയിലൂടെ ആധ്യാത്മിക ജീവിതത്തിനു നവീകരണം വരുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്ന ആളുകളുടെ എണ്ണം അടുത്ത കാലത്തായി ഏറി വരുന്നുണ്ട്. ഇതു ശ്രദ്ധേയവും ശുഭകരവുമായ ലക്ഷണമാണ്. കാരണം ഇത് വിശ്വാസികളുടെയിടയിൽ പ്രാർത്ഥനയുടെ പുനരുജ്ജീവനത്തിനു സഹായകരമാണ്. ഇതുവഴി ഹൃദയങ്ങളിൽ വിശുദ്ധിക്കുവേണ്ടിയുള്ള തീവ്രമായ അഭിലാഷം ജനിപ്പിക്കുന്ന പവിത്രാത്മാവിനെപ്പററി വിശ്വാസികൾക്ക് കൂടുതൽ വ്യക്തമായ ധാരണലഭിക്കുന്നു.

ശാസ്ത്രസാങ്കേതിക മേഖലകളിൽ ദ്രുതഗതിയിലുള്ള പുരോഗതിയുണ്ടായിട്ടും ഏറെ വിജയങ്ങൾ കൈവരിക്കുകയും ലക്ഷ്യങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. മനുഷ്യൻ, മനുഷ്യകുലം ഭീഷണിയെ നേരിടുകയാണെന്ന ബോധം പലവ്യക്തികളിലും സമൂഹങ്ങളിലും വളർന്നുകൊണ്ടിരിക്കുകയാണ്. ഈ അപകടത്തിൻെറ മുമ്പിൽ മനുഷ്യൻെറ ആധ്യാത്മിക ജീർണ്ണതയെന്ന ഭീകര യാഥാർത്ഥ്യത്തെ നേരിട്ടു കൊണ്ടു തന്നെ വ്യക്തികളും സമൂഹങ്ങളും വിശ്വാസത്തിൻെറ ആന്തരിക ചോദനയാൽ നയിക്കപ്പെട്ടാലെന്നപോലെ, മനുഷ്യനെ വീണ്ടും ഉയർത്താനുള്ള ശക്തി തേടുന്നു. മനുഷ്യനെ അവനിൽ നിന്നു തന്നെ, വിജയങ്ങളെപ്പോലും അപകടകരമാക്കുന്ന അവൻെറ തെററുകളിലും കുററങ്ങളിലുംനിന്ന് മോചിപ്പിക്കുവാനുള്ള ശക്തിയാണ് അവർ തേടുന്നതു്. അങ്ങനെ ''നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്ന'' അരൂപി സ്വയം വെളിപ്പെടുത്തുന്ന പ്രാർത്ഥനയെന്താണെന്ന് അവർ മനസ്സിലാക്കുന്നു. ഇപ്രകാരം ആധുനിക കാലത്തു് പ്രാർത്ഥനയിലേയ്ക്കു തിരിയുന്ന അനേകർക്ക് പരിശുദ്ധാത്മാവു സമീപസ്ഥനാകുകയാണ്. ഈ ചാക്രികലേഖനത്തിലെ പ്രബോധനത്തിൽ എല്ലാവരും തങ്ങളുടെ ആന്തരികജീവിതത്തിനുവേണ്ട പോഷണം കണ്ടെത്തുമെന്നും പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്താൽ സഭയുമായും അവളുടെ പ്രബോധനാധികാരവുമായി ചേർന്ന് പ്രാർത്ഥനയോടുള്ള സമർപ്പണം ശക്തിപ്പെടുത്തുന്നതിൽ അവർ വിജയിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

66. ആധുനിക ലോകത്തിലെ പ്രശ്നങ്ങളുടേയും മോഹഭംഗങ്ങളുടേയും പ്രതീക്ഷകളുടേയും മദ്ധ്യേ, ഉപേക്ഷിച്ച് പോരുന്നവരുടേയും പിരിഞ്ഞു പോകുന്നവരുടേയും നടുവിൽ സഭ തന്റെ ജനനരഹസ്യത്തോട് വിശ്വസ്തത പുലർത്തുന്നു. പന്തക്കുസ്താ ദിനം; മുകളിലത്തെ മുറിയിൽ നിന്ന് സഭ പുറപ്പെട്ടു പോന്നു എന്നതു് ഒരു ചരിത്ര വസ്തുതയാണെങ്കിലും വേറൊരു വിധത്തിൽ സഭ ആ മുറി വിട്ടു പോന്നിട്ടില്ല. ആധ്യാത്മികമായി നോക്കുമ്പോൾ പന്തക്കുസ്ത. ഒരു ഭൂതകാല സംഭവം മാത്രമല്ല. തന്റെ ഹൃദയത്തിൽ വഹിക്കുന്ന മുകളിലത്തെ മുറിയിലാണ് സഭ എപ്പോഴും. ക്രിസ്തുവിന്റെ മാതാവായ മറിയത്തോടും ജറുസലമിലുണ്ടായിരുന്നവരോടുമൊപ്പം അപ്പസ്തോലന്മാർ പ്രാർത്ഥനാപൂർവ്വം പരിശുദ്ധാത്മാവിന്റെ ആഗമനം കാത്തു കഴിഞ്ഞു ആദിമ ക്രൈസ്തവ സമൂഹത്തിനു ബീജാവാപം ചെയ്തു അവരെപ്പോലെ സഭയും പ്രാർത്ഥനാനിരതയായി കഴിയുന്നു.

മറിയത്തോട് ചേർന്ന് സഭ പ്രാർത്ഥനയിൽ തുടരുന്നു. പ്രാർത്ഥിക്കുന്ന സഭയ്ക്ക് ക്രിസ്തുവിന്റെ മാതാവുമായുള്ള ഐക്യം ആദ്യംമുതൽക്കേ സഭാരഹസ്യത്തിന്റെ ഒരു ഘടകമായിരുന്നു. തന്റെ പുത്രന്റെ രഹസ്യത്തിലെന്നതുപോലെ അവൾ ഈ രഹസ്യത്തിലുമുണ്ട്. കൗൺസിൽ നമ്മോടു പറയുന്നതിതാണ്: ''പരി,.കന്യക........ പരി. ആത്മാവിന്റെ ആവാസംമൂലം ........ നിത്യപിതാവിന്റെ സുതന് ലോകത്തിൽ ജന്മം നൽകി. അവൾ പ്രസവിച്ച പുത്രനെ അനേക സഹോദരങ്ങളുടെ, അതായതു് വിശ്വാസികളുടെയിടയിൽ ആദ്യജാതനായി ദൈവംസ്ഥാപിച്ചു'' (റോമ 8:29). അവരുടെ ജന്മത്തിലും മാതൃസഹജമായ സ്നേഹത്തോടെ അവൾ സഹകരിക്കുകയുണ്ടായി. ''ദിവ്യമാതൃത്വത്തിന്റെ ദാനവും ദൗത്യവും വഴി........പരി. മറിയം തന്റെ സവിശേഷമായ വരങ്ങളാലും ഉദ്യോഗങ്ങളാലും സഭയോടു സാഗാഢം ബന്ധപ്പെട്ടാണിരിക്കുന്നതു് ........ ദിവ്യജനനി സഭയുടെ മാതൃകയാണ്'': [285] മാത്രമല്ല മറിയത്തിന്റെ നിഗൂഢവിശുദ്ധിയെപ്പററി ധ്യാനിക്കുകയും അവളുടെ ദൈവസ്നേഹം അനുകരിക്കുകയും ....... ചെയ്യു

285. Lumen Gentium, 63

മ്പോശം ........ സഭ ഒരു മാതാവായി തീരുകയാണു് ചെയ്യുന്നതു്.'' ''തന്റെ ദിവ്യമണവാളനോടുള്ള വിവാഹവാഗ്ദാനം പരിശുദ്ധമായും അഭംഗുരമായും കാത്തുസൂക്ഷിക്കുന്ന സഭ ഒരു കന്യകയത്രേ. സ്വനാഥന്റെ മാതാവിനെ അനുകരിച്ചുകൊണ്ടു് പരി. ആത്മാവിന്റെ ശക്തിയാൽ അവികലമായ വിശ്വാസവും അടിയുറച്ച പ്രത്യാശയും ആത്മാർത്ഥമായ ഉപവിയും കന്യാത്വപരിശുദ്ധിയോടെ അവശം കാത്തുസൂക്ഷിക്കുന്നു''. [286]

അപ്പോശം കന്യകാമാതാവിനോടു് യോജിച്ചു് മണവാട്ടി ദിവ്യമണവാളനോടെന്നപോലെ സഭ നിരന്തരം പ്രാർത്ഥിക്കുന്നതിനു് ഉറച്ച അടിസ്ഥാനമുണ്ടെന്നു കാണാം. കൗൺസിൽ ഉദ്ധരിക്കുന്ന വെളിപാടു ഗ്രന്ഥത്തിലെ വാക്കുകശം നോക്കുക: ''അരൂപിയും മണവാട്ടിയും കർത്താവായ യേശുക്രിസ്തുവിനോടു പറയുന്നു: വരിക''! [287] നിരന്തരമുള്ള ഈ അർത്ഥനയാണു് സഭയുടെ പ്രാർത്ഥന. ഇതിൽ ''അരൂപിതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു.'' ഒരു തരത്തിൽ അരൂപിതന്നെയാണു സഭയിലും സഭയോടു ചേർന്നും അതു് ഉരുവിടുന്നതു്. അരൂപി സഭയ്ക്കു് നൽകപ്പെട്ടിരിക്കുന്നതു് അവിടുത്തെ ശക്തിയാൽ ദൈവജന സമൂഹംമുഴുവൻ—അവർ എവിടെയായാലും എത്രവ്യത്യസ്തരായാലും—പ്രതീക്ഷയിൽ സ്ഥിരതയുള്ളവരാകുവാൻ വേണ്ടിയാണു്. ഈ പ്രതീക്ഷയിലാണു് ''നാം രക്ഷിക്കപ്പെട്ടിരിക്കുന്നതു്'.[288] ഇതു് യുഗാന്ത്യപ്രതീക്ഷയാണു്, ദൈവത്തിലുള്ള അന്തിമ സാക്ഷാത്ക്കാരത്തിന്റെ പ്രതീക്ഷ, നിത്യരാജ്യത്തെപ്പററിയുള്ള പ്രതീക്ഷ. ത്രിത്വത്തിന്റെ ജീവനിൽ പങ്കുപററുന്നതുവഴിയാണു് അതു് സംലഭ്യമാകുക. സഹായകനായി അപ്പസ്തോലന്മാർക്കു നൽകപ്പെട്ട പവിത്രാത്മാവു് സഭയുടെ ഹൃദയത്തിലുള്ള പ്രസ്തുത പ്രതീക്ഷയുടെ സംരക്ഷകനും നിയന്താവുമത്രേ.

മൂന്നാംക്രൈസ്തവ സഹസ്രാബ്ദത്തിലേയ്ക്കു് നീങ്ങുന്ന ഈ കാലത്തു് ''അരൂപിയും സഭയും കർത്താവായ യേശുവിനോടു് ''വരിക'' എന്നു പ്രാർത്ഥിക്കുകയാണു്, ഈ പ്രാർത്ഥന നിറ

286. Ibid· 64
287. റോമ 8:24
288. cf. റോമ. 8:24

വേറുന്നുണ്ട്. പക്ഷേ, എന്നത്തേയുംപോലെ, അതിന്നു യുഗാന്ത്യ പരമായ ഒരു മാനമുണ്ട്. ഈ മാനമാണ് മഹാജൂബിലിയാഘോഷത്തിന്ന് അർത്ഥപൂർണ്ണതയേകുന്നത്. മനുഷ്യൻെറ രക്ഷാകര ഭാവിയെ സംബന്ധിക്കുന്നതാണ് ആ പ്രാർത്ഥന. അതിന്നു വേണ്ടി, ഭൗമിക ചരിത്രത്തിലിന്നോളം പരി. അരൂപി തൻെറ പ്രവർത്തനംകൊണ്ടു മനുഷ്യഹൃദയ കവാടങ്ങൾ തുറക്കാൻ ശ്രമിക്കുന്നു. എന്നാൽ അതേസമയം ആ പ്രാർത്ഥന ചരിത്രത്തിലെ ഒരു നിശ്ചിതസമയത്തെ ഉന്നംവച്ചു കൊണ്ടാണ്. രണ്ടായിരമാണ്ടിലെ ''സമയത്തിൻെറ പൂർണ്ണത''യാണ് വിവക്ഷ. വചനത്തെ ഗർഭം ധരിക്കാൻ നസ്രത്തിലെ കന്യകയെ പരിശുദ്ധാത്മാവ് ഒരുക്കിയതുപോലെ സഭയും പരി. ആത്മാവിൽ ഈ ജൂബിലിക്കുവേണ്ടി ഒരുങ്ങുവാൻ ആഗ്രഹിക്കുന്നു.

## ഉപസംഹാരം

67. സഭയുടെ ഹൃദയത്തിലും മനുഷ്യൻെറ ഹൃദയത്തിലുമുള്ള ഈ പരിചിന്തനങ്ങൾ നമുക്കിവിടെ അവസാനിപ്പിക്കാം. സഭയുടെ വഴി കടന്നുപോകുന്നത് മനുഷ്യഹൃദയത്തിലൂടെയാണ്. പരിശുദ്ധാത്മാവുമായുള്ള, മറഞ്ഞിരിക്കുന്ന ദൈവവുമായുള്ള, രക്ഷാകരമായ കണ്ടുമുട്ടൽ നടക്കുന്ന മറഞ്ഞിരിക്കുന്ന സ്ഥലമാണത്. ഇവിടെയാണു പരി. അരൂപി ''നിത്യജീവനിലേക്ക് പതഞ്ഞുപൊങ്ങുന്ന അരുവി''[289]യായിത്തീരുന്നത്. ക്രിസ്തു വാഗ്ദാനം ചെയ്തതുപോലെ അവിടുന്ന് സത്യാത്മാവും സഹായകനുമായി വരുന്നത് ഇവിടെയാണ്. ഇവിടെനിന്നാണു അവിടുന്ന് സഹായകനും മധ്യസ്ഥനും അഭിഭാഷകനുമായി പ്രവർത്തിക്കുന്നത്. പ്രത്യേകിച്ച് മനുഷ്യൻ, മനുഷ്യവർഗ്ഗം വെളിപാടു ഗ്രന്ഥത്തിൽപ്പറയുന്ന ''കുററാരോപക''ൻെറ ശിക്ഷാവിധിയിൽപ്പെടുമ്പോൾ പരിശുദ്ധാത്മാവ് അവിടെയുണ്ടാകും. ''അയാൾ രാപകൽ ദൈവസമക്ഷം അവരെ പഴി പറയുന്നു'[290] എന്നാണ് വെളിപാടു ഗ്രന്ഥത്തിൽ പറയുന്നത്. അപ്പോഴൊക്കെ മനുഷ്യഹൃദയത്തിൽ പ്രതീക്ഷയുടെ കാവലാളായി പരിശുദ്ധാത്മാവുണ്ടാകും. എല്ലാ മനുഷ്യരുടേയും പ്രത്യേകിച്ച് ''അരൂ

289. cf, യോഹ. 4:14; Lumen Gentium, 4.
290. cf. വെളി. 12:10

പിയുടെ ആദ്യഫലങ്ങൾ സ്വീകരിച്ചിരിക്കുന്നവരുടേയും'' ''ശരീരങ്ങളുടെ പരിത്രാണം കാത്തുകഴിയുന്നവരുടേയും'' 291 പ്രതീക്ഷ അവിടുന്നു് കാക്കുന്നു.

ദൈവിക ഐക്യത്തിന്റെ നിഗൂഢശൃംഖലകൊണ്ടു മനുഷ്യരക്ഷകനുമായി ബന്ധിതനായ പാവനാത്മാവ് അവിടുത്തെ ജോലി തുടരുന്നവനാണു്. ക്രിസ്തുവിൽ നിന്നു സ്വീകരിച്ചു് അവിടുന്നു് എല്ലാവർക്കും കൊടുക്കുന്നു. മനുഷ്യ ഹൃദയത്തിലൂടെ അവിടുന്നു് നിരന്തരം ലോകചരിത്രത്തിൽ പ്രവേശിക്കുന്നു. അങ്ങനെ, പന്തക്കുസ്താത്തിരുനാളിലെ ആരാധനക്രമഗീതം ഉദ്ഘോഷിക്കുന്നതുപോലെ അവിടുന്നു് യഥാർത്ഥത്തിൽ ''പാവങ്ങളുടെ പിതാവും, ദാനങ്ങളുടെ ദാതാവും ഹൃദയങ്ങളുടെ പ്രകാശവുമായിത്തീരുന്നു; ''ആത്മാവിന്റെ മാധുര്യമുള്ള അതിഥി''യായിത്തീരുന്നു. ഓരോ മനുഷ്യന്റേയും ആന്തരാത്മാവിന്റെ അറംത്താരയിൽ സഭ അവിടുത്തെ അവിരാമം അഭിവാദ്യം ചെയ്യുന്നു. അദ്ധ്വാനിക്കുന്നവർക്കു്, കൈകൊണ്ടും മനസ്സുകൊണ്ടും പ്രവൃത്തിയെടുക്കുന്നവർക്കു്, അവിടുന്നു് ''വിശ്രമവും ആശ്വാസവും'' നൽകുന്നു. പകലിന്റെ ചൂടനുഭവിക്കുന്നവർക്കു്, ഓരോ കാലത്തും ഉത്കണ്ഠയും സംഘർഷവും അപകടവും നേരിടുന്നവർക്കു്, അവിടുന്നു് ''ആശ്വാസവും'' ''സുഖവും'' പ്രദാനം ചെയ്യുന്നു. മനുഷ്യഹൃദയം വേദനിക്കുമ്പോഴും നിരാശയിൽ നിപതിക്കാൻ ഇടയുള്ളപ്പോഴും അവിടുന്നു ''സ്വാസ്ഥ്യ''വുമായി എത്തുന്നു.

പ്രസ്തുതഗീതത്തിൽ വേറൊരിടത്തു പറയുന്നു: ''നിന്റെ സഹായമില്ലാതെ മനുഷ്യനിൽ ഒന്നുമില്ല, തെററല്ലാതെ ഒന്നുമില്ല.'' കാരണം പരിശുദ്ധാത്മാവുമാത്രമാണു് പാപത്തെപ്പററി തിന്മയെപ്പററി ബോധ്യപ്പെടുത്തുകയും അതുവഴി മനുഷ്യനിലും ലോകത്തിലും നന്മയായിട്ടുള്ളതുപുനരുദ്ധരിക്കുകയും ചെയ്യുന്നതു്. അപ്രകാരം അവിടുന്നു് 'ഭൂമുഖം നവീകരിക്കുന്നു''. മനുഷ്യനെ വികലമാക്കുന്ന എല്ലാററിൽനിന്നും, അശുദ്ധമായതൊക്കെയിൽ നിന്നും അവിടുന്നു അവനെ ശുദ്ധീകരിക്കുന്നു. മനുഷ്യാത്മാവിന്റെ അഗാധമുറിവുകളെപ്പോലും അവിടുന്നു സുഖപ്പെടുത്തുന്നു. ആത്മാ

291. cf. റോമ. 8:23

ക്കളുടെ ആന്തരികവരാംച്ച നീക്കി അവിടുന്നു് അവയെ പ്രസാദവരത്തിനും വിശുദ്ധിക്കും പററിയ വള്ളക്കുറുള്ള മണ്ണാക്കിമാററുന്നു, ''കാഠിന്യമേറിയതു് മാർദ്ദവപ്പെടുത്തുന്നു'', ''ഉറഞ്ഞുപോയതു ഉരുക്കുന്നു'', രക്ഷയുടെ പാത ''വിട്ടുപോയതിനെ നേർവഴിക്കു് തിരിക്കുന്നു.''[292]

ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ടു്, ഈ സൃഷ്ടപ്രപഞ്ചത്തിൽ, അസൃഷ്ടദാനമായ പരിശുദ്ധാത്മാവ് വസിക്കുന്നു എന്ന തൻെറ വിശ്വാസം സഭ ഏററു പറയുന്നു. അവിടുന്നു പിതാവിൻേറയും പുത്രൻേറയും അരൂപിയാണു്. പിതാവിനേയും പുത്രനേയും പോലെ അവിടുന്നു സൃഷ്ടിക്കപ്പെടാത്തവനും, അപരിമേയനും നിത്യനും സർവ്വശക്തനും ദൈവവും കർത്താവുമാകുന്നു.[293] ഈ ദൈവാരൂപി ''പ്രപഞ്ചത്തിൽമുഴുവനും നിറയുന്നു'' സൃഷ്ടികളഖിലവും അവയുടെ അസ്തിത്വത്തിൻെറ അടിസ്ഥാനം അവിടുന്നിൽ കണ്ടെത്തുന്നു. അവയുടെ സർവ്വാതിശായിയായ ഭാവമാണവിടുന്നു്. അവയെല്ലാം അവിടുന്നിലേക്കു തിരിയുകയും അവിടുത്തെ കാത്തിരിക്കുകയും അവയുടെ അസ്തിത്വമൊക്കെയോടും കൂടെ അവിടുത്തെ വിളിക്കുകയും ചെയ്യുന്നു. സഹായകൻെറ, സത്യത്തിൻേറയും സ്നേഹത്തിൻേറയും അരൂപിയുടെ നേർക്കെന്നപോലെ മനുഷ്യൻ അവിടുത്തെ പക്കലേയ്ക്കു തിരിയുന്നു. സത്യംകൊണ്ടും, സ്നേഹംകൊണ്ടും ജീവിക്കുന്ന മനുഷ്യനു് സത്യസ്നേഹങ്ങളുടെ ഉറവിടത്തെ കൂടാതെ ജീവിക്കാനാവുകയില്ല. മനുഷ്യകുലത്തിൻെറ ഹൃദയമായ സഭ അവിടുത്തെ പക്കലേക്കു തിരിയുന്നു. അവിടുന്നുവഴി ''നമ്മുടെ ഹൃദയങ്ങളിൽ ചിന്തപ്പെട്ടിരിക്കുന്ന[294] സ്നേഹത്തിൻെറ ദാനങ്ങൾ എല്ലാവർക്കും ലഭിക്കാനും എല്ലാവർക്കും പങ്കുവച്ചുകൊടുക്കാനുമായി സഭ പ്രാർത്ഥിക്കുന്നു. സഭ അവിടുത്തെ പക്കലേക്കു തിരിഞ്ഞു്, ഭൂമിയിൽ തീർത്ഥാടനം ചെയ്യുന്ന മനുഷ്യൻ തൻെറ വളഞ്ഞുപുളഞ്ഞുള്ള വഴികളിൽ അവിടുത്തെ സഹായത്തോടെ ശരിയായി പ്രവർത്തിക്കാൻ വേണ്ട വരത്തിനായി നിരന്തരം യാചിക്കുന്നു. യഥാർത്ഥ ആശ്വാസകനായ അവിടുത്തേക്കു മാത്രം മനുഷ്യരുടെ ഹൃദ

292. cf.
293. cf.
294. cf. റോമ 5:5

യാന്തരങ്ങളിൽ ഇറങ്ങിവന്നു് നൽകാനാകുന്ന സന്തോഷത്തിനും ആശ്വാസത്തിനും വേണ്ടി സഭ യാചിക്കുന്നു.[295] സ്വർഗ്ഗീയ മഹത്വത്തിനർഹമാകുന്ന സുകൃതങ്ങൾക്കുവേണ്ടിയും നിത്യരക്ഷയ്ക്കുവേണ്ടിയും സഭ പ്രാർത്ഥിക്കുന്നു. ദൈവികജീവിതത്തിൽ പൂർണ്ണമായ തോതിൽ പങ്കുപററുന്നതാണു് നിത്യരക്ഷ. ഏററവും പരിശുദ്ധമായ ത്രിത്വത്തിൻെറ ഛായയിലും സാദൃശ്യത്തിലും സ്നേഹത്തിലൂടെ സൃഷ്ടിക്കപ്പെട്ട മനുഷ്യർ ഈ രക്ഷ നേടണമെന്നു് പിതാവ് അനാദിമുതൽ "നിശ്ചയിച്ചിരിക്കുന്നു"

മനുഷ്യഹൃദയങ്ങളെയെല്ലാം ആശ്ലേഷിക്കുന്ന തൻെറ ഹൃദയം മുഴുവനോടുംകൂടെ സഭ ദൈവത്തിൽ മാത്രം പൂർണ്ണമാകുന്ന ആ ആനന്ദത്തിനുവേണ്ടി പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുന്നു. "ആർക്കും എടുത്തുമാററാനാവാത്ത ആനന്ദ"മാണതു്[296]. സ്നേഹത്തിൻെറ (അതിനാൽ സ്നേഹമായ ദൈവത്തിൻെറ) ഫലമായ ആനന്ദമാണതു്. വി. പൗലോസിൻെറ ഭാഷയിൽ, ദൈവരാജ്യം എന്തിൽ അടങ്ങിയിരിക്കുന്നുവോ ആ "നീതിക്കും സമാധാനത്തിനും പരിശുദ്ധാത്മാവിൻെറ സന്തോഷത്തിനും"[297] വേണ്ടി അവർ പ്രാർത്ഥിക്കുന്നു.

സമാധാനവും സ്നേഹത്തിൻെറ ഫലമാണു്. അസ്വസ്ഥനായ ഏതു മനുഷ്യനും തൻെറ അന്തരാത്മാവിൽ ഈ സമാധാനം അന്വേഷിക്കുന്നു. മനുഷ്യകുലം—മാനവകുടുംബം, ജനതകൾ, രാഷ്ട്രങ്ങൾ, ഭൂഖണ്ഡങ്ങൾ എല്ലാം ഈ സമാധാനത്തിനായി കേഴുന്നു. മൂന്നാം ക്രൈസ്തവ സഹസ്രാബ്ദത്തിലേക്കു് പ്രവേശിക്കുവാനൊരുങ്ങുമ്പോൾ ഏവരും ഉത്കണ്ഠാപൂർവ്വം പ്രതീക്ഷിക്കുന്നതു് ഈ സമാധാനം ലഭിക്കുന്നതിനുവേണ്ടിയാണു്. സമാധാനത്തിൻെറ പാത അന്തിമ വിശകലനത്തിൽ സ്നേഹ

295. 1975 ലെ വിശുദ്ധവത്സരം പ്രമാണിച്ചു് മെയ് 9നു് പോൾ ആറാമൻ മാർപാപ്പ പ്രസിദ്ധീകരിച്ച Gaudet in Domine എന്ന അപ്പസ്തോലിക തിരുവെഴുത്തിനെപ്പററി ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. "പരി. ആത്മാവിൽനിന്നു സന്തോഷത്തിൻെറ ദാനം പ്രാർത്ഥിക്കുവാനും" "പരി. ആത്മാവിൻെറ ദാനമായ യഥാർത്ഥ ആദ്ധ്യാത്മിക സന്തോഷത്തെ വിലമതിക്കാനു"മുള്ള ആഹ്വാനം എന്നും പ്രസക്തമാണു്. AAS 67 (1975) PP. 289, 302

296. cf. യോഹ. 16:22

297. cf. റോമ. 14:7; ഗലാ. 5:22

ത്തിൻെറ പാതയായതുകൊണ്ടും സമാധാനത്തിൻെറ ലക്ഷ്യം ഒരു സ്നേഹസംസ്കാരം സൃഷ്ടിക്കുകയാണെന്നതുകൊണ്ടും സഭ പിതാവിൻേറയും പുത്രൻേറയും സ്നേഹമായ അരൂപിയുടെ പക്കലേയ്ക്ക് കണ്ണുകളുയർത്തുന്നു. അപകടസാദ്ധ്യത ഏറിവരികയാണെങ്കിലും അവളുടെ പ്രതീക്ഷയ്ക്കു മങ്ങലേല്ക്കുന്നില്ല. ഭൂമിയിൽ മനുഷ്യൻെറ സമാധാനത്തിനുവേണ്ടി ശബ്ദിക്കുന്നതിലും പ്രയത്നിക്കുന്നതിലും അവരം അഹംഭാവം കാണിക്കുന്നുമില്ല. സ്നേഹത്തിൻെറ അരൂപിയും അതിനാൽ സമാധാനത്തിൻെറ അരൂപിയുമായയവനാണ് അവളുടെ പ്രതീക്ഷയുടെ അടിസ്ഥാനം. അവിടുന്ന് എപ്പോഴും മനുഷ്യനോടൊത്തുണ്ട്. മനുഷ്യമനസ്സുകളുടേയും ഹൃദയങ്ങളുടേയും ചക്രവാളത്തിൽ അവിടുന്ന് എപ്പോഴും തെളിഞ്ഞു നിൽക്കുന്നു. അങ്ങനെ അവിടുന്ന് സ്നേഹവും സമാധാനവുംകൊണ്ട് ''പ്രപഞ്ചത്തെ നിറയ്ക്കുന്നു.''

ഈ പരിചിന്തനത്തിൻെറ അന്ത്യത്തിൽ അവിടുത്തെ മുമ്പിൽ ഞാൻ മുട്ടുകുത്തുന്നു. പിതാവിൻേറയും പുത്രൻേറയും അരൂപിയായ അവിടുത്തോട് നമുക്കെല്ലാവർക്കും വേണ്ടി കൃപയും അനുഗ്രഹവും യാചിക്കുന്നു. ഏററവും പരിശുദ്ധമായ ത്രിത്വത്തിൻെറ നാമത്തിൽ സഭാസന്താനങ്ങരംക്കും മനുഷ്യകുടുംബത്തിനു മുഴുവനും ഈ കൃപയും അനുഗ്രഹവും കൈമാറുവാൻ ഞാൻ ആഗ്രഹിക്കുന്നു,

റോമിലെ വി. പത്രോസിൻെറ ദേവാലയത്തിൽവച്ച് ഞാൻ പാപ്പായായിട്ട് എട്ടാംവർഷം 1986 മേയ് 18-ാം തീയതി പന്തക്കുസ്താത്തിരുനാളിൽ നൽകുന്നത്.

ജോൺപോൾ II

m[illegible]
Jo[illegible]

# പരിശുദ്ധാത്മാവ് തിരുസഭയിൽ

## Dominum Et Vivificantem

പോപ്പ് ജോൺ പോൾ II

Indic Digital Archive Foundation
gpura.org